

# സ്പന്ദിക്കുന്ന അസ്ഥിമാടം

[നാലാം പതിപ്പ്]

ഗ്രന്ഥകർത്താ:

ചങ്ങമ്പുഴ കൃഷ്ണപിള്ള എം. ഏ.

ഇടപ്പള്ളി.

കേരള സാഹിത്യ അക്കാദമി
തൃശ്ശൂർ

PUBLISHERS:
THE MANGALODAYAM (PRIVATE) LTD.
TRICHUR.

Digitized By Kerala Sahitya Akademi

| | | | |
|---|---|---|---|
| First Impression in Makaram, | 1120 | ... | 1000 Copies |
| Reprinted in Karkitagom, | 1122 | ... | 1000 Copies |
| Reprinted in Vrischigom, | 1127 | ... | 1000 Copies |
| Reprinted in Meenom, | 1131 | ... | 1000 Copies |

*All Rights of this Work*
*are strictly reserved and kept*
BY
MRS. SREEDEVI CHANGAMPUZHA
"SREEDEVI MANDIRAM"
EDAPPALLY
(N. Travancore)

PRICE:
RUPEES TWO

Printed at
The Mangalodayam Press,
Trichur.

Digitized By Kerala Sahitya Akademi

ഏകാന്തതതൻ കരാശ്ലേഷമേറേററു
ശോകാങ്കിതങ്ങളായ്ത്തീൎന്നോരെൻചിന്തകൾ,
പ്രാണഹൎഷപ്രദസ്വപ്നസ്മൃതികളിൽ
കേണലഞ്ഞീടുമെൻസങ്കല്പവീചികൾ;
സ്പന്ദിച്ചിടുന്നൊരിത്തൂലികാചിത്രങ്ങൾ
സൗന്ദൎയ്യഹീനങ്ങളാണെന്നിരിക്കിലും,
ശപ്തനിരാശയാൽ മങ്ങിയതാകിലും,
തപ്തബാഷ്പത്താൽ കുതിൎന്നതാണെങ്കിലും,
പ്രേമാൎദ്രമെൻമനം പുല്കും കിനാവുകൾ
തൂമയിൽ വൎണ്ണം പിടിപ്പിച്ചതാകയാൽ,
നഷ്ടസൗഭാഗ്യസ്മൃതികൾക്കധീനനാ-
യിഷ്ടപ്പെടുന്നിതിവയെ ഞാനത്രമേൽ!—
അൎച്ചിച്ചിടുന്നിതിച്ചിത്രപുഷ്പങ്ങളി-
ന്നക്കാവ്യദേവിതൻ തൃച്ചേവടിയിൽ ഞാൻ!!

ഇടപ്പള്ളി,
1—5—1120

ചങ്ങമ്പുഴ കൃഷ്ണപിള്ള

Digitized By Kerala Sahitya Akademi

Sun, moon and stars, for me no longer glow;
　　Night would I have, to wail for vanished peace;
Let me from pole to pole no pleasure know;
　　Let all that I have loved and cherished cease;
But see that thou forsake me not, my Woe,
　　Who wilt, by killing, finally release!

—LUIS VAZ DE CAMOENS

When I was marked for suffering, Love forswore
　　All knowledge of my doom; or else at ease
　　Love grows a cruel tyrant, hard to please;
Or else a chastisement exceeding sore
A little sin hath brought me. Hush! No more
　　Love is a god! All things he knows and sees!
　　And gods are bland and mild! Who then dicrees
The dreadful woe I bear and yet adore?

—MIGUEL DE CERVANTES

The Readers and the Hearers like my books
And Yet some Writers cannot them digest;
But what care I?—for when I make a feast
I would my Guests should praise it, not the Cooks!

—LUCIUS VALERIUS MARTIALIS

Digitized By Kerala Sahitya Akademi

# മുഖവുര

## I

ആധുനികഭാഷാപദ്യസാഹിത്യത്തിലെ പരാജയ(റീയലിസ്റ്റ്)പ്രസ്ഥാനത്തിന്റെ സ്ഥാപകരിൽ ഒരാളും, അതിലെ സ്വപ്ന(സർറീയലിസ്റ്റ്)പ്രസ്ഥാനത്തിന്റെ സ്ഥാപകനുമാണെന്നു് ഇടപ്പള്ളി രാഘവൻപിള്ളയുടെ 'മണിനാദ'ത്തിന്റെ അവതാരികയിൽ ഞാൻ പ്രസ്താവിട്ടുള്ള മഹാകവി ശ്രീ: ചങ്ങമ്പുഴ കൃഷ്ണപിള്ള ആധുനികഭാഷാസാഹിത്യത്തിലെ അത്യുജ്ജ്വലവും ബഹുമുഖവുമായ ഒരു താരമാണെന്നു നിഷ്പക്ഷപാതികൾ സമ്മതിക്കുന്നതാണു്. പ്രസ്തുത അവതാരികയിൽ ഞാൻ 'പുരോഗമനസാഹിത്യ'പ്രസ്ഥാനമെന്നു പേരിട്ടിട്ടുള്ളതിലും, മനംനോക്കി(റൊമാൻറിക്)പ്രസ്ഥാനത്തിലും പെടുന്ന ചില നല്ല ഖണ്ഡകാവ്യങ്ങളും ശ്രീ: ചങ്ങമ്പുഴ രചിച്ചിട്ടുണ്ടു്. മേല്പറഞ്ഞ രണ്ടു പ്രസ്ഥാനങ്ങളുടെ സ്ഥാപകനായതിനു പുറമേ, ഭാഷാപദ്യത്തിലെ കാവ്യരീതിയിൽ ഒരു സ്മരണീയമായ പരിവർത്തനം വരുത്തിവെച്ചതുനിമിത്തം അദ്ദേഹം ഭാഷാപദ്യസാഹിത്യത്തിലെ ഒരു ഉപപ്രസ്ഥാനനായകൻകൂടിയായി ഭവിച്ചിരിക്കുന്നു. ഭാഷാസാഹിത്യത്തിലെ നവീനപ്രസ്ഥാനങ്ങളേയും ഉപപ്രസ്ഥാനങ്ങളേയുംകുറിച്ചു വിവരങ്ങൾ ഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നവർ പ്രസ്തുത 'മണിനാദ'ത്തിനും, അടുത്തുതന്നെ പ്രസിദ്ധീകരിക്കുന്ന പുരോഗമനസാഹിത്യകവിയായ ശ്രീ: കെടാമംഗലം പപ്പുക്കുട്ടിയുടെ 'കടത്തുവഞ്ചി' എന്ന കവിതാസമാഹാരത്തിനും ഞാൻ എഴുതിയിട്ടുള്ള അവതാരികകൾ വായിക്കേണ്ടതാണു്. പരാജയപ്രസ്ഥാനസ്ഥാപകരിൽ ഒരാളായ ഇടപ്പള്ളി രാഘവൻപിള്ളയെ അതിന്റെ ഒരു ഘടകമായ വിഷാദാത്മകത്വത്തിന്റെ പാരമ്യത്തിൽ ലോകത്തിലെ ഏററവും കൊടിയ-



Digitized By Kerala Sahitya Akademi

വിഷാദാത്മകമഹാകവിയായ ലിയോപ്പാർഡി എന്ന ഇത്താലിയനോടും, അതിന്റെ മറെറാരു സ്ഥാപകനായ ശ്രീ: ചങ്ങമ്പുഴയെ വിഷാദാത്മകത്വത്തിന്റെ അല്പിഷ്ഠതയിൽ ആധുനിക ഇംഗ്ലീഷു മഹാകവി ലാറൻസ് ഹൗസ്മാനോടും സാദൃശ്യപ്പെടുത്താം. കൂടാതെ, ഇടപ്പള്ളിയുടെ വിഷാദാത്മകത്വത്തിൽ ലിയോപ്പാർഡിയുടേതിലുള്ളതുപോലെ ഒരു ആക്ഷേപരതത്വവും, ശ്രീ: ചങ്ങമ്പുഴയുടെ വിഷാദാത്മകത്വത്തിൽ ഹൗസ്മാന്റേതിലുള്ളതുപോലെ ഒരു കയ്പും കലർന്നിട്ടുണ്ട്.

പരാജയപ്രസ്ഥാനസ്ഥാപകരും സഖാക്കളുമായ ഇടപ്പള്ളിയും ചങ്ങമ്പുഴയും, വിശ്വസാഹിത്യത്തിൽ ഇടയ്ക്കിടെ കാണാവുന്ന ഒരു വിചിത്രസംഭവത്തിനു ദൃഷ്ടാന്തമായും ഭവിച്ചിട്ടുണ്ട്. പുരുഷസ്വഭാവം പൊന്തിച്ചുനില്ക്കുന്ന ഒരു ദേഹവും, സ്ത്രീസ്വഭാവം പൊന്തിച്ചുനില്ക്കുന്ന മറെറാരാളും ഒരേ സമയത്തോ, അടുത്തടുത്തോ സാഹിത്യലോകത്ത് ആവിർഭവിക്കുന്നതാണ് പ്രസ്തുതവിചിത്രസംഭവം. ഈ സംഭവത്തിനു ദൃഷ്ടാന്തങ്ങളായി ചുവടേ പല സാഹിത്യങ്ങളിലുംനിന്ന് എടുത്തുചേർത്തിരിക്കുന്ന സാഹിത്യകാരയുഗളങ്ങളിൽ ആദ്യത്തെ മനുഷ്യനിൽ പുരുഷസ്വഭാവവും രണ്ടാമത്തെ ദേഹത്തിൽ സ്ത്രീസ്വഭാവവും പൊന്തിച്ചുനില്ക്കുന്നതായി കാണാം. ഫ്രഞ്ചുസാഹിത്യത്തിൽ, കൊർനെയിൽ, റസീൻ എന്നിവരും, വോൾതെയർ, റൂസ്സോ എന്നിവരും, വിക്തർ യൂഗോ, ലമാർതിൻ എന്നിവരും, റിംബോ, വെർലെയിൻ എന്നിവരും, സോല, അൽഫോൻസ് ദോദേ എന്നിവരും ഇതിന് ഉദാഹരണങ്ങളാണ്. ഇംഗ്ലീഷുസാഹിത്യത്തിൽ ഇത് ഉദാഹരിക്കുന്നവർ ഷെല്ലി, കീററ്സ് എന്നിവരും, റോബേട്ട് ബ്രൗണിങ്ങ്, ടെന്നിസൻ എന്നിവരുമാണ്. ഭാരതീയസാഹിത്യത്തിൽ ഇതിന് ഉദാഹരണമായി ഇക്ബാലും, ടാഗോറും പരിലസിക്കുന്നു. ഭാഷാസാഹിത്യത്തിൽ ഇതിനു ദൃഷ്ടാന്തങ്ങൾ കുമാരനാശാൻ, വള്ളത്തോൾ എന്നിവരും, നാലപ്പാട്ട് ജി. ശങ്കരക്കുറുപ്പ് എന്നിവരും, ഇടപ്പള്ളി ചങ്ങമ്പുഴ എന്നിവരും,



Digitized By Kerala Sahitya Akademi

വൈക്കം മുഹമ്മദ് ബഷീർ, തകഴി എന്നിവരും, കെടാമംഗലം പപ്പുക്കുട്ടി, കേശവദേവ് എന്നിവരുമാണ്.

സ്ത്രീസ്വഭാവത്തിൽ ആത്മാരാധന (നാർസിസ്സിസം) അതായതു്, ബാഹ്യലോകത്തെ ഒരു ഉപദ്രവകാരിയായിമാത്രം പരിഗണിക്കുന്നതു്, കുടിയിരിക്കുമെന്നും, പുരുഷസ്വഭാവത്തിൽ അഹന്ത (ഇഗോട്ടിസം), അതായതു്, ബാഹ്യലോകത്തെ സ്വാത്ഥത്തിനുവേണ്ടി ഉപയോഗിക്കുന്നതു്, അധികമായിരിക്കുമെന്നും ഫ്രായ്ഡിൻെറ ഒരു ശിഷ്യനായ ഡാക്ടർ ഫ്രിററ്സ് വിററൽസ് എന്ന മനശ്ശാസ്ത്രജ്ഞൻ സ്ഥാപിച്ചിട്ടുണ്ടു്. ഭാഷാസാഹിത്യത്തിലെ തൂലികാചിത്രമെന്ന രൂപസംബന്ധമായ ഉപപ്രസ്ഥാനത്തിൽപ്പെടുന്ന കൃതികളിൽ, കലാലാവണ്യം മുതലായ അതിനു് അവശ്യാവശ്യമായ ഗുണങ്ങളെ ആസ്പദിച്ചു പ്രഥമസ്ഥാനം അർഹിക്കുന്ന ശ്രീ: വക്കം അബ്ദുൽകാദറുടെ 'തൂലികാചിത്രങ്ങൾ' എന്ന കൃതിയിൽ, സൂക്ഷ്മനിരീക്ഷകനായ ആ സാഹിത്യകാരൻ ശ്രീമാന്മാരായ ജി. ശങ്കരക്കുറുപ്പും ചങ്ങമ്പുഴയും പ്രതികൂലവിമർശനംകൊണ്ടു് അധികം ക്ഷോഭിക്കുന്നവരാണെന്നു ചൂണ്ടിക്കാണിച്ചിരുന്നു. ഇതിനു കാരണം ഈ മഹാകവികളിൽ സ്ത്രീസ്വഭാവഘടകമായ നാർസിസ്സിസം പൊന്തിച്ചുനില്ക്കുന്നതാണെന്നാണു്.

സാമാന്യതത്ത്വങ്ങളിലുള്ള ഭ്രമം പുരുഷസ്വഭാവത്തിലും, പ്രത്യേകസംഗതികളിലുള്ള താല്പര്യം സ്ത്രീപ്രകൃതിയിലും പൊന്തിച്ചുനില്ക്കുന്നതു ചുവടെ ചേക്കുന്ന വാക്കുകളിൽ ഡബ്ളിയു. ജെ. ഫ്ളെമിങ്ങ് എന്ന അമേരിക്കൻഗ്രന്ഥകാരൻ തൻെറ 'Love and the Sex emotions' എന്ന കൃതിയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു:—"തെരുവിലിരിക്കുന്ന കുരുടനോ, വികലാംഗനോ ആയ ഒരു ഭിക്ഷക്കാരനെ നിങ്ങൾ നിരീക്ഷിക്കുന്നതായാൽ, ഒരു പുരുഷനെ അപേക്ഷിച്ചു് അഞ്ചോ ആറോ സ്ത്രീകൾവീതം അവൻെറ മലത്തിവെച്ചിരിക്കുന്ന തൊപ്പിയിൽ ഒരു നാണയമിട്ടു ഭിക്ഷ നല്കുന്നതു നിങ്ങൾക്കു കാണുവാൻ കഴിയും. സാമാന്യതത്ത്വങ്ങളോടു



Digitized By Kerala Sahitya Akademi

കൂടുതൽ ഭ്രമമുള്ള പുരുഷനാകട്ടെ, ഇത്തരം ദയനീയമായ ഒരു കാഴ്ച കാണുമ്പോൾ, ഏതാദൃശമായ ഭിക്ഷായാചന ഇല്ലാതാക്കുന്ന സമുദായപരിഷ്കാരപദ്ധതിയുടെ ആവശ്യകതയെക്കുറിച്ച് സങ്കല്പമായി ചിന്തിക്കുകമാത്രമാണ് ചെയ്യാറുള്ളത്.'' തന്നിലുള്ള സ്ത്രീസ്വഭാവത്തിലെ ഈ ഘടകംമൂലമാണ് ഏറിയകൂറും 'ഓണപ്പൂക്കൾ', 'സ്പന്ദിക്കുന്ന അസ്ഥിമാടം' എന്നീ കൃതികൾക്കു മുമ്പുള്ള ചങ്ങമ്പുഴക്കൃതികളിൽ കാണാവുന്നതായി 'മണിനാദം' അവതാരികയിൽ ഞാൻ ചൂണ്ടിക്കാണിച്ചിരുന്ന തത്ത്വഭ്രമക്കുറവും, ചിന്താമാധുര്യക്കുറവും ജനിച്ചിട്ടുള്ളതും. സ്ത്രീസ്വഭാവത്തിൽ സാധാരണയായി കാണാവുന്ന ദുഃഖം കാട്ടുന്നതിനുള്ള പോക്കു നമ്മുടെ അനുകമ്പ നേടുന്നതിന്നു പ്രേരിപ്പിക്കുന്ന ഉപബോധമനസ്സിന്റെ ചില ഭാഗങ്ങളുടെ പ്രവൃത്തനഫലമാണെന്നു ജോസഫൈൻ ജാക്സ്ട്രോണും, ഹെലൻ സാലിസ്ബറിയുംകൂടി രചിച്ചിട്ടുള്ള ഒരു സംയുക്തകൃതിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ശ്രീ: ചങ്ങമ്പുഴയുടെ കൃതികളിലും ഈ ദുഃഖം കാട്ടൽ ഇടയ്ക്കിടെ കാണാം.

മുകളിൽ പ്രസ്താവിച്ചിട്ടുള്ള ഫ്രഞ്ചുപരാജയപ്രസ്ഥാനമഹാകവി വെർലെയിനോടു സ്വഭാവഘടകങ്ങളിലും കാവ്യരീതിയിലും ശ്രീ: ചങ്ങമ്പുഴയ്ക്കു വളരെയധികം സാദൃശ്യമുള്ളതുകൊണ്ട്, വെർലെയിന്റെ സ്വഭാവവും കാവ്യരീതിയും മനസ്സിലാക്കിയാൽ ശ്രീ: ചങ്ങമ്പുഴയുടേവ ഗ്രഹിക്കുവാൻ വൈഷമ്യമുണ്ടാകുന്നതല്ല. സിംബോളിസ്റ്റ് സാങ്കേതികമാറ്റും സ്വീകരിച്ചിട്ടുള്ള ഫ്രഞ്ചുപരാജയപ്രസ്ഥാനത്തിന്റെ തത്ത്വജ്ഞാനിയായ ചാറത്സ് മോറിസ് വെർലെയിന്റെ സ്വഭാവഘടകങ്ങൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം വർണ്ണിച്ചിരിക്കുന്നു:

''ചിരംജീവിയായ ഒരു ബാലന്റെ ആത്മാവാണ് വെർലെയിന്നുള്ളത്. ഇത്തരം ഒരു ആത്മാവിനുള്ള സകല പ്രത്യേകാവകാശവാദങ്ങളും, ആപത്തുകളും എളുപ്പത്തിൽ വ്യതിചലി



Digitized By Kerala Sahitya Akademi

ദ്ഭവിക്കുന്ന അചിന്തിതപൂർവ്വങ്ങളായ നൈരാശ്യങ്ങളും, അന്ത മററ പരിസ്ഫുടങ്ങളായ ആനന്ദാനുഭവങ്ങളും അത്യധികം സംശ യങ്ങളും ഹൃദയം തുറന്നുകാട്ടുന്നതിനുള്ള പോക്കിന്റെ അതിരേ കതയും, ക്ഷണനം തനിക്കുതന്നെ മുഷിവു തോന്നിക്കുന്ന ചാപല്യ ങ്ങളും, അന്ധവിമോഹങ്ങളും, വ്യക്തിപരദർശനത്തിലും ഇന്ദ്രി യാനുഭവത്തിലുംകൂടി തനിക്കു സിദ്ധിച്ച തന്റെ സാകല്യത്തെ മററൊന്നും കളങ്കപ്പെടുത്തരുതെന്നുള്ള വിചാരസഹിതം അവയെ പ്പററിയുള്ള ബോധത്തെ ആവർത്തിപ്പിക്കുന്നതിനുള്ള നിരന്തര പരിശ്രമങ്ങളും, വെർലെയിനിൽ കാണാം. കാലത്തിനും, പര പ്രേരണകൾക്കും, പഠിപ്പിക്കലിനും ഇത്തരം സ്വഭാവക്കാരനു മീതേക്കൂടി കടന്നുപോയി അദ്ദേഹത്തെ കുപിതനാക്കുവാനോ, ക്ഷീണിപ്പിക്കുവാനോ മാത്രമേ സാധിക്കുകയുള്ളു; ഇവക്കു് ആ സ്വഭാവത്തെ രൂപാന്തരപ്പെടുത്തുവാൻ—തിന്മയോടുള്ള മോഹ വും, നന്മയോടുള്ള ആരാധനയും കലന്ന ദ്വൈധീഭാവം, അഥ വാ, ആദ്ധ്യാത്മികവും കായികവുമായുള്ളവ തമ്മിലുള്ള വൈരുദ്ധ്യം, അടങ്ങിയിരിക്കുന്ന തന്റെ വിശേഷസാകല്യത്തെ രൂപാന്തര പ്പെടുത്തുവാൻ—ഒരിക്കലും കഴിയുകയില്ല. അന്യമനുഷ്യർ തങ്ങ ളുടെ ജീവിതങ്ങളെ 'ഒരുക്കുകയും' ഒരു പക്ഷം പിടിച്ചു നില്ക്കുക യും, ഒരു ദിക്കിനെ ലാക്കാക്കുകയും ചെയ്തുവരുന്നു. വെർലെയി നാകട്ടെ, തനിക്കു് അതിമാനുഷികമായി തോന്നുന്ന ഈ തിര ഞ്ഞെടുക്കലിനു മുമ്പിൽ സംശയിച്ചുനില്ക്കുകയാണു് ചെയ്യുന്നതു്. അവിതക്കിതമായ മാനുഷികസത്യത്തിന്റെ സാകല്യപരമായ സാരളുമുള്ള തനിക്കു്, ഒരു തത്വത്തിന്റെ ബലമോ, ഒരു മോ ഹത്തിന്റെ ആകഷണമോ, എത്ര കൊടിയതായി തോന്നി യാലും ശരി, ഇവയിലൊന്നിനെ മറേറതിനുവേണ്ടി ബലികഴി ക്കേണ്ടതിന്റെ ആവശ്യകതയ്ക്കു കീഴടങ്ങുവാൻ സാധിക്കായ്ക യാൽ, അദ്ദേഹം ഒരു നിമിഷനേരത്തെ വിശ്രമംപോലുമില്ലാതെ ഒന്നിൽനിന്നു മറേറതിലേയ്ക്കു ചാഞ്ചാടിക്കൊണ്ടിരിക്കുന്നു.''



Digitized By Kerala Sahitya Akademi

ശ്രീ. ചങ്ങമ്പുഴയുടേതിനോട് ഒട്ടധികം സാദൃശ്യമുള്ള പാൾ വെർലെയിന്റെ (1844—1896) കവിതാരീതിയെ ആർതർ സിമൺസ് എന്ന നിരൂപകൻ വിവരിച്ചിട്ടുള്ളതു ചുവടെ ഉദ്ധരിക്കുന്നു:—

"വെർലെയിനു മുമ്പുള്ള ഫ്രഞ്ചുകവിത കാവ്യരൂപത്തിലുള്ള ഒന്നാംതരം വാഗ്മിതാപ്രകടനത്തിനു പററുന്ന ഒരു ഉപകരണമായിരുന്നു. റൊങ്സാർദിന്റെ കാലത്തിനുശേഷം വിക്തർ യൂഗോവാണ് അതിനെ പാടുവാൻ ആദ്യമായി പഠിപ്പിച്ചതു്; സൂക്ഷ്മവും, അതിപിശുനവും, മുഖ്യമായി ആധുനികരുടെ വികാരങ്ങളേയും ഇന്ദ്രിയാനുഭവങ്ങളേയും പ്രകടിപ്പിക്കുന്നതിനു പര്യാപ്തവുമായ ഒരു പുതിയ പദാവലി ബോദ്‌ലെയർ അതിനു സമ്മാനിക്കുകയും ചെയ്തു. പക്ഷേ, വിക്തർ യൂഗോയുടേയും ബോദ്‌ലെയറുടേയും കവിതകളിൽപോലും അതു വാഗ്മിതാത്തിനു കീഴ്പെട്ടിരുന്നു. 'വാഗ്മിതത്തെ പിടികൂടി അതിനെ കഴുത്തുഞെക്കി കൊന്നുകളയുക' എന്നു തന്റെ 'കാവ്യകല' എന്ന കൃതിയിൽ വെർലെയിൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്. വാഗ്മിതാരഹിതമായി ഫ്രഞ്ചുപദ്യം രചിക്കാമെന്നു തന്റെ കൃതികൾമുഖേന അദ്ദേഹം കാണിച്ചുകൊടുക്കുകയും ചെയ്തു. ആംഗ്ലേയമാതൃകകളുടെ പഠനത്തിൽനിന്നു പദ്യത്തിലെ സ്വാതന്ത്ര്യത്തിന്റെ രഹസ്യം അദ്ദേഹം കുറേയൊക്കെ മനസ്സിലാക്കി. സമ്പൂർണ്ണമായ ആത്മാർത്ഥതാപൂർവ്വം കാവ്യം രചിക്കുന്നതിനും, താൻ കണ്ടതിനെ സൂക്ഷ്മമായി പ്രകടിപ്പിക്കുന്നതിനും, വികാരതീക്ഷ്ണത അതിന്റെ സ്വന്തം പ്രകടനരീതി ആകസ്മികമായി എന്നു തോന്നുംവണ്ണം കണ്ടുപിടിക്കുന്ന തന്റെ സ്വന്തം സ്വഭാവവിശേഷതയ്ക്കു നാവു കൊടുക്കുന്നതിനുമുള്ള ശ്രമത്തിൽനിന്നാണു് വെർലെയിൻ അതിന്റെ രഹസ്യം ഗ്രഹിച്ചതെന്നു പറയുന്നതായിരിക്കും കൂടുതൽ സൂക്ഷ്മമായിട്ടുള്ളതു്. 'കലയെന്നതു് ഒരാൾ സമ്പൂർണ്ണമായി താൻതന്നെയാകുന്നതാകുന്നു, അനിയന്മാരേ,' എന്നു് അദ്ദേഹം തന്റെ ഒരു പില്ക്കാലക-



Digitized By Kerala Sahitya Akademi

വിതയിൽ പറഞ്ഞിട്ടുണ്ട്. വെർലെയിനെപ്പോലെ വിശേഷപ്പെട്ട വ്യക്തിമുദ്രയുള്ള ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം, പ്രകൃതിയെ സൂക്ഷ്മമായും സരസമായും പ്രതിബിംബിപ്പിക്കുന്നതിനു് ഇതിൽപ്പരം മറ്റെന്താണു് ചെയ്യാനുള്ളതു്?

"ഒരു പുതിയ കാവ്യരീതി സൃഷ്ടിക്കുന്ന ജോലി നിർവ്വഹിക്കുന്നതിനു് ഈ മനുഷ്യനുണ്ടായിരുന്ന സ്വാഭാവഗുണങ്ങളെക്കുറിച്ചു് ഒന്നു ചിന്തിച്ചുനോക്കുക. 'ആത്മാർത്ഥതയും, ഒരു നിമിഷത്തെ ബോധത്തെ അതിസൂക്ഷ്മമായി അനുകരിക്കുന്നതും'—ഇങ്ങിനെയാണു് തന്റെ കാവ്യരീതിയെപ്പററിയുള്ള ഒരു ലേഖനത്തിൽ വെർലെയിൻ അതിനെ വിവരിച്ചിട്ടുള്ളതു്. ഈഷദ്ഭേദങ്ങളാണു്, നിറഭേദങ്ങളല്ല, നമുക്കു വേണ്ടതു് (അതായതു്, ഈഷന്നിറഭേദങ്ങളാണു്, ഭിന്നനിറങ്ങളല്ല, നമുക്കു വേണ്ടതു്.) എന്നു തന്റെ 'കാവ്യകല' എന്ന പ്രസിദ്ധകൃതിയിൽ അദ്ദേഹം പറഞ്ഞിരിക്കുന്നു. ഈ പുതിയ കാവ്യരീതിയുടെ സൃഷ്ടിക്കു് അദ്ദേഹത്തിലുണ്ടായിരുന്ന ഘടകങ്ങൾ എന്തെല്ലാമായിരുന്നു എന്നു നോക്കുക:—

"ഇന്ദ്രിയങ്ങളുടെ ഗ്രഹണസാമർത്ഥ്യം; ഇതുപോലെ ലളിതമായ വികാരപരതയ്ക്കുള്ള കെല്പു്; തനിക്കു് അനുഭവിക്കുവാൻ കഴിയുന്ന ഓരോ വികാരത്തേയും ജനിപ്പിക്കുന്ന തരത്തിലുള്ള പീഡിതമായ ഒരു ജീവിതരീതി; തല്ക്കാലനിമിഷത്തെ അനുഭവങ്ങളിൽ മുഴുകുന്ന ശീലം; മുന്നോട്ടും പിന്നോട്ടും നോക്കുന്നതിനു വേണ്ട ശേഷിയുടെ കുറവു്; സ്നേഹിക്കുന്നതിനും, പാപസമ്മതത്തിനുമുള്ള കൊടിയ ആവേശം; ഭൂഭാഗക്കാഴ്ച്ചയുടെ ലളിതങ്ങളായ ഈഷദ്ഭേദങ്ങളെ ചിത്രീകരിക്കുന്നതിനും, അന്തരീക്ഷം ധ്വനിപ്പിക്കുന്നതിനും കെല്പുള്ളതും, വിസ്സരുടെ ചിത്രകലാരീതിയോടു് ഔപമ്യമുള്ളതുമായ കലാരീതി; തന്റെ സ്വാഭാവസാരള്യത്തിന്റെ നേരിട്ടുള്ള ഫലമായ ഭാഷ; ഈ ഭാഷയുടെ ആത്മബോധം അതിനു നല്കിയ പരമമായ പദലാളിത്യം; ദൈവസൃഷ്ടികൾ സകലവും തീക്ഷ്ണതാപൂർവ്വം തേടിനടന്നതിനു ശേഷം



Digitized By Kerala Sahitya Akademi

സ്നേഹാവേശം ദൈവത്തെ വഴിമദ്ധ്യേവെച്ച് കണ്ടുപിടിച്ച് അദ്ദേഹത്തിനു മുമ്പിൽ പൊടിയിൽ മുട്ടുകുത്തുവാനിടവരുന്നതു്; പ്രായേണ ഭയങ്കരമായ ഒരു അനൌദ്ധത്യം.

''വെർലെയിൻ ഒരിക്കലും ഒരു തത്ത്വവാദിയായിരുന്നില്ല; ഇതു് അദ്ദേഹം മല്ലർമേയ്ക്കു വിട്ടുകൊടുക്കുകയാണു് ചെയ്തതു്. അദ്ദേഹത്തിനു തന്റെ സഹജജ്ഞാനത്തിൽനിന്നു സിദ്ധിച്ച ദർശനം മാത്രമേയുണ്ടായിരുന്നുള്ളു. അത്ഭുതങ്ങൾ സംഭവിക്കണമെന്നു സദാ വാഞ്ഛിക്കുന്ന കാവ്യം അതു സംഭവിക്കുന്നതുവരെ ക്ഷമയോടെ കാത്തുനിന്നിട്ടില്ലെന്നു് അദ്ദേഹം അനുമാനിച്ചിരുന്നു. തന്റെ സ്വഭാവത്തിന്റെ ഗർവ്വിതവും വിനീതവുമായ പ്രസ്തുതമിസ്റ്റിസിസംമൂലമാണു് ഒന്നും ചെയ്യാതെയിരിക്കുന്നതിനു് ഉദ്യമിച്ചാൽ എത്രയധികം കാര്യങ്ങൾ ചെയ്യാമെന്നു് അദ്ദേഹം ഗ്രഹിച്ചതു്.

''പിന്നെ, 'സകലതിനും മുന്നിൽ സംഗീതം! സംഗീതം വീണ്ടും വീണ്ടും; സദാ സംഗീതം!' (എന്നു 'കാവ്യകല' എന്ന തന്റെ കൃതിയിൽ വെർലെയിൻ പറഞ്ഞിട്ടുണ്ടു്.) പദ്യത്തിനു് എത്രമാത്രം ശുദ്ധസംഗീതമാകുവാൻ, മാനുഷികാത്മാവോടുകൂടിയ ഒരു പക്ഷിയുടെ നാദമാകുവാൻ, സാധിക്കുമോ, അത്രമാത്രം സംഗീതമയമായ ചില ഖണ്ഡകാവ്യങ്ങൾ വെർലയിൻ രചിച്ചിട്ടുണ്ടു്. തന്റെ ചുററുമുള്ള മററു അത്ഭുതങ്ങൾക്കു സ്വയം വിധേയനാകുവാൻ തന്നെ പ്രേരിപ്പിച്ച വിവേകപൂർണ്ണമായ വിശ്വാസത്തോടുകൂടിത്തന്നെയാണു് അദ്ദേഹം പദങ്ങൾ അന്തരീക്ഷത്തിൽ പാടുവാൻ തുടങ്ങിയ ഗാനത്തിനും വിധേയനാകുന്നതു്; ഇതു തന്റെ സാരള്യത്തിന്റേയും ദിവ്യമായ ബാലിശത്വത്തിന്റേയും ഒരു അംശം മാത്രമാണുതാനും. വെർലെയിന്റെ ശ്രവണേന്ദ്രിയവും, ദർശനേന്ദ്രിയവും തമ്മിൽ പ്രായേണ പരസ്പരം പരിവർത്തനീയമായി ഭവിച്ചിട്ടുണ്ടു്; നാദംകൊണ്ടു് അദ്ദേഹം ചിത്രം രചിക്കുന്നു; അദ്ദേഹത്തിന്റെ രേഖയും അന്തരീക്ഷവും സംഗീതമയമായി ഭവിക്കുകയും ചെയ്യുന്നു........



Digitized By Kerala Sahitya Akademi

"ശ്രവണേന്ദ്രിയാനുഭവങ്ങൾക്കും ദർശനേന്ദ്രിയാനുഭവങ്ങൾക്കും പദങ്ങൾ കണ്ടുപിടിക്കുവാൻ താൻ പ്രയോഗിച്ച ദത്താവധാനമായ സാരള്യത്തെത്തന്നെയാണ് അദ്ദേഹം ആത്മാവിൻെറ അനുഭൂതികളും, വികാരത്തിൻെറ ഈഷദ്ഭേദങ്ങളും കണ്ടുപിടിക്കുന്നതിനും പ്രയോഗിച്ചിരുന്നതു്. തൻെറ ആഭ്യന്തരജീവിതം ആരംഭിച്ച നിമഷംമുതല്ക്കു് അദ്ദേഹം നിരന്തരമായ സ്വഹൃദയപ്രകാശനജോലിയിൽ മുഴുകിയിരുന്നിരുന്നു; പതിവായിരുന്ന സന്ദിഗ്ദ്ധവും ചിന്താമഗ്നവുമായ തൻെറ മട്ടിൽ അദ്ദേഹം തന്നോടുതന്നെ സംഭാഷണം ചെയ്യുന്നതു പ്രസ്തുത സ്വഹൃദയപ്രകാശനത്തിൽ നമുക്കു കേൾക്കാമെന്നു തോന്നും. ചിന്തയോടുള്ള ലളിതമായ സാദൃശ്യം, വിദൂരത്തിൽനിന്നു പറന്നുവന്നു നമ്മുടെ വളരെയടുത്തു് ഇറങ്ങൽ, എന്ന ഇതിലെ ഗുണങ്ങൾനിമിത്തം, നമ്മെ ചകിതരാക്കിച്ചമയ്ക്കുന്ന പദങ്ങൾ ഇതിൽ കാണാവുന്നതാണ്. അത്യധികം നിഷ്കപടമായ വിശ്വാസപൂർവ്വം അത്യധികം ആസംഗമായ രഹസ്യങ്ങൾ അദ്ദേഹത്തിൻെറ കവിത മന്ദം പറയുന്നു. വെർലെയിൻെറ സിദ്ധികളിൽ ഒന്നായ പടുത്തിനുള്ള 'സ്വാതന്ത്ര്യദാനം' ഏററിയ കുറും പൂർവ്വാധികം നിഷ്കപടമായിരിക്കുവാനുള്ള ഉദ്യമത്തിൽനിന്നു് ഉത്ഭവിച്ചതാണ്; ഹ്യൂഗോ, ബോദ്‌ലെയർ, പർണാസിയൻപ്രസ്ഥാനകവികൾ എന്നിവരുടെ വാഗ്മിത്വത്തിനുകീഴിൽ മറഞ്ഞുകിടന്നിരുന്ന പ്രകൃതിയിലേയ്ക്കുതന്നെ തിരിച്ചുപോയി, കാവ്യകലയിലെ ജാലവിദ്യയെ ഒരു പുതിയ കാര്യസിദ്ധിക്കായി പ്രയോഗിക്കുവാനുള്ള ഒരു മാർഗ്ഗമായിരുന്നു ഇതു്. ലാവണ്യത്തിൻെറയോ സത്യത്തിൻെറയോ സേവനാർത്ഥം വാഗ്മിത്വം പ്രയോഗിക്കുന്നതിൽ, ശ്രോതാക്കളുണ്ടെന്നും, ബാഹ്യമായ ഒരു വിധിയെഴുത്തുണ്ടെന്നുമുള്ള ഒരുതരം ബോധം അന്തർഭവിച്ചിട്ടുണ്ടു്; വാഗ്മിത്വം പ്രതീതിയും പ്രശംസയും ജനിപ്പിക്കുന്നതാണല്ലോ. തൻെറ ഉദ്ഗമനനിമിഷത്തിനും, തനിക്കു് ഒരിക്കലും പ്രാപിക്കുവാൻ സാധ്യമാകാത്ത



Digitized By Kerala Sahitya Akademi

പരമലാവണ്യത്തിനും ഇടയ്ക്കുള്ള ഒന്നിനേയും കുറിച്ചു ബോധ
മില്ലാതെയിരിക്കുന്നതാണു് കാവ്യത്തിന്റെ മൂലം. വിവേകപൂർണ്ണ
വും അതിസൂക്ഷ്മവുമായ ഈ ബോധശൂന്യത ഫ്രഞ്ചുകവിലോ
കത്തെ വേർലെയിൻ പഠിപ്പിക്കുകയുണ്ടായി. ഇങ്ങനെ ചെയ്ത
പ്പോൾ, അദ്ദേഹം, വെർലെയിന്റെ ഭാഷയിൽ, തന്റെ വ്യക്തി
മുദ്ര ലാവണ്യത്തിൽ ശക്തിപൂർവ്വം പതിപ്പിച്ചു്, ഇതിൽ പുതി
യതും, അന്നുമുതല്ക്കു സനാതനമായി ഭവിച്ചതുമായ ഒരു വീക്ഷ
ണകോടി ഉൾക്കൊള്ളിക്കുകയും ചെയ്തു.”

മുകളിൽ ഉദ്ധരിച്ചിട്ടുള്ള ഭാഗത്തിൽ വെർലെയിന്റെ ഭ്രോ
ഗക്കാഴ്ച ചിത്രീകരണരീതിയെപ്പററി പറഞ്ഞിട്ടുള്ളതു വിട്ടുകള
ഞ്ഞതിനുശേഷം, അവയിൽ വെർലെയിനു പകരം ചങ്ങമ്പുഴ
യുടേയും, മദ്ധ്യകാലത്തെ കവിയും, ക്ലാസിക്കപ്രസ്ഥാനസ്ഥാപക
രിൽ ഒരാളുമായ റൊങ്ങ് സാർദിനു പകരം ചെറുശ്ശേരിയുടേയും,
വിക്തർ യൂഗോയ്ക്കു പകരം വള്ളത്തോളിന്റേയും, ബോദ്‌ലെയ
ർക്കു പകരം കുമാരനാശാന്റേയും പേരുകൾ ചേർക്കുകയും, ഫ്ര
ഞ്ചുപദ്യമെന്നതിനെ ഭാഷാപദ്യമെന്നു മാററുകയും ചെയ്യുന്നതാ
യാൽ, അതു ശ്രീ: ചങ്ങമ്പുഴയ്ക്കു ഭാഷാപദ്യത്തിലുള്ള നിലയും
പ്രാധാന്യവും ഏറെക്കുറെ സൂക്ഷ്മമായി വിവരിക്കുന്നതായിരിക്കും.
തന്റെ കവിതയെഴുത്തിനെക്കുറിച്ചു ശ്രീ: ചങ്ങമ്പുഴതന്നെ ത
ന്റെ ‘സുധാംഗദ’യുടെ മുഖവുരയിൽ എഴുതിയിരിക്കുന്നതും വെർ
ലെയിന്റെ കാവ്യരചനയെപ്പററി സിമൺസ് പറഞ്ഞിട്ടുള്ളതി
നോടു് ഒട്ടധികം യോജിക്കുന്നുണ്ടു്. ഈ ഭാഗം ‘സുധാംഗദ’യിൽ
നിന്നു ചുവടെ ഉദ്ധരിക്കുന്നു:—

“വികാരോത്തേജകങ്ങളായ ചില നിമിഷങ്ങളിൽ, പ്രക
ടനോത്സുകമായ കവിഹൃദയം തരംഗതരളിതമായിച്ചമയുകയും,
അവനറിയാതെതന്നെ അതു തുളുമ്പിത്തുളുമ്പി വാഗ്രൂപത്തിൽ
പുറത്തേയ്ക്കു പ്രവഹിക്കുകയും ചെയ്യുന്നു. ഒരു യഥാർത്ഥകലാകാ
രനു കലാനിർമ്മിതി ഒരു സ്വപ്നമാണെന്നു ഞാൻ വിശ്വസിക്കു



Digitized By Kerala Sahitya Akademi

ന്നു........അദൃശ്യമായ ഏതോ ഒരു ശക്തി അയാളിൽ പ്രവൎത്തി ക്കുന്നുണ്ടു്; അങ്ങിനെ പ്രവൎത്തിക്കുന്ന അവസരങ്ങളിൽ അയാൾ —അയാളുടെ സത്ത—ആ ശക്തിയുടെ വെറുമൊരു കിങ്കരൻമാത്രം! ആജ്ഞാപിക്കുന്നതെന്തോ, അതു ചെയ്യുന്നു. ഇങ്ങിനെ നിൎല്ലജ്ജമായ ഒരാജ്ഞയുടെ ബോധരഹിതമായ ഒരനുസരിക്കലിനു് ഒരു യഥാൎത്ഥകലാകാരൻ കൂട്ടമിക്കപ്പോഴും പാത്രമായിത്തീരും. ആ അദൃശ്യശക്തിയുടെ ആജ്ഞയനുസരിക്കലാണു് അവൻെറ കലാസൃഷ്ടി................ശാസ്ത്രജ്ഞന്മാരോ, നിരൂപകന്മാരോ, എന്തു തന്നെ പറഞ്ഞാലും, എൻെറ അനുഭവം ഒരിക്കലും എൻെറ അനുഭവമായിത്തീരാതിരിക്കുകയില്ല. ഞാൻ പലപ്പോഴും കവിത എഴുതിയിട്ടുണ്ടു്; ചിലപ്പോൾ കവിത എഴുതിപ്പോയിട്ടുണ്ടു്. ഇവയിൽ രണ്ടാമത്തേതു സംഭവിച്ചിട്ടുള്ള അവസരങ്ങളിൽ ഞാൻ എന്നെത്തന്നെ മറന്നിരുന്നു. ഞാൻ മുൻകൂട്ടി ചിന്തിച്ചിട്ടില്ല; വൃത്തനിൎണ്ണയം ചെയ്തിട്ടില്ല...........ആകസ്മികമായി എന്നിൽ എവിടെനിന്നോ ഒരു മിന്നൽ! ഞാൻ എഴുതുകയാണു്. വായിക്കുമ്പോൾ അതിനു വൃത്തമുണ്ടു്................കവിത താനേയങ്ങിനെ എഴുതിപ്പോകുന്ന അവസരത്തിൽ എൻെറ ഹൃദയം സംഗീതസമ്പൂൎണ്ണമായിരുന്നു. ആ സംഗീതംപോലെ മറെറാന്നും എന്നെ ആകൎഷിച്ചിട്ടില്ല, ഞാനതിൽ താണു മുങ്ങി നീന്തിപ്പുളച്ചുപോകും..... ........ചിലപ്പോൾ ഒരു കവിത എഴുതിവരുമ്പോളായിരിക്കും ആ എഴുതിപ്പോകൽ ഉണ്ടാകുക. പകുതിയോളം എത്തിക്കാണും; അപ്പോഴാണു് ആ മിന്നലിൻെറ ഉദയം! പിന്നെ എനിക്കു ക്ലേശമില്ല.''

ശ്രീ. ചങ്ങമ്പുഴ ഭാഷാപദ്യത്തിൽ വരുത്തിവെച്ച കാവ്യരീതിപരിഷ്കാരം ഒരു വിശ്രുതനായ പാശ്ചാത്യനിരൂപകൻെറ വാക്കുകൾ ഉദ്ധരിച്ചു മുകളിൽ വിവരിച്ചിട്ടുള്ളതിനാൽ, അതിനെ ഉദാഹരിക്കേണ്ട ഭാരം മാത്രമേ എനിക്കുള്ളു. ചുവടെ ചേൎത്തിരിക്കുന്ന ഉദാഹരണപദ്യങ്ങളെ ഉറക്കെ പാടിയും മനസ്സിരുത്തിയും



Digitized By Kerala Sahitya Akademi

നിഷ്പക്ഷമായി പഠിക്കുന്നതായാൽ, ചങ്ങമ്പുഴയുടെ കാവ്യരീതി പരിഷ്ക്കാരത്തിന്റെ മാഹാത്മ്യം മനസ്സിലാക്കുവാൻ കഴിയും. ആദ്യമായി മദ്ധ്യകാലത്തെ ഫ്രഞ്ചുകവി റൊങ്ങ്സാർദിന്റെ ഖതലായ ചെറുശ്ശേരിയുടെ വാശ്മിതാപശ്രൂന്യവും അകൃത്രിമവും ഏറെക്കുറെ സംഗീതമയവുമായ കാവ്യരീതിക്കുള്ള ഒരു ഉദാഹരണം ചേർക്കുന്നു:—

(മഞ്ജരി

“അമ്മയ്ക്കു നല്കുവാൻ ചെമ്മുള്ള ചേലകൾ
നന്ദനൻ കയ്യിലേ നല്കിച്ചൊന്നാൻ:
നൽച്ചേല നാലുമെന്നമ്മതൻ കയ്യിലേ
ഇച്ഛയാൽ നല്കേണമിന്നുതന്നെ.
എന്നമ്മതന്നോടു ചൊല്ലേണം പിന്നെ നീ
എന്നെ മറക്കൊല്ലായെന്നിങ്ങനെ.
പാൽവെണ്ണയുണ്ണാഞ്ഞു വേദനയുണ്ടുള്ളിൽ
പാരമെനിക്കെന്നു ചൊല്ക, പിന്നെ.
വെണ്ണയും പാലുമിങ്ങാരാനും പോരുന്നോ-
രുണ്ടെങ്കിൽ മെല്ലെ വരുത്തവേണം.
വാഴപ്പഴങ്ങളും വണ്ണം തിരണ്ടവ
കേഴവനില്ലായ്കിലെന്നു ചൊൽവൂ;
ചിററാടയുണ്ടു ഞാൻ പെട്ടകംതന്നുള്ളിൽ
മററാരും കാണാതെ വെച്ചുപോന്നു,
ഊനപ്പെട്ടില്ലല്ലീയെന്നതേ ചിന്തിച്ചു
ദീനമാകുന്നിതെന്മാനസത്തിൽ.
മഞ്ഞൾ പിഴിഞ്ഞുള്ള കൂറകളൊന്നുമേ
മങ്ങാതെ മാനിച്ചുകൊള്ളേണം നീ.
വെററില തിന്നു ചൊരുക്കിന നേരത്തു
തെററെന്നു പൂട്ടുവാൻ ചൊന്നേനല്ലോ
കൂലിയായന്നതിനമ്മതാൻ നല്കിന
ചേലയും മാലുററപോകല്ലാതെ,



Digitized By Kerala Sahitya Akademi

പിള്ളേരെ നുള്ളിനാനെന്നങ്ങു ചൊല്ലീട്ടു
പീലികൊണ്ടെന്നെയടിച്ചാളമ്മ
കേണുകൊണ്ടന്നു വഴക്കായിപ്പോയി ഞാൻ
ഊണിന്നു വാരാതെ നിന്നനേരം
തെണ്ടമായെന്നതിന്നന്നു നീ നല്കിന
കണ്ടിക്കഞ്ചേല മറക്കൊല്ലാതെ,
പൊങ്ങിനോരംശം പുലമ്പിനിന്നീടുന്ന
കിങ്ങിണിയെങ്ങാനും വീഴൊല്ലാതെ,
പാവകളൊന്നുമേ പാഴായിപ്പോകാതെ
പാലിച്ചുകൊള്ളേണം പാരാതെ നീ.
ചേണാറുന്നിന്നുള്ളോരോണവില്ലൊന്നുമേ
ഞാണററുപോകല്ലാ ഞാൻ വരുമ്പോൾ.''

(കൃഷ്ണഗാഥ)

രണ്ടാമതായി, ചെറുശ്ശേരിയുടേയും, വള്ളത്തോൾ, കുമാരനാശാൻ എന്നിവരുടേയും കാലങ്ങൾക്കിടയ്ക്കുള്ള ഭാഷാപദ്യത്തിന്റെ വാശിതപൂർണ്ണവും, കൃത്രിമവും, സംഗീതശൂന്യവുമായ കാവ്യരീതി ഉദാഹരിക്കുവാൻ ശ്രീ: ഉള്ളൂരിന്റെ കൃതികളിൽനിന്നു് ഒരു ഭാഗം ഉദ്ധരിക്കുന്നു:—

(കേക)

''പ്രകൃതിദത്തമായ വാസനാവിശേഷത്താൽ
സുകൃതാത്മികേ! ഭവൽശ്ശുനാളത്തിൽനിന്നും
കാലദേശാവസ്ഥകൾക്കനുരൂപമായ് സ്വര-
ജാലം നിർഗ്ഗളിക്കുന്നു ശ്രോത്രൈകരസായനം.
ഒരിടം പുംസ്കോകിലോൽഗീതപഞ്ചമസ്വന-
മൊരിടം ശാതോദരീപാണിവല്ലകീക്വാണം;
ഒരിടം രാജദ്വാരപടഹമന്ദ്രധ്വാന-
മൊരിടം പ്രാവൃഷേണ്യകാദംബിനീനിർഘോഷം.
നേദിഷ്ഠങ്ങളാം മൃഗപക്ഷികൾക്കാ നിസ്വനം
മോദത്തിനുതകീടും മുഖ്യസംഗീതമാവാം;



Digitized By Kerala Sahitya Akademi

ആത്തിയ്ക്കുകളതിന്നോതിടും പ്രത്യുക്തിക-
ളാനന്ദസ്വവള്ളാമാശീർവ്വാക്കുകളമാം;
അംബ! മാനുഷർ ഞങ്ങൾക്കാ സ്വാനമൊരു നവ്യ-
കർമ്മയോഗീശശാൽഘുഷ്ടകല്യാണഗീതാമൃതം.
നിന്നിൽനിന്നോരോരോവിധം നിർഗ്ഗമിക്കും ശബ്ദങ്ങൾ
നിർണ്ണയമുപനിഷദ്രഹസ്യവ്യാഖ്യാനങ്ങൾ,
അങ്ങിങ്ങു മൗനത്താലും ഞങ്ങളെശ്ശാസിപ്പൂ നീ
ഭംഗിയിൽ ഗുരുശ്രേഷ്ഠൻ ദക്ഷിണാമൂർത്തിപോലെ.
ഏതു തത്ത്വോപദേശം നിന്നിൽനിന്നടിയങ്ങൾ
മറ്റാരേവ, ലഭിപ്പീല മനനോന്മുഖസ്വാന്തർ!"

(പെരിയാറിനോട്)

മൂന്നാമതായി, വാഗ്മിത്വവും കൃത്രിമത്വവും വളരെ കുറഞ്ഞവയും, കുറെയധികം സംഗീതമുൾക്കൊള്ളുന്നവയുമായ വള്ളത്തോളിന്റേയും കുമാരനാശാന്റേയും കൃതികളിൽനിന്നു് ഓരോ ഭാഗം വീതം ഉദ്ധരിക്കുന്നു:—

"കാളിന്ദികൊണ്ടൊരു നീലക്കരയിട്ട
ചേലിൽ വിളങ്ങും വൃന്ദാരണ്യമേ,
കാലികൾ നക്കിത്തുടയ്ക്കുമാച്ചെന്തളിർ-
ക്കാലടിവെച്ചുകൊണ്ടുണ്ണിക്കണ്ണൻ
സഞ്ചരിക്കുന്ന നിൻ ദിക്കിലെങ്ങാനൊരു
പിഞ്ചുപുല്ലായിപ്പിറക്കാവൂ ഞാൻ!
ഹാ, ലോകഭാഗ്യമേ! പാവനമീവനം
ഭൂലോകം പൂകിന ഗോലോകം താൻ.
നല്ലിളംപൂക്കളെ മെല്ലെത്തുറക്കുന്ന
മല്ലികേ, മാലതി, മന്ദാരമേ!
വല്ലവപ്പൊൻകുഞ്ഞിൻ മന്ദഹാസാങ്കുര-
മല്ലയോ നിങ്ങളിൽ വെള്ളവീശി!
അമ്പാന്നു ശാലകൾ പൂകുന്ന ഗോക്കൾത-
ന്നമ്പാരവമിതാ, മന്ദമായി



Digitized By Kerala Sahitya Akademi

അമ്പാടിതന്നിൽനിന്നാരാലണയുന്നു;
നിൻപാപം കണ്ണുമേ, നീംടിഞ്ഞു.
ഇക്കാണും ഗോകലമന്ദിരപംക്തിതൻ
വക്ഷോലുമേംന്തഴുള്ള മേൽപ്പുരമേൽ
സ്വീയകരങ്ങളാൽ സിന്ദൂരം ചാത്തുന്നു
സായന്തനാരുണൻ സാധുവൃത്തൻ.
അസ്തംശമിക്കാൻ തുടങ്ങുന്ന ഭാസ്കരൻ
വിസ്തൃതം തൻകരസർവ്വസ്വവും
അപ്പുരമേശൻ വസിക്കുമമ്പാടിയി-
ലപ്പണംചെയ്യുന്ന പുണ്യശാലി."
(അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ)

(വഞ്ചിപ്പാട്ട്)

"പടിഞ്ഞാറു ചാഞ്ഞു സൂര്യൻ പരിരമ്യമായ് മഞ്ഞയും
കട്ടുംചുവപ്പും കലന്നു തരുക്കളുടെ
രാജൽകരകേസരങ്ങൾ വീശിടുന്നു ദൂരത്തൊരു
രാജമല്ലിമരം പൂത്തു വിലസുംപോലെ.
കൊണ്ടൽവേണിമണിയവൾ കൗതുകമാന്നൊരു മലർ-
ച്ചെണ്ടൊരു കരവല്ലിയാൽ ചുഴററിടുന്നു.
ഇളംതെന്നൽ തട്ടി മെല്ലെയിളകിച്ചെറുതരംഗ-
ച്ചുളിചേരും മൃദുചേലച്ചോലയിൽനിന്നും
വെളിയിൽ വരുമച്ചാരുവാമേതരപാദാബ്ജം പൊൻ-
തള കിലുങ്ങുമാറവൾ ചലിപ്പിക്കുന്നു.
മറയും മലർവല്ലിയിൽ കണ്ണിതമാന്നിടയ്ക്കിടെ
മറിമാൻമിഴി നോക്കുന്നു വെളിക്കെന്നല്ല,
ഇടതൂന്നിമ കറുത്തു മിനുത്തുള്ളിൽ മദജലം
പൊടിയും മോഹനനേത്രം, പ്രകൃതിലോലം,
പിടഞ്ഞു മണ്ടിനില്ക്കുന്ന പിടിച്ച തൂനീർ തിളങ്ങും
സ്ഫടികക്കുപ്പിയിലിട്ട പരൽമീൻപോലെ.
ഇടയ്ക്കിടെ സ്മരിച്ചെഴുമധരപല്ലവങ്ങൾതൻ
നടുവോളമെത്തും ഞാത്തിൻ ധവളരത്നം,



Digitized By Kerala Sahitya Akademi

വിളങ്ങുന്ന മാണിക്യമായവൾ ശ്വസിക്കും രാഗംതാൻ
വെളിയിലിങ്ങനെ ഘനീഭവിക്കുംപോലെ,
നിതംബഗുരുതയാൽത്താൻ നിലംവിടാൻ കഴിയാതി-
സ്ഥിതിയിൽ തങ്ങുമീ ക്ഷോണീരംഭതാനത്രേ
വാസവദത്താഖ്യയായ വാരസുന്ദരി—മധുരാ-
വാസികളിലറിയാതില്ലിവളെയാരും.”

(കരുണ)

നാലാമതായി, ശ്രീ: ചങ്ങമ്പുഴയുടെ വാഗ്മിതാശൂന്യവും, അകൃത്രിമവും, സംഗീതപൂർണ്ണവുമായ കാവ്യരീതിക്ക് ഒരു ഉദാഹരണം പ്രകൃതഗ്രന്ഥത്തിൽനിന്ന് ഉദ്ധരിക്കുന്നു:—

(കുറത്തി)

“കരുണരസം കരകവിയും
കഥ പറയാം—പക്ഷേ
കരളുരുകിക്കരളുരുകി-
ക്കരയരുതിന്നാരും.

ശാന്തിവാഴും പൂവനത്തിലൊന്നിൽ വന്നൊരോരമൽ-
ക്കാന്തിയേന്തും ചെമ്പനിനീർച്ചെമ്പകം കിളുന്നു.
ചില്ലകളിൽപ്പല്ലവങ്ങളുല്ലസിച്ചനാൾക്കും
തെല്ലുനാളിനുള്ളിലതു ചെല്ലമായിത്തീർന്നു.
സന്തതം പരിസരത്തിൽപ്പൂന്തണൽ വിരിച്ചു-
ന്നന്തികത്തൊരാർദ്രമാകം പാരിജാതം നിന്നു.

ഒരു ശിശിരനിശയിലേതോ
പവനഗതിമൂലം
പരിചിയലും ലതിക ചാഞ്ഞാ-
ത്തരുവരനിൽച്ചേർന്നു.

പാവനമാം വിൺവെളിവും നിത്യവും നുകർന്നു
പാരിജാതച്ഛായയിലാച്ചെമ്പകം വളർന്നു.



Digitized By Kerala Sahitya Akademi

കാററടിയും പേമഴയും, തീവെയിലും മെയ്യി-
ലേററിടാതാട്ടിവ്വൃക്ഷം വല്ലരിയെക്കാത്തു.
നമ്മലോലമാമതിനെ പ്രാണനാണെന്നോത്തു
നിമ്മലപ്രണയസൂക്തം മന്ത്രമായ് വാത്തു;

തളിരുലഞ്ഞും, മലരണിഞ്ഞും,
മധു ചൊരിഞ്ഞും, മെയ്യിൽ-
ക്കുളിരണിഞ്ഞും, ഹരം കവന്നാ-
ക്കനകവല്ലി മിന്നീ!"

(ഒരു കഥ)

"പദ്യത്തിനു് എത്രമാത്രം ശുദ്ധസംഗീതമാകുവാൻ, മാനുഷികാത്മാവോടുകൂടിയ ഒരു പക്ഷിയുടെ നാദമാകുവാൻ സാധിക്കുമോ, അത്രമാത്രം സംഗീതമയമായ ചില ഖണ്ഡകാവ്യങ്ങൾ വെർലെയിൻ രചിച്ചിട്ടുണ്ടു്" എന്നു സിമൺസു പറയുന്നുണ്ടല്ലോ. മുകളിൽ ഉദ്ധരിച്ച ഭാഗമടങ്ങിയ 'ഒരു കഥ' ഭാഷാപദ്യത്തിനു് എത്രമാത്രം ശുദ്ധസംഗീതമാകുവാൻ സാധിക്കുമെന്നു കാണിക്കുന്നുണ്ടു്. ഭാഷാപദ്യത്തിനു് എത്രമാത്രം മാനുഷികാത്മാവോടുകൂടിയ ഒരു പക്ഷിയുടെ നാദമാകുവാൻ സാധിക്കുമെന്നു കാണിക്കുന്ന മറെറാരു ഖണ്ഡകാവ്യംകൂടി പ്രകൃതഗ്രന്ഥത്തിൽനിന്നു് ഉദ്ധരിച്ചുകൊള്ളുന്നു:—

"ഒരു ദിവസം പുലരൊളിയിൽ
കുരുവികൾനിൻജനാലരികിൽ
ചിറകടിച്ചു കരഞ്ഞുഴന്നാ
പറന്നണഞ്ഞു പറയുമേവം:—
'മതിയുറക്കം, വെളുത്തു നേരം,
മറയുമിപ്പോൾ മധുരസ്വപ്നം:
മിഴി തുറക്കൂ, കരയുവാനാ
മിഴി തുറക്കൂ, തുറക്കു ദേവി!
ഇനിയകലത്തിരിക്കില്ലാ
പ്രണയമയഹൃദയസ്പന്ദം



Digitized By Kerala Sahitya Akademi

അവ നിലച്ചു, മരിച്ചു, ഹാ, നി-
ന്നവശനാകും ഹൃദയനാഥൻ.
വരളുവോരാ രസനയില-
ഞ്ഞൊരു സലിലകണികപോലും,
അവനൊരാളും പകർന്നു നല്കാ-
നരികിലില്ലാതവൻ മരിച്ചു.
അമൃതഗാനം ചൊരിഞ്ഞൊരാ നാ-
വവസാനത്തിൽ വരണ്ടുഴന്നു.
അമലരാഗം വഴിഞ്ഞൊരാ ഹൃ-
ത്തവസാനത്തിൽത്തകർന്നടിഞ്ഞു.
അകലെയൊരു മരച്ചുവട്ടി-
ലവനണഞ്ഞു മണലടിഞ്ഞു.
ഉടൽ വെടിയാനവന്റെ ജീവൻ
പിടയുമന്ത്യനിമിഷത്തിലും,
പരവശനാമവനിതുപോൽ
പറയുവതായ് ശ്രവിച്ചു, ഞങ്ങൾ:....

സുമലളിതേ, ഗുണമിളിതേ,
മമ ദയിതേ, കരയരുതേ,
തവ മധുരപ്രണയസുധാ-
തരളിതമാം ഹൃദയമിതാ
അടിയറവെച്ചവനിവെടി-
ഞ്ഞനുപമേ, ഞാനകന്നിടുന്നേൻ!........"

ചെറുശ്ശേരിക്കവിതയുടെ സാധാരണമായ പോക്കു് അലങ്കാരബഹുലമായ ദീപ്രരീതിയിലേയ്ക്കാണു്. അതു ചങ്ങമ്പുഴക്കവിതയ്ക്കു തുല്യം സംഗീതമയവുമല്ല. തന്നിമിത്തം അകൃത്രിമത്വവും സംഗീതാത്മകത്വവും കലർന്ന കാവ്യരീതിയിൽ ശ്രീ. ചങ്ങമ്പുഴ ഭാഷാപദ്യത്തിൽ ആദിമുതല്ക്കു് ഇന്നുവരെ അതുല്യനായി പരിലസിക്കുന്നു.

കാവ്യത്തിന്റെ ബോധശൂന്യത ഫ്രഞ്ചുകവിലോകത്തെ



Digitized By Kerala Sahitya Akademi

പാിപ്പിച്ചു്, തന്റെ വ്യക്തിമുദ്ര ഫ്രഞ്ചുകാവ്യലാവണ്യത്തിൽ ശക്തിപൂർവ്വം പതിപ്പിച്ചു്, അതിൽ നവവും സനാതനവുമായ ഒരു വീക്ഷണകോടി വെർലെയിൻ ഉൾക്കൊള്ളിച്ചു എന്നു സുപ്രസിദ്ധബെൽജിയൻമഹാകവി വെർഹേയിറൻ ചൂണ്ടിക്കാണിച്ചിരുന്നതായി സിമൺസു പറയുന്നുണ്ടല്ലോ. ഇതുതന്നെയാണു് ശ്രീ: ചങ്ങമ്പുഴ ഭാഷാകാവ്യത്തിൽ തന്റെ രീതിപരിഷ്കാരംമൂലം ചെയ്തിട്ടുള്ളതും. തന്നിമിത്തം ഫ്രഞ്ചുസാഹിത്യം നിലനില്ക്കുന്നിടത്തോളംകാലം വെർലെയിൻ അതിൽ ഒരു കെടാവിളക്കായി പ്രശോഭിച്ചുകൊണ്ടിരിക്കുന്നതുപോലെ, ഭാഷാസാഹിത്യം നിലനില്ക്കുന്നിടത്തോളംകാലം ശ്രീ: ചങ്ങമ്പുഴ അതിൽ ഒരു കെടാവിളക്കായി പ്രശോഭിച്ചുകൊണ്ടിരിക്കുന്നതാണു്.

പദ്യത്തിലെ പദങ്ങൾ, സംഗീതത്തിലെ രാഗങ്ങൾപോലെ താളാനുസൃതങ്ങളായ രൂപങ്ങളിൽ സംയോജിപ്പിച്ചിട്ടുള്ള നാദങ്ങൾ മാത്രമല്ല, പിന്നെയോ, സാധനങ്ങളുടെ ചിത്രങ്ങൾ നമ്മുടെ മനസ്സിൽ കൊണ്ടുവരുന്നവയുംകൂടിയാണു്; എന്തെന്നാൽ, വാക്കുകൾ നേത്രഗോചരങ്ങളായ സാധനങ്ങളേയോ, അവ തമ്മിലുള്ള ബന്ധങ്ങളേയോ, അനേകം സാധനങ്ങളിൽനിന്നോ, പരസ്പരബന്ധമുള്ള വികാരങ്ങളിൽനിന്നോ അനുമാനിച്ചെടുത്ത സാമാന്യതത്വങ്ങളേയോ ധ്വനിപ്പിക്കുന്നുണ്ടു്. തന്നിമിത്തം ഒരു കവി പദങ്ങൾ പ്രയോഗിക്കുമ്പോൾ, അദ്ദേഹം നാദങ്ങളേയും താളങ്ങളേയും മാത്രമല്ല, പിന്നെയോ, ദൃശ്യചിത്രങ്ങളേയും, വികാരപരമായ അനുഭവങ്ങളേയും, സാമാന്യാശയങ്ങളേയുംകൂടി പൊരുത്തമുള്ള ഒരു രൂപത്തിൽ തന്റെ കലാകൗശലതയനുസരിച്ചു കൂട്ടിയിണക്കുകയാണു് ചെയ്യുന്നതു്. സാഹിത്യകാരന്മാരുടെ കലാപാടവം വർദ്ധിക്കുമ്പോൾ ഒരിക്കൽ കേൾക്കുന്നതുകൊണ്ടു മനസ്സിലാക്കുവാൻ സാധിക്കാത്തവിധം അവരുടെ കൃതികൾ സങ്കീർണ്ണങ്ങളായി ഭവിക്കുന്നു. മനസ്സിലൂടെ ചിന്തിച്ചാൽ മാത്രമേ അവയെ ഗ്രഹിക്കുവാൻ കഴിയുകയുള്ളൂ. ഇതിൻ

Digitized By Kerala Sahitya Akademi

നെയാണു് ചില നിരൂപകർ "കണ്ണിനുവേണ്ടി എഴുതുക" എന്നു പേരിട്ടിട്ടുള്ളതു്. സുന്ദരകലകളിൽവെച്ചു സാഹിത്യത്തിനു മാത്രമേ മനുഷ്യമനസ്സിൽ പ്രവേശിക്കുവാൻ മാർഗ്ഗദ്വയങ്ങളുള്ളു. പ്രതിമാശില്പം, ആലേഖ്യം, വാസ്തുശില്പം, നൃത്തം എന്നിവ ചെവിയിലൂടെയല്ല മനസ്സിൽ പ്രവേശിക്കുന്നതു്. കണ്ണിനോടു മാത്രമേ ഇവ സംഭാഷണം ചെയ്യുന്നുള്ളു. സംഗീതമാകട്ടെ ചെവിയോടു മാത്രം സംസാരിക്കുന്നു. കാവ്യത്തിനു ചെവിയോടും കണ്ണിനോടും സംഭാഷണം ചെയ്യുവാൻ ശക്തിയുണ്ടു്. പക്ഷേ, ഒരൊററ ഇന്ദ്രിയത്തിലൂടെയുള്ള പ്രവേശനത്തിനു് ഒന്നിലധികം ഇന്ദ്രിയങ്ങളിലൂടെയുള്ള പ്രവേശനത്തെക്കാൾ ശക്തിയേറുമെന്നു 'രാജരാജീയ'ത്തിൽ ഞാൻ സ്ഥാപിച്ചിട്ടുണ്ടു്. അതിനാൽ, കാവ്യത്തിനു ചെവിയിലൂടെയുള്ള പ്രവേശനത്തിൽ സംഗീതത്തോടോ, കണ്ണിലൂടെയുള്ള പ്രവേശനത്തിൽ മററു സുന്ദരകലകളോടോ വിജയപൂർവ്വം മത്സരിക്കുവാൻ സാധിക്കുന്നതല്ല. തന്മൂലം കാവ്യത്തിനു് ഇതരസുന്ദരകലകളോളം ഐന്ദ്രിയസുഖം നല്കുവാൻ കഴിയുന്നതുമല്ല. ഇതരസുന്ദരകലകൾ നല്കുന്ന ശക്തിയേറിയ ഇന്ദ്രിയസുഖം കാവ്യത്തിനു നല്കുവാനുള്ള കഴിവുണ്ടാക്കുവാനാണു് വെർലെയിനും, ശ്രീ: ചങ്ങമ്പുഴയും ശ്രമിച്ചതു്. ഇതു് എത്രമാത്രം സാദ്ധ്യമാകുമോ, അത്രമാത്രം സാധിക്കുന്നതിൽ ഇവർ വിജയിക്കുകയും ചെയ്തു.

ലാവണ്യം എന്നതു് ഒരു കലാകൃതിയിൽ മാത്രം കുടികൊള്ളുന്ന ഒന്നായി വിചാരിക്കുന്നതു ശരിയല്ലെന്നും, ലാവണ്യം ഒരു അനുഭവമാകയാൽ, അതു് ആകൃതി കാണുന്നവനിലും കേൾക്കുന്നവനിലുംകൂടി സ്ഥിതിചെയ്യുന്നു എന്നുവേണം പറയുവാനെന്നും, അമേരിക്കൻ ആലങ്കാരികനായ സി. ജെ. ഡുക്കാസ്സും, ചില പ്രാചീനജപ്പാനീസ് ആലങ്കാരികരും അഭിപ്രായപ്പെട്ടിട്ടുണ്ടു്. ലാവണ്യത്തിൻെറ കാമ്പു് എന്താണെന്നു നിർണ്ണയിക്കുവാൻ കഴിയുകയില്ലെന്നും, അതിൻെറ ഫലത്തെ മാത്രമേ നിർണ്ണയിക്കുവാൻ



Digitized By Kerala Sahitya Akademi

സാധിക്കുകയുള്ളുവെന്നുമാണ് ഇതിൻെറ അത്ഥം. ചിലതരം വായനക്കാക്ക സംഗീതംപോലെ ചെവിയിലൂടെ പ്രവേശിക്കുന്ന കാവ്യമേ ലാവണ്യപൂണ്ണമായി തോന്നുകയുള്ളു. ലാവണ്യത്തെസ്സംബന്ധിച്ചുള്ള കേരളീയരുടെ നരവംശപരമായ പ്രകൃതി ഇത്തരത്തിലുള്ളതാണെന്നു ഞാൻ മാതൃഭൂമി ആഴ്ചപ്പതിപ്പിലെ ചരിത്രാതീതകാലചരിത്രഗവേഷണലേഖനങ്ങളിൽ ചൂണ്ടിക്കാണിച്ചിരുന്നു. അവരുടെ വൃത്തത്തിൻെറ ഗാനാത്മകതാവും ഇതു സ്പഷ്ടമാക്കുന്നുണ്ട്. കേരളീയരുടെ പ്രാചീനമായ പല ജനകീയശീലുകളേയും ചങ്ങമ്പുഴ തൻെറ കാവ്യങ്ങൾമൂലേന പുനജ്ജീവിപ്പിച്ചിട്ടുള്ളതും ഇവിടെ ശ്രദ്ധേയമാണ്.

കേരളീയകവികളിൽ ചെവിക്കു പരമമായ ഇമ്പം നല്കുന്ന കവി ശ്രീ: ചങ്ങമ്പുഴമാത്രമാകയാൽ, ചെവിക്കുള്ള പരമമായ ഇമ്പം പരമലാവണ്യമാണെന്നു നൈസഗ്ഗികമായി വിചാരിക്കുന്ന കേരളീയജനതയിലെ ഭൂരിപക്ഷക്കാരും തങ്ങൾ നാശമടയുന്നതുവരെ അദ്ദേഹത്തെ തങ്ങളുടെ ഏററവും ഓമനക്കവിയായി പരിഗണിക്കുമെന്നു പ്രവചിക്കാവുന്നതാണ്. ഇപ്രകാരം കേരളീയരുടെ വംശവാസനകളെ പുനജ്ജീവിപ്പിക്കുകയും, വാത്മീകി, ഭാസൻ എന്നീ ഒന്നാംതരം ഭാരതീയസാഹിത്യകാരന്മാരെ അനുകരിച്ചു ഭൂരന്തകൃതികൾ വിരചിക്കുകയും ചെയ്തുവരുന്ന ശ്രീ: ചങ്ങമ്പുഴ വിദേശിഭ്രമക്കാരനാണെന്നു പറഞ്ഞു് ആക്ഷേപിക്കുന്നവർ വിദേശത്തിൽനിന്നു് ഇറക്കുമതിചെയ്ത മനംനോക്കിസ്സാഹിത്യപ്രസ്ഥാനത്തിൽപ്പെട്ടവരാണെന്നുള്ള വസ്തുത മനസ്സിലാക്കിയിട്ടുള്ളവർ ചിരിച്ചു ചിരിച്ചു ചാവാറായിത്തീന്നിരിക്കുന്നു.

ശ്രീ: ചങ്ങമ്പുഴയെ മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളവിധം ബാലിശമായി ആക്ഷേപിക്കുന്നവർ അങ്ങിനെ ചെയ്തുവരുന്നതിനുള്ള ഒരു കാരണം സൂക്ഷ്മനിരീക്ഷകനായ ശ്രീ: വക്കം അബ്ദുൽഖാദർ തൻെറ 'തൂലികാചിത്ര'ത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—"ചങ്ങമ്പുഴ പാടുമ്പോൾ, നമ്മുടെ മഹാകവി



Digitized By Kerala Sahitya Akademi

കളുൾപ്പെടെ കേരളത്തിലെ കണക്കററ മഹാകവികളിൽ ഭൂരി ഭാഗവും തങ്ങൾ പാടുകയല്ല, പറയുകയാണു് ചെയ്തിട്ടുള്ളതെന്നു വിചാരിച്ചു തങ്ങളുടെ ഭാഗ്യഹീനതയിൽ സങ്കടപ്പെടുന്നു. അവരിൽ പലരും ചങ്ങമ്പുഴയെ ചതച്ചാലല്ലാതെ തങ്ങൾക്കു രക്ഷയില്ലെന്നു വിശ്വസിച്ചുപോരുന്നു. അദ്ദേഹത്തെ പുലഭ്യം പറയുന്നവരുടേയും ആക്രമിക്കുന്നവരുടേയും അടിസ്ഥാനം മിക്കപ്പോഴും ആദർശമല്ല, കടുത്ത അസൂയയായി കാണപ്പെടുന്നു. ഒരു സാധാരണകവിക്കു് ഒരിക്കലും അസൂയാലുക്കളേയും നിർദ്ദയവിമർശകന്മാരേയും സൃഷ്ടിക്കുവാൻ കഴിയുകയില്ല.''

ശ്രീ: ചങ്ങമ്പുഴയോടുള്ള അസൂയയെപ്പററി ശ്രീ: അബ്ദുൽഖാദർ പറഞ്ഞിട്ടുള്ളതു വെറും പരമാർത്ഥമാണു്. ആധുനികഭാഷാസാഹിത്യലോകത്തു ചങ്ങമ്പുഴയെപ്പോലെ കൊടിയ അസൂയയ്ക്കു പാത്രമായിട്ടുള്ള മറെറാരു മഹാകവി കുമാരനാശാൻ മാത്രമേയുള്ളു. കുമാരനാശാനിൽ പുരുഷസ്വഭാവാംശം പൊന്തിച്ചുനിന്നിരുന്നതിനാൽ, നാർസിസ്സിസം കുറഞ്ഞിരുന്നു എന്നു മുകളിൽ സൂചിപ്പിച്ചിരുന്നല്ലോ. തന്നിമിത്തം അദ്ദേഹം ഈ അസൂയക്കാരിൽനിന്നു് അധികം സങ്കടപ്പെടാതെ സ്ഥലം മാറിപ്പാർക്കുക മാത്രമേ ചെയ്തുള്ളു എന്നു തൻെറ 'ഗ്രാമവൃക്ഷത്തിലെ കുയിൽ' ഇങ്ങിനെ സൂചിപ്പിച്ചിരിക്കുന്നു:—

"ചിന്താനന്ദം കലർന്നക്കുയിലുടനെ ഖല -
നാരിൽനിന്നേതുമാപ -

ത്തെത്താസ്ഥാനം ശാന്മാരവരപകൃതിയാൽ
പാപമേലായുവാനും

സത്താകും മാർഗ്ഗമെന്നായ് പഴയ വസതി കൈ -
വിട്ടു പൊങ്ങിപ്പറന്നി -

ട്ടുത്താലോദ്യാനമൊന്നാർന്നിതു പുരജനതാ -
കർമ്മപുണ്യോൽകരത്താൽ."



Digitized By Kerala Sahitya Akademi

നമ്മുടെ പ്രതിപാദ്യവിഷയമായ കുയ്‌ലാകട്ടെ തന്നിലുള്ള നാർസിസ്സിസത്തിൻെറ ആധിക്യംനിമിത്തം പ്രസ്തുതവ്യാധന്മാരുടെ അസൂയാശരമേററു നരകയാതന അനുഭവിക്കുകയാണു് ചെയ്തതെന്നു നമുക്കു് അനുമാനിക്കാൻ കഴിയും. കലാകാരന്മാർ തമ്മിലുള്ള അസൂയ ലോകത്തിലെവിടേയും കാണാമെന്നും ചൂണ്ടിക്കാണിക്കേണ്ടതായി വരുന്നു. പാശ്ചാത്യകലാലോകത്തിൽനിന്നു ചില ഉദാഹരണങ്ങൾ ഉദ്ധരിക്കാം. ഹെൻറി ഇർവിങ്ങ് എന്ന പ്രസിദ്ധനടനു ബെർനാഡ്ഷായോടും, സ്ട്രിൻഡ് ബർഗിനു് ഇബ്സനോടും, ഇബ്സനു ടോൾസ്റ്റായിയോടും, ഡിക്കൻസിനു താക്കറെയോടും, മെറിഡിത്തിനു ഡിക്കൻസിനോടും, ഹെൻറി ജെയിംസിനു ഹാർഡിയോടും അസൂയ തോന്നിയിരുന്നു. അനതൊലെ ഫ്രാൻസ് എന്ന സുപ്രസിദ്ധഫ്രഞ്ചുസാഹിത്യകാരൻ മരിച്ചയുടനെ അദ്ദേഹം ഒരു നിസ്സാരനായ ഗ്രന്ഥകാരനാണെന്നു ജിഡ്, മൊറാങ്ങ്, മോർവാ മുതലായ ഫ്രഞ്ചുസാഹിത്യകാരന്മാർ അഭിപ്രായപ്പെടുകയും ചെയ്തിരുന്നു. ഷായും ഇബ്സനും ടോൾസ്റ്റായിയും താക്കറെയും ഡിക്കൻസും ഹാർഡിയും ഫ്രാൻസും അധികം ജനപ്രീതി നേടിയിരുന്നതിനാൽ ഇതിനു സാധിക്കാത്ത മുകളിൽ പ്രസ്താവിച്ച സാഹിത്യകാരന്മാർക്കു് അവരോടു് അസൂയ തോന്നുകയുണ്ടായി. ചങ്ങമ്പുഴയുടെ കാര്യം വിഗണിച്ച ഭാഷാസാഹിത്യത്തിൽ നോക്കുന്നതായാലും ഇവിടത്തെ സാഹിത്യകാരരിൽ പലരുടെ ഇടയ്ക്കും കൊടിയ അസൂയ കളിയാടുന്നതു കാണാം. ടേക്സ്റ്റു് ബുക്കാക്കാത്ത ഭാഷയിലെ മറെറാരു പദ്യകൃതിക്കും ചങ്ങമ്പുഴയുടെ 'രമണൻ' എന്ന നാടകീയകാവ്യത്തെപ്പോലെ പതിമൂന്നു പതിപ്പുകൾ ഇന്നുവരെ ഉണ്ടായിട്ടില്ലെന്നും, അവയിൽ മിക്കവയ്ക്കും ഒരു രണ്ടാംപതിപ്പിനുപോലും ഭാഗ്യമുണ്ടായിട്ടില്ലെന്നും മനസ്സിലാക്കിയാൽ ചങ്ങമ്പുഴ ഇതരകവികളിൽ പലരിലും ജനിപ്പിച്ച അസൂയ കണ്ടു് അത്ഭുതപ്പെടുന്നതല്ല. ഈ അ



Digitized By Kerala Sahitya Akademi

സൂയയെപ്പററി ചങ്ങമ്പുഴ പ്രകൃതഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുമുണ്ടു്:—

> "തമ്മിൽത്തമ്മിലസൂയമൂലമഖിലവി-
>     ല്ലാസ്സുള്ളനത്ഥങ്ങളാ-
> ലിമ്മന്നിൽ സുഖജീവിതം ശിഥിലമാ-
>     ക്കിത്തീത്തു, കഷ്ടം നരൻ!
> കമ്രശ്രീമയവിശ്വഗേഹമവനാ-
>     വാസത്തിനായീശ്വരൻ
> നിമ്മിച്ചേകി,യതും കൃതഘ്നനവനോ
>     വെട്ടിപ്പകുത്തു ശഠൻ."

ചങ്ങമ്പുഴയെ ആക്ഷേപിക്കുന്നതിനു കച്ചകെട്ടിപ്പുറപ്പെട്ടിരുന്നവരിൽ എല്ലാവരും അസൂയയാൽ പ്രേരിതരായിട്ടല്ല അതിനു മുതിന്നിരുന്നതു്. ഇവരിൽ സഞ്ജയനെപ്പോലെയുള്ള ഒരു കൂട്ടർ ചങ്ങമ്പുഴയെ ആക്ഷേപിച്ചതു സാഹിത്യപ്രസ്ഥാനങ്ങളെക്കുറിച്ചുള്ള അവരുടെ അജ്ഞതനിമിത്തമായിരുന്നു. സാഹിത്യം കേവലം ഒരു വ്യക്തിപരമായ പ്രവത്തനമാണെന്നും, പരിവത്തനരഹിതമായി അതു് എന്നും ഒന്നുപോലെ ഇരിക്കുമെന്നും ഇവർ വിചാരിച്ചിരുന്നു. എന്നാൽ വാസ്തവം ഇതല്ല. സാഹിത്യരചന ഒരു സാമുദായികപ്രവത്തനമാണു്. സമുദായത്തിൽ കാലാനുസൃതമായി മാറിമാറിവരുന്ന അഭിപ്രായഗതിക്കനുസരണമായി സാഹിത്യപ്രസ്ഥാനങ്ങൾ ജനിച്ചുകൊണ്ടിരിക്കും. ഒരു പ്രസ്ഥാനത്തിൽപ്പെടുന്ന കൃതി മറെറാന്നിൽപ്പെടുന്ന ഒന്നിൽനിന്നു പാടേ വ്യത്യാസപ്പെട്ടിരിക്കും; ഇതിനു കാരണം ഓരോ പ്രസ്ഥാനത്തിനും ഓരോ പ്രത്യേകാദശ്ശവും പ്രത്യേകലക്ഷണങ്ങളും ഉണ്ടായിരിക്കുമെന്നും തന്നിമിത്തം ഓരോ പ്രസ്ഥാനത്തിലെയും കൃതി അതിന്റെ പ്രത്യേകാദശ്ശത്തേയും ലക്ഷണങ്ങളേയും ആസ്പദിച്ചു രചിച്ചിട്ടുള്ള ഒന്നായിരിക്കുമെന്നുമുള്ളതാണു്. പ്രസ്ഥാനങ്ങളുടെ ഭിന്നാദശ്ശങ്ങളും ഭിന്നലക്ഷണങ്ങളും ഉദാഹരിക്കുവാനായി ഭാഷാസാഹിത്യ



Digitized By Kerala Sahitya Akademi

ലോകത്തു് ഇന്നു നാടുവാഴുന്ന മനോനോക്കി(റൊമാൻറിക്)പ്രസ്ഥാനത്തിൻേറയും, ഈ നാടുവാഴ്ചയെ അവസാനിപ്പിച്ചു സിംഹാസനം കരസ്ഥമാക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന പരാജയ(റീയലിസ്റ്റു്)പ്രസ്ഥാനത്തിൻേറയും ആദർശങ്ങളും ലക്ഷണങ്ങളും ചുവടെ ചേർത്തുകൊള്ളുന്നു.

ഇന്നത്തെ ദൈനന്ദിനസാമുദായികജീവിതത്തിൽനിന്നു മുഖം തിരിച്ചു ഭാവനാപരമായ ഒരു ആദർശജീവിതം കാട്ടിക്കൊടുക്കുക, വ്യക്തിമാഹാത്മ്യം പ്രത്യക്ഷമാക്കുക, പ്രകൃതിസൌന്ദര്യത്തേയോ പ്രകൃതിസൌന്ദര്യസ്രഷ്ടാവായ ദൈവത്തിൻെറ മഹത്വത്തേയോ ആരാധിക്കുക, ചരിത്രവീരന്മാരെ ആരാധിക്കുന്നതിനു ശീലിപ്പിക്കുക എന്നീ ഘടകങ്ങളാണു് മനോനോക്കിപ്രസ്ഥാനത്തിൻെറ ആദർശത്തിലെ മുഖ്യഘടകങ്ങൾ. ഈ പ്രസ്ഥാനത്തിൻെറ ലക്ഷണങ്ങൾ പത്താണു്:—(1) വ്യക്തിയുടെ പുരോഗതിയുടെ കഴിവുകൾക്കു സീമയില്ലെന്നുള്ള വിശ്വാസം; (2) ജിജ്ഞാസ; (3) സ്വയം വേദനപ്പെടുത്തി ആനന്ദമനുഭവിക്കുന്നതിനുള്ള വാസന, (മനശ്ശാസ്ത്രഭാഷയിൽ, മസോക്കിസം); (4) ഒരൊററ ഒഴുക്കുകൊണ്ടുമാത്രം തങ്ങളുടെ കൃതികളുടെ അംഗോപാംഗഘടന നിർവ്വഹിക്കുക; (5) ഫ്രായ്ഡിൻെറ ഭാഷയിൽ, ഇഗോ (അഹംബോധം) റിയാലിററിക്കു (പരിതസ്ഥിതിക്കു) കീഴടങ്ങുന്നതിനേക്കാളധികം സൂപ്പർ ഇഗോയ്ക്കും (മനസ്സാക്ഷി, മതവിശ്വാസം, സന്മാർഗ്ഗതത്വം മുതലായവയ്ക്കും) ഇദ്ദിനും (ഉപബോധമനസ്സിൻെറ അടിത്തട്ടിനും) കീഴടങ്ങിയിരിക്കുക; (6) ദേശീയ, അഥവാ പ്രാദേശിക, മനസ്ഥിതി; (7) നവരസങ്ങൾക്കും തുല്യപ്രാധാന്യം; (8) ശാലീനവും, കലുഷവും, ഉജ്വലവുമായ രീതികൾ, ദ്രാക്ഷാപാകമോ, നാളികേരപാകമോ, ആവാം; (9) പ്രസാദാത്മകത്വം; (10) കുറഞ്ഞ തത്വഭ്രമം; അതായതു്, സമുദായജീർണ്ണിപ്പിനെപ്പററി ബോധമുണ്ടെങ്കിലും, അതു് ഒരു മുഖ്യതത്വമാക്കി സ്വീകരിക്കാതെയിരിക്കുന്നതു്.

സമുദായവും അതിലെ സ്ഥാപനങ്ങളും ഇന്നു ജീർണ്ണിച്ചുപോ



Digitized By Kerala Sahitya Akademi

യിരിക്കുന്നു എന്നും, ഈ സമുദായം മാഹാത്മ്യമേറുന്ന ഓരോ വ്യക്തിയേയും മഹാപീഡ എല്പിച്ചുവരുന്നു എന്നും, സമുദായത്തെ ധരിപ്പിച്ച് അതിനെ പരിവത്തനോന്മുഖമാക്കണമെന്നുള്ളതാണ് പരാജയപ്രസ്ഥാനത്തിന്റെ ആദശം. ഈ പ്രസ്ഥാനത്തിനും പത്തു ലക്ഷണങ്ങളുണ്ട്:—(1) വ്യക്തിയുടെ പുരോഗമനത്തിന്റെ കഴിവുകൾക്കു സീമയില്ലെന്നുള്ള വിശ്വാസം; (2) താൻ സ്നേഹിക്കുന്ന അന്യരു തന്റെ മനസ്ഥിതി തുറന്നു കാട്ടിക്കൊടുക്കുന്നതിൽ ഒരു പ്രത്യേകസന്തോഷം (മനശ്ശാസ്ത്രഭാഷയിൽ, എക്സിബിഷനിസം); (3) താൻ സ്നേഹിക്കുന്ന അന്യനെ വേദനപ്പെടുത്തി സന്തോഷമനുഭവിക്കുവാനുള്ള താല്പര്യം (മനശ്ശാസ്ത്രഭാഷയിൽ, സാഡിസം); (4) എകരൂപമായ ഒരു അന്തരിക്ഷംകൊണ്ടുമാത്രം തന്റെ കൃതിയുടെ അംഗോപാംഗഘടന നിവ്വഹിക്കുക; (5) ഇഗോ സൂപ്പർ ഇഗോയ്ക്കും, ഇദ്ദിനും കീഴടങ്ങുന്നതിനെക്കാളധികം റിയാലിററിക്കു കീഴടങ്ങിയിരിക്കുക; (6) സാവ്വദേശിയമനസ്ഥിതിയുടെ ഒരു ശാഖയായ സമുദായഭക്തിയടങ്ങിയ മനസ്ഥിതി; (7) കരുണം, ബീഭത്സം, ആക്ഷേപഹാസ്യം എന്നീ മൂന്നു രസങ്ങൾക്കുമാത്രം പ്രാമുഖ്യം; (8) ശാലീന, കലുഷ, ഊജ്ജസ്വലരീതികൾ; ദ്രാക്ഷാപാകമോ, നാളികേരപാകമോ ആകാം; (9) വിഷാദാത്മകത്വം; (10) ഏറിയ തത്വഭ്രമം; അതായതു്, സമുദായജീണ്ണിപ്പ് എന്ന തത്വത്തിൽ ഭ്രമം.

ആധുനികഭാഷാസാഹിത്യത്തിലെ രണ്ടു പ്രസിദ്ധപ്പെട്ട ആക്ഷേപഹാസസാഹിത്യകാരന്മാരിൽ, ഈ. വി.ക്കു ജന്മസിദ്ധമായ ഹാസവാസനയും, പിന്നീടു നേടിയ കാവ്യരചനാസാമത്ഥ്യവും, സഞ്ജയനു ജന്മസിദ്ധമായ കാവ്യവാസനയും, പിന്നീടു നേടിയ ഹാസസാഹിത്യരചനാപാടവവുമുണ്ടായിരുന്നു. തനിക്കു വ്യക്തിപരമായി അനുഭവിക്കേണ്ടിവന്ന ഒററ ദുഃഖം വരുത്തിവെച്ച ദുർബ്ബലമായ പരാജയമനസ്ഥിതിയാണ് സഞ്ജയനെ, തന്റെ ജന്മവാസന അമത്തിവെച്ചിട്ടു ഹാസസാഹിത്യരചനയിലേയ്ക്കു് ഉന്തിവി



Digitized By Kerala Sahitya Akademi

ട്ടുള്. ഈ. വി.ക്കു സഞ്ജയനെക്കാൾ നിരൂപണസാമർത്ഥ്യം ഏറിയിരുന്നതും, സഞ്ജയനു് ഈ. വി.യെക്കാളധികം കവിതാരചനാസാമർത്ഥ്യമുണ്ടായിരുന്നതും മുകളിൽ പ്രസ്താവിച്ച സംഗതികൾ കൊണ്ടുതന്നെയാണു്. ഏതു ഭാഷക്കും അഭിമാനിക്കാവുന്ന ചങ്ങമ്പുഴയുടെ കൃതികളെ ഈ. വി. അരങ്ങേററിയതും, അവയെ സഞ്ജയൻ ആക്ഷേപിച്ചതും ഇതുനിമിത്തമത്രേ. തൻെറ ദുഃഖം ജനിപ്പിച്ച ആക്ഷേപഹാസപ്പോക്കു്, തനിക്കു ജന്മസിദ്ധമായ മനംനോക്കിക്കവിതാവാസന ഉദിപ്പിച്ച പക്ഷപാതംനിമിത്തം സഞ്ജയൻ അതിൻെറ ബദ്ധവിരോധിയായ പരാജയപ്രസ്ഥാനകവിതയുടെ നേക്കു തിരിച്ചുപോകയുണ്ടായി. പ്രസാദാത്മകത്വവും, സമുദായജീൎണ്ണിപ്പിനെക്കുറിച്ചു വിശ്വാസക്കുറവുമുള്ള മനംനോക്കിപ്രസ്ഥാനത്തിൻെറ ആദശ്ങ്ങളും ലക്ഷണങ്ങളും മാനദണ്ഡമാക്കിയാണു് വിഷാദാത്മകത്വവും സമുദായജീൎണ്ണിപ്പിൽ ഗാഢവിശ്വാസവുമുള്ള പരാജയപ്രസ്ഥാനകൃതികളെ സഞ്ജയൻ ആക്ഷേപിച്ചതു്. ഇപ്രകാരം ഇന്നത്തെ മിക്ക ഭാഷാപത്രങ്ങളും പുസ്തകനിരൂപണം നിവ്വഹിച്ചുംവരുന്നു. അതു് അധമ്മമാണെന്നു പ്രത്യക്ഷമാകുന്നുണ്ടല്ലോ. പരാജയപ്രസ്ഥാനസ്ഥാപകരായ ചങ്ങമ്പുഴയുടേയും തകഴിയുടേയും നേക്കുള്ള സഞ്ജയൻെറ ശരംപൊഴിക്കൽ ലാക്കിലെത്താതെ പോയതു് ഈ അധമ്മംകൊണ്ടാണുതാനും. കാലഗതിയനുസരിച്ചു് ഉത്ഭവിക്കുന്ന സാഹിത്യപ്രസ്ഥാനങ്ങൾ, സഹസ്രം സഞ്ജയന്മാരോ, രാമക്കുറുപ്പന്മാരോ, കിഴക്കേപ്പാട്ടുകളോ, ശിവൊള്ളികളോ, പ്രപുഷ്ണാചായ്യപാദന്മാരോ, സാഹിത്യപഞ്ചാനനന്മാരോ ഭഗീരഥപ്രയത്നംചെയ്താലും തുടന്നുപോയ്ക്കൊണ്ടിരിക്കുമെന്നുള്ള പരമാത്ഥം കേരളീയർ അറിഞ്ഞിരുന്നാൽക്കൊള്ളാം.

സഞ്ജയനും കൂട്ടരും ചങ്ങമ്പുഴയിൽ ചുമത്തിയിരിക്കുന്ന കുററങ്ങൾ വിഷാദാത്മകത്വം, ദുരന്തകഥാഭിരുചി, സാഹിത്യചോരണം, വിദേശിഭ്രമംമുതലായവയാണു്. വിഷാദാത്മകത്വം ചങ്ങ



Digitized By Kerala Sahitya Akademi

മ്പുഴയുടെ പരാജയപ്രസ്ഥാനത്തിന്റെ ഒരു ലക്ഷണമാകയാൽ, ഈ ആക്ഷേപത്തിനു കഴമ്പില്ല. ലോകവീക്ഷണഗതിയിൽ ഇന്നു വിഷാദാത്മകത്വം പൊന്തിച്ചുനില്ക്കുന്നുണ്ടെന്നു ഞാൻ 'മണിനാദം' മുഖവുരയിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽനിന്ന് ഇന്നത്തെ സ്ഥിതിക്കു കേരളത്തിനു് ഒഴിഞ്ഞുനില്ക്കാൻ കഴിയുന്നതുമല്ല. ദുരന്തകഥാഭിരുചിയും അതിന്റെ കാരണമായ കരുണരസപ്രാമുഖ്യവും പരാജയപ്രസ്ഥാനത്തിന്റെ ആദർശം അതിൽ വരുത്തിവെച്ചിട്ടുള്ളതാണ്. ഭാരതീയസാഹിത്യകാരരുടെ മുന്നണിയിൽ നില്ക്കുന്ന വാത്മീകിയും ഭാസനും ഈ കുററം ചെയ്തിട്ടുണ്ടെന്ന് ഇന്നത്തെ സാഹിത്യഗവേഷണം സ്ഥാപിച്ചിട്ടുണ്ട്. വാത്മീകിരാമായണത്തിൽ പൊന്തിച്ചുനില്ക്കുന്ന രസം കരുണരസമാണെന്നും, ഭാസൻ ഒന്നാംതരം ട്രാജഡികൾ രചിച്ചിട്ടുണ്ടെന്നും ഇന്നു കണ്ടുപിടിച്ചിട്ടുണ്ട്. ധനഞ്ജയന്റെ അടിസ്ഥാനരഹിതമായ അഭിപ്രായത്തെ ആസ്പദിച്ചാണ് സംസ്കൃതനാടകങ്ങളിൽ മരണം കൊണ്ടുവരാൻ പാടില്ലെന്നു വിധിച്ചിട്ടുള്ളതെന്ന അഭിപ്രായം ലോകരിൽ ജനിച്ചതെന്നു ഞാൻ 'രാജരാജീയ'ത്തിൽ ചൂണ്ടിക്കാണിച്ചിരുന്നതും ഇവിടെ ശ്രദ്ധേയമാണ്.

റൊമാൻറിക്ക്സാങ്കേതികമാർഗ്ഗം പ്രയോഗിച്ചിട്ടുള്ള ഒരു പരാജയപ്രസ്ഥാനകൃതിയായ ചങ്ങമ്പുഴയുടെ 'രമണ'നെപ്പോലുള്ള കൃതികൾ ചെറുപ്പക്കാരെ ആത്മഹത്യക്കു പ്രേരിപ്പിക്കുന്നതാണെന്ന് ഒരു ആക്ഷേപവും ചിലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു കഴമ്പില്ല എന്നു സ്ഥാപിക്കുവാനായി ഇന്നത്തെ സ്ഥിതിവിവരഗണനക്കുശാസ്ത്രജ്ഞരുടെ മുന്നണിയിൽ നില്ക്കുന്ന ലൂയി, ഐ. ഡബ്ളിൻ എന്ന അമേരിക്കൻ ആത്മഹത്യയെപ്പററി പ്രസ്താവിച്ചിട്ടുള്ള ചില സംഗതികൾ ചുവടെ ഉദ്ധരിക്കുന്നു. റൊമാൻറിക്ക്മനസ്ഥിതി കൂടപ്പിറവിയായിട്ടുള്ള ജർമ്മൻനരവംശക്കാരുടെ ഇടയ്ക്കും, ജപ്പാനിലുമാണ് ആത്മഹത്യ അധികമായി ഉണ്ടാകുന്നതു്. ആത്മഹത്യയും കൊലപാതകവും രണ്ടു വിഭിന്നമനസ്ഥി



Digitized By Kerala Sahitya Akademi

തിയിൽനിന്നു ജനിക്കുന്നതാണു്. സാധാരണയായി, പെട്ടെന്നു ണ്ടായ ആവേശംനിമിത്തമാണു് മനുഷ്യർ കൊലപാതകം ചെയ്യുന്നതു്. നേരേമറിച്ചു് അനേകം നാളുകളിലെ ചിന്താനിമിഗ്നതയ്ക്കുശേഷമേ സാധാരണയായി ആത്മഹത്യകൾ ഉണ്ടാകാറുള്ളു. പ്രായം ആത്മഹത്യയ്ക്കു് ഒരു കാരണമായി ഭവിക്കുന്നു. ബാലന്മാരും ബാലികകളും പ്രായേണ ആത്മഹത്യ ചെയ്യാറില്ല. യൌവനസഹജമായ മുഷിവും ഇച്ഛാഭംഗവും ആത്മഹത്യയെ ജനിപ്പിക്കാറില്ല. ലോകത്തിൽ ആത്മഹത്യ ചെയ്യുന്നവരിൽ പാതിയിലധികവും നാല്പത്തിയഞ്ചുവയസ്സിനുമേൽ പ്രായമുള്ളവരാണു്. പുരുഷന്മാരുടെ ഇടയ്ക്കാണു് ആത്മഹത്യ കൂടുതലായിക്കാണുന്നതു്. പതിനഞ്ചു വയസ്സുമുതല്ക്കു പത്തൊമ്പതുവരെ പ്രായമുള്ള യുവതികളുടെ ഇടയ്ക്കു മാത്രമേ യുവാക്കന്മാരുടെ ഇടയ്ക്കുള്ള ആത്മഹത്യയെക്കാൾ അധികമായ ആത്മഹത്യകൾ കാണുന്നുള്ളു. ആത്മഹത്യയുടെ വിവിധകാരണങ്ങളുടെ ഇടയ്ക്കു സാമ്പത്തികസ്ഥിതിക്കു് ഒരു പ്രബലസ്ഥാനമുണ്ടു്. ജർമ്മനിയിൽ ഗേറേറയുടെ റൊമാൻറിക്ക്നോവലായ 'വെർത്തറുടെ സങ്കടങ്ങൾ' ഒരു ആത്മഹത്യാമാമൂൽ ജനിപ്പിക്കുകയും ചെയ്തിരുന്നു. ഡംബ്ളിൻ പറഞ്ഞിട്ടുള്ള ഈ സംഗതികളിൽനിന്നു 'രമണ'നെപ്പോലെയുള്ള പരാജയപ്രസ്ഥാനകൃതികളല്ല, റൊമാൻറിക്ക്പ്രസ്ഥാനകൃതികളാണു് ആത്മഹത്യ ജനിപ്പിക്കാറുള്ളതെന്നും ചെറുപ്പക്കാർ അപൂർവ്വമായി മാത്രമേ ആത്മഹത്യ ചെയ്യാറുള്ളു എന്നും സുവ്യക്തമാകുന്നുണ്ടല്ലോ. മനംനോക്കിപ്രസ്ഥാനകൃതികളുടെ മസോക്കിസംനിമിത്തമാണു് ആത്മഹത്യകൾ വാസ്തവത്തിൽ ജനിക്കുന്നതും.

ചങ്ങമ്പുഴയുടെ 'മോഹിനി' എന്ന ലഘുകാവ്യത്തിനു സഞ്ജയൻ 'മോഹിതൻ' എന്നൊരു ഹാസ്യാനുകൃതി രചിക്കുകയുണ്ടായി. പരാജയപ്രസ്ഥാനത്തിൻെറ ഒരു ലക്ഷണമായ സാഡിസത്തെ ചങ്ങമ്പുഴ 'മോഹിനി'യിൽ പൊന്തിച്ചുകാട്ടിയിട്ടുണ്ടു്. സൌന്ദര്യാരാധകനായ കഥാനായകൻ സുന്ദരിയായ ഭാര്യയുടെ



Digitized By Kerala Sahitya Akademi

സൌന്ദര്യം ക്ഷയിച്ചുവരുന്നതു കാണാതെയിരിക്കുവാൻവേണ്ടി അവൾ സുന്ദരിയായിരിക്കുമ്പോൾത്തന്നെ അവളെ കുത്തിക്കൊല്ലുന്നതാണു് ഇതിലെ കഥ. ഇതിലെ സാഡിസം സഞ്ജയനെ അരിശംകൊള്ളിച്ചു. ഇന്നത്തെ മനശ്ശാസ്ത്രം അങ്ങാടിയോ, പച്ചയോ എന്നു സഞ്ജയൻ അറിഞ്ഞിരുന്നില്ല. കൂടാതെ റോബർട്ട് ബ്രൌണിങ്ങ് എന്ന ഇംഗ്ലീഷുമഹാകവിയുടെ 'പൊർഫീറിയുടെ കാമുകൻ' എന്ന കാവ്യത്തിൻെറ ദുർബ്ബലമായ ഒരു അനുകരണമാണിതെന്നു് അദ്ദേഹം ആക്ഷേപിക്കുകയും ചെയ്തു. ബ്രൌണിങ്ങിൻെറ കൃതിക്കും ഇടപ്പള്ളിയുടേതിനും തമ്മിലുള്ള മൌലികമായ വ്യത്യാസം ചങ്ങമ്പുഴതന്നെ 'മോഹിനി'യുടെ അവതാരികയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. സഞ്ജയൻേറയും കൂട്ടരുടേയും സാഹിത്യചോരണവാദവും ദുർബ്ബലമാണു്.

അദൃഷ്ടപൂർവ്വങ്ങളായ ആശയങ്ങളും ഉല്ലേഖങ്ങളും സിംബലുകളും പ്ലാട്ടുകളും മററും വിശ്വസാഹിത്യത്തിൽ വളരെ അപൂർവ്വമാണെന്നുമാത്രമേ അതുമായി നല്ല പരിചയമുള്ളവർ അഭിപ്രായപ്പെടുകയുള്ളൂ. ഭാരതത്തിലേയും കേരളത്തിലേയും സാഹിത്യങ്ങളുടെ കഥയും ഇതുതന്നെയാണു്. ഒരു മഹാകവിക്കു തൻെറ വ്യക്തിപരമായ കാവ്യാനുഭവങ്ങളിൽനിന്നു സിദ്ധിച്ച ദർശനം പ്രത്യക്ഷപ്പെടുത്തുന്നതിന്നു് ഉചിതമായ അദൃഷ്ടപൂർവ്വങ്ങളായ ഉല്ലേഖങ്ങളും സിംബലുകളും മററും ലഭിക്കാതെ വരുമ്പോൾ, അന്യകവികളുടേതു പകർത്തുന്നതുകൊണ്ടു സാരമായ ഒരു ദൂഷ്യവുമുണ്ടാകുന്നതല്ല. ചിത്രകലയെ സംബന്ധിച്ചു ഗോഗിൻ എന്ന പ്രസിദ്ധഫ്രഞ്ചുചിത്രകാരൻ ഈ അഭിപ്രായംതന്നെ പുറപ്പെടുവിച്ചിട്ടുണ്ടു്. മദ്ധ്യകാലയൂറോപ്പിലെ കലാലോകത്തു കലാചോരണം എന്ന ആശയമേ ഉണ്ടായിരുന്നില്ലെന്നും ഉത്തമകലാകൃതികളുടെ ചില ഘടകങ്ങൾ പകർത്തുന്നതിൽ അന്നത്തെ കലാകാരർ വിമുഖരായിരുന്നില്ലെന്നും എറിക്ക്ഗിൽ എന്ന ഇംഗ്ലീഷുകലാകാരൻ ചൂണ്ടിക്കാണിച്ചിട്ടുമുണ്ടു്. കാളിദാസൻെറ 'മേഘദൂതു്' എന്ന സന്ദേശ-



Digitized By Kerala Sahitya Akademi

കാവ്യത്തിലെ ആശയങ്ങൾ കവന്ന അനേകം നല്ല ഭാരതീയ കവികളിൽ ചിലരുടെ പേരുകൾ ഞാൻ ''രാജരാജീയ'ത്തിൽ ചേർത്തിട്ടുമുണ്ടായിരുന്നു. ഒരു പ്രതിഭാശാലി (ജീനിയസ്) അന്യരോട് ഏററവും അധികം കടപ്പെട്ടവനായിരിക്കുമെന്നു് എമെർസൺ പറഞ്ഞിട്ടുള്ളതു് ഇവിടെ ശ്രദ്ധേയമാണു്. ഔചിത്യമാണു്, അദൃഷ്ടപൂർവ്വകതയല്ല, ഒരു മഹാകവിക്കു വേണ്ടതായ പ്രധാനഘടകങ്ങളിൽ ഒന്നു് എന്നു ഞാൻ 'മണിനാദം' അവതാരികയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ക്ഷേമേന്ദ്രൻ എന്ന പ്രസിദ്ധാലങ്കാരികനും പല പാശ്ചാത്യനിരൂപകരും ഔചിത്യത്തിൻെറ സർവ്വപ്രാധാന്യം പ്രഖ്യാപനം ചെയ്തിട്ടുമുണ്ടു്. ഔചിത്യമുണ്ടെങ്കിൽ, വിദേശിയോ സ്വദേശിയോ എന്ന കാര്യം പരിഗണിക്കേണ്ടതുമില്ല.

ചങ്ങമ്പുഴയുടെ ശത്രുവർദ്ധനത്തിനു മറെറാരു കാരണം അനന്യസദൃശമായ തൻെറ കാവ്യരീതിയുടെ ആരാധനമാണു്. ഈ രീതിയുടെ വൈശിഷ്ട്യം ഉപബോധമനസ്സിലൂടെ അറിയുന്നവർ പലരും തങ്ങൾ പെട്ടന്ന സാഹിത്യപ്രസ്ഥാനത്തിലേയ്ക്കു് അദ്ദേഹത്തെ വലിച്ചിഴച്ചു കൊണ്ടുവന്നു സ്ഥിരമായി ചേർത്തു് അതിനെ ധന്യമാക്കിച്ചമയ്ക്കുവാൻ സാധിക്കുന്നില്ലല്ലോ എന്നു വിചാരിച്ച് അദ്ദേഹത്തെ ആക്ഷേപിച്ചവരുണ്ടു്. പ്രകൃതഗ്രന്ഥത്തിലെ 'എൻെറ കവിത' എന്ന ഖണ്ഡകാവ്യത്തിനു കാരണമായ തൃപ്പൂണിത്തുറ മഹാത്മാ വായനശാലക്കാരുടെ നിശ്ചയം ഇത്തരം ആക്ഷേപങ്ങൾക്കു് ഒരു ഉദാഹരണമാണെന്നു തോന്നുന്നു.

മാമൂലിനെ വെല്ലുവിളിക്കുന്ന തൻെറ ജീവിതരീതിയും യാഥാസ്ഥിതികരിൽ പലരേയും അദ്ദേഹത്തിൻെറ ശത്രുക്കളാക്കിച്ചമച്ചിട്ടുണ്ടു്. പ്രകൃതഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണം ഇതു നിമിത്തം ഇവരെ കുറേ ക്ഷോഭിപ്പിച്ചേയ്ക്കും. പിത്തപ്പുണ്ണു് (സിഫിലിസ്) എന്ന ഭയങ്കരരോഗത്തിൻെറ കാരണവും ഫലങ്ങളും വ്യംഗ്യമായി ചിത്രീകരിച്ചിട്ടുള്ള ഇബ്സൻെറ 'പ്രേതങ്ങൾ' ഖണ്ഡ



Digitized By Kerala Sahitya Akademi

നിൽ ഇൻഡിപ്പെൻഡൻററ് തിയേററർ സ്ഥാപിച്ച ഗ്രെയിസ് 1891-ൽ അഭിനയിച്ചപ്പോൾ ഇംഗ്ലീഷുകലാലോകവും സമുദായവും അതിക്ഷുബ്ധമായി ഭവിച്ചു. കേരളത്തിലെ പത്രങ്ങൾ 'തെറി' എന്നു പറഞ്ഞു നിഷേധിച്ച ഖണ്ഡകാവ്യങ്ങളായ 'ബ്രഹ്മചാരി', 'ആശ്രമമൃഗം', 'വാളും കത്തിയും' മററുമുൾപ്പെടെ, ഇന്നത്തെ കേരളീയസമുദായജീവിതത്തിലെ ഗുപ്തങ്ങളായ പിത്തപ്പുണ്ണുകളാകുന്ന കാപട്യങ്ങളെ കുറേ നഗ്നമായി തുറന്നുകാട്ടുന്നതിനുവേണ്ടി താൻ ഭംഗിപൂർവ്വം രചിച്ചിരുന്ന പല കവിതകളും സമാഹരിച്ച് ചങ്ങമ്പുഴ താമസിയാതെ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നതായി അറിയുന്നു. ഇതിന്റെ പ്രസിദ്ധീകരണം പ്രസ്തുത 'പ്രേതങ്ങൾ' ലണ്ടനിൽ അഭിനയിച്ചപ്പോൾ അവിടെയുണ്ടാക്കിയ ഭയങ്കരമായ കോളിളക്കം ഇവിടേയും ജനിപ്പിക്കുന്നതാണ്. ഇതിന്റെ പ്രസിദ്ധീകരണസമയത്തു യശശ്ശരീരനായ സഞ്ജയൻ ജീവിച്ചിരുന്നുവെങ്കിൽ, തകഴിയുടെ കൃതികളെ ആക്ഷേപിച്ച് അദ്ദേഹം രചിച്ചിട്ടുള്ള 'കുപ്പവണ്ടി' എന്ന 'ഓക്കാന'കൃതിയെ വെല്ലുന്ന ഒന്നു ലഭിക്കുവാൻ നമുക്കു ഭാഗ്യമുണ്ടാകുമായിരുന്നു.

വ്യക്തിപരമായ അനുഭവങ്ങൾ ഉണ്ടാകാതെ ഒരു സാഹിത്യകാരനു് ഒരു മഹാകവിയോ, ഒരു യഥാർത്ഥകവിയോ ആയിത്തീരുവാൻ സാധിക്കുന്നതല്ലെന്നു 'മണിനാദം' അവതാരികയിൽ ഞാൻ സ്ഥാപിച്ചിരുന്നു. ഈ വ്യക്ത്യനുഭവം കൂടാതെ കവിതയെഴുതുന്നവർക്കാണ് മാറെറാലിക്കവികൾ എന്നു ഞാൻ അതിൽ പേരിട്ടിരുന്നതു്. ഏതു സാഹിത്യത്തിലും ഭൂരിപക്ഷം കവികളും മാറെറാലിക്കവികളായിരിക്കും. വ്യക്തിപരമായ കാവ്യാനുഭവങ്ങൾ പ്രകൃത്യാ ഉണ്ടാകാതെയിരിക്കുമ്പോൾ യഥാർത്ഥകവികൾ അവ ജനിപ്പിക്കുന്ന ജീവിതം തേടിപ്പോകുന്നതാണ്. കാവ്യലോകത്തിലെ ഈ പരമാർത്ഥം അറിയാവുന്നവർ ഇങ്ങിനെ ചെയ്യുന്നതിനു വെർലെയിനേയും ചങ്ങമ്പുഴയേയും പഴി പറയുന്നതല്ല. ചങ്ങമ്പുഴയുടെ ഇത്തരത്തിലുള്ള ജീവിതം അദ്ദേഹത്തിന്റെ കൃതി



Digitized By Kerala Sahitya Akademi

കളുടെ മാററു കൂട്ടിയിട്ടുണ്ടെന്നു് അടുത്തുതന്നെ സ്ഥാപിക്കുന്നതു മാണു്.

ഫ്രെഞ്ചുമഹാകവി വെർലെയിൻെറ ജീവിതരീതിക്കും, ചങ്ങമ്പുഴയുടേതിനും തമ്മിൽ കുറേയധികം സാദൃശ്യമുണ്ടു്. ഇഹലോകത്തു മനുഷ്യനു രണ്ടുതരം ജീവിതങ്ങൾ നയിക്കാൻ സാധിക്കുമെന്നു്,

"സംസാരേ സ്വല്പസാരേ പരിണതിതരളേ-
ദ്വേഗതീ പണ്ഡിതാനാം
തത്വജ്ഞാനാമൃതാംഭഃപ്ലവലളിതധിയാ
യാതുകാമാ കദാചിത്
നോചേത് മുഗ്ദ്ധാംഗനാനാം സ്തനജഘനഘനാ-
ഭോഗസംഭോഗിനീനാം
സ്ഥൂലോപസ്ഥസ്ഥലീഷു സ്ഥഗിതകരതലഃ-
സ്സ്വൾലീലോദ്യമാനാം."

എന്ന ശ്ലോകത്തിൽ ഭർത്തൃഹരി പറഞ്ഞിട്ടുണ്ടു്. തത്വജ്ഞാനം, അതായതു മതം, ലൗകികസുഖാനുഭവം എന്നീ മാർഗ്ഗദ്വയങ്ങൾമാത്രമേ ഭർത്തൃഹരിയുടേയും വെർലെയിൻേറയും കാലങ്ങളിലുണ്ടായിരുന്നുള്ളു. ഈ രണ്ടുതരം ജീവിതവും വെർലെയിൻ മാറിമാറി നയിച്ചുവന്നിരുന്നു. ഇന്നാകട്ടെ മൂന്നാമതു് ഒരു മാർഗ്ഗവും കൂടിയുണ്ടായിട്ടുണ്ടു്. ഇതു സമുദായവിപ്ലവമാണു്. ചങ്ങമ്പുഴ പ്രസ്തുത മൂന്നു മാർഗ്ഗങ്ങളിൽ ഒന്നിൽനിന്നു മറേറതിലും, ഇതിൽനിന്നു മൂന്നാമത്തേതിലും ചാഞ്ചാടി ജീവിതം നയിച്ചുവന്നിരുന്നു എന്നു് അദ്ദേഹത്തിൻെറ കവിതകൾ സ്ഥാപിക്കുന്നുണ്ടു്. വെർലെയിൻ തൊഴിലാളികളുടേയും, ദരിദ്രരുടേയും, ഭിക്ഷക്കാരുടേയും, കുററക്കാരുടേയും ചങ്ങാതിയായിരുന്നതിനു ചങ്ങമ്പുഴയുടെ വിപ്ലവഗാനരചനയോടു സാദൃശ്യമുണ്ടു്.

സമുദായവിപ്ലവത്തിലേയ്ക്കുള്ള ചങ്ങമ്പുഴയുടെ താല്ക്കാലികചാട്ടങ്ങൾകൊണ്ടു് അതിനു ശക്തിയുണ്ടാകുന്നില്ലെന്നുള്ള ഒരു ആ



Digitized By Kerala Sahitya Akademi

ക്ഷേപം ശ്രീ: വക്കം അബ്ദുൾഖാദർ തന്റെ തൂലികാചിത്രങ്ങളിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: ''അദ്ദേഹം സാമാന്യോദ്ധാരണത്തെ ഉന്നമാക്കിക്കൊണ്ടു വിപ്ലവഗാനങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും അദ്ദേഹം വിപ്ലവകാരിയല്ല...........അദ്ദേഹം ചൂടില്ലാത്ത ഒരു പ്രകാശമാണ്. പൂനിലാവു പൊഴിയുമ്പോൾ ദ്രവിക്കുന്ന തന്റെ മാനസത്തിൽനിന്നു വിപ്ലവാഗ്നിയുടെ ഊഷ്മാവ് ഉയരുന്നില്ല. അദ്ദേഹം നിർദ്ദയനിയമത്തിന്റെ നേർക്കയയ്ക്കുന്ന വെടിയുണ്ടകൾ അലറുകയല്ല, പാടുകയാണ് ചെയ്യുന്നത്. അദ്ദേഹത്തിന്റെ ഖഡ്ഗം ഖഡ്ഗമല്ല, മധുവും മണവും നിറഞ്ഞ പുഷ്പമാണ്.'' ചങ്ങമ്പുഴ നിയമത്തിന്റെ നേർക്കു സദാ പുഷ്പവൃഷ്ടി ചെയ്തുകൊണ്ടിരുന്നെങ്കിൽ അതിനിടയിൽ അമുങ്ങി അതു ശ്വാസംമുട്ടിച്ചത്തുപോയേനേ എന്നുമാത്രമേ ഞാൻ ഇതിനെപ്പററി പറയുന്നുള്ളൂ.

## II

ഇനി പ്രകൃതഗ്രന്ഥത്തിലേയ്ക്കു കടക്കാം. രണ്ടു വരികൾ മുതല്ക്കു 132 വരികൾവരെ അടങ്ങിയവയും, 1107 മുതല്ക്കു 1120 ധനുമാസംവരെ കവി രചിച്ചവയും, പരാജയ-മനംനോക്കി-പുരോഗമനസാഹിത്യപ്രസ്ഥാനങ്ങളിൽപ്പെട്ടവയും, കാവ്യമാഹാത്മ്യത്താൽ സമതാരഹിതമായവയുമായ എഴുപത്തിയഞ്ചു കവിതകളുടെ സമാഹാരമാണ് പ്രകൃതഗ്രന്ഥം. ഓരോ കവിതയുടെ രചനത്തിയ്യതിയും ഓരോന്നിനു കീഴിൽ ചേർത്തിട്ടുണ്ട്. ഈ 75-ൽ 49 കവിതകൾ 1119, 1120 എന്നീ കൊല്ലങ്ങളിൽ രചിച്ചവയാണ്. ഈ 49-ൽ 17 ദീർഘകവിതകൾ ഉൾപ്പെടെ 43 എണ്ണം പ്രസ്തുത രണ്ടു വർഷങ്ങളിലുമായി നടന്ന കവിയുടെ സ്വന്തം പ്രണയകഥയേയും, ഇതും ഇതിന്റെ ദുരന്തവും വരുത്തിവെച്ച ഫലങ്ങളേയും ആസ്പദിച്ചു രചിച്ചിട്ടുള്ളവയാണ്. സ്പന്ദിക്കുന്ന



Digitized By Kerala Sahitya Akademi

ഒരു അസ്ഥിമാടമാക്കിച്ചമച്ച കവിതകളിൽ അറുപതു ശതമാനവും, പ്രതിപാദിക്കുന്നതിനാൽ, ഈ കവിതാസമാഹാരത്തിനു 'സ്പന്ദിക്കുന്ന അസ്ഥിമാടം' എന്നു പേരിട്ടിട്ടുള്ളതു് ഉചിതമാണെന്നു പ്രത്യക്ഷമാകുന്നുണ്ടല്ലോ.

ഈരടിമുതല്ക്കു് 132 വരികൾവരേയുള്ള തന്റെ കവിതകൾ മുഴുവനും, കാവ്യഗുണദോഷവിവേചനമെന്യേ, അവയുടെ സൃഷ്ടികാലങ്ങൾ കാണിക്കുന്ന കുറിപ്പുകളോടുകൂടി ഒരു കവി തന്റെ സമാഹാരത്തിൽ ചേർക്കുന്നതു് എന്തിനാണെന്നും, തന്റെ ഉത്തമകവിതകൾമാത്രം അതിൽ സമാഹരിച്ചാൽ പോരേ എന്നുമുള്ള ചോദ്യങ്ങൾ പ്രകൃതഗ്രന്ഥത്തിന്റെ പ്രഥമദർശനത്തിൽ ഉദിക്കുന്നതാണു്. കവിയുടെ ഓരോ പ്രധാനനിമിഷവും വരുത്തിവെച്ച ചിത്തവൃത്തി നിരൂപകനെ ഗ്രഹിപ്പിച്ചു തന്റെ കാവ്യങ്ങളെ ആത്മചരിത്രപരമായും മനശ്ശാസ്ത്രപരമായും പഠിച്ചു വിമർശിക്കുന്നതിൽ അയാളെ സഹായിക്കണമെന്നുദ്ദേശിച്ചാണു് കവി ഇത്തരം പ്രസിദ്ധീകരണരീതി സ്വീകരിച്ചിട്ടുള്ളതു്. കാവ്യപരമായ മേന്മ കുറഞ്ഞ കവിതകൾകൂടി ഒരു കവിതാസമാഹാരത്തിൽ ചേർക്കുന്നതിനുള്ള ന്യായം പ്രസിദ്ധഫലിതസാഹിത്യകാരനായ ജി. കെ. ചെസ്റ്റർട്ടൺ ഇപ്രകാരം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്: "ഒരു നല്ല നോവൽ അതിന്റെ കഥാനായകനെക്കുറിച്ചുള്ള പരമാർത്ഥം നമ്മെ ധരിപ്പിക്കുന്നു; ഒരു ചീത്ത നോവലാകട്ടെ, അതു രചിച്ച മനുഷ്യനെക്കുറിച്ചുള്ള പരമാർത്ഥമാണു് നമ്മോടു പറയുന്നതു്."

ഇന്നത്തെ മനശ്ശാസ്ത്രജ്ഞന്മാരുടെ കണ്ടുപിടുത്തങ്ങളെപ്പററി കവിയും നിരൂപകനും ഒരുപോലെ അറിഞ്ഞിരിക്കേണ്ടതിന്റെ ആവശ്യകതയും ശ്രേഷ്ഠതയും ഹെർബെർട്ടു്റീഡ് എന്ന പ്രശസ്ത നിരൂപകൻ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്: "നമ്മുടെ കാലത്തെ ശാസ്ത്രീയമനഃസ്ഥിതി കലാകാരനും, ഇദ്ദേഹത്തിന്റെ പ്രതിനിധിയായ നിരൂപകനും അവശ്യാവശ്യമായി അംഗീകരിക്കേണ്ടതായ ഒരു



Digitized By Kerala Sahitya Akademi

കാര്യമല്ല. കലയും ശാസ്ത്രവും സത്യത്തെ കണ്ടുപിടിച്ചു ചിത്രീകരിക്കുവാനുള്ള രണ്ടു സ്വതന്ത്രമാർഗ്ഗങ്ങളായിമാത്രമേ എന്നും വർത്തിച്ചിട്ടുള്ളൂ. എന്നാൽ മനസ്സിനെ വിഷയമാക്കിയിട്ടുള്ള ഒരു ശാസ്ത്രീയവകുപ്പു സ്ഥാപിതമായിട്ടുള്ള ഇന്നു് ഒരു പുതിയ സ്ഥിതി ആവിർഭവിച്ചിരിക്കുന്നു'' എന്നു് അദ്ദേഹം പറയുന്നു. കൂടാതെ, നവീനമനശ്ശാസ്ത്രത്തിൽനിന്നു് ആരംഭിച്ചു കലയിൽ എത്തിച്ചേരാമെന്നു വിചാരിച്ചു പ്രവർത്തിക്കുന്നവർ പരാജയപ്പെടുമെന്നും, എന്നാൽ ആധുനികമനശ്ശാസ്ത്രത്തിൻെറ മാനസികാപഗ്രഥനം ലളിതമായി സാഹിത്യസൃഷ്ടിയിൽ പ്രയോഗിക്കുന്നതു കാവ്യസൃഷ്ടിയുടെ മാർഗ്ഗം ഗ്രഹിക്കുന്നതിനും ഒരു സാഹിത്യകൃതിയുടെ മേന്മ നിർണ്ണയിക്കുന്നതിനും സഹായകരമായിരിക്കുന്നതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഇന്നത്തെ മനശ്ശാസ്ത്രജ്ഞന്മാരുടെ കണ്ടുപിടിത്തങ്ങൾ ഒരു പുതിയ മതത്തിൻെറ സ്ഥാപനം വരുത്തിവെയ്ക്കുന്ന ഫലങ്ങൾക്കു സദൃശമായുള്ളവ ജനിപ്പിച്ചുതുടങ്ങിയിരിക്കുന്നു എന്നു സുപ്രസിദ്ധശാസ്ത്രജ്ഞനും ചിന്തകനുമായ ജെ. ബി. എസ്. ഹാൽഡെയിൻ ചൂണ്ടിക്കാണിച്ചിരുന്നതും ഇവിടെ ശ്രദ്ധേയമാണു്. പിന്നെയും, കാവ്യസൃഷ്ടിയുടെ മനശ്ശാസ്ത്രപരവും യാന്ത്രികവുമായ പടികൾ ഗ്രഹിക്കുവാനായി യുണൈററഡ് സ്റ്റേററ്സിലെ ബഫിലോ സർവ്വകലാശാലക്കാരുടെ വക ലാക്‌വുഡ്മെമ്മോറിയൽ ലൈബ്രറിയുടെ നായകന്മാർ ആധുനികകവികളിൽ പ്രധാനികളുടെ കാവ്യങ്ങളുടെ ആദിരൂപങ്ങളെ, അഥവാ നക്കലുകളെ—അതായതു തേച്ചുമിനുക്കി പ്രസിദ്ധീകരിക്കുന്നതിനുമുമ്പുള്ള രൂപങ്ങളെ—ശേഖരിക്കുവാൻ തുടങ്ങിയിരിക്കുന്ന വസ്തുതയും ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

പ്രകൃതഗ്രന്ഥത്തിലെ 20 വരിക്കു മേലുള്ള 25 ദീർഘകവിതകളിൽ 'ഉപാസിനി'മാത്രമേ പൂർണ്ണമായ സ്വതന്ത്രകൃതിയാകാതെയിരിക്കുന്നുള്ളൂ. ഈ മനംനോക്കികാവ്യം ദ്വിജേന്ദ്രലാൽ റായിയുടെ 'മേവാഡ്പതൻ' എന്ന നാടകത്തിലെ ഒരു രംഗമാണു്.



Digitized By Kerala Sahitya Akademi

ശേഷിച്ച 24 ദീർഘകവിതകളിൽ, രണ്ടു പുരോഗമനസാഹിത്യപ്രസ്ഥാനകവിതകളും, അഞ്ചു മനംനോക്കിപ്രസ്ഥാനകവിതകളും, ശേഷിച്ച പതിനേഴും പരാജയപ്രസ്ഥാനകവിതകളുമാകുന്നു. പുരോഗമനകവിതകൾ 'ഭാവത്രയം', 'പട്ടിണിക്കാർ', എന്നിവയും, മനംനോക്കിക്കവിതകൾ 'വിവാഹാശംസ', 'ആനന്ദലഹരി', 'ജീവിതം', 'ആ കുഗ്രാമത്തിൽ', 'തെങ്ങുകളുടെ വിഡ്ഢിത്തം' എന്നിവയുമാകുന്നു. ശേഷിച്ച പരാജയകവിതകളുടെ പേരുകളോ, ആദിവരിയുടെ ഭാഗമോ ചുവടെ ചേർക്കുന്നു:—'സ്പന്ദിക്കുന്ന അസ്ഥിമാടം', 'അതിമാനുഷൻ', 'ഹൃദയമുള്ള സപ്പ്നം', 'ഒരു കഥ', 'അത്യന്തദീനമായേറെ ദൂരത്തുനിന്നു'', 'ഒരു ദിവസം പുലരൊളിയിൽ', 'പച്ച', 'നക്ഷത്രം', 'എന്റെ കവിത', 'മാമകമാനസവേദിയിൽ', 'വൈരുദ്ധ്യം', 'എന്നും മറക്കുന്നതെന്നും', 'എന്നിട്ടും വന്നില്ല', 'മരിച്ച സ്വപ്നങ്ങൾ', 'ഒരു പുലപ്പെണ്ണിന്റെ പാട്ടു'', 'സൌഹൃദമുദ്ര', 'ശാലിനി', 'പഞ്ചഭൂതാഭിയുക്തം'. ഇവയിൽ 'എന്റെ കവിത', 'ഒരു പുലപ്പെണ്ണിന്റെ പാട്ടു'' എന്നീ രണ്ടു് ഒഴിച്ചു ശേഷിച്ചവ കവിയുടെ സ്വന്തം പ്രണയകഥയെ ആസ്പദിച്ചു രചിച്ചിട്ടുള്ളവയാണു്. 'അതിമാനുഷൻ', 'എന്റെ കവിത' എന്നിവയിൽ ആക്ഷേപഹാസരസം പൊന്തിച്ചുനില്ക്കുന്നു. ശേഷിച്ച പരാജയകവിതകളിൽ കരുണരസമാണു് പൊന്തിച്ചുനില്ക്കുന്നതു്. 'ഒരു കഥ' എന്നതിൽ കവി സിംബോളിക് സാങ്കേതികമാർഗ്ഗം പ്രയോഗിച്ചിട്ടുമുണ്ടു്.

വെർലെയിന്റെ കൃതികളുടെ ഇടയ്ക്കു 'സജെസ്സ'' ('വിവേകം') എന്ന ശ്രേഷ്ഠവും പ്രസിദ്ധവുമായ കാവ്യസമാഹാരത്തിനുള്ള മുന്നണിസ്ഥാനം 'സ്പന്ദിക്കുന്ന അസ്ഥിമാട'ത്തിനു ചങ്ങമ്പുഴക്കൃതികളുടെ ഇടയ്ക്കുണ്ടായിരിക്കുന്നതാണു്. ചങ്ങമ്പുഴ മംഗളോദയം മാസികയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിവരുന്ന 'മദലമോഹിനി' എന്ന കാവ്യത്തിനും, പ്രഭാതം വാരികയിൽ ഒരു രംഗം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 'രാധ' എന്ന നാടകീയകാവ്യത്തി



Digitized By Kerala Sahitya Akademi

നും വെർലെയിൻെറ മററു മതപരമായ കാവ്യങ്ങളോടും സാദൃശ്യ
മുണ്ട്. മഗ്ദലമോഹിനി കവിയുടെതന്നെ സിംബലാണ്; ഇതുപോ
ലെതന്നെ 'രാധ'യിലെ ശ്രീകൃഷ്ണനും. രാധ കവിയുടെ പ്രസ്തുത
പ്രേമകഥയിലെ നായികയുടെ സിംബലുമാണ്.

'സജെസ്സ്' എന്ന കൃതിയിലെ ആദിഗീതകങ്ങളിൽ വെർ
ലെയിൻ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—"നിർദ്ദയരായ മനുഷ്യരേ!
ഈ ലോകത്തിലെ നൃശംസവും വിരൂപവുമായ ജീവിതമോഹം ഇ
വിടത്തെ ചുംബനങ്ങൾക്കും പോരാട്ടങ്ങൾക്കും അകലെയായി,
ബാലിശവും അതിലളിതവുമായ ഹൃദയവും, നന്മയും, ബഹുമാന
യോഗ്യതയുള്ള ഏതോ ഒന്നു മലമേൽ നിവസിക്കുന്നില്ലേ? സാധു
ആത്മാവേ, കണ്ണടച്ചുകൊണ്ടു് ഉടനേതന്നെ അതിനികൃഷ്ടങ്ങളായ
പ്രലോഭനങ്ങളിൽനിന്നു പിന്തിരിയുക. പഴയ മൂഢത വീണ്ടും
പുറപ്പെടാൻ തുടങ്ങിയിരിക്കുന്നതിനാൽ, ആ കളങ്കത്തിൽനിന്നു്
ഓടിപ്പോയാലും............വിസ്തൃതവും ലളിതവുമായ മദ്ധ്യകാലങ്ങ
ളിലേയ്ക്കു്, അസ്ഥിമാടത്തിൻെറ ഭാവവും ദയനീയങ്ങളായ വിഷ
യസുഖങ്ങളും നിറഞ്ഞ ഇന്നത്തെ കാലത്തിനു് അകലെയുള്ള ഒരു
കാലത്തിലേയ്ക്കു്, എൻെറ ഹൃദയത്തെ നയിക്കുവാൻ എനിക്കു്
ആഗ്രഹമുണ്ടു്. അവിടെ, ജീവാത്മാവിൻെറ ഒരു അംശമായും, സ
ന്യാസിയായും നന്മ ചെയ്യുന്നവനായും നല്ല വിചാരങ്ങളുള്ളവനാ
യും രൂപാന്തരപ്പെട്ടവാനും ആ ദേവാലയത്തിലെ ശിലാനിർമ്മിത
ങ്ങളായ മുറികളുടെ മുകളിലുള്ള കുരിശിൻെറ അനന്യസദൃശമായ
ഉന്മാദത്താൽ നയിക്കപ്പെട്ടു്, ഉന്നതമതതത്വങ്ങളും, ഉറച്ച സന്മാ
ർഗ്ഗസിദ്ധാന്തങ്ങളും അറിയുന്നവനായി ഭവിക്കുവാനും ഞാൻ മോ
ഹിക്കുന്നു."

വെർലെയിൻ ഇതിൽ സൂചിപ്പിച്ചിട്ടുള്ള ലോകരുടെ ക്രൂരത
യും, ജീവിതത്തിലെ അസൂയാദിവൈരൂപ്യങ്ങളും, സ്വന്തം പാപ
സമ്മതവും, വിഷയസുഖങ്ങളോടും ലൗകികജീവിതത്തോടുമുള്ള ക
യ്പും, വെറുപ്പും, കൊടിയ നൈരാശ്യവും, വേദാന്തചിന്തയിലേയ്ക്കു



Digitized By Kerala Sahitya Akademi

പോകുവാനുള്ള ഭാവവും, പ്രകൃതഗ്രന്ഥത്തിൽ പൊന്തിച്ചുനില്ക്കു ന്നു. ഈ മനസ്ഥിതി ചങ്ങമ്പുഴയിൽ സ്ഥിരമായി നിലനില്ക്കുമെ ന്നു തോന്നുന്നില്ലെന്നും ഇടയ്ക്കു പ്രസ്താവിച്ചുകൊള്ളട്ടെ. പ്രസ്തുതമ നസ്ഥിതിക്കുള്ള ചില ഉദാഹരണങ്ങൾ പ്രകൃതഗ്രന്ഥത്തിൽനി ന്നു് ഉദ്ധരിച്ചുകൊള്ളുന്നു:—

(1) "അബ്ദമെന്നു കഴിഞ്ഞതിതാ വീണ്ടു-
മസ്സുദിനമതെൻമുന്നിലെത്തി.
ഇച്ചുരുങ്ങിയ കാലത്തിനുള്ളി-
ലെത്ര കണ്ണീർപ്പുഴകളൊഴുകി!
അന്തരാളലം വീർപ്പിട്ടു വീർപ്പി-
ട്ടെത്ര കാമുകഹൃത്തടം പൊട്ടി!
കാലവാതമടിച്ചെത്ര കോടി
ശ്രീലപുഷ്പങ്ങൾ ഞെട്ടറ്റുപോയി:—
പൊട്ടിടാത്തതെന്തെന്നിട്ടുമയ്യോ
കഷ്ടമിക്കൊച്ചു നീർപ്പോളമാത്രം!"

(സ്പന്ദിക്കുന്ന അസ്ഥിമാടം)

(2) "ആ നല്ലകാലം കഴിഞ്ഞു; മനോഹര-
ഗാനം നിലച്ചു; പതിച്ചു യവനിക.
വേദനിപ്പിയ്ക്കും വിവിധസ്മൃതികളിൽ
വേദാന്തചിന്തയ്ക്കൊരുങ്ങട്ടെ മേലിൽ ഞാൻ;
അത്രമേൽ പൂർണ്ണമെന്നോർത്തതിൽപ്പോലുമൊ-
ട്ടല്ല,മപൂർണ്ണതേ കാണ്മു നിൻ രേഖകൾ!" (1120;

(3) "പൊട്ടിത്തെറിയ്ക്കുന്നൊരാഗ്നേയപിണ്ഡങ്ങ-
ളിട്ടിട്ടു പായും വിമാനങ്ങൾമാതിരി
പാറിപ്പറന്നോടി സംഭവസഞ്ചയം
നീറിദ്ദഹിപ്പിതെൻ നിശ്ശൂന്യജീവിതം!" (1120)

(4) "എന്നും മറക്കുന്നതെന്തും പൊറുക്കുന്ന-
തെന്നുത്തമാരാദ്ധ്യഭാഗധേയം!
എന്നാലതിനെത്തഴുകാൻ തുനിയുമ്പോ-
ളെന്നെ വന്നാരോ വിലങ്ങുവയ്ക്കും.

ന്നൻ

Digitized By Kerala Sahitya Akademi

ഭീമപ്രചണ്ഡപ്രതീകാരമേ, നിൻറ
ഹോമകുണ്ഡത്തിൽ ദഹിയ്ക്കണം ഞാൻ.
എന്നസ്ഥിയോരോന്നൊടിച്ചെടുത്തിട്ടു നിൻ-
വെന്നിക്കൊടികൾ പറത്തണം ഞാൻ.
മജ്ജീവരക്തം തളിച്ചു തളിച്ചു നി-
ന്നുജ്ജ്വലദാഹം കെടുത്തണം ഞാൻ.
ആകട്ടെ, ഞാനിന്നതിന്നുമൊരുക്കമാ-
ണേകാന്തതേ, നീ സമാശ്വസിയ്ക്കൂ.'' (1120

(5) ''പോരാ കാലമേ, തീരാവേദന
പോരാ, നീയെനിയ്ക്കേകിയതൊട്ടും
പോരാടുന്നതു തീരാതങ്ങനെ
പോരാ ഞാനിനി നീ വിളിച്ചാലും.'' (1120)

(6) ''ഇന്നോ?—ജഗത്തേ, നമസ്കരിക്കുന്നു ഞാ-
നെന്നെ നീ വീണ്ടും ചവിട്ടരുതേ!
സ്വപ്നശതങ്ങൾതന്നസ്ഥികൾ ചിന്നിയ
തപ്തശ്മശാനമിന്നെൻറ ഹൃദയം!
ഞാനിരുന്നല്പം കരയട്ടെ—നീ നിൻറ
വീണ വായിച്ചു രസിച്ചുകൊള്ളൂ!''
(മരിച്ച സ്വപ്നങ്ങൾ)

(7) ''അരുതിനിപ്പാടുവാൻ—പാടിയിട്ടെ-
ന്താരുമില്ലാരുമില്ലേറ്റുപാടാൻ!
കനകദീപങ്ങൾ പൊലിഞ്ഞുപോയി,
കാണികളൊക്കെപ്പിരിഞ്ഞുപോയി,
നവനവോത്തേജനം നല്കിയോരാ
നായികാസ്മേരവും മാഞ്ഞുപോയി.
നിഴലും നിരാശയും നീരസവും
നീറും ഹൃദയവും ബാക്കിയായി.
അരുതിനിപ്പാടുവാൻ—പാട്ടുമൂല-
മഖിലർക്കും ഞാൻ വൃഥാ ശത്രുവായി.
അങ്ങേക്കുന്നിന്നൊരു കാറ്റു വീശി-
യിദ്ദീപനാളവും കെട്ടിരുന്നെങ്കിൽ!'' (1120)



Digitized By Kerala Sahitya Akademi

(൫) "മതി മമ തകരുന്നു, ദൈവകോപം
പതിയുമെനിക്കു ലഭിക്കുമുഗ്രശാപം.
ഗതിയിവനിനിയില്ല—നിത്യതപ്ത-
സ്മൃതികളിലിങ്ങനെ നീറി ഞാൻ മരിക്കും!

*　　　*　　　*

ഒരു പിടി മണലിന്നു മേന്മയെന്തു-
ണ്ടൊരു ദിനമാ മണൽ മണ്ണടിഞ്ഞിടില്ലേ?
വരുവതു വരു,മാക്രമിക്കുമപ്പോ,
പൊരുതുകിലും ഫലമില്ല, കാവ്യ തന്ത്രം!
തടയുവതിലൊരർത്ഥമില്ലൊഴുക്കാ-
ക്കടയൊടെടുത്തു മറിച്ചുകൊണ്ടുപോകും.
വിടപികഥയിതാണു, പിന്നെ വാഴ-
ത്തടയുടെയോ?—വിലയിപ്പു, ഹാ, വിധേ, നീ!

*　　　ഭ　　　*

ഇവനൊരു കവിപോലും!—ആയിരിക്കാം
ശിവ ശിവ, ഞാനതുകൊണ്ടു വീർപ്പുമുട്ടി,
അവസരമിവനില്ല വിശ്രമത്തി-
ന്നവനിയെനിക്കിതൊരഗ്നികുണ്ഡമായി!
കവി, കവി, സുകൃതസ്വരൂപി,യോക്കിൽ
ഭുവിയിതുപോലൊരു ഭാഗ്യശാലിയുണ്ടോ?
എവിടെ നിജപദം, പവിത്രമെങ്ങീ-
യവിഹിതമോഹിതശപ്തപാപകീടം?
ചരിതമറിവതാരെനിക്കു മേന്മേ-
ലെരിയുകയാണു യശസ്സിനുള്ള ദാഹം
പരിധുതവിഷവിത്തപാദപത്തിൽ
പരിധി പെടാതെ പടന്നിടുന്ന മോഹം!
എവിടെവിടെ വിലക്കിടുന്നു ഞാൻ, ഞാ-
നവിടവിടാത്തു മദിച്ചു മത്തടിപ്പൂ.
കവി, കവി, കവിയാണുപോലുമയ്യോ,
കവിണ ചുഴററിയെറിഞ്ഞിടേണ്ടൊരീ ഞാൻ!

*　　　*　　　*



Digitized By Kerala Sahitya Akademi

നരനിലനഘദൈവികാംശമേറെ-
ത്തിരളുവതാണു കവിത്വമെന്നിരിക്കിൽ
ഹര, ഹര, കവിമാനിയാവതയ്യോ,
ഗരളസമഗ്രതമോഗ്രനിപ്പിശാചോ?
ക്ഷിതി നരകസമാനമായി, ധർമ്മ-
ച്ച്യുതിയുടെ ചൂടിലെനിയ്ക്കു വീർപ്പുമുട്ടി
മൃതിയണവതിനാശയായി—പക്ഷേ
മൃതിരുകയില്ലിവനാത്മഹത്യ ചെയ്യാൻ!
അതിനുമൊരുവനല്പമൊക്കെ വേണം
മതിഘടനയ്ക്കൊരു മാർദ്ദവം മഹത്വം
ചതിയൊടഖിലദൗഷ്ട്യമൊത്തെഴുന്നെൻ-
മതിയിതിനില്ലതിനുള്ള മേന്മപോലും!''

(സൗഹൃദമുദ്ര)

കവിയിൽ പ്രസ്തുതമനസ്ഥിതി ജനിപ്പിച്ചതു് 1119, 1120 എന്നീ കൊല്ലവർഷങ്ങളിലായി നടന്ന സ്വന്തം പ്രണയകഥയും അതിന്റെ ദുരന്തവുമാകയാലും, ഈ വിഷയം പ്രകൃതഗ്രന്ഥത്തിന്റെ കാതലായിരിക്കുന്നതിനാലും, ഇതിനെപ്പററി പ്രതിപാദിക്കാതെ ഗത്യന്തരമില്ല. ഈ പ്രണയകഥയെക്കുറിച്ചു പ്രകൃതഗ്രന്ഥത്തിൽ മാത്രമല്ല, 1120 ചിങ്ങത്തിൽ പ്രസിദ്ധപ്പെടുത്തിയ 'ഓണപ്പൂക്കൾ' എന്ന കവിതാസമാഹാരത്തിലെ പതിന്നാലു കവിതകളിലുംകൂടി കവി പാടിയിട്ടുണ്ടു്. ദാന്തേയുടേയും, ചണ്ഡിദാസൻേറയും പ്രണയകഥകളെ അനുസ്മരിപ്പിക്കുന്ന ഇതിനെ മുഴുവൻ സംഗ്രഹിച്ചു കവി പ്രകൃതഗ്രന്ഥത്തിലെ അതിമനോഹരമായ 'ഒരു കഥ' എന്ന ഖണ്ഡകാവ്യത്തിൽ സിംബോളിക് സാങ്കേതികമാർഗ്ഗം പ്രയോഗിച്ചു വിവരിക്കുന്നു. ഇതിനു പുറമേ, ഈ പ്രണയകഥയുടെ വിവിധരംഗങ്ങളും ദശകളും അവ വരുത്തിവെച്ച മനസ്ഥിതികളും പ്രസ്തുത രണ്ടു കവിതാസമാഹാരങ്ങളിലെ വലിയതും ചെറിയതുമായ അമ്പത്തിയാറു മററു കവിതകളിലും വർണ്ണിച്ചിട്ടുണ്ടു്. പ്രസ്തുത പ്രണയകഥ ശരിയായി മനസ്സിലാ



Digitized By Kerala Sahitya Akademi

ക്കുവാൻ ആദ്യമായി അതിന്റെ സംഗ്രഹം മുഴുവനും അടങ്ങിയ പ്രകൃതഗ്രന്ഥത്തിലെ 'ഒരു കഥ' വായിക്കേണ്ടതാണ്. ഇതു 12-3-1120-ൽ രചിച്ചതാണ്. പിന്നീട് ഇരുസമാഹാരങ്ങളിലുമായി മുറയ്ക്കു വായിക്കേണ്ട കവിതകളുടെ പട്ടിക മുറയനുസരിച്ചു ചുവടെ ചേർക്കുന്നു. ഇതിൽ 'സ' എന്നതു 'സ്പന്ദിക്കുന്ന അസ്ഥിമാട'ത്തേയും, 'ഓ' എന്നതു് 'ഓണപ്പൂക്കൾ'ളേയും സൂചിപ്പിക്കുന്നു:—

| | പേരോ ആദ്യവരിയോ | രചനത്തീയതി | കാവ്യസമാഹാരനാമം |
|---|---|---|---|
| 1 | ക്ഷമാപണം | 15-2-119 | ഓ |
| 2 | ആരു നീ ശങ്കരീ | 3-5-119 | സ |
| 3 | അനുരാഗലോലനായന്തിയിലന്നു | 12-5-119 | സ |
| 4 | ജീവിതയാത്രയിലിത്രനാൾ | 24-5-119 | സ |
| 5 | ദേവത | 2-6-119 | ഓ |
| 6 | മാമകമാനസവേദിയിലുണ്ടൊരു | 8-6-119 | സ |
| 7 | ആദർശസൗഭഗമാകാരമാർന്നപോൽ | 10-6-119 | സ |
| 8 | എങ്ങുനിന്നെങ്ങുനിന്നെന്നടുത്തെത്തി നീ | 16-7-119 | സ |
| 9 | ഗൃഹലക്ഷ്മി | 14 8 119 | ഓ |
| 10 | ഏകാന്തചിന്ത | 7-9-119 | ഓ |
| 11 | നീറുന്നു മന്മനം | 16-9-119 | ഓ |
| 12 | ലോകം ശാശ്വതമല്ല | 19-9-119 | സ |
| 13 | അന്തച്ഛിദ്രമെഴാതനന്തതയി | 19-9-119 | സ |
| 14 | ആനന്ദാസ്പദമായ | 19-9-119 | സ |
| 15 | തമ്മിൽത്തമ്മിലസൂയമൂലം | 19-9-119 | സ |
| 16 | അഴലിൻഗ്രീഷ്മാന്തത്തിൽ | 24-9-119 | ഓ |
| 17 | വന്നാലുമോമനേ | 27-9-119 | ഓ |
| 18 | മനുഷ്യൻ | 3-10-119 | ഓ |



Digitized By Kerala Sahitya Akademi

| | | | |
|---|---|---|---|
| 19 | വൃത്തം | 4-10-119 | ഓ |
| 20 | സ്വർഗ്ഗീയരാഗം ചിരിച്ചു | 11-10-119 | സ |
| 21 | നിൻമനംപോലെ | 13-10-119 | ഓ |
| 22 | അടിമുടിമട്ടമലർ | 24-10-119 | സ |
| 23 | യാത്രയോതിപ്പുവാൻ | 2-11-119 | ഓ |
| 24 | കഷ്ടം മനോഹരി | 6-11-119 | സ |
| 25 | വിയുക്ത | 8-11-119 | ഓ |
| 26 | ചാരിതാർത്ഥ്യം | 9-11-119 | ഓ |
| 27 | എന്നിട്ടും വന്നില്ല | 12-11-119 | സ |
| 28 | അനുരാഗലോലസ്മിതാർദ്രനായി | 31-12-119 | സ |
| 29 | മരിച്ച സ്വപ്നങ്ങൾ | 10-1-120 | സ |
| 30 | പ്രണയഭാരംകൊണ്ടിനി | 5-2-120 | സ |
| 31 | അത്യന്തദീനമായേറെ ദൂരത്തു | 21-2-120 | സ |
| 32 | ഹൃദയമുള്ള സർപ്പം | 2-3-120 | സ |
| 33 | വൈരുദ്ധ്യം | 3-3-120 | സ |
| 34 | നക്ഷത്രം | 9-3-120 | സ |
| 35 | അതിമാനുഷൻ | 11-3-120 | സ |
| 36 | ഒരു കഥ | 12-3-120 | സ |
| 37 | വാനിൻവിമലവിശാല | 14-3-120 | സ |
| 38 | പച്ച | 15-3-120 | സ |
| 39 | സ്പന്ദിക്കുന്ന അസ്ഥിമാടം | 16-3-120 | സ |
| 40 | ഒരു ദിവസം പുലരൊളിയിൽ | 18-3-120 | സ |
| 41 | സൗഹൃദമുദ്ര | 20-3-120 | സ |
| 42 | എന്നും മറക്കുന്നതെന്നും | 22-3-120 | സ |
| 43 | മുഗ്ദ്ധപ്രണയമേ | 23-3-120 | സ |
| 44 | എത്തി ദൂരത്തുനിന്നെൻമുന്നിൽ | 24-3-120 | സ |
| 45 | ശാലിനി | 5-4-120 | സ |
| 46 | ഏതോമഹത്താമദൃശ്യകരങ്ങൾ | 21-4-120 | സ |



Digitized By Kerala Sahitya Akademi

| | | | |
|---|---|---|---|
| 47 | പോക,പോക,സഹോദരീ | 22—4—120 | സ |
| 48 | പൊട്ടിത്തെറിക്കുന്നൊരാഗ്നേയ പിണ്ഡങ്ങൾ | 23—4—120 | സ |
| 49 | ആ നല്ലകാലം കഴിഞ്ഞു | 24—4—120 | സ |
| 50 | പഞ്ചഭൂതാഭിയുക്തം | 24—4—120 | സ |
| 51 | തണലിട്ടുതന്നു നീ | 25—4—120 | സ |
| 52 | പോരാ, കാലമേ | 26—4—120 | സ |
| 53 | പേരും പെരുമയും | 27—4—120 | സ |
| 54 | നിശ്ചയം നിന്നെ മറക്കാൻ കഴിഞ്ഞെങ്കിൽ | 27—4—120 | സ |
| 55 | അക്കളിത്തോഴനകന്നുപോയ് | 27—4—120 | സ |
| 56 | അരുതിനിപ്പാടുവാൻ | 29—4—120 | സ |

പ്രസ്തുതപ്രണയകഥയിലെ നായിക ഒരു 'ഗൃഹലക്ഷ്മി' അതായത്, സഭർത്തൃകയാണ്. ധീരലളിതനായ, കഥാനായകന്റെ 'കോമളമദാകലിതകാകളി'കളാൽ മയങ്ങി, നായിക തന്റെ അനുരാഗം 'അനുചിതമെന്നറിയുകിലും', ഹൃദയം നായകന് അർപ്പിക്കുകയുണ്ടായി. പുറമേ കാണുന്നവിധം താൻ ഒരു പൂങ്കുയിലല്ല, കുയിലിന്റെ വേഷം കെട്ടിയ ഒരു ഗൃധ്രം (കഴുകൻ) ആണെന്നു നായകൻ മുന്നറിവു കൊടുത്തിട്ടും നായിക തന്റെ പ്രണയം പരിത്യജിച്ചില്ല. തങ്ങളുടെ പ്രണയം 'കർമ്മബന്ധപ്രഭാവത്തി'ന്റെ 'ലീല'യായി കരുതി നായകൻ അതിനു വഴിപ്പെട്ടു. ഈ പ്രണയത്തിന്റെ സ്വഭാവത്തെ 'ഓണപ്പൂക്കളി'ലെ 'ഗൃഹലക്ഷ്മി'യിൽ കവി ഇങ്ങിനെ വർണ്ണിച്ചിരിക്കുന്നു:—

"ദിവ്യാത്മബന്ധം ലോകം മറ്റൊന്നായ് വ്യാഖ്യാനിക്കാം
ദൈവത്തിൻമുന്നിൽ പക്ഷേ തെറ്റുകാരല്ലല്ലോ നാം!

അതിനാലധീരമല്ലെൻമനമൊട്ടും ലോക-
ഗതി കണ്ടിടട്ടിടട്ടല്ലലിലടിഞ്ഞാലും.



Digitized By Kerala Sahitya Akademi

ഭൂവിൽ ഞാൻ നിന്നെക്കണ്ടുമുട്ടിടാതിരുന്നെങ്കിൽ-
ജ്ജീവിതസൗന്ദര്യം ഞാനറിയാതിരുന്നേനേ!
നിസ്വാർത്ഥസ്നേഹാമൃതമാധുര്യം നീയാണാദ്യം
നിസ്വനാമെന്നെ സ്വദിപ്പിച്ചതീ പ്രപഞ്ചത്തിൽ!
നിന്നിലൂടീക്ഷിപ്പൂ ഞാൻ സ്ത്രീത്വത്തിൻ മാഹാത്മ്യത്തെ
നിന്നിലൂടാരാധിപ്പൂ ശക്തിയെസ്സഹർഷം ഞാൻ."

ഈ ദിവ്യപ്രണയം ഹേതുവായി,

"ഗൃദ്ധ്രവും നഭഃപ്പൂരയിലായ്ത്തീരുവാൻ ശ്രമിച്ചു,
കാലദോഷം തീർന്നശേഷമാക്കഴുകൻ വീണ്ടും
കാർകുയിലായ്ത്തീർന്നു മേന്മേൽക്കാകളി പകർന്നു."

ഈ പ്രേമംമൂലം സ്വർഗ്ഗീയസുഖം അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ, തന്റെ ഭാവിയേയും, ശത്രുക്കളുടെ പ്രതികാരമോഹത്തേയുംപറ്റി നായകനിൽ ശങ്കകൾ ജനിക്കാതെയിരുന്നില്ലെന്നു 'സ്പന്ദിക്കുന്ന അസ്ഥിമാട'ത്തിലെ ചുവടെ ചേർക്കുന്ന ചെറു കവിതാഭാഗം കാണിക്കുന്നുണ്ട്:—

"ഉൾഭീതിയുണ്ടെനിക്കെത്രനാളീവിധ-
മിപ്പൊൻകിനാക്കൾ തളിർത്തു നില്ക്കും?
സൃഷ്ടിച്ചിട്ടുണ്ടല്ലോ, മന്നിൽ പനീർപ്പൂക്കൾ
സൃഷ്ടിച്ച കൈതാൻ പുഴുക്കളേയും.
ചിത്രശലഭത്തിനുള്ള പൂങ്കാവിലു-
മെത്തും കടന്നാക്കടന്നലുകൾ,
ഒത്തൊരുമിച്ചു പറന്നു കളിക്കിലും
കൊത്താൻ തരം നോക്കിക്കൊണ്ടിരിക്കും."

പ്രസ്തുതശങ്കകൾ അചിരേണ യാഥാർത്ഥ്യമായി ഭവിക്കുകയും ചെയ്തു. ഈ നായികാനായകന്മാരുടെ പ്രണയം ദാന്തേയുടെ പ്രണയമല്ല, കസനോവയുടേതാണെന്നും, അതു് "അനുചിതമാണനുചിതമാണെ"ന്നും ലോകർ പഴിപറഞ്ഞുതുടങ്ങി. നായകന്റെ ശത്രുക്കൾ തങ്ങളുടെ "ഭീമപ്രചണ്ഡപ്രതീകാര"മോഹമകു



Digitized By Kerala Sahitya Akademi

ന്ധത്തിലിട്ട് അദ്ദേഹത്തെ "ദഹിപ്പിക്കു"വാനും തന്റെ "അസ്ഥിയോരോന്നൊടിച്ചെടുത്തിട്ട്" തങ്ങളുടെ "വെന്നിക്കൊടികൾ" പറത്തുവാനും തുനിഞ്ഞു. ഇവയുടെ ഫലമായി നായികയുടെ ഗൃഹസ്ഥൻ "ആത്ത"നായിത്തീരുകയും, നായകന്റെ ഗൃഹനായികയുടെ "മാനസം തകരുക"യും ചെയ്തു. ഇത്തരം പഴിപറയലുകളും, പ്രതികാരവും, നിരപരാധികളുടെ മനംതകരലുകളും, നായകനിൽ ജനിപ്പിച്ച സങ്കീണ്ണമനസ്ഥിതിയുടെ ഒരു വശം 'ഓണപ്പൂക്കളി'ലെ 'മനുഷ്യൻ' എന്ന കവിതയിൽനിന്നു മനസ്സിലാക്കാം. ഇതിലെ ചില ഭാഗങ്ങൾ ഉദ്ധരിക്കുന്നു:—

"തുഷ്ടിയാൎന്നീശ്വരൻ തൻപ്രതിരൂപമായ്
സൃഷ്ടിച്ചതാണുപോൽ മാനുഷനെ.
നേരാണതെങ്കിലോ, നൂനമാദ്ദൈവത്തിൻ
പേരു കേട്ടാൽ മതി പേടിയാവാൻ.
നിസ്സാരനീ നരൻപോലുമിമ്മട്ടൊരു
നിസ്സീമസംഹാരമൂൎത്തിയായാൽ,
ശശ്വമാം തൻസൎഗ്ഗസിദ്ധിക്കു താങ്ങായ
ശക്തിതൻ ശക്തിയെന്തായിരിക്കും!
പാഷാണമാത്രാത്മസത്വനാം ഭീകര-
പാതകമൂൎത്തിയാമിമ്മനുഷ്യൻ,
ദൈവപ്രതിരൂപമാണെങ്കിലത്തരം
ദൈവത്തിനെപ്പിന്നെയാക്കു വേണം?
* * *
ജീവജാലങ്ങളിലൊക്കെയല്പാല്പമായ്
താവിയിട്ടുള്ളാത്തമോമയാംശം,
ഒന്നിച്ചുകൂട്ടിക്കലൎത്തിക്കുരുപ്പിടി-
ച്ചൊന്നാദ്യമീശ്വരൻ വാൎത്തുനോക്കി,
ഒത്തില്ലതാണു ചെകുത്താനവനില-
ന്നൊട്ടിപ്പിടിച്ചില്ലസൂയമാത്രം!
എന്ന'ല്ലിളംപത'മാകയാലുള്ളിനു
വന്നില വേണ്ടത്ര കാഠിന്യവും!



Digitized By Kerala Sahitya Akademi

അക്ഷരവൊക്കെപ്പരിഹരിച്ചന്ത്യത്തി-
ലിക്കാണും മത്ത്യനെത്തീത്ത്ത ദൈവം.
ചെന്നായ, ചീങ്കണ്ണി, പോത്തു, ചീറപ്പുലി,
പന്നി, പാമ്പോന്നൊക്കെയുണ്ടവനിൽ!
സ്രഷ്ടാവുപോലും ഭയംമൂലമായിടാം
വിട്ടുകൊടുത്തതവനു വിശപ്പ്!''

ചങ്ങമ്പുഴയുടെ വിഷാദാത്മകതത്തോടു കലന്നിട്ടുള്ളതായ മൃത്യു മൂണ്ടിക്കാണിച്ചിരുന്ന കയ്പിന് ഇതു് ഒരു മകുടോദാഹരണമാണ്. എന്നാൽ കയ്പിനെ തുടന്നു് ഈ സന്ദർഭത്തിൽ തത്വജ്ഞാനചിന്തകളും നായകനിൽ ഉദിക്കാതെയിരുന്നിട്ടില്ലെന്നു് 'ഓണപ്പൂക്കളി'ലെ 'വൃത്തം' എന്ന വിശിഷ്ടകാവ്യം സ്ഥാപിക്കുന്നുണ്ടു്. തന്റെ പ്രണയാനുഭവം കവിയ്ക്കു പ്രദാനം ചെയ്ത കാവ്യചിന്താപരിണതിയെ പ്രസ്പഷ്ടമാക്കുന്ന 'വൃത്ത'ത്തിൽനിന്നു ചില ഭാഗങ്ങൾ ഉദ്ധരിക്കുന്നു:—

''ഒന്നിനൊന്നായൊക്കെ മാഞ്ഞുപോമെങ്കില-
മൊന്നും ജഗത്തിൽ നശിക്കില്ലൊരിക്കലും
ഹാ, പരിണാമവിധിയ്ക്കു വിധേയമായ്
രൂപാന്തരങ്ങളെ പ്രാപിപ്പതെന്നിയേ,
എന്തുണ്ടുലകിൽ നശിപ്പതെന്നോക്കുമ്പോ,-
യെന്തിനു പിന്നെ പരിതപിയ്ക്കുന്നു നാം?

*                *                *

ജീവിതവ്യാസം ചുരുങ്ങിച്ചുരുങ്ങിയ-
ക്കേവലതത്തിന്റെ കേന്ദ്രത്തിലെത്തുവാൻ
കർമ്മമല്ലാതില്ല, മാർഗ്ഗ,മിന്നാകയാൽ-
ക്കർമ്മത്തെയാദ്യം പവിത്രീകരിയ്ക്കു നാം.
മൃണ്മയമാകുമിക്കോവിലിൽ ഭക്തിയാ-
ന്നുണ്മയിൽച്ചിന്മയദ്ധ്യാനനില്ലീനയായ്
ആവസിപ്പൂ ജീവയോഗിനി, വെൺമല-
രാവട്ടെ കർമ്മങ്ങളച്ചനയ്ക്കെപ്പൊഴും!



Digitized By Kerala Sahitya Akademi

എങ്കിൽ, ക്ഷണപ്രഭാചഞ്ചലസ്വപ്നങ്ങൾ
സങ്കടമേകകില്ലാ,ശ്വസിയ്ക്കു, സഖീ!

ജന്മാന്തരങ്ങളിൽപ്പണ്ടുമിതുവിധം
നമ്മളൊരുമിച്ചിരുന്നൊരാ വേളയിൽ

അന്നു നാം കണ്ടൊരപ്പൊന്നിൻകിനാക്കള-
ല്ലിന്നുമണഞ്ഞതെന്നാരറിഞ്ഞു, സതി!

ഇന്നവ മാഞ്ഞുമറഞ്ഞതു കണ്ടിട്ടു
ഖിന്നയാകായ്ക,വ വന്നിടും പിന്നെയും!

വർത്തമാനം ഭൂതമായ് സ്വയം മാറുന്നു,
വർത്തമാനത്തിലണയുന്നു ഭാവിയും.

ഭൂതങ്ങൾ ഭാവിയായ് മാറുന്നിതബ്ഭാവി
ഭൂതമായ്ത്തീരുന്നു വർത്തമാനംവഴി.

വൃത്തമാണേവം സമസ്തവും—പോയവ-
യെത്തും, മറഞ്ഞുപോം നില്പവയൊക്കെയും.

രാവും പകലും യഥാർത്ഥത്തിലൊന്നുപോ-
ലാവശ്യമാണിജ്ജഗത്തിനെന്നോർക്ക നീ!

വേണമിരുട്ടും വെളിച്ചവും—ജീവിത-
മാണെങ്കിൽ, വേണം ചിരിയും കരച്ചിലും!"

'കൈവരിക്കുകീയമൃതം' എന്നു പറഞ്ഞു ദൈവം തങ്ങൾക്കു നൽകിയ പ്രേമം കൈവരിച്ചതുനിമിത്തം 'ലോകനീതി' നായികാനായകന്മാരെ 'കൈവിലങ്ങുവെച്ച'തു കണ്ടു് ഒടുക്കം അവർ തമ്മിൽ പിരിഞ്ഞു ദൂരദേശങ്ങളിൽ പാർപ്പായി. ഇവർ തമ്മിൽ പിരിഞ്ഞ രംഗം നായികയുടെ വാക്കുകളിൽ കവി ഇങ്ങിനെ വർണ്ണിച്ചിരിക്കുന്നു:—

"യാത്രയോതിബ്ഭവാൻ പോയൊരാ വീഥിയിൽ
പൂത്തുപൂത്താടിയ സായാഹ്നദീപ്തികൾ

അന്നെന്റെ ചിന്തയിൽ പൂശിയ സൗരഭ-
മിന്നും തനിച്ചിരുന്നാസ്വദിക്കുന്നു ഞാൻ!



Digitized By Kerala Sahitya Akademi

ആ വഴിത്താരസ്സിരുവക്കിലും തളിർ-
ത്തുവാലയാട്ടിക്കുണുങ്ങീ ലതികകൾ!
പിന്നാലെയെൻമിഴിക്കോണുകൾ പായിച്ചു
നിന്നിതത്തൈമരം ചാരി വീർപ്പിട്ടു ഞാൻ.
ചേലിൽത്തലതിരിച്ചെൻനേക്കിടയ്ക്കിട-
യ്ക്കാലക്ഷ്യമാക്കിയെറിഞ്ഞ മിന്നൽപ്പിണർ,
അപ്പൊഴെല്ലാമെൻശിരസ്സതാശ്ലേഷിച്ചതോ-
ടൊപ്പമൊന്നിക്കിളിയാക്കി മച്ചിത്തവും!"

(ഓണപ്പൂക്കൾ)

നായികാനായകന്മാർ ഇപ്രകാരം തമ്മിൽ പിരിഞ്ഞു ദൂരദേശങ്ങളിൽ പാർത്തു വന്നുവെങ്കിലും,

"മാറി ദൂരെപ്പോകിലെന്താ മാനസാന്തരിക്ഷം
മാറുവാനിടവരുമോ ദേശഭേദംമൂലം!
നീരസം പരസ്പരമില്ലാക്കുമാക്കും—പക്ഷേ
നീറി നീറി മാനസം ദ്രവിക്കയാണെല്ലാക്കും"

(ഒരു കഥ)

എന്നു കവി പറയുന്നു. വിരഹാനന്തരമുള്ള നായികയുടെ മനസ്ഥിതി മുറയ്ക്കു് 'ഓണപ്പൂക്കളി'ലെ 'വിയുക്ത' എന്ന കവിതയിലും പ്രകൃതഗ്രന്ഥത്തിലെ 'എന്നിട്ടും വന്നില്ല', 'ശാലിനി' എന്നിവയിലും കവി വർണ്ണിച്ചിട്ടുണ്ടു്. 'വിയുക്ത'യിൽനിന്നു ചില ഭാഗങ്ങൾ ഉദ്ധരിച്ചു നായികയുടെ മനസ്ഥിതി പ്രത്യക്ഷപ്പെടുത്തിക്കൊള്ളുന്നു:—

"ജനിതോല്ലാസം നിത്യമസ്സമാഗമമോർത്തി-
ജ്ജനൽവാതലിൻചാരെക്കാത്തു കാത്തിരിക്കും ഞാൻ.
ഇന്നും ഞാനിരിയ്ക്കയാണെന്തിനാണാരെക്കാത്താ-
ണെന്നാശാസ്യമെല്ലാം കൊഴിഞ്ഞു കഴിഞ്ഞല്ലോ.
പലരും വരുന്നുണ്ടു, പോകുന്നുമുണ്ടെന്നാലും
ചഴതേ കാക്കുന്നു ഞാൻ പാതയെൻമുന്നിൽ ശൂന്യം!



Digitized By Kerala Sahitya Akademi

വരുന്നില്ലൊരാൾ മാത്രം, വന്നിട്ടകയുമില്ലി-
ത്തെരുവീഥിയിൽക്കൂടിയെങ്കിലും കാക്കുന്നു ഞാൻ!
ഹാ, നിത്യപരിചയമൊക്കുമോ മാറാൻ? കാൽകൾ
താനെയാ നേരം വന്നാലിങ്ങോട്ടു നീങ്ങിപ്പോകും!

* * *

ഇമ്മന്നിൽ സ്വാൎത്ഥപങ്കലേശവും പുരളാത്ത
നിൎമ്മലപ്രേമംപോലുമപരാധമാണല്ലോ!
ഞാനെന്റെ ഹൃദയത്തെ വഞ്ചിക്കാൻ പഠിക്കാത്ത-
താണിന്നീ വിപത്തുകൾക്കൊക്കെയുമടിസ്ഥാനം.
എങ്കിലും പശ്ചാത്താപമില്ല മേ__ദനാരേ മം-
ച്ചങ്കിതമാണെൻചിത്തമഭിമാനത്താലിന്നും.
ഗദ്ഗദസ്വരത്തിലുള്ളാ യാത്രാമൊഴിയിതാ
മൽക്കൎണ്ണയുഗ്മത്തിങ്കലിപ്പൊഴും മുഴങ്ങുന്നു:
മ്ലാനമാം മുഖമശ്രുകലുഷം മായാതെന്റെ
മാനസനേത്രങ്ങൾക്കു മുമ്പിലിപ്പൊഴും നില്പൂ.
മാഴ്കുവാൻ നോക്കുംതോറും മേല്ക്കുമേൽത്തെളികയാ-
ണാക്കണ്ണിലകളങ്കസ്നേഹത്തിൻ മരീചികൾ.
ഭദ്രവും രാഗാൎദ്രവും ദീനവുമാമാ നോട്ടം
നിദ്രയിൽപ്പോലും നിത്യമസ്വസ്ഥയാക്കുന്നെന്നെ!”

വിരഹത്തിനുശേഷം നായകനെക്കുറിച്ചു ശത്രുക്കൾ നായികയോടു നുണ പറഞ്ഞു കേൾപ്പിക്കുകയുണ്ടായി. ഇതിനെപ്പററിയുള്ള തന്റെ നില നായിക നായകനെ ധരിപ്പിച്ചതാണു് 'ശാലിനി'യിൽ വൎണ്ണിച്ചിരിക്കുന്നതു്. ഇതിൽനിന്നു് ഒരു ഭാഗം ഉദ്ധരിക്കുന്നു:—

“എങ്കിലുമങ്ങുതൻ പ്രേമസംശുദ്ധിയിൽ
ശങ്കയുണ്ടാകില്ലെനിക്കല്പമെങ്കിലും.
ആയിരമംഗനമാരൊത്തു ചേൎന്നെഴ-
മാലവാലത്തിൻ നടുക്കങ്ങു നില്ക്കിലും,



Digitized By Kerala Sahitya Akademi

ഞാനസൂയപ്പെട്ടില്ലെൻറയാണാമുഖ-
ഗാനാർദ്രചിത്തമെനിയ്ക്കറിയാം, വിഭോ!
അന്യരസൂയയാലേററം വികൃതമാ-
യങ്ങതൻ ചിത്രം വരച്ചുകാണിയ്ക്കിലും,
കാണുമെന്നല്ലാതതിൻ പങ്കമല്ലമെൻ-
പ്രാണനിലൊട്ടിപ്പിടിയ്ക്കില്ലൊരിയ്ക്കലും.
കാണും പലതും പറയുവാനാളുകൾ
ഞാനൊരാളല്ലാതറിവതില്ലങ്ങയെ;
അന്യോക്തികളെ പ്രമാണമാക്കിക്കൊണ്ടു
സിന്ധുരബോധം പുലത്തുവോളല്ല ഞാൻ."

പ്രസ്തുതവിരഹം നായകനിൽ വരുത്തിവെച്ച മനസ്ഥിതി പ്രകൃതഗ്രന്ഥത്തിൽനിന്നും ഒന്നിച്ചു മുകളിൽ ഉദ്ധരിച്ചിരുന്ന എട്ടു ഭാഗങ്ങൾ പ്രത്യക്ഷപ്പെടുത്തുന്നുണ്ട്. വിരഹദുഃഖംനിമിത്തം ഒടുക്കം നായകൻ മരണമടയുന്നതു കവി വർണ്ണിച്ചിരിക്കുന്നു. 'സ്പന്ദിക്കുന്ന അസ്ഥിമാടം', 'ഒരുദിവസം പുലരൊളിയിൽ' എന്നു തുടങ്ങുന്ന കവിത, എന്നിവയിലത്രേ കവി ഇങ്ങനെ ചെയ്തിട്ടുള്ളതു്. ഒടുവിൽ പറഞ്ഞ കവിത മുകളിൽ ഉദ്ധരിച്ചിരുന്നല്ലോ. 'സ്പന്ദിക്കുന്ന അസ്ഥിമാട'ത്തിൽ ഇതിനെസ്സംബന്ധിച്ചുള്ള ഭാഗം ചുവടെ ചേർക്കുന്നു:—

"പഞ്ചത ഞാനടഞ്ഞെന്നിൽനിന്നെൻ-
പഞ്ചഭൂതങ്ങൾ വേർപെട്ടും നാളിൽ,
പൂനിലാവലതല്ലുന്ന രാവിൽ,
പൂവണിക്കുളിർമാമരക്കാവിൽ,
കൊക്കുരുമ്മി,ക്കിളി മരക്കൊമ്പിൽ,
മുട്ടിമുട്ടിയിരിക്കുമ്പൊഴേവം
രാക്കിളിക,ളന്നെന്നസ്ഥിമാടം
നോക്കി വീർപ്പിട്ടു വീർപ്പിട്ടു പാടും:—



Digitized By Kerala Sahitya Akademi

'താരകകളേ, കാണ്മിതോ നിങ്ങൾ
താഴെയുള്ളൊരീ പ്രേതകുടീരം?
ഹന്ത,യിന്നതിൻ ചിത്തരഹസ്യ-
മെന്തറിഞ്ഞു, ഹാ, ദൂരസ്ഥർ നിങ്ങൾ?

പാല പൂത്ത പരിമളമെത്തി-
പ്പാതിരയെപ്പുണർന്നൊഴുകുമ്പോൾ;
മഞ്ഞണിഞ്ഞു മദാലസയായി
മഞ്ജുചന്ദ്രിക നൃത്തമാടുമ്പോൾ,
മന്ദമന്ദം പൊടിപ്പതായ്ക്കേൾക്കാം
സ്പന്ദനങ്ങളിക്കല്ലറയുള്ളിൽ!
പാട്ടു നിർത്തിച്ചിറകൊതുക്കി-
ക്കേട്ടിരിക്കുമതൊക്കെയും നിങ്ങൾ.

അത്തുടിപ്പുകളൊന്നിച്ചു ചേർന്നി-
ട്ടിത്തരമൊരു പല്ലവിയാകും:—

> 'മണ്ണടിഞ്ഞു ഞാനെങ്കിലുമിന്നും
> എന്നണുക്കളിലേവമോരോന്നും
> താവൽപ്രണയസ്മൃതികളുലാവി
> സ്വപ്നനൃത്തങ്ങളാടുന്നു, ദേവി!'

താരശോത്സവമുണ്ടോ, കഥിപ്പിൻ
താരകകളേ, നിങ്ങൾതൻ നാട്ടിൽ?''

മരണാനന്തരം തന്റെ ശരീരത്തിന്റെ പഞ്ചഭൂതാംശങ്ങൾ നായികയുടെ വക ഏതു് അഞ്ചു സാധനങ്ങളിൽ ചെന്നു ലയിക്കണമെന്നു നായകൻ വിചാരിച്ചതിനെ കവി പ്രകൃതഗ്രന്ഥത്തിന്റെ 'പഞ്ചഭൂതാഭിയുക്തമെൻഗാത്രം' എന്നു തുടങ്ങുന്ന ഒടുവിലത്തെ കവിതയിൽ വർണ്ണിക്കുകയും ചെയ്തിരിക്കുന്നു:

> ''ആദർശഗംഗയ്ക്കുറവായി വർത്തിച്ചൊ
> രാദികവിതൻ വിശുദ്ധചിത്തം



Digitized By Kerala Sahitya Akademi

ബന്ധുരരാഘവസീതാദിചിത്രങ്ങ-
ളെന്തിനീ മണ്ണിൽ വരച്ചുകാട്ടി?

എല്ലാരും കണ്ടിട്ടു,ണ്ടെല്ലാരും കാണുന്നു;-
ണ്ടുല്ലാസപൂർവ്വമാ രാഘവനെ;

എന്നാൽശ്ശതാബ്ദങ്ങളെത്ര ശ്രീരാമനെ
മന്നിലിതുവരെക്കണ്ടുമുട്ടി?

ഒന്നല്ല പത്തല്ലൊരായിരം രാവണ-
നന്നുമുണ്ടിന്നുമുണ്ടിജ്ജഗത്തിൽ!

ലാലസിച്ചീടുന്നിതായിരം വേശ്യകൾ
ശീലാവതീകഥ പാടിപ്പാടി!

ജീവൻ മദിപ്പു സുഖമദിരാപ്തിയിൽ
നാവിലോ, സീത തപസ്സുചെയ്വൂ!"

(മനുഷ്യൻ)

എന്നിങ്ങനെ നമ്മുടെ കവി വർണ്ണിച്ചിട്ടുള്ള ഈ ഭാരതഭൂമിയിൽ, പ്രസ്തുതപ്രണയകഥയുടെ ദുരന്തം കണ്ടു്, സൂക്ഷ്മദൃക്കുകൾ അത്ഭുതപ്പെടുന്നതല്ല. "പ്രണയത്തെക്കാളധികം ആപൽക്കരമായി ഭവിക്കുന്നതു് അതു് ഇട്ടുംവെച്ചു പോകുന്ന നഷ്ടാവശിഷ്ടങ്ങളാണു്" എന്നു റൊമാങ് റൊള്ളാങ് ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഈ നഷ്ടാവശിഷ്ടങ്ങളും അതു വരുത്തിവെയ്ക്കുന്ന വിഷാദചിന്തയും ചില മനുഷ്യരെ ആത്മഹത്യയ്ക്കു പ്രേരിപ്പിച്ചേയ്ക്കാം. എങ്കിലും താൻ ഇങ്ങനെ ചെയ്യുന്നതല്ലെന്നു കവിതന്നെ മുകളിൽ ഉദ്ധരിച്ചിരുന്ന 'സൗഹൃദമുദ്രാ'ഭാഗത്തിൽ പ്രസ്താവിച്ചിട്ടുള്ളതു് അദ്ദേഹത്തെ സ്നേഹിക്കുന്ന ഭൂരിഭാഗം കേരളീയർക്കും തെല്ലു് ആശ്വാസകരമായിരിക്കും. 31 വയസ്സുമാത്രം പ്രായമുള്ള കവിയുടെ സ്വഭാവത്തോടു് ഒട്ടധികം സാദൃശ്യമുള്ള ഫ്രഞ്ചുകവി വെർലെയിൻെറ 52 വയസ്സുവരെയുള്ള ജീവചരിത്രം പ്രസ്തുതആശ്വാസത്തെ അല്പം വർദ്ധിപ്പിക്കുകയും ചെയ്യും.



Digitized By Kerala Sahitya Akademi

പ്രകൃതഗ്രന്ഥത്തിനു് ഇതേവരെ ഉണ്ടായിട്ടുള്ള ചങ്ങമ്പുഴക്കൃതികളുടെ കൂട്ടത്തിൽ പ്രഥമസ്ഥാനം ലഭിക്കുന്നതാണെന്നു മുകളിൽ സൂചിപ്പിച്ചിരുന്നല്ലോ. 'ഓണപ്പൂക്കൾ'ക്കു പ്രസ്തുതപ്രണയകഥാവർണ്ണനനിമിത്തം ഇതിനടുത്തു് ഒരു സ്ഥാനം കിട്ടാതെയിരിക്കുന്നതുമല്ല. ഇതിനു കാരണങ്ങൾ, ഈ രണ്ടു കൃതികളിലും കാണുന്ന വ്യക്തിപരമായ കാവ്യാനുഭവങ്ങളുടെ—അതായതു്, പ്രസ്തുതപ്രണയവും അതിൻെറ ദുരന്തവും വരുത്തിവെച്ച അനുഭവങ്ങളുടെ—അതിതീക്ഷ്ണതയും, ഇതിൻെറ ഫലമായ കാവ്യചിന്താപരിണതിയും, കവിയുടെ കൃതികളിൽ പലതിലും കാണാറുള്ള അംഗോപാംഗഘടനാസാമർത്ഥ്യക്കുറവിൻെറ അഭാവവുമാണു്. ശ്രീ: ചങ്ങമ്പുഴ ഭാഷാപദ്യസാഹിത്യത്തിനു കാഴ്ചവെച്ചിട്ടുള്ള അമൂല്യനിധികളിൽ ഒന്നായ 'ഒരു കഥ', 'സ്പന്ദിക്കുന്ന അസ്ഥിമാടം', 'അതിമാനുഷൻ', 'പട്ടിണിക്കാർ' എന്നിവയിലും, 'ഓണപ്പൂക്കളി'ലെ 'വിയുക്ത' മുതലായ ചില കവിതകളിലും പ്രസ്തുതഅംഗോപാംഗഘടനാസാമർത്ഥ്യക്കുറവു സ്പർശിച്ചിട്ടുപോലുമല്ല. പ്രകൃതഗ്രന്ഥത്തിലെ 'സ്പന്ദിക്കുന്ന അസ്ഥിമാടം', 'വൈരുദ്ധ്യം', 'സൗഹൃദമുദ്ര' മുതലായവയും, 'ഓണപ്പൂക്കളി'ലെ 'വൃത്തം' എന്നതും കവിയുടെ കാവ്യചിന്താപരിണതി സ്ഥാപിക്കുന്നുണ്ടു്. പ്രകൃതഗ്രന്ഥത്തിലെ പുരോഗമനസാഹിത്യകവിതകൾ എയ്യുന്ന ശരങ്ങൾ, ശ്രീ: അബ്ദുൾഖാദർ ചൂണ്ടിക്കാണിച്ചിട്ടുള്ള പഴയ പുരോഗമനസാഹിത്യകവിതകൾ പൊഴിക്കുന്ന പുഷ്പശരങ്ങളല്ല; പിന്നെയോ, ഏറെക്കുറെ സൂമങ്ങൾകൊണ്ടു പൊതിഞ്ഞ നാരാചശല്യാഗ്രങ്ങളുള്ള അമ്പുകളായി രൂപാന്തരപ്പെടുകയും ചെയ്തിരിക്കുന്നു.

'ഇന്നത്തെ സംഗീതജ്ഞന്മാർ' എന്ന തൻെറ കൃതിയിൽ റൊമാങു് റൊള്ളാങു് ഇപ്രകാരം പറഞ്ഞിരിക്കുന്നു:—"മഹാന്മാരായ കലാകാരന്മാരുടെ ജീവചരിത്രങ്ങൾ പരിശോധിക്കുന്നതായാൽ, അവർ അനുഭവിച്ച സങ്കടങ്ങളുടെ പാരമ്യം കണ്ടു നാം അത്ഭുതപ്പെട്ടുപോകും. ജീവിതത്തിലെ നൈരാശ്യങ്ങളും, അഗ്നിപ



Digitized By Kerala Sahitya Akademi

രീക്ഷകളും, മററുള്ളവരെപ്പോലെ അവക്കും അനുഭവിക്കേണ്ടതായി വരുന്നതുമാത്രമല്ല ഇതിനു കാരണം. സൂക്ഷ്മഗ്രഹണശക്തി അധികമുള്ളതുനിമിത്തം കലാകാരന്മാരെയാണ് അവ അത്യധികം പിടിപ്പിക്കാറുള്ളതും. പ്രസ്തുതസങ്കടപാരമ്യത്തിൻെറ പ്രധാനകാരണം, തങ്ങളുടെ പ്രതിഭ തങ്ങളെ സമകാലീനരേക്കാൾ ഇരുപതോ, മുപ്പതോ, അമ്പതോ വഷങ്ങൾക്കു (ചിലപ്പോൾ ഏതാനും ശതാബ്ദങ്ങൾക്കു) മുന്നോട്ടുള്ള കാലത്തിൽ സ്ഥാപിച്ച്, തങ്ങളുടെ ജീവിതങ്ങളെ നാശപ്പെടുത്തി, വിജയിക്കുന്നതിനുമാത്രമല്ല, ജീവിക്കുന്നതിനുപോലുംകൂടി ഭഗീരഥപ്രയത്നം ചെയ്യുവാൻ അവരെ നിർബ്ബന്ധിക്കുന്നതുമാകുന്നു." സാവ്വത്രികമായ ഈ അനുഭവവും, "സൃഷ്ടിക്കുന്നതാകയാൽ മരണത്തെ ജയിക്കാം" എന്നു പ്രസ്തുതമഹാസാഹിത്യകാരൻതന്നെ പ്രസ്താവിച്ചിട്ടുള്ളതും, മനസ്സിലാക്കി ശ്രീ: ചങ്ങമ്പുഴ അനന്യസദൃശങ്ങളായ തൻെറ ഗാനങ്ങൾമുഖേന കേരളീയരെ കോൾമയിർക്കൊള്ളിച്ചുകൊണ്ടു നീണാൾ വാഴുമാറാകട്ടെ!

പറവൂർ,
26—2—1945.

എ. ബാലകൃഷ്ണപിള്ള.



Digitized By Kerala Sahitya Akademi

# അവതാരിക

അവശതയുടെ ഒരു സമ്മതപത്രമാണു്, അവതാരിക. കവിത കെട്ടിയെടുക്കുന്നവർ പലക്കും അതു് അത്യാവശ്യമായിത്തീന്നിരിക്കുന്നു. കവികൾ ഇവിടെ ഒട്ടും കുറവല്ല. അച്ചടിശാലകളിൽ നിന്നു് ഇറങ്ങിത്തിരിക്കുന്ന വിവാഹമംഗളാശംസാപത്രികകളും, വിശേഷാൽപ്രതികളുമൊക്കെ അതു സമ്മതിക്കുന്നു. 'നൂറുന്നൂറാണ്ടു കാല'വുമായി ഇറങ്ങിത്തിരിക്കുന്ന കവിമല്ലന്മാർ വളരെപ്പേർ നമ്മുടെ ദിവസങ്ങളുമായി ബന്ധപ്പെട്ടു ജീവിച്ചുപോരുന്നു. ചില അവതാരികകൾ കാണുമ്പോളാണു് കൂട്ടത്തിൽ ജീവിച്ചുപോരുന്ന പ്രസ്തുതകവികളെ അതുവരെ അറിയാതിരുന്ന അബദ്ധം നമുക്കു മനസ്സിലാകുക. എന്നാൽ ശ്രീ: ചങ്ങമ്പുഴയെപ്പോലെ വിശ്രുതനായ ഒരു കവി അവതാരികയാകുന്ന രോഗത്തിൽനിന്നു് ഇനിയും വിമുക്തനാകാത്തതു് അത്ഭുതകരമായിരിക്കുന്നു. വിദിതന്മാരും, വിജ്ഞന്മാരുമായ സാഹിത്യോപാസകന്മാർ, സഹൃദയന്മാരെ പരിചയപ്പെടുത്താൻ അവതാരകന്മാരായി ചിലപ്പോൾ പ്രത്യക്ഷപ്പെടാറുണ്ടു്. സ്പന്ദിക്കുന്ന അസ്ഥിമാടം എന്ന ഈ വിശിഷ്ടകൃതി അവതാരികക്കായി മി: ചങ്ങമ്പുഴ കൃഷ്ണപിള്ള അയച്ചുതന്നപ്പോൾ എനിക്കു് ഒരു ഞെട്ടലാണു് ഉണ്ടായതു്. അവതാരികാകാരനെ പരിചയപ്പെടുത്താൻ അദ്ദേഹം പ്രതിലോമഗതിയിൽ സഞ്ചരിക്കുന്നു എന്നേ ഇതിനു് അത്ഥമുള്ളു. എന്തായാലും ഈ വിട്ടുവീഴ്ചയ്ക്കു ഞാൻ എൻെറ കൃതജ്ഞത ആദ്യമായി അദ്ദേഹത്തിനു സമപ്പിച്ചുകൊള്ളുന്നു.

കേരളം ഒട്ടേറെ കവികളെ പോററുകയുണ്ടായി. എന്നാൽ കേരളത്തെ സൃഷ്ടിക്കുവാൻ ശ്രമിച്ച കവികൾ നന്നേ അപൂവ്വമാണു്. പദ്യം 'കെട്ടിയെടുക്കുന്ന'തിലാണു് അവരുടെ ശ്രദ്ധ ഏകാഗ്രതയോടുകൂടി നിന്നതു്. ഇതുനിമിത്തം ഗദ്യശാഖയെ അപേ



Digitized By Kerala Sahitya Akademi

ക്ഷിച്ച വല്ലാത്ത ഒരു പള്ളവീക്കൽ പദ്യത്തിനു് ഉണ്ടായിട്ടുണ്ടു്... സാഹിത്യശരീരത്തിൽ ഒരു വശത്തിനുമാത്രമുണ്ടായ ഒരു പ്രത്യേകതരം നീർവീഴ്ചയായിട്ടാണു്, ഇതു പരിണമിച്ചിരിക്കുന്നതു്. മലയാളഭാഷയുടെ ചരിത്രത്തിൽ ജീവിതവും സാഹിത്യവും, അനന്തതയിൽവെച്ചുപോലും യോജിക്കാത്ത രണ്ടു സമാന്തരരേഖകളായി സഞ്ചരിച്ചിരിക്കുന്നു. രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും ഔദാര്യം സ്വീകരിച്ചു് അവരുടെ ആശ്രിതന്മാരായി ജീവിച്ച കവികൾ തങ്ങളുടെ സൂക്ഷ്മതയുടെ ഭ്രമത്താൽ കാണേണ്ടതു കണ്ടില്ല. ഉപരിതലത്തിൽനിന്ന ന്യൂനപക്ഷത്തിനുവേണ്ടി താഴ്വരകളിൽ തളർന്നുകിടന്ന ഭൂരിപക്ഷത്തെ അവരിൽ അധികംപേരും വിസ്മരിച്ചു. കല്പനാലോകത്തിൽ മനുഷ്യബന്ധമില്ലാത്ത കുമിളക്കൂട്ടങ്ങൾ അവർ ഊതി വീർപ്പിച്ചു. സ്ത്രീകളുടെ ബാഹ്യാകാരത്തെമാത്രം ഭംഗിയായി പരിശോധിക്കാതിരുന്നില്ല. അതിൽ ഉന്തിയും പൊന്തിയും തുടുത്തും കാണപ്പെട്ട ഭാഗങ്ങൾക്കുവേണ്ടി തങ്ങളുടെ പ്രധാനപ്പെട്ട പദങ്ങളെ നിർല്ലോഭം വാരിയെറിഞ്ഞു. മനുഷ്യഹൃദയത്തെ തുറക്കാനും, ഉന്നതചിന്തകളെ അഴിച്ചുവിടുവാനുമുള്ള ആഹ്വാനം അറിയാതെതന്നെ, നമ്മുടെ ചില സാഹിത്യവ്യവസായികൾക്കു കവികുലകിരീടപതിമാരാകാൻ സാധിച്ചു. സ്വതന്ത്രമായ ഒരു ജനതതിയെ സൃഷ്ടിക്കുന്ന വേദനയിൽനിന്നു് അവർ വിദൂരവർത്തികളായിരുന്നു. മാന്തളിരുണ്ടു കണ്ടും തെളിച്ചു കളകാകളിരവമുയർത്തിയ പൂങ്കുയിലുകൾ, ആടുന്ന മയിലുകൾ, കാമോത്സവം കൊണ്ടാടുന്ന അമരസുന്ദരിമാർ, പ്രേമത്തിനുവേണ്ടി ജീവത്യാഗം ആചരിച്ച കുറെ രക്തസാക്ഷികൾ, ഇതിനപ്പുറത്തു് അന്നു് ഒരു പ്രപഞ്ചമുണ്ടായിരുന്നില്ല. പരമാർത്ഥം പറഞ്ഞാൽ അവിടെനിന്നു് ഒരു തീപ്പൊരിപോലും പൊട്ടിത്തെറിച്ചില്ല. അനുഭവങ്ങളുടെ സംഘട്ടനത്തിൽനിന്നു് ഒരു ഗർജ്ജനംപോലും ഉയന്നില്ല. ആപത്തു നിറഞ്ഞ അന്തരിക്ഷത്തിൽ ജീവിതത്തിൻെറ സുസ്ഥിതിക്കുവേണ്ടി ഒററ വിളംബരംപോലും മുഴങ്ങിയില്ല. ഉപരിതലത്തി



Digitized By Kerala Sahitya Akademi

ലെ വെട്ടിത്തിളക്കത്തിലല്ലാതെ, ഉള്ളിലെ, ചുഴിയിലേയ്ക്ക്, ഇറങ്ങിച്ചെന്നില്ല. പക്ഷെ അവരിൽ പലരേയും, കവികളായി നമ്മുടെ സാഹിത്യചരിത്രം ബഹുമാനിക്കുന്നു.

മരവിച്ചുനിന്ന ഈ പാരമ്പര്യത്തിൽനിന്നു വിപ്ലവത്തെ വിളിച്ചുണർത്തിയ രണ്ടു ജീവിതഗായകന്മാരാണ്, ആശാനും വള്ളത്തോളും. മുളച്ചുയരുന്ന ജനകീയാഭിലാഷങ്ങൾക്കു മാർഗ്ഗദർശനം നല്കാനും, ജനതയിൽനിന്ന് ആവേശംകൊണ്ട് അവരെ ആവേശംകൊള്ളിക്കുന്ന ഗാനങ്ങൾ രചിക്കാനുമുള്ള കവികളുടെ നിര, ആശാനെക്കൊണ്ടോ വള്ളത്തോളിനെക്കൊണ്ടോ മാത്രം പൂർണ്ണമല്ല. ജീവിതത്തിൽനിന്നു ഭിന്നമല്ലാത്ത വിശ്വസാഹിത്യകൃതികളുമായി ആത്മബന്ധം സാധിച്ചവരും ഭാരതത്തിന്റെ ധാർമ്മികാസക്തിയെപ്പററി അഭിമാനം നിറഞ്ഞവരും കുതിച്ചുകയറിയ പാശ്ചാത്യാദർശപ്രവാഹത്തെ വിശകലനംചെയ്തു ഗ്രഹിച്ചവരുമായ സാഹിത്യകാരന്മാരുടെ ഒരു നിര മലയാളഭാഷയ്ക്ക് ആവശ്യമായിത്തീന്നു. നീതിയുടേയും സുഖത്തിന്റേയും വിസ്തൃതമണ്ഡലത്തിൽ പുതിയ സൃഷ്ടിക്കായി വെമ്പൽകൊള്ളുന്ന ജനതയാണ്, അവരുടെ ഇടയിൽ അധിവസിക്കുന്നതു്. ജാതിമത്സരം, സാമുദായികദുരാചാരം, മുതലാളിമാരും തൊഴിലാളികളുമായുള്ള മത്സരം, നിർഭയം ചിന്തിക്കുവാനോ, ചിന്തിക്കുന്നതു നീതിക്കുവേണ്ടി പറയാനോ ഉള്ള സ്വാതന്ത്ര്യത്തിന്റെ അഭാവം, വിശപ്പ്, മർദ്ദനം, ചൂഷണം, വ്യഭിചാരം എന്നിതുകളാൽ കലുഷമായിത്തീരുന്ന സാമുദായികാന്തരീക്ഷത്തിൽനിന്നു യഥാർത്ഥകലാകാരന്മാർ അവതരിക്കാറുണ്ട്. ഈ ചൂടുകൊണ്ടു ഹൃദയം ഉണന്ന്, കേരളത്തിൽ ഉയന്ന രണ്ടു മനുഷ്യകഥാനുഗായികളാണ് ശ്രീമാന്മാരായ ശങ്കരക്കുറുപ്പും, ചങ്ങമ്പുഴയും.

ചങ്ങമ്പുഴക്കവിതകൾ സാഹിത്യലോകത്തിൽ വലിയ കോളിളക്കങ്ങളുണ്ടാക്കുന്നുണ്ട്. വിമർശകവീരന്മാർ ആ യുവാവിനെ നോക്കി കയക്കുന്നു. പ്രായംതികഞ്ഞ കവികൾ, യൗവനം ഇ



Digitized By Kerala Sahitya Akademi

നിയും അതിക്രമിച്ചിട്ടില്ലെങ്കിലും പടവെട്ടിപ്പടരുന്ന കീർത്തിപ്പര പ്പോടുകൂടിയ ആ സ്വാതന്ത്ര്യഗായകന്റെ നേർക്കു പാണ്ഡിത്യാരോപണങ്ങൾ നിരത്തുന്നു. എന്നാൽ ശ്രീ: ചങ്ങമ്പുഴയാകട്ടെ,

"എത്രനാൾ നിഗൂഢമാം നില്ല് ജ്ജപ്രചരണ-

ബുദ്ബുദവ്രാതം നില്ക്കും പുഴതന്നൊഴുക്കത്തിൽ"

എന്നു ചോദിച്ചുകൊണ്ടു മുന്നോട്ടു പോവുകയും ചെയ്യുന്നു.

ശ്രീ. ചങ്ങമ്പുഴയുടെ കാവ്യകലയുടെ വിജയം അദ്ദേഹത്തിന്റെ ശത്രുക്കളുടെ ആരോപണങ്ങളേക്കാൾ വലുതാണ്. കല ജീവിതത്തിനുവേണ്ടിയുള്ളതാണെന്നു് അദ്ദേഹം വിശ്വസിക്കുന്നു. സംസ്കാരത്തിന്റെ ഈടുവയ്പിലെ മുതലുകളത്രയും അതിന്റെ വ്യാപാരഫലങ്ങളാണെന്നും, അതു വേദനയില്ലാത്ത ലോകത്തിനുവേണ്ടിയുള്ള പരിശ്രമമാണെന്നും, അദ്ദേഹം ധരിച്ചിട്ടുണ്ട്. ജീവിതത്തിന്റെ രക്തംകൊണ്ടു നിറംപിടിപ്പിക്കാത്ത ചിത്രങ്ങൾ ഉയർത്തുവാൻ ആ ആരാധകൻ ഒരുങ്ങാറില്ല. അപൂർണ്ണനായ മനുഷ്യന്റെ പൂർണ്ണതയിലേയ്ക്കുള്ള പ്രയത്നങ്ങൾക്കു മുമ്പിൽ കലയെ അദ്ദേഹം പൂർണ്ണഹൃദയത്തോടുകൂടി വിശ്വസിക്കുന്നു. ജീവിതത്തേയും അതിന്റെ ശക്തിവിശേഷങ്ങൾ ഒളിച്ചുനില്ക്കുന്ന ഹൃദയത്തേയും വിശകലനംചെയ്തു് അനുഭവൈകവേദ്യമായി അദ്ദേഹത്തിന്റെ ആത്മഗാഥകൾ പുറപ്പെടുന്നു. അതിലെ ഭംഗിനിറഞ്ഞ ശൈലികളിൽക്കൂടി ഭാഷ ചെണ്ടണിയുന്നു. വായനക്കാർ ധരിക്കേണ്ടതു് എന്തൊന്നോ, അതു ധരിപ്പിക്കുവാൻ ശ്രീ. ചങ്ങമ്പുഴയുടെ പ്രതിപാദനരീതിക്കു പ്രത്യേകസാമർത്ഥ്യമുണ്ട്. അതിന്റെ വൈചിത്ര്യവും ഒന്നു വേറെത്തന്നെ. പ്രമേയം വായനക്കാരനു് ഇഷ്ടമില്ലാത്തതാണെങ്കിൽക്കൂടി ഉപേക്ഷിക്കുവാൻ സാധിക്കാത്ത ഒരു വശ്യശക്തി നെടുനീളം അതിൽ പ്രകാശിക്കുന്നു. വൃത്തത്തിനോ പ്രാസാലങ്കാരങ്ങൾക്കോ ആയി അദ്ദേഹത്തിന്റെ കാവ്യഭംഗി തെണ്ടിത്തിരിയാറില്ല. വെറും നഗ്നതയോ, നിറഞ്ഞ ആഡംബരകോലാഹലമോ അതിൽ കാണുകയില്ല. ലളിതവും സൂക്ഷ്മവുമായ



Digitized By Kerala Sahitya Akademi

മറച്ചുലിൽക്കൂടി നൈസർഗ്ഗികമായ ഒരു ഭംഗി അതിൽ ഓളംതല്ലുന്നു. കൂലംകുത്തിക്കുതിക്കുന്ന വർഷാകാലതടിനിയോടല്ല, ഇരുവശവും വെൺമണൽപ്പുരപ്പണിഞ്ഞ കന്നിയാറുകളോടാണ്, അതിനു സാധർമ്മ്യം. സോല്ലാസം ദാഹശമനത്തിനുതകുന്ന കുളിരണിത്തടാകങ്ങളും, വിശ്രമിക്കാൻ കൊള്ളാവുന്ന തണലുകളും അതിൽ നിറഞ്ഞു നില്ക്കുന്നു. മലയാളഭാഷയുടെ അഹങ്കാരം അതിൽ പലേടത്തും മുഴങ്ങുന്നു. എങ്കിലും വിനയാന്വിതം അവയെ നോക്കിക്കൊണ്ട്, അദ്ദേഹം പറയുന്നു:—

"വന്ധ്യിച്ച ഫലവൃക്ഷമൊന്നുമി,ല്ലെന്നാലെന്തീ-
ച്ചെന്ധ്യനീർപ്പൂന്തോപ്പെനിക്കേകിയല്ലോ, ഹാ, ദൈവം!"

പുതുപുഷ്പങ്ങളും പുത്തൻതളിരുകളുമണിഞ്ഞ വസന്തത്തിന്റെ മാറിൽ തല ചായ്ച്ചു നില്ക്കുന്ന ആരമ്യോദ്യാനത്തെ നോക്കിക്കൊണ്ട് ആ ഗായകൻ അപേക്ഷിക്കുന്നു:

"ഇക്കാട്ടുപൂക്കളുംകൊണ്ടർച്ചനയ്ക്കു നിൻ
തൃക്കാല്ക്കൽ നില്പിതിസ്സാഹിതീസേവകൻ
അശ്ലിന്നകൗതുകം ഭക്തനപ്പിക്കുമി-
ത്തുച്ഛോപഹാരമിതംഗീകരിക്കണേ."

കാലം അതിന്റെ ബലമേറിയ മുറത്തിലിട്ടു കവികളെ പാറ്റിനോക്കുന്നു. സമുദായടിക്കറ്റിന്മേൽ കേറിപ്പറ്റിയ പതിരുകൾ അപ്പോൾ പറക്കയായി. യമകവും ഭാണവുംകൊണ്ടുള്ള വ്യായാമവൈദഗ്ദ്ധ്യങ്ങൾ അവിടെനിന്നു തെറിക്കയായി. കാലത്തിന്റെ ആഘാതനം ആദരിച്ച് അതിന്റെ പ്രതിനിധിയായി ജനങ്ങൾക്കുവേണ്ടി പ്രകാശിച്ച നെന്മണികൾമാത്രം ശേഷിക്കുന്നു. "വിപുലപാണ്ഡിത്യച്ഛമട്ടതാങ്ങികൾ വിഗതചേഷ്ടരായ് നില കൊൾകെ" കാലത്തെ അവമാനിക്കാത്ത കൃതാർത്ഥതയോടും, കാലത്താൽ സമ്മാനിക്കപ്പെടുന്ന കൊടിയടയാളത്തോടുംകൂടി ശ്രീ. ചങ്ങമ്പുഴയുടെ കാവ്യകല മുമ്പോട്ടു സഞ്ചരിക്കുന്നു. അദ്ദേഹത്തി



Digitized By Kerala Sahitya Akademi

ന്റെ ഉൽകൃഷ്ടമായ കവനപാടവത്തിന്റെ ഒരു ഉപഹാരമാണ് സ്പന്ദിക്കുന്ന അസ്ഥിമാടം.

ഇരുപത് ആത്മഗീതകങ്ങളും, അൻപത്തിഎട്ട് ഉപഗീതകങ്ങളുമാണ്, ഇതിലെ ഉള്ളടക്കം. സ്പന്ദിക്കുന്ന അസ്ഥിമാടം, ഹൃദയമുള്ള സർപ്പം, ഒരു കഥ, നക്ഷത്രം, മരിച്ച സ്വപ്നങ്ങൾ, ശാലിനി ഈ കവിതകൾ പൊട്ടാത്ത കനകനൂലുകൾകൊണ്ടു പരസ്പരം ബദ്ധങ്ങളായ ഹൃദയങ്ങളുടെ നീറുന്ന നിശ്വാസങ്ങളാണ്. വഞ്ചന, കൃതഘ്നത, വേർപാട്, എന്നിവയുടെ സംഘർഷണത്താൽ തീ പിടിച്ച മുരുലപേശികളുടെ സ്പന്ദനങ്ങളാണ് അവ. പശ്ചാത്താപത്തിന്റെ വിലയേറിയ കണ്ണുനീരും ആത്മാവിന്റെ അലങ്കാരരഹിതമായ ഭാഷയും അതിൽ പ്രകാശിക്കുന്നു. 'ഉപാസിനി', 'ആനന്ദലഹരി', 'ആ കുഗ്രാമത്തിൽ', 'എന്നിട്ടും വന്നില്ല', 'പുലപ്പെണ്ണിന്റെ പാട്ട്', 'വൈരുദ്ധ്യം' ഇവ ഉൽകൃഷ്ടവും അകൃത്രിമരമണീയവുമായ പ്രേമാനുഭൂതിയുടെ സ്മരണകളും വ്യാഖ്യാനങ്ങളുമായി നില്ക്കുന്നു. 'ഭാവത്രയം', 'ജീവിതം', 'തെണ്ടികളുടെ വിദ്ധ്വിത്തം', 'പട്ടിണിക്കാർ' ഈ കവിതകൾ പരിസരത്തിലെ പരമാർത്ഥങ്ങളുടെ പ്രചോദനങ്ങളാൽ ഉൽബുദ്ധമായ ആത്മാർത്ഥതയുടെ നിവേദനങ്ങളാണ്.

ആനന്ദാനുഭൂതിയുടെ പുളകോൽഗമകാരിയായ മധുരസ്മരണകളെ കിക്കിളിയിട്ടുണർത്താനായി വെൺകതിർ വിതറി പുരോഭാഗത്തു വന്നുനിന്ന ഒരു പ്രഭാതത്തെ നോക്കി, പരിതപ്തമാനസനായി ഉരുകിക്കൊണ്ടിരുന്ന കവി പാടിത്തുടങ്ങുന്നു—

"അബ്ദമൊന്നു കഴിഞ്ഞിതാ വീണ്ടു-
മസ്സുദിനമതെൻമുന്നിലെത്തി."

നിർഭാഗ്യചരിതന്മാരായ കാമുകന്മാരുടെ ഹൃദയങ്ങൾ പലതും പൊട്ടിത്തകർന്നു. കാലവാതത്തിന്റെ ആഘാതത്താൽ ഭാഗ്യസൂനങ്ങൾ പലതും അടർന്നുവീണു. എന്നിട്ടും ഈ കൊച്ചുനീർപ്പോളകൾ പൊട്ടാറായില്ല!! ആ മധുരസ്മരണകൾ ഞാൻ ഒന്നു



Digitized By Kerala Sahitya Akademi

അയവിറക്കിക്കൊള്ളട്ടെ. അല്പനേരത്തേയ്ക്കെങ്കിലും അങ്ങനെ, മ ത്ഭൂമിയിൽ കാലുകുത്തി നില്ക്കുന്ന എൻെറ തല വിണ്ണിലേയ്ക്ക് കന്നുയന്നുകൊള്ളട്ടെ. മർക്കസംഘക്കാരായ ദുഃഖചിന്തകളോട് ഇ ങ്ങനെ അപേക്ഷിച്ചുകൊണ്ടു കവി ആ സ്മരണകളിലേയ്ക്ക് ഇറ ങ്ങിച്ചെല്ലുന്നു—

"സുപ്രഭാതമേ, നിയെനിക്കന്നൊ-
രപ്സരസ്സിനെക്കാണിച്ചുതന്നു.
ശേഫലക്ഷ്മിയായ് മിന്നുമൊരോമൽ-
സ്നേഹമൂർത്തിയെക്കാണിച്ചുതന്നു.
പ്രാണനുംകൂടി കോൾമയിർക്കൊള്ളും
പൂനിലാവിനെക്കാണിച്ചുതന്നു."

നീറുന്ന ചിന്തകൾ ഒന്നിനു പുറകെ ഒന്നായി ഉയരുമ്പോ ഴും, തൻെറ ജീവിതത്തിന് അനിർവ്വചനീയമായ കുളിർമ സമ്മാ നിക്കുന്ന ഒരു സൗഭാഗ്യദേവതയെ എല്ലാ രംഗങ്ങളിലും അദ്ദേ ഹം ദർശിക്കുന്നു. പ്രേമപാരവശ്യത്തോടുകൂടിയാണ്, ആ മാനി നിയെ അദ്ദേഹം വീക്ഷിക്കുക; ദേവി എന്ന് ആദരവോടുകൂടിയാ ണ് അവരെ അദ്ദേഹം വിവക്ഷിക്കുക. തൻെറ ജീവിതത്തിനു വെളിച്ചം തൂകുന്ന വൈദ്യുതമന്ദിരമായും, കൃതഘ്നതകൾ ക്ഷമി ക്കേണ്ട സ്നേഹസ്വരൂപിണിയായും, മരണത്തിനുപോലും മായ്ച്ചു കളയാൻ പാടവമില്ലാത്ത പ്രേമമുദ്രയായും, ആ വിശിഷ്ടനക്ഷത്ര ത്തെ അദ്ദേഹം ആരാധിക്കുന്നു. സ്പന്ദിക്കുന്ന അസ്ഥിമാടത്തിൽ നിന്നു് അവഗണിക്കാൻ പാടില്ലാത്ത ഒരു സന്ദേശം ആ മംഗള ദേവതയുടെ സന്നിധിയിൽ അദ്ദേഹം സമർപ്പിക്കുന്നു. അതു മ റെറാന്നുമല്ല: തൻെറ ഭൗതികാവശിഷ്ടം ആറടിമണ്ണിനുള്ളിൽ വി ശ്രമിക്കുമ്പോഴും, ആ അസ്ഥിമാടം അർത്ഥവുഞ്ജകമായി സ്പന്ദിച്ചു കൊണ്ടിരിക്കുമെന്നു്; പാലപ്പൂക്കളിൽനിന്നു പരിമളം പറന്നെ ത്തി പാതിരയെ പുണരുന്നൊഴുകുമ്പോൾ— ചന്ദ്രിക മഞ്ഞണിഞ്ഞു മദാലസയായി നൃത്തംചെയ്യുമ്പോൾ—മരക്കൊമ്പുകളിൽ കൊക്കു



Digitized By Kerala Sahitya Akademi

തമ്മി മുട്ടിമുട്ടിയിരുന്നു് ആ സ്പന്ദനം ശ്രദ്ധിക്കുന്ന കിളികൾ അതിൽ അന്തർഹിതമായിരിക്കുന്ന സന്ദേശം വിളിച്ചുപറയുന്നതായിരിക്കുമെന്നു്; മനുഷ്യബന്ധമില്ലാതെ വിദൂരതകളിൽ സ്ഥിതി ചെയ്യുന്ന നക്ഷത്രങ്ങളോടു് അപ്പോൾ ആ കിളികൾ ഇങ്ങനെ വിളിച്ചു ചോദിക്കുന്നതായിരിക്കുമെന്നു്:—

"ഈവിധശോത്സവമുണ്ടോ കഥിപ്പിൻ
താരകകളേ, നിങ്ങൾതൻ നാട്ടിൽ?"

'ഹൃദയമുള്ള സർപ്പ'ത്തിരിക്കൂടി ആ ദേവിയുടെ സന്നിധിയിൽ ഒരു പരമാർത്ഥം സമർപ്പിക്കുന്നു—ദേവീ, ഞാൻ ഒരു ദൈവദൂതനല്ല; തെററു പററാവുന്ന ഒരു മനുഷ്യൻമാത്രം. എൻെറ അപരാധങ്ങൾ അസംഖ്യങ്ങളത്രേ. ഉഗ്രകാകോളം വമിക്കുന്ന ഒരു സർപ്പമാണു് ഞാൻ. പക്ഷേ എനിക്കും ഒരു ഹൃദയമുണ്ടു്. നിന്നെമാത്രം ഞാൻ കൊത്തുകില്ല; നിന്നെ മാത്രം ഞാൻ വേദനിപ്പിക്കയില്ല. എന്നാൽ,

"തെററിദ്ധരിച്ചിരുന്നെന്നെ നീപോലുമെൻ-
കഷ്ടകാലത്തിൻെറ ശക്തിമൂലം.

................................................

ശത്രുക്കളാണെനിക്കൊക്കെ നീമാത്രമേ
മിത്രമായിന്നെനിക്കുള്ള മന്നിൽ.

................................................

നീമാത്രമൊന്നെന്നെ വിശ്വസിച്ചാൽ മതി
നീറുമല്ലെങ്കിലെന്നന്തരംഗം.
വഞ്ചിക്കയില്ലയേ നിന്നെമാത്രം പ്രിയേ,
നെഞ്ചിടിപ്പററു ഞാൻ വീഴുവോളം

................................................

സർപ്പമാകാം ഞാൻ, വിഷം വമിക്കാം, ഉഗ്ര-
ദർപ്പവുമുണ്ടാമെനിക്കു—പക്ഷേ,



Digitized By Kerala Sahitya Akademi

അത്രയ്ക്കുമാത്രം മനസ്വിനിയാണു നീ
കൊണ്ടുകയില്ല ഞാൻ നിന്നൊമാത്രം.

..............................................

ദേവി 'നീ കാണുമീമട്ടിൽ' നിൻമുന്നിൽ ഞാൻ
ദേവനായ് നിൽക്കും മരിക്കുവോളം."

മനുഷ്യൻ ക്രൂരനോ വഞ്ചകനോ സർപ്പമോ ഒക്കെയാകാം. പക്ഷേ ഒരു പരമാർത്ഥമെങ്കിലും അയാൾക്ക് ഇല്ലാതിരിക്കണമെന്നില്ലല്ലോ. ഈ പരമാർത്ഥം തൻെറ ദേവി വിശ്വസിക്കണമെന്ന് ആ പ്രേമഗംഭീരനു നിർബ്ബന്ധവുമില്ല. എന്നാൽ വേദനയനുഭവിക്കുന്ന ഈ ഹൃദയത്തിൻെറ പരമാർത്ഥങ്ങൾ അവിശ്വസിക്കത്തക്കവിധം സാംസ്കാരം മുൻവിധിയോടുകൂടി നിൽക്കരുതേ എന്നുമാത്രമാണ് ആ ദുഃഖിതൻെറ അപേക്ഷ. ഈ പ്രേമനിവേദനത്തിലെ ശിഥിലചിന്തകൾ സമാഹരിച്ചിരിക്കുന്ന മറെറാരു കവിതാഭാഗമാണ് 'ഒരു കഥ'. കരുണം കരകവിഞ്ഞ് ഒഴുകുന്ന ഒരു കഥ പറയാം, നിങ്ങൾ കരയരുതേ, എന്ന് അപേക്ഷിച്ചുകൊണ്ട് ആ കഥ തുടരുന്നു—പക്ഷേ കാഥികൻ തെററിദ്ധരിക്കുന്നതുപോലെ കേൾവിക്കാരുടെ മനസ്സു ദുഃഖഭരിതമാകുന്നില്ല; ചൂടുപിടിക്കുന്നുമില്ല. കഥയും, കേൾവിക്കാർ കരയുമെന്നുള്ള ഉത്തമവിശ്വാസവും ഒരുപോലെ ദുഃഖപര്യവസായിയായിത്തീരുന്നു. ഇതിലെ കഥാപാത്രങ്ങളെ സംബന്ധിച്ചുള്ള പരമാർത്ഥം ഇതാണ്:—

"നീരസം പരസ്പരമില്ലാക്കുമാക്കും, പക്ഷേ
നീറി നീറി മാനസം ദ്രവിക്കയാണെല്ലാക്കും."

കുറച്ചു നീരസം അവർക്കു സൂക്ഷിക്കാൻ സാധിച്ചിരുന്നെങ്കിൽ ഉള്ളുനീറലിൻെറ ഭാരത്തിനു തെല്ല് ആശ്വാസം കിട്ടുമായിരുന്നു. പക്ഷേ പരമാർത്ഥം അങ്ങനെയല്ല. ഇതാണ്, ഈ കഥയിലെ ദുഃഖപ്രിയയിഷ്ടമായ ഭാവം. ഇതിലെ തെററുകാരെ കണ്ടുപിടിക്കയെന്നതു ബുദ്ധിയുള്ളവരുടെ ആവശ്യമല്ല. പരിസരത്തിനു് അടിമപ്പെട്ടുപോകുന്ന മനുഷ്യഹൃദയത്തിൻെറ ദൗർബ്ബല്യം മനസ്സിലാക്ക



Digitized By Kerala Sahitya Akademi

ന്നതിനു് ഈ കഥ വളരെ സഹായിക്കും. സദാചാരബോധത്തിന്റെ നട്ടെല്ലിന്മേൽ കരുണം ഇതിൽ ഉയരുന്നില്ല. ഉയർത്തണമെന്നു കവിക്കു മനഃപൂർവ്വവുമില്ല. തന്നെയല്ല, സദാചാരബോധങ്ങളെന്നറിയപ്പെടുന്ന മിനുങ്ങുന്ന കള്ളനാണയംകൊണ്ടു പങ്കുകച്ചവടത്തിനു് അദ്ദേഹത്തിനു് ആഗ്രഹവുമില്ല. ദുഃഖപര്യവസായിയായ ഈ കഥയ്ക്കുശേഷം ഹൃദയത്തിന്റെ നീറലിനു തെല്ലു് ആശ്വാസംകിട്ടാൻ കാഥികൻ ദുർദിക്കിൽ കരിടത്തു ചെന്നുചേരുന്നു. 'മരിച്ച സ്വപ്നങ്ങൾ' ഓരോന്നും അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. യൗവനത്തിന്റെ വൃന്ദാവനഭൂമിയിൽ പ്രേമമുരളിയൂതിനിന്ന ആ പ്രേമഗായകന്റെ ചുററും നൃത്തംചെയ്ത സങ്കല്പഗോപികകളേയും അദ്ദേഹം സ്മരിക്കുന്നു. യുദ്ധംചെയ്തു തളൎന്നപ്പോൾ ബുദ്ധിക്കുകിട്ടിയ പാകതയോടുകൂടി ആ ചിന്താശീലൻ പറയുന്നു:—

"ഇന്നോ ജഗത്തേ, നമസ്കരിക്കുന്നു ഞാൻ
എന്നെ നീ വീണ്ടും ചവിട്ടരുതേ."

..................................................

"കഷ്ടം വിദൂരനഗരമേ, നിൻമടി-
ത്തട്ടിൽ ഞാനീവിധം വന്നുചേർന്നു
നീയെന്റെ ജന്മഭൂവല്ലല്ലോ മന്മനം
നീറുന്ന കണ്ടു രസിച്ചു നിൽക്കാൻ.

..........................................

തമ്മിൽ പരിചയമില്ലാത്ത മർത്ത്യരേ
നിങ്ങൾക്കിടയിൽ ഞാൻ വന്നുചേർന്നു
എന്നാററമിത്രങ്ങളല്ലല്ലോ മൽപ്രാണ-
ദണ്ഡത്തിൽ കോൾമയിർക്കൊള്ളാൻ നിങ്ങൾ.

..........................................................

എൻതോഴരല്ലല്ലോ നിങ്ങളെന്നൽക്കഷ്ട-
ചിന്തയിലസ്വസ്ഥചിത്തരാകാൻ."

അദ്ദേഹത്തിന്റെ ദേവി ഹൃദയഹീനയല്ല. ആ വിഷമുള്ള പാമ്പിന്റെ ഹൃദയത്തെപ്പററി അവൾക്കു് അവിശ്വാസമില്ല. ആ



Digitized By Kerala Sahitya Akademi

അസ്ഥിമാടത്തിലെ സ്പന്ദനങ്ങൾ ഓരോന്നും ആവേശജനകമായ ജീവിതഗാനത്തിന്റെ താളങ്ങളാണെന്നുള്ള കാര്യത്തിൽ ആ ആർദ്രചിത്തയ്ക്കു സന്ദേഹമില്ല. ദൗർബ്ബല്യങ്ങളും വിസ്മൃതികളുമൊക്കെയുണ്ടെങ്കിലും ആ കാഥികൻ തനിക്കായി ഒരു സത്യം സൂക്ഷിക്കുന്നുണ്ടെന്നുള്ള കാര്യത്തിൽ അവക്കു സംശയമില്ല. ആ ഗായകനെ നോക്കിക്കൊണ്ടു് അവർ പറയുന്നു:—

“ഒന്നുമെനിക്കുവേണ്ടാ മൃദുചിത്തത്തി-
ലെന്നെക്കുറിച്ചുള്ളൊരോർമ്മമാത്രം മതി.
..................................................
താവകോൽക്കർഷത്തിനെൻജീവരക്തമാ-
ണാവശ്യമെങ്കിലെടുത്തുകൊള്ളൂ ഭവാൻ.
എങ്കിലുമങ്ങതൻ പ്രേമസംശുദ്ധിയിൽ
ശങ്കയുണ്ടാവില്ലെനിക്കല്പമെങ്കിലും.
ആയിരമംഗനമാരൊത്തു ചേർന്നെഴും
ആലവാലത്തിൻ നടുക്കങ്ങു നിൽക്കിലും
ഞാനസൂയപ്പെടില്ലെന്റെയാണാ മുഗ്ദ്ധ-
ഗാനാർദ്രചിത്തമെനിക്കറിയാം വിഭോ.
.................. ..................................
കാണും പലതും പറയുവാനാളുകൾ
ഞാനൊരാളല്ലാതറിവതില്ലങ്ങയെ
...................................... ..............
ഒന്നും പ്രതിഫലം വേണ്ടെനിക്കാ മഞ്ജു-
മന്ദസ്മിതം കണ്ടു കൺകുളിർത്താൽ മതി.”

ത്യാഗബന്ധുരമായ പ്രേമത്തിന്റെ സ്പന്ദനങ്ങൾ ഇതിൽ കൂടുതൽ ഹൃദയാവർജ്ജകമായി പ്രകാശിപ്പിക്കുവാൻ എങ്ങനെയാണു് സാധിക്കുക? ആ മാനിനി, അവിശ്വസിക്കാൻവേണ്ടിയല്ല, ആ ഗായകനെ വിശ്വസിച്ചതു്; അകലുവാൻവേണ്ടിയല്ല, അടുത്തതു്; ദുഃഖിക്കുവാൻവേണ്ടിയല്ല, സ്നേഹിച്ചതു്.

പ്രകടനഭാരത്തിൽനിന്നു ശുദ്ധവും, ത്യാഗത്താൽ മനോജ്ഞരുമായ പ്രേമവൈശിഷ്ട്യത്തെ സ്ഫുരിപ്പിക്കുന്ന വേറെയും പല ക



Digitized By Kerala Sahitya Akademi

വിതകൾ സ്പന്ദിക്കുന്ന അസ്ഥിമാടത്തിൽ ഉല്ലസിക്കുന്നു. ഇതിൽ 'ഉപാസിനി' എന്ന പ്രേമാരാധന അതിന്റെ പൊൻചിറകുകൾ വീശി അപാരതയിലേയ്ക്കു സഞ്ചരിച്ചിരിക്കുന്നതു പുളകപ്രസര ത്തോടുകൂടിയല്ലാതെ വായിക്കുവാൻ സാദ്ധ്യമല്ല.

ശ്രീ: ചങ്ങമ്പുഴയുടെ പ്രേമഗീതങ്ങൾക്കുള്ള വൈശിഷ്ട്യങ്ങളിൽ ഒന്നു്, അവ ലളിതങ്ങളും കോമളങ്ങളുമായ പദപരിവാരങ്ങളോടുകൂടി ഏവരും ആരാധനയ്ക്കെത്തുന്ന ക്ഷേത്രപീഠത്തിൽ പൂജ നടത്തുന്നു എന്നുള്ളതാണു്. അവയുടെ സഞ്ചാരത്തിനു് ഒരു പ്രത്യേകതയുണ്ടു്; സ്വരത്തിനു് ഒരു ആകർഷണീയതയുണ്ടു്; നിവേദനത്തിനു് ഒരു സ്വാഭാവികതയുമുണ്ടു്. ഹൃദയത്തിൽനിന്നു പ്രവഹിക്കുന്നതും ഹൃദയത്തിൽ ലയിക്കുന്നതുമായ ഒന്നു് അവയിലുണ്ടായിരിക്കും. ബുദ്ധി വേണമെങ്കിൽ അതിൽനിന്നു്, വ്യാകരണത്തെറ്റു കണ്ടുപിടിച്ചേയ്ക്കാം; യതിമര്യാദകൾ ചൂണ്ടിക്കാണിച്ചേയ്ക്കാം. പക്ഷേ കവിത്വത്തിന്റെ യഥാർത്ഥമഹത്വം സ്ഥിതിചെയ്യുന്നതു് ഇത്തരം പൊട്ടുത്തുന്നുകളിലല്ലെന്നുള്ളതു് ആശ്വാസകരംതന്നെ.

ശ്രീ: ചങ്ങമ്പുഴയുടെ ഗാഥകൾ പ്രേമനികുഞ്ജങ്ങളിൽനിന്നു മഞ്ജീരശിഞ്ജിതങ്ങൾ ഉപേക്ഷിച്ചു വിശാലമായ അന്തരിക്ഷത്തിൽ ഇറങ്ങിനില്ക്കുമ്പോൾ ഭാവം ഒന്നു മാറുകയായി. സ്വാതന്ത്ര്യമില്ലാത്ത ഒരു നാട്ടിൽ പരതന്ത്രനായ ഒരു സാഹിത്യകാരനു് എത്രത്തോളമേ നീങ്ങാവൂ എന്നു് അപ്പോൾ അതു ചിന്തിക്കാറില്ല. സത്യത്തിന്റെ പ്രഖ്യാപനത്തിനു് ആരുടെ ഇഷ്ടാനിഷ്ടങ്ങളേയും അതു വകവെയ്ക്കാറില്ല. പരമാർത്ഥം പറഞ്ഞാൽ ശ്രീ: ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ കവനകലാപാടവത്തിന്റേയും വ്യക്തിത്വത്തിന്റേയും ഭാസുരമുദ്രകൾ പ്രകാശിക്കുന്നതു് അദ്ദേഹത്തിന്റെ പ്രേമേതരഗീതകങ്ങളിലാണു്. അദ്ദേഹം അച്ചനയ്ക്കു് ഉപയോഗിച്ച പുഷ്പങ്ങളിലേയ്ക്കും ശ്രേഷ്ഠമായിട്ടുള്ളതു് ഏതാണെന്നു ചോദിച്ചാൽ 'രക്തപുഷ്പങ്ങ'ളാണെന്നു പറയാൻ എനിക്കു തെല്ലും സംശയമുണ്ടാകുന്നില്ല. കേരളത്തോടും അതിലെ സഹോദരങ്ങളോടും



Digitized By Kerala Sahitya Akademi

ഒരു കവി എന്ന നിലയിൽ അദ്ദേഹം തൻെറ ഉത്തരവാദിത്വത്തെ വ്യക്തമാക്കിയിരിക്കുന്ന കവിത ഏതാണെന്നു ചോദിച്ചാൽ സ്പന്ദിക്കുന്ന അസ്ഥിമാടത്തിലെ 'ഭാവത്രയ'മാണെന്നു പറയാനും എനിക്കു സംശയമില്ല. എന്നാൽ പ്രേമത്തെപ്പററിയും അതിൻെറ അനുഭൂതികളെപ്പററിയും ഉൽബുദ്ധമാകുമ്പോൾ ആ കവിത മിനുങ്ങുന്ന ചില കണ്ണാടിക്കൂട്ടുകളിൽക്കിടന്നു ചിറകടിക്കുന്നു. പറഞ്ഞാൽ തീരാത്ത പരാതികളും ഒതുങ്ങാത്ത പരിഭവങ്ങളും അതിൽ നിറഞ്ഞുനില്ക്കുന്നു. പക്ഷേ ആ വേദനയുടെ അടിത്തട്ടിലേയ്ക്കു് അദ്ദേഹത്തോടൊപ്പം വായനക്കാർ ഇറങ്ങിച്ചെല്ലുന്നില്ല. ആ നിവേദനത്തിനു വേണ്ടത്ര വൈചിത്ര്യവും തികയുന്നില്ല.

മർദ്ദകന്മാരെന്നും മർദ്ദിതന്മാരെന്നും രണ്ടു ചേരിയായിത്തിരിയുന്ന ജനസംഘത്തിൽ ഒരു കവിയായ തനിക്കു് എവിടെയാണു് ചേരാവുന്നതു് എന്നു 'ഭാവത്രയം' എന്ന കവിതയിൽ ശ്രീ: ചങ്ങമ്പുഴ വ്യക്തമാക്കിയിരിക്കുന്നു. സുഭിക്ഷത എന്ന കേരളത്തിലെ അബദ്ധപ്രയോഗത്തിൻെറ മുമ്പിൽ ഉയർന്നിരിക്കുന്ന ആശ്ചര്യചിഹ്നങ്ങളാണു് ഈ കവിതയിലെ ഓരോ ഈരടിയും. സമുദായനീതിയുടെ ദുഷിച്ച ഭരണപാടവത്തെ ചോദ്യംചെയ്യാനുള്ള തിട്ടുക്കത്തോടുകൂടി സഹിഷ്ണുതയുടെ താഴ്വരകളിൽ അണിചേർന്നിരിക്കുന്ന സ്പന്ദിക്കുന്ന അസ്ഥിമാടങ്ങൾക്കു ലഭിക്കുന്ന ഉജ്ജീവനമന്ത്രമാണു് ആ കവിത. വികാരഭരിതനായ കവി കേരളത്തിൻെറ ഉത്ഭവത്തിനു രക്തംപുരണ്ട കൈകൊണ്ടു പണ്ടു മഴുവെറിഞ്ഞ ഭാർഗ്ഗവരാമനേയും വെറുതെ വിടുന്നില്ല.

"തൃപ്തിയോടിതു വാങ്ങിയ കാല-
ത്തല്പമിസ്ഥിതി ശങ്കിച്ചിരിക്കിൽ
ത്തൂണെറിയാതിരുന്നേനെ നൂനം,
ആ മഴുവന്നാ ഭാർഗ്ഗവരാമൻ."

സൃഷ്ടികർത്താവായ ഭാർഗ്ഗവരാമനു പററിയ ഒരു പരാജയമായിത്തീർന്നിരിക്കുന്നത്രേ കേരളം. മനുഷ്യനെസ്സംബന്ധിച്ചു് ഈശ്വരന്മാ

ന്നൻ

Digitized By Kerala Sahitya Akademi

ക്കുള്ള അജ്ഞതയും അവരുടെ ഭാവിയെസ്സംബന്ധിച്ചുള്ള അലസതയും ഈ ഭാഗത്തുനിന്നു് അദ്ദേഹം വ്യക്തമാക്കുന്നു. നീതി വീതിക്കുവാനായി വേദനയുടെ ചൂടിൽനിന്നു പൊട്ടിപ്പടന്നു് അട്ടഹസിച്ചുകയറുന്ന അഗ്നി വിളിച്ചുപറയുന്നു:—

"ദൈവനീതിതൻ പേരിലിദന്നാളം
കൈതവംതന്നെ ചെയ്യു ലോകം.
നിർദ്ദ്രകിത്തരം നീതി നാം, നമ്മൾ-
ക്കൊത്തൊരുമിച്ചു നിന്നു പോരാടാം.
വിപ്ലവത്തിൻെറ വെൺമഴുവാലാ
വിത്തഗർവ്വവിഷദ്രുമം വെട്ടി
സൽസമത്വസനാതനോദ്യാനം
സജ്ജമാക്കാൻ നമുക്കുദ്യമിക്കാം."

നീതികേടിൻെറ കടങ്ങൽ കാട്ടുതീയായി പടന്നുകയറുവാൻ കവിയുടെ ജീവകാരുണ്യം വെമ്പുന്നു. അസമത്വത്തിൻെറ മേദുരഗിരിമകുടം ഇടിച്ചുനിരത്തുന്ന ഇടിത്തീയായി മാറുവാൻ ആ ആത്മാത്ഥത തപരിക്കുന്നു.

മതഭ്രമിയിലെ എരിപൊരികൊള്ളൽ, പൂവനത്തണലിലെ കുളിമ്മ, കുഴയുന്ന മുഖത്തിൻെറ മങ്ങൽ, പുഞ്ചിരി തിളങ്ങുന്ന വദനത്തിലെ പ്രസന്നത, മരണത്തെ വലയംചെയ്തുനില്ക്കുന്ന വിഷാദഭാരം, ജനനത്തെ കൊണ്ടാടിനില്ക്കുന്ന ആഹ്ലാദം, മരുഭ്രമിയിലെ ദാഹപാരവശ്യം, കുടിച്ചുചാകലിലെ പാനപാരവശ്യം ഈ വൈരുദ്ധ്യങ്ങൾക്കു നടുവിൽ സ്ഥിതിചെയ്യുന്ന ജീവിതം, ഉപഹാസപൂവ്വം കാലത്തോടു ചോദിക്കുന്നു—അല്ലയോ കാലമേ, എത്ര നാളായി നീ ഈ അളവു തുടരുന്നു? എൻെറ നഖവിസ്തൃതിയെങ്കിലും നിനക്കു് അളന്നുതീക്കാൻ സാധിച്ചോ? ഈ പാഴ്‌വേല തുടരാതിരിക്കൂ. എനിക്കു സീമയോ!! ഞാൻ എവിടെ തുടങ്ങി, എവിടെ അവസാനിക്കുന്നു എന്നു് കാണ്മാൻ നിനക്കു് എന്തറിയാം? തെററിദ്ധ



Digitized By Kerala Sahitya Akademi

രിക്കാതിരിക്കു. വേണമെങ്കിൽ നീ എൻെറ പാട്ട കേട്ടുകൊള്ളുക; അതു വ്യാഖ്യാനിക്കാൻ ശ്രമിക്കേണ്ട.

ഭാരതത്തിനു താങ്ങാൻ പാടില്ലാത്ത ഭാരമായിത്തീന്നിരിക്കുന്ന വിദേശാധിപത്യത്തിനു് അഞ്ചാംനിരക്കാരായിത്തീന്ന കേരളത്തിലെ തെണ്ടുകൾ അവക്കു പററിയ വിഡ്ഡിത്തത്തെപ്പററി പറയുന്നു:—

"പിച്ചവാങ്ങാനമ്മറത്തന്നെത്തിനിന്നോരപ്പു-
മച്ചിലിന്നു മെത്തമേലിരുന്നു മത്തടിപ്പൂ!!"
"ഗ്രാമയുമനുചരരും കാലുകത്തി മണ്ണിൽ;
ക്ഷേമലക്ഷ്മിക്കക്ഷണം കരടുപോയി കണ്ണിൽ."

സ്കുന്ദിക്കുന്ന അസ്ഥിമാടത്തിലെ കവിതകളെല്ലാം ഈ അവതാരികയിൽ സ്പശിക്കുക എന്നു വന്നാൽ അതു വായനക്കാക്കു ഞാൻനിമിത്തമുണ്ടാകുന്ന ശിക്ഷയുടെ കാലാവധി കൂട്ടുന്നതിനേ പര്യാപ്തമാകയുള്ളു. ഇതിലെ രാരോ കവിതയെപ്പററിയും വേണ്ടതു ധരിക്കുവാൻ വായനക്കാരിൽ പൂണ്ണമായി സ്ഥിതിചെയ്യുന്ന സ്വാതന്ത്ര്യത്തെ ചോദ്യംചെയ്യുവാൻ ഞാൻ ശ്രമിക്കുന്നില്ല. എന്നാൽ ഇതിലെ ഉൽക്കൃഷ്ടങ്ങളായ ഗീതകങ്ങളെപ്പററി പ്രസ്താവിക്കുമ്പോൾ, നിർഭാഗ്യകരങ്ങളായ ചില കവിതകളെപ്പററിയും രണ്ടു വാക്കു പ്രസ്താവിച്ചുകൊള്ളട്ടെ. 'സൗഹൃദമുദ്ര' എന്ന തലക്കെട്ടിൽ ഇതിൽ ഒരു കവിത ചേത്തിരിക്കുന്നു. സ്നേഹിതനായ ഒരു പോലീസ് ഇൻസ്പെക്ടർ ശ്രീ: ചങ്ങമ്പുഴ എഴുതിയ ഒരു കത്താണു്. ഈ പോലീസ് ഇൻസ്പെക്ടർ ഒരു കവിയാണത്രേ. ആണോ അല്ലയോ എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. എന്നാൽ ഈ കത്തുകളും മററും പദ്യവടിവിൽ പുറപ്പെടുന്നതു് അത്ഭുതകരമായിരിക്കുന്നു. മററു തൊഴിലൊന്നും ഇല്ലാതിരുന്നപ്പോൾ മുമ്പു ചിലർ ഇതിൽ ഉയന്ന റെക്കാർഡുകൾ സമ്പാദിച്ചിട്ടുള്ളതായി കേട്ടിട്ടുണ്ടു്. ഇതു കൂടിയേ കഴിയു എന്നുണ്ടെങ്കിൽ എഴുതിക്കൊള്ളുക; എന്നാൽ നിരപരാധികളായ വായനക്കാർ എ



Digitized By Kerala Sahitya Akademi

ന്തു വേണം? മറ്റൊന്നു്, കവിയായ ഒരു സ്നേഹിതനു് അദ്ദേഹത്തിന്റെ വിവാഹവേളയിൽ എഴുതിക്കൊടുത്ത ഒരു മാംഗളാശംസയാണു്. ഇതു രണ്ടും ഇല്ലാതിരുന്നെങ്കിലും, ഈ കൃതിയിലെ മനോഹരങ്ങളായ കവിതകൾ പ്രകാശിക്കുമായിരുന്നെന്നാണു് എന്റെ വിനീതമായ അഭിപ്രായം. ഒരു കവി, അദ്ദേഹം എഴുതുന്നതെല്ലാം പുസ്തകത്തിൽ ചേർക്കാം എന്നു കരുതുന്നതു വായനക്കാരെപ്പററിയുള്ള അജ്ഞതകൊണ്ടാണു്.

സ്വാതന്ത്ര്യവും ചിന്താശീലനും ആപത്തു നിറഞ്ഞ അവസരത്തിൽ ജനകീയതാല്പര്യങ്ങളുടെ പ്രതിനിധിയായി മുമ്പോട്ടു വരുവാൻ പ്രാപ്തനുമായ ശ്രീ. ചങ്ങമ്പുഴ അനിഷ്ടസംഭവങ്ങളുടേയും അപജയങ്ങളുടേയും സംഘട്ടനവേളകളിൽ വിധിയുടെ വജ്ഞോൽക്കോലങ്ങൾക്കു പുറകിൽ ഒളിച്ചുനില്ക്കുന്ന കാഴ്ചയും ദയനീയമായിരിക്കുന്നു. ചിന്തയുടെ പുഴുക്കുത്തും അധഃപതനത്തിന്റെ വേദവാക്യവുമാണു് വിധി. ഭാസുരതരങ്ങളായ പരിവർത്തനങ്ങൾക്കു വേണ്ടി കാലം പ്രസവവേദനകൊള്ളുമ്പോൾ—ജീവിതത്തിന്റെ വിലയേറിയ വിപ്ലവം അതിന്റെ പരിവാരങ്ങളോടുകൂടി മുന്നോട്ടു നീങ്ങുമ്പോൾ—വിധിയിൽ കുരുങ്ങിക്കിടക്കുന്ന ജനതയെ പരിരക്ഷിക്കേണ്ട ഉത്തരവാദിത്വം ഒരു കവിക്കുള്ളതല്ലേ?

"വിധിയോടു പൊരുതിപ്പരാജയത്താ-
ലധികരുഷ്ടുടിപെട്ടു മാഴ്കമെന്നെ."
"നമിച്ചിടേണ്ടയോ വിധിയുടെ മുമ്പിൽ?"
"മനുജനു വിധി നീക്കിടാവതല്ല"

കർമ്മോന്മുഖരും സ്ഥിരോത്സാഹികളുമായ ജനതതിക്കു് അവമാനകരമായ ഒരു നിർദ്ദേശമാണു് വിധി.

"മഴയെന്നാംഗ്യം കണ്ടാലക്ഷണം പെയ്യും മേഘം
മതിയെന്നാജ്ഞാപിച്ചാലക്ഷണം മതിയാക്കും.
മാമകഹിതം നോക്കിച്ചലിക്കും മരുത്തുകൾ
മാമകഹിതം നോക്കി സ്രവിക്കും സരത്തുകൾ;



Digitized By Kerala Sahitya Akademi

പാടില്ലെന്നെങ്ങാൻ ചൊന്നാൽ പാടില്ലാ പറവകൾ,
വാടരുതെന്നോതിയാൽ വാടില്ലാ മലരുകൾ.
കേവലം വേലക്കാരിപ്പെണ്ണായിനില്ലും കനി-
ഞ്ഞീ വിശ്വപ്രകൃതി കൈകൂപ്പിക്കൊണ്ടെന്നെൻമുന്നിൽ"

ഇങ്ങനെ അതിമാനുഷനെ സൃഷ്ടിക്കുന്ന കവി വിധിയുടെ താളി യോലഗ്രന്ഥങ്ങളിൽ തപ്പിത്തിരിയുന്നതു വിചിത്രതരമായിരിക്കുന്നു. അതുപോലെ മരണത്തിന്റെ നേർക്ക് അദ്ദേഹം കൂടുതൽ മമത കാണിക്കുന്നതായും തോന്നിപ്പോകുന്നു. മരണം ജീവിതത്തെ അതിന്റെ പാട്ടിനു വിട്ടേയ്ക്കട്ടെ. മരണത്തിന്റെ ഭീഷണികളുടെ മുമ്പിൽ ഞെട്ടേണ്ടതു ഒന്നല്ല, ജീവിതം. മരണം ജീവിതത്തിന്റെ ഒരു ആവശ്യമാണെങ്കിലും ജീവിതം മരണത്തിന്റെ യാതൊന്നുമല്ല.

"കാലവാതമടിച്ചെത്ര കോടി-
ശ്രീലപുഷ്പങ്ങൾ ഞെട്ടററുപോയി.
പൊട്ടിടാത്തതെന്തെന്നിട്ടുമയ്യോ
കഷ്ടമിക്കൊച്ചുനീർപ്പോളമാത്രം."

"നാകം, കാല്പനികോത്സവാങ്കിതലസൽ-
ക്കാനൽജ്ജലം പിന്നെയെ-
ന്നോകം, സത്യ,മനശ്വരം?—മൃതി,യതേ
മൃത്യോ, ജയിക്കുന്നു നീ!"

"മരവിക്കുവാൻവേണ്ടി ഞാനേവം ചരിക്കുന്നു
മരണത്തിനുവേണ്ടി ഞാനേവം ജീവിക്കുന്നു."

നീതികേടും നിസ്സഹായതയും അന്ധമതത്തിന്റെ നീതിശാസ്ത്രങ്ങളും നിറഞ്ഞു നില്ക്കുന്ന മണ്ഡലത്തിൽ മരണം ആശ്വാസകരണംതന്നെ. എന്നാൽ നൈരാശ്യം അതിന്റെ വിലയിടിക്കുന്നതു നന്നല്ല. ജീവിതസമരത്തിൽ മരണത്തിന്റെ ഉത്തരവാദിത്വം ത്യാഗത്തിന്റെ ധാർമ്മികാഹ്വാനങ്ങളോ, കാലത്തിന്റെ അഭിവാഞ്ഛകളോ ഏറെറടുത്തുകൊള്ളട്ടെ. ശ്രീ. ചങ്ങമ്പുഴ മര



Digitized By Kerala Sahitya Akademi

ണത്തെ ആത്മാർത്ഥതയോടുകൂടി ക്ഷണിക്കുന്നുണ്ടെങ്കിലും ഒരു കാര്യം അദ്ദേഹം വ്യക്തമാക്കുന്നുണ്ട്:

"മൃതിയണവതിനാശയായി, പക്ഷേ
മുതിരുകയില്ലിവനാത്മഹത്യ ചെയ്യാൻ."

തന്നെയല്ല, ഒരിടത്തു് അദ്ദേഹം ചോദിക്കുന്നു—

"നിരഘമിജ്ജീവിതംപോലുമയ്യോ
വെറുമൊരു പൊള്ളയാം സ്വപ്നമെങ്കിൽ
സ്വയമതുംകൂടി നാം കണ്ണുനീരിൽ
കഴുകിക്കളവതു മൗഢ്യമല്ലേ?
അറുതിവരേയ്ക്കും തുളുമ്പിടേണ-
മതിൽ നവോല്ലാസത്തിൻ വേണുഗാനം"

മനുഷ്യത്വം അവമാനിക്കപ്പെട്ടു നില്ക്കുന്നേടത്തും, സ്വാതന്ത്ര്യമായ ചിന്താഗതി അവഗണിക്കപ്പെടുന്നേടത്തും ചങ്ങമ്പുഴക്കവിത ഉൽക്കടതയോടുകൂടി കടന്നുചെല്ലുന്നു. ലാവണ്യത്തിന്റെ പൊലിമയുടേയും, സ്ത്രീത്വത്തിന്റെ മഹിമയുടേയും കനകരേഖകൾപോലെ തുളുമ്പിത്തുടിക്കുന്ന മാത്തട്ടോടുകൂടി അഹംകരിച്ചുനടക്കുന്ന മാനിനിമാരെക്കണ്ടു് അതു ചോദിക്കുന്നു—

"അമൃതം തുളുമ്പുമപ്പോർമുലക്കുടം നിങ്ങൾ-
ക്കടിമപ്പുഴുക്കളെപ്പാലൂട്ടിപ്പോറ്റാനല്ലേ?
താമരത്താരൊത്തൊരക്കൈയുകൾ ദാസന്മാരെ-
ത്താരാട്ടു പാടിപ്പാടിത്തൊട്ടിലാട്ടുവാനല്ലേ?"

പരിസരങ്ങളിൽ ഒരിടത്തെങ്കിലും ഒരു തണൽ കാണാതെ ഉള്ളു പൊള്ളുമ്പോൾ അദ്ദേഹം അപേക്ഷിക്കയായി—

"എരിവെയ്ലേററേററയ്യോ സർവ്വാംഗം പൊള്ളുന്നല്ലോ
വരു നീ വരു വേഗം വർഷത്തിൻ കൊടുങ്കാററേ!
ഉൽക്കടപ്രഭാവോഗ്രനായ നിന്നിടിവെട്ടിൽ
ചക്രവാളാന്തംപോലും ചിതറിത്തെറിക്കട്ടെ!"

ദൗർബല്യങ്ങളും ശത്രുക്കളും നിറഞ്ഞ മനുഷ്യത്വത്തിന്റെ പ്രതി



Digitized By Kerala Sahitya Akademi

നിധിയായി ആകാശത്തേയ്ക്കു മുഖമുയത്തിനിന്നുകൊണ്ടു് ആദ്ദേഹം പാടുന്നു—

"വാനിൻ വിമലവിശാലനഗരിയിൽ
വാണരുളീടും ജഗൽപ്പിതാവേ,
കത്താത്തതെന്താണം നക്ഷത്രദീപങ്ങൾ?
കഷ്ടമവിടെയും യുദ്ധമുണ്ടോ?
അല്ലെങ്കിലെന്തിനാണാ നല്ല നാട്ടിലു-
മല്ലിതിലേവം തമസ്സരണം?
അംഗീകൃതേകാധിനായകനായീട്ടു-
മങ്ങേയ്ക്കുമങ്ങു ശത്രുക്കളുണ്ടോ?
ആ നിലയ്ക്കുള്ളതമെന്നുണ്ടീക്കീടത്തി-
നായിരം വൈരികളുത്ഭവിക്കിൽ?"

ചങ്ങമ്പുഴക്കവിതയുടെ മുമ്പിൽ ആക്ഷേപം നിരത്തുന്നവർ പലരുണ്ടു്. അവരിൽ അധികംപേരും നിരൂപകന്മാരാണു്. ഞാൻ ഒരു നിരൂപകനല്ല. പക്ഷേ ഈ നിരൂപണങ്ങളിൽ പലതിലും കാണാറുള്ളതു് ഉൽകൃഷ്ടമായ നിരൂപണകലയുടെ ശുദ്ധിയല്ലാ, അസൂയയുടെ കറയാണു്. നിരൂപകന്മാർ എന്തുതന്നെ പറഞ്ഞാലും ചങ്ങമ്പുഴക്കവിത കേരളീയരെ ആകർഷിച്ചുകഴിഞ്ഞു, കേരളത്തെ ഉണർത്തിക്കഴിഞ്ഞു. അതിൽ രണ്ടു് ഈരടിയെങ്കിലും അറിഞ്ഞുകൂടാത്ത യുവജനങ്ങൾ കേരളത്തിൻെറ കോണുകളിൽപ്പോലും കാണുകില്ല. അതിൽ ഒരു ഈരടിയെയെങ്കിലും ആക്ഷേപിക്കാത്ത കവികളും കുറവാണു്. പക്ഷേ അവരിൽ പലരും രാജ്യരക്ഷയ്ക്കുവേണ്ടി കവിതയെഴുത്തു നിറുത്തേണ്ടവരാണു്. ഒരു കവിക്കു് ആസ്വാദകരായ ജനങ്ങളുമായി നേരിട്ടു് ഇടപെടുവാൻ സാധിച്ചുകഴിഞ്ഞാൽ ഇടയ്ക്കു ദല്ലാളുകാരുടെ ആവശ്യം ഉണ്ടാകുന്നില്ല. ആവേശജനകവും ആമോദഭരിതവുമായ ആ ഗാനകല അനുസ്യൂതം ഉയന്നുകൊള്ളട്ടെ. പരതന്ത്ര്യമായ മാതൃഭൂമിക്കു രുചികരങ്ങളായ ആഹാരസാധനങ്ങൾ പാകപ്പെടുത്തുന്നതി



Digitized By Kerala Sahitya Akademi

നുള്ള തീയായും, ഐശ്വര്യാഭാസത്തിന്റെ പച്ചിലത്തഴപ്പിനെ പരീക്ഷിക്കുന്ന കൊടുങ്കാററായും, വിപ്ലവത്തിനു വിശ്രമിക്കുവാനുള്ള തണലായും, ജീവിതത്തിന്റെ. ക്ഷേത്രത്തിൽനിന്നു് ഉയരുന്ന ശംഖനാദമായും അതു് ഉത്തരോത്തരം ഉല്ലസിച്ചുകൊള്ളട്ടെ. പ്രാബല്യം തികഞ്ഞ ആ കാവ്യകല ഇതാ കേരളാഭിമാനത്തിന്റെ സന്നിധിയിൽ അതിന്റെ ഇരുപതാമത്തെ ഉപഹാരമായ 'സ്പന്ദിക്കുന്ന അസ്ഥിമാടം' സവിനയം സമപ്പിച്ചുകൊള്ളുന്നു. ഈ സമപ്പണത്തിന്റെയും സ്വീകരണത്തിന്റേയും മദ്ധ്യത്തിൽ അനാവശ്യമായി നില്ക്കുന്ന അവതാരകനു നിങ്ങൾ മാപ്പു നല്കണേ!

കോട്ടയം,
16—3—1945.

പൊൻകുന്നം വക്കി.



Digitized By Kerala Sahitya Akademi

# കവിതകൾ


| | | | |
|---|---|---|---|
| 1. | സ്പന്ദിക്കുന്ന അസ്ഥിമാടം | .... | 1120 തുലാം |
| 2. | ഉപാസിനി | .... | 1110 മീനം |
| 3. | അതിമാനുഷൻ | .... | 1120 തുലാം |
| 4. | ഹൃദയമുള്ള സർപ്പം | .... | 1120 തുലാം |
| 5. | ഒരു കഥ | .... | 1120 തുലാം |
| 6. | ആനന്ദലഹരി | .... | 1111 മേടം |
| 7. | ഭാവത്രയം | .... | 1120 കന്നി |
| 8. | ജീവിതം | .... | 1117 മീനം |
| 9. | പച്ച | .... | 1120 തുലാം |
| 10. | ആ കുഗ്രാമത്തിൽ | .... | 1108 മേടം |
| 11. | നക്ഷത്രം | .... | 1120 തുലാം |
| 12. | എന്റെ കവിത | .... | 1117 ചിങ്ങം |
| 13. | വൈരുദ്ധ്യം | .... | 1120 തുലാം |
| 14. | എന്നിട്ടും വന്നില്ല | .... | 1119 മിഥുനം |
| 15. | മരിച്ച സ്വപ്നങ്ങൾ | .... | 1120 ചിങ്ങം |
| 16. | തെങ്ങുകളുടെ വിഡ്ഢിത്തം | .... | 1120 തുലാം |
| 17. | ഒരു പുലപ്പെണ്ണിന്റെ പാട്ട് | .... | 1120 തുലാം |
| 18. | പട്ടിണിക്കാർ | .... | 1120 തുലാം |
| 19. | സൗഹൃദമുദ്ര | .... | 1120 തുലാം |
| 20. | ശാലിനി | .... | 1120 തുലാം |


Digitized By Kerala Sahitya Akademi

# സ്പന്ദിക്കുന്ന അസ്ഥിമാടം

Digitized By Kerala Sahitya Akademi

# സ്പന്ദിക്കുന്ന അസ്ഥിമാടം

അബ്ദമൊന്നു കഴി,ഞ്ഞിതാ വീണ്ടു-
മസ്സുദിനമെൻമുന്നിലെത്തി.
ഇച്ചുരുങ്ങിയ കാലത്തിനുള്ളി-
ലെത്ര കണ്ണീർപ്പുഴകളൊഴുകി!
അത്തലാലലം വീർപ്പിട്ടു വീർപ്പി
ട്ടെത്ര കാമുകഹൃത്തടം പൊട്ടി!
കാലവാതമടിച്ചെത്ര കോടി
ശ്രീലപുഷ്പങ്ങൾ ഞെട്ടററുപോയി!—
പൊട്ടിടാത്തതെന്തെന്നിട്ടു,മയ്യോ,
കഷ്ടം,മിക്കൊച്ചുനീർപ്പോളമാത്രം!
ദുഃഖചിന്തേ, മതി മതി,യേവം
ഞെക്കിടായ്ക നീയെൻ മൃദുചിത്തം!
ഇസ്സുദിനത്തിലെങ്കിലുമല്പം
വിശ്രമിക്കാനെനിക്കുണ്ടു മോഹം.
ആകയാ,ലിന്നകമലിഞ്ഞെന്നി-
ലേകണേ നീയതിന്നനുവാദം!
സല്ലപിച്ചു കഴിച്ചിടട്ടിന്നാ
നല്ലകാലസ്മൃതികളുമായ് ഞാൻ!........

## II

സുപ്രഭാതമേ, നീയെനിക്കന്നൊ-
രപ്സരസ്സിനെക്കാണിച്ചുതന്നു.

Digitized By Kerala Sahitya Akademi

ഗേഹലക്ഷ്മിയായ് മിന്നുമൊരോമൽ-
സ്നേഹമൂർത്തിയെക്കാണിച്ചുതന്നു.
പ്രാണനുംകൂടിക്കോൾമയിർക്കൊള്ളും
പൂനിലാവിനെക്കാണിച്ചുതന്നു.
മന്നിൽ ഞാനതിൻ സർവ്വസ്വമാമെ-
ന്നു കണ്ടപ്പോഴാരോർത്തിരുന്നു!
കർമ്മബന്ധപ്രഭാവമേ, ഹാ, നിൻ-
നർമ്മലീലകളാരെന്തറിഞ്ഞു!

മായയിൽ ജീവകോടികൾ തമ്മി-
ലീയൊളിച്ചുകളികൾക്കിടയിൽ,
ഭിന്നരൂപപ്രകൃതികൾ കൈക്കൊ-
ണ്ടൊന്നിനൊന്നകന്നങ്ങിങ്ങു പോകാം.
കാലദേശങ്ങൾ, പോരെങ്കി,ലോരോ
വേലികെട്ടി പ്രതിബന്ധമേകാം.
ഉണ്ടൊരു കാന്തശക്തിയെന്നാലും
കണ്ടുമുട്ടുവാൻ ദേഹികൾ,ക്കെന്നാൽ!
എന്നുകൂടിയിട്ടെങ്കിലും, തമ്മി-
ലൊന്നുചേർന്നവ നിർവൃതിക്കൊള്ളും!
മർത്ത്യനീതി വിലക്കിയാൽപ്പോലും
മത്തടിച്ചു കൈകോർത്തു നിന്നാടും!
അബ്ധി,യപ്പോ,ഴെറുമ്പുചാൽമാത്രം!
അദ്രികൂടം ചിതൽപ്പുറ്റുമാത്രം!
ഹാ, വിട്ടൂരഭ്രൂവയുഗം, മുല്ല-
പ്പൂവിതളിന്റെ വക്കുകൾമാത്രം!

വൃഥ

Digitized By Kerala Sahitya Akademi

മുത്തു മുത്തുമായൊത്തൊരുമിച്ചാൽ
മർത്ത്യനീതിയ്ക്കു സംതൃപ്തിയായി.
ജീവനെന്താട്ടെ, മാംസം കളങ്കം
താവിടാഞ്ഞാൽ സദാചാരമായി.
ഇല്ലതിൽക്കവിഞ്ഞാവശ്യമായി-
ട്ടില്ലതിനന്യതത്വവിചാരം!
കേണുഴന്നോട്ടെ ജീവൻ വെയിലിൽ
കാണണം മാംസപിണ്ഡം തണലിൽ!!....

## III

പഞ്ചത ഞാനടഞ്ഞെന്നിൽനിന്നെൻ-
പഞ്ചഭൂതങ്ങൾ വേർപെട്ടനാളിൽ,
പൂനിലാവലതല്ലുന്ന രാവിൽ,
പൂവണിക്കുളിർമാമരക്കാവിൽ,
കൊക്കുരുമ്മി,ക്കിളി മരക്കൊമ്പിൽ,
മുട്ടിമുട്ടിയിരിയ്ക്കുമ്പൊ,ഴേവം,
രാക്കിളികൾ,ളന്നെന്നസ്ഥിമാടം
നോക്കി, വീർപ്പിട്ടു വീർപ്പിട്ടു പാടും:—

“താരകകളേ, കാൺമിതാ നിങ്ങൾ
താഴെയുള്ളൊരീ പ്രേതകുടീരം?
ഹന്ത,യിന്നതിൻ ചിത്തരഹസ്യ-
മെന്തറിഞ്ഞു, ഹാ, ദൂരസ്ഥർ നിങ്ങൾ?
പാല പൂത്ത പരിമളമെത്തി-
പ്പാതിരയെപ്പുണർന്നൊഴുകുമ്പോൾ;
മഞ്ഞണിഞ്ഞു, മദാലസയായി



Digitized By Kerala Sahitya Akademi

മഞ്ജുചന്ദ്രിക നൃത്തമാടുമ്പോൾ,
മന്ദമന്ദം പൊടിപ്പതായ്ക്കേൾക്കാം
സ്പന്ദനങ്ങളിക്കല്ലറയ്ക്കുള്ളിൽ!
പാട്ടു നിർത്തി,ച്ചിറകുമൊതുക്കി-
ക്കേട്ടിരിക്കുമതൊക്കെയും നിങ്ങൾ.
അത്തുടിപ്പുകളൊന്നിച്ചുചേർന്നി-
ട്ടിത്തരമൊരു പല്ലവിയാകും:—

‘മണ്ണടിഞ്ഞു ഞാ,നെങ്കിലുമിന്നും
എന്നണുക്കളി,ലേവ,മോരോന്നും,
ത്വൽപ്രണയസ്മൃതികളലാവി
സ്വപ്നനൃത്തങ്ങളാടുന്നു, ദേവി!!....’

താദൃശോത്സവമുണ്ടോ, കഥിപ്പിൻ
താരകകളേ, നിങ്ങൾതൻ നാട്ടിൽ?....”

16—3—1120.

1

ലോകം ശാശ്വതമല്ല, ജീവിതസുഖ-
സ്വപ്നങ്ങൾ മായും, വരും
ശോകം, മായികബുദ്ബുദങ്ങൾ മറയും,
പായും സരിത്സഞ്ചയം,
നാകം കാല്പനികോത്സവാങ്കിതലസൽ-
ക്കാനൽജ്ജലം!—പിന്നെ,യെ-
ന്തേകം, സത്യ,മനശ്വരം?—മൃതി!—യതേ,
മൃത്യോ, ജയിക്കുന്നു നീ!!

19—9—1119.



Digitized By Kerala Sahitya Akademi

2

താമരപ്പൊയ്കയിൽ,ത്തങ്കത്തെളിവെയിൽ
താവിച്ചിരിച്ചോരുഷസ്സിൽ,
ആളികളൊത്തു ചേർന്നാടിക്കുഴഞ്ഞു നീ
കേളിനീരാട്ടിനന്നെത്തി.
കൊഞ്ചുന്ന തത്തകൾ ചൂഴ,മൊരു കൊച്ചു-
പഞ്ചവർണ്ണക്കിളിപോലെ!
കണ്ടു ഞാൻ നിന്നെ,ക്കുവലയമദ്ധ്യത്തിൽ-
ച്ചെണ്ടിട്ട തണ്ടലർപോലെ!!

22—5—1111.

3

സുന്ദരകലാശാലാമന്ദിരപ്രാന്തത്തിലെ
നന്ദനവനത്തി,ലാ ഗ്രീഷ്മാന്തസായന്തനം,
കങ്കേളിപ്പൂച്ചെണ്ടുകളൊട്ടേറെ,യോരോ നേർത്ത
തങ്കനൂലിന്മേൽക്കോർത്ത തോരണം കെട്ടിത്തൂക്കി.
കണ്ണാടിച്ചെപ്പിൽപ്പിടിച്ചിട്ട മിന്നലുപോലെ,
കണ്ണഞ്ചും പൂമൊട്ടുകൾ വിടർന്നൂ കമ്പിക്കാലിൽ.
കാററാടിച്ചെടികളാ 'റേഡിയോ'പെയ്യും ഗാന-
മേറവുപാടിക്കൊണ്ടാരാലുലഞ്ഞൂ കുളിർകാററിൽ!
കൊച്ചിയി,ലഴിമുഖ,ത്തലമാലകൾക്കക-
ത്തുജ്ജ്വലമാമാദിത്യബിംബം, ഹാ, മറഞ്ഞുപോയ്!
മാമകപിതാവിൻെറ ജന്മദേശത്താക്കാഴ്ച
മാനസത്തിങ്കൽ, കഷ്ടം, സങ്കടം കൊളുത്തുന്നു.
അമ്മട്ടു മറഞ്ഞുപോയച്ഛനുമൊരിക്കലാ-
ക്കണ്ണടഞ്ഞപ്പോൾ 'കൊച്ചുകുട്ട'നെക്കണ്ടില്ലല്ലോ!
സ്പന്ദനം നില്ക്കുംവരേക്കുമവനെക്കുറിച്ചെത്ര
ചിന്തകളെരിഞ്ഞിട്ടി,ല്ലാ മൃദുഹൃദന്തത്തിൽ!!......

10—8—1113.



Digitized By Kerala Sahitya Akademi

# ഉപാസിനി

[ദ്വിജേന്ദ്രലാൽറോയിയുടെ 'മേവാഡ് പതൻ'
എന്ന വിഖ്യാതനാടകത്തിലെ ൨൩ രംഗം.]

മജ്ജീവനായക, മംഗളദായക,
ത്വച്ചിത്രമെൻമുന്നിൽവെച്ചു, ഞാനീവിധം,
സന്തതമെൻമനസ്പന്ദനപ്പൂക്കളാൽ
സമ്മതിച്ചാലു,മൊന്നച്ചനചെയ്യുവാൻ!

മാമകോപാസനമൂലം, ഭവൽപാദം
മാടിവിളിയ്ക്കാവു ലോകസിംഹാസനം!
പാറിപ്പറക്കട്ടെ നിൻജയശ്രീ വരും
പാതയിലൊക്കെയും പൊല്ലൊടിക്കുറകൾ!
തങ്കച്ചിറകിട്ടടിച്ചടിച്ചെപ്പൊഴും
നിൻകീർത്തിതൻ കൊച്ചുവെള്ളിൽപ്പറവകൾ,
സഞ്ജനിതോല്ലാസസംഗീതലോലരായ്
സഞ്ചരിച്ചീടാവു ചക്രവാളങ്ങളിൽ!
താവകശ്രീയാം കുയിലിന്റെ കൂജനം
താവും മുകിലപ്രതാപനികുഞ്ജകം,
മാറിൽക്കിടത്തിയുറക്കട്ടെ ഭദ്രമായ്
മാനസം നീറുമിബ്ഭാരതക്ഷോണിയെ!

II

നിർമ്മലപ്രേമമരന്ദനിഷ്യന്ദിയാ-
മെൻമനസ്സാമിളംതാമരമൊട്ടിനെ,

വൃന്ദ

Digitized By Kerala Sahitya Akademi

മന്ദം തടവിത്തടവി വിടർത്തുന്ന
മഞ്ജുശിശിരപ്രഭാതപ്രഭാകര,
ചാരുകരങ്ങളാ,ലെന്നിൽക്കിളുർന്നൊര-
ക്കൂരിരുളൊക്കെയും ദൂരീകരിച്ചു നീ!
ഫുല്ലപ്രസന്നമെൻയൗവനത്തിൻ മുല്ല-
വല്ലിക്കുടിലിലിന്നൊരേകാന്തകോകിലം;
മൽസുഷുപ്തിക്കു സുഖസ്മൃതി നല്കീടും
നൽസുവർണ്ണസ്വപ്നസങ്കേതസൈകതം;
മുററുമെന്നോമൽപ്രതീക്ഷകൾ മേൽക്കുമേൽ
മൊട്ടിട്ടുപോകും വസന്താഗമോത്സവം;
മാമകജീവിതം ധന്യമാക്കിത്തീർത്ത
മാഹാത്മ്യധാമമാമെന്നേകദൈവതം;—
അയ്യോ, ഭവാനെ മറക്കാൻ, വെറുക്കുവാൻ,
വയ്യെനി,ക്കള്ളാ, മതി മതി സാഹസം!
മായാത്ത രാഗവിലാസങ്ങളാൽ, ഭവാൻ
ചായം പിടിപ്പിച്ചു മാമകജീവിതം.
ആയിരമായിരം രോമഹർഷങ്ങളി-
ലായതിന്നോളം പൊതിഞ്ഞു സൂക്ഷിച്ചു നീ!

## III

അപ്രിയംമൂലം, മതത്തിൻെറ ജീർണ്ണിച്ച
കുപ്പായമൊന്നിനു മാറിയകാരണം,
അച്ഛനാവാത്സല്യമെന്നിലെഴുന്നൊരെ-
ന്നച്ഛനു, കഷ്ടം, ചതുർത്ഥിയായീ ഭവാൻ.
തിങ്ങുന്ന കോപാൽ വിലക്കുന്നതച്ഛനി-
ന്നങ്ങയോടുള്ളോരെന്നാത്മപുഷ്പാർച്ചനം.



Digitized By Kerala Sahitya Akademi

എങ്കിലും, ദേവ, മൽപ്രാണനെൻറ നിശ്ശബ്ദ-
സങ്കടം തങ്കിടും സങ്കീർത്തനങ്ങളാൽ,
സാധിക്കുമല്ലോ, ഭവാനെസ്സതതമി-
സ്സാധുവിനഞ്ജലിചെയ്തു പൂജിക്കുവാൻ.
തങ്കപ്രകാശത്തിൽ മുങ്ങിക്കുളിക്കുമി-
സ്സങ്കല്പലോകത്തിലെങ്കിലു,മങ്ങയെ,
എന്നുമിമ്മട്ടു ഭജിക്കുവാനല്ലാതെ
മന്നിലെനിക്കില്ല മററൊന്നുമാഗ്രഹം!

## IV

കല്യാണമണ്ഡപംതൊട്ടു, മോദാൽ, ശവ-
ക്കല്ലറയോള,മാക്കാലടിപ്പാടുകൾ,
എന്തുവന്നാലും, മനം കലങ്ങീടാതെ
പിൻതുടർന്നീടേണ്ട 'കല്യാണി'യല്ലി ഞാൻ!
യാനം മദീയ,മിതെത്ര വിലക്കിലും
ഞാ,നെൻപിതാവേ, മടങ്ങുകയില്ലിനി.
അല്ലലിൻ കാററും മഴയുമേററീടിലും
തെല്ലും തുളുമ്പുകിടിക്കുകില്ലെൻവ്രതം.
സത്യ,മിപ്രേമപ്രതിഷ്ഠയ്ക്കുവേണ്ടി,യെൻ-
ഹൃത്തിൽത്തുളുമ്പും ചുടുനിണംകൂടിയും,
വേണെങ്കി,ലക്ഷണമർപ്പണംചെയ്യു,മെൻ-
പ്രാണാധിനാഥൻെറ പാദപത്മത്തിൽ ഞാൻ.
ഓക്കാതൊരിക്കലൊന്നായ, രണ്ടാത്മാക്ക-
ളാക്കു സാധിക്കുമകററി മാററീടുവാൻ?
ആരെയുമൊന്നു കിടുകിടുപ്പിക്കുന്നൊ-
രാ മരണത്തിൻ കൊടുങ്കാററടിക്കിലിൽ,



Digitized By Kerala Sahitya Akademi

മങ്ങിക്കെടുന്നതല്ലിത്രനാൾ മേൽക്കുമേൽ
മിന്നിത്തെളിഞ്ഞൊരിപ്രേമപ്രദീപാങ്കുരം!

*　　　*　　　*

അങ്ങതാ ദൂരെക്കുണുങ്ങുന്ന വല്ലികൾ
ഗംഗാതടത്തിൽനിന്നെത്തും സമീരനിൽ.
അഞ്ചിതമാമെൻമനസ്സിനെപ്പോലതാ
പുഞ്ചിരിക്കൊള്ളുന്നു ചെമ്മുകിൽത്തുണ്ടുകൾ.
എന്നാത്മനാഥന്റെ സദ്യശസ്സെന്നപോ–
ലെങ്ങും പരക്കുന്നു പുഷ്പപരിമളം.
മംഗളസാന്ധ്യസനാതനദീപ്തിയിൽ
മുങ്ങിനില്ക്കുന്നു മരതകക്കുന്നുകൾ —
മോഹനം, മോഹനം! — ഞാനെന്നിലുള്ളൊരീ
സ്നേഹഭാരത്തിനാൽ മൂർച്ഛിപ്പൂ, ദൈവമേ!!...

6—8—1110.

4

ജനതതൻ സമരത്തിൽ, സമതതൻ സദനത്തിൽ
ജയലക്ഷ്മി നമ്മെയും കാത്തുനിൽക്കെ;
മതമരത്തണൽപ്പററിപ്പഴിപറഞ്ഞന്യോന്യം
മണലെറിഞ്ഞെന്തേ നാം മത്സരിപ്പൂ?
അണിയുവിൻ കവചങ്ങൾ, കളയുവിൻ കലഹങ്ങ,–
ളണിയിട്ടിട്ടണയുവിൻ സമരഭൂവിൽ.
അവിടെയാ 'റഷ്യ'യിലാ 'രക്തസേന'ത–
ന്നവിരാമപടഹത്തിൻ തിരയടികൾ,
മദമത്തപൈശാച 'ഫാസിസ'ശക്തിതൻ
മരണവിദ്യോതകമണിയൊലികൾ,

വ്യൻ

Digitized By Kerala Sahitya Akademi

അണയുന്നതില്ലെന്നോ നിങ്ങൾതൻ ചെവികളി-
ലുണരുവിൻ, കളയുവാനില്ല നേരം!
മതിയാക്കൂ മതവൈര,മിരുൾ നീക്കി സ്വാതന്ത്ര്യ-
ദ്യുതി പൊഴിച്ചുയരാറായുദയസൂര്യൻ!

14—12—1119.

5

സുപ്രസിദ്ധകവിയായ ശ്രീമാൻ തൈക്കാട്ട് ചന്ദ്രശേഖരൻ
നായരുടെ വിവാഹാവസരത്തിൽ സമർപ്പിക്കപ്പെട്ട
മംഗളോപഹാരത്തിലേയ്ക്കു് എഴുതിക്കൊടുത്ത

## ആ ശം സ.

കവനമോഹിനി നടനമാടുന്ന
കളിമലർക്കാവിലനുദിനം,
കളകളങ്ങളാൽത്തരുലതകളെ-
പ്പുളകംകൊള്ളിച്ചു വിലസി നീ.
യുവചൈതന്യത്തിനുണർവ്വരുളുന്നു
തവ യശസ്സിന്റെ പരിമളം!

തുനിയുകയാണിന്നനഘദാമ്പത്യ-
വനികയിൽ ഭവാൻ കയറുവാൻ
ഇടറിയോടിയ മധുരസ്വപ്നങ്ങ-
ളുടലാർന്നെത്തുമിക്കവിതയെ—
തണലും ശാന്തിയും തരുമീ നിസ്തുല-
പ്രണയകല്പകലതികയെ—
സതികുലോജ്ജ്വലമകുടഹീരക-
സുദതിയാകുമി'സ്സുമതി'യെ—
വരണമാല്യത്താൽക്കരളോടു ചേർത്തു
പരിചിൽബ്ബന്ധിക്കും സുദിനത്തിൽ,



Digitized By Kerala Sahitya Akademi

പ്രിയസുഹൃത്ത, ഞാനരുളുന്നൂ ഭവാ-
ന്യുതമാശംസാവചനങ്ങൾ!

ഭരിതരാഗാർദ്രഹൃദയരായ്ക്കൈക്കോ-
ർത്തിരുവർ നിങ്ങൾ പോം സരണിയിൽ,
പരിധിയില്ലാത്ത പരമഭാഗ്യങ്ങൾ
പനിനീർപ്പൂ വാരി വിതറട്ടേ;
അലമലമോരോ സുഖസമൃദ്ധിക-
ളലയടിച്ചടിച്ചൊഴുകട്ടെ!
ചിരകാലമൊന്നിച്ചിനി നിങ്ങളൊരു
മുരളീഗാനത്തിൽ മുഴുകട്ടെ!!........

10—3—1114.

## അതിമാനുഷൻ

പതിനോരായിരത്തി-
മുന്നൂറിൽപ്പരമായീ
പകലും രാവും നൃത്തം-
ചെയ്തു വന്നെൻമുന്നിൽ.
അത്രയുമാദിത്യന്മാ-
രെന്നതിഥികളായി-
ട്ടെത്തിയിട്ടുണ്ടെൻവീട്ടി-
ലെന്നാൽ ഞാനിന്നും ബാലൻ;
കഷ്ടിച്ചു നാനൂറോളം
പൂർണ്ണചന്ദ്രന്മാർ, പുഷ്പ-
വൃഷ്ടിചെയ്തെന്നെ നോക്കി-
ച്ചിരിച്ചിട്ടുണ്ടിന്നോളം.

ൻഫ

Digitized By Kerala Sahitya Akademi

എങ്കിലു,മെൻറതല്ലാ-
ത്താദിത്യനൊന്നെത്തീട-
മെൻചിതാഭസ്മം കാണ്മാ,-
നെന്നസ്ഥി പെറുക്കുവാൻ!

കരമൊന്നെങ്ങാനല്പം
സ്പർശിച്ചാൽ, സൂര്യൻപോലും
കരിയും വിദ്യുച്ഛക്തി-
യെന്നിലില്ലെന്നാർ കണ്ടു!

അതിനാ,ലൊരുദിനം
ഞാനവസാനിയ്ക്കുമ്പോ-
ളതിനോടൊപ്പംതന്നെ
ലോകവും നശിച്ചേയ്ക്കും.

പട്ടടത്തീയെൻനേർക്കു
നാക്കു നീട്ടുമ്പോൾ, ഞെട്ടി-
ക്കെട്ടുപോം നക്ഷത്രങ്ങൾ!—
സർവ്വവുമിരുട്ടാകും!

"ഇന്നോളം പരകോടി മർത്ത്യർതൻ ഹൃൽസ്പന്ദങ്ങൾ
നിന്നിട്ടും, ബ്രഹ്മാണ്ഡത്തിൻ ഭ്രമണം നിന്നിട്ടുണ്ടോ?"

ശരിയാ,ണൊരിയ്ക്കലും
നിന്നിട്ടി,ല്ലെന്നാ,ലെൻറ
മരണം—നോക്കിക്കൊള്ളൂ!—
മരവിപ്പിയ്ക്കും വിശ്വം!!

൪൨

Digitized By Kerala Sahitya Akademi

# അതിമാനുഷൻ

അതിനാലെന്നെക്കാൺകെ-
യൊളിപ്പൂ പേടിച്ചോടി
മൃതി!—യെന്തിതു കേട്ടു
ചിരിക്കുന്നുവോ നിങ്ങൾ?
അതിമാനുഷനാണു ഞാ,-
നതേ, ഞാനല്ലാതി-
ക്ഷിതിയിലമ്മട്ടേകൻ
ജനിച്ചിട്ടില്ലിന്നോളം!
ഉണ്ടാകില്ലിനിയൊരു
കാലത്തും!—നിയതിയെ-
ക്കൊണ്ടു പന്താടുന്നൊരി-
ക്കൈയുകൾ കണ്ടോ, നിങ്ങൾ?

നിങ്ങളും, പുത്രന്മാരും,
പൗത്രപൗത്രന്മാർപോലും
മണ്ണായി മണ്ണിൽച്ചേർന്നു
മയങ്ങിക്കിടക്കുമ്പോൾ,

കേവലം ശിശുവാം ഞാൻ
കൈനീട്ടിപ്പൊൻതാരക-
പ്പൂവിറുത്തെടുത്തങ്ങി-
ങ്ങെറിഞ്ഞു വിനോദിക്കും;
അന്നു ഞാൻ, കെടാൻപോകു-
മാദിത്യക്കനലൂതി-
പ്പൊന്നന്തിത്തിരി മോദാൽ-
ക്കൊളുത്തും വീട്ടിന്നുള്ളിൽ.

ൻമ

Digitized By Kerala Sahitya Akademi

## സ്പന്ദിക്കുന്ന അസ്ഥിമാടം

അമ്പിളിപ്പൊൻകിണ്ണത്തിൽ-
കൈമുക്കി, കളഭച്ചാ-
ട്ടൻപിൽ ഞാൻ മെയ്യിൽപ്പൂശും
രാവിലന്നുണ്ണിയ്ക്കുമ്പോൾ.

മഴ,യെന്നാംഗ്യം കണ്ടാ-
ലക്ഷണം പെയ്യും മേഘം
'മതി',യെന്നാജ്ഞാപിച്ചാ-
ലക്ഷണം മതിയാകും.

മാമകകഥിതം നോക്കി-
ച്ചലിക്കും മരുത്തുകൾ
മാമകകഥിതം നോക്കി
സ്രവിക്കും സരിത്തുകൾ.

'പാടില്ലേ',ന്നെങ്ങാൻ ചൊന്നാൽ
പാടില്ലാ പറവകൾ
'വാടരുതെ',ന്നോതിയാൽ
വാടില്ലാ മലരുകൾ

തരുവല്ലികൾ പൂക്കും
പൂക്കാതെ നിൽക്കും, കായ്ക്കും
വരുതിയ്ക്കൊപ്പിച്ചന്നു
കായ്ക്കാതെ ചുമ്മാ നിൽക്കും!—

അന്നത്തെ ഞാനാരാണെ-
ന്നൂഹിയ്ക്കാൻപോലും, നിങ്ങൾ-
ക്കിന്നിപ്പോൾക്കഴിവുണ്ടോ?
പുഴുക്കൾ, കഷ്ടം, നിങ്ങൾ!!

ൻര്

Digitized By Kerala Sahitya Akademi

ഉണ്ടെന്നുമില്ലെന്നുമായ്
നിങ്ങൾ പോരടിപ്പതു
കണ്ടൊളിച്ചിരിപ്പൂ,മാ
മായാവിയൊന്നുണ്ടല്ലോ.

എന്താണാസ്സരസൻെറ
പേർ?—അതേ, 'ദൈവം!'—ദൈവ–
മെന്തൊരത്ഭുത,മെന്നെ–
യന്വേഷിച്ചിങ്ങോട്ടെത്തും!

"ഭൃത്യനാക്കണമെന്നെ!"–
യെന്നു കേണിരക്കും—ഞാൻ
മൃത്യുവിനെക്കൊണ്ടന്നെൻ–
ചെരിപ്പു തുടപ്പിക്കും!

കേവലം വേലക്കാരി–
പ്പെണ്ണായി നില്ക്കും കുനി–
ഞ്ഞീ വിശ്വപ്രകൃതി, കൈ–
കൂപ്പിക്കൊ,ണ്ടന്നെൻമുന്നിൽ!

നാക്കുകൾ നീട്ടി,ക്കിത–
ച്ചേങ്ങി, വാലാട്ടിക്കൊണ്ടു
നായ്ക്കളെപ്പോ,ലെൻമുമ്പിൽ–
ക്കിടക്കും, ഹാ, സിംഹങ്ങൾ!

ആത്തകൗതുക,മെൻെറ
ഗേഹത്തി,ലങ്ങിങ്ങായി
ലാത്തിടും, മാർജ്ജാരങ്ങ–
ളെന്നപോൽ, ശാർദ്ദൂലങ്ങൾ!



Digitized By Kerala Sahitya Akademi

അബ്ധികളലറില്ല
നേർവഴി മുടക്കുകി-
ല്ലദ്രിക,ളഹങ്കരി-
ച്ചീടുകില്ലാകാശങ്ങൾ!

സർവ്വശക്തനാമെൻെറ
സന്നിധാനത്തിൽ,ക്കാണാം
സർവ്വവും ഭദ്രം, ശാന്തം,
നിശ്ശബ്ദം, സുരക്ഷിതം!

യുദ്ധമി,ല്ലഹങ്കാരമി-
ല്ലെല്ലാമൊരുപോലെ
വർത്തിപ്പൂ;—ഞെട്ടും സർവ്വ-
മെൻെറാററി ചുളുങ്ങിയാൽ!

അഖിലം നശിച്ചിട്ടേ
നശിപ്പൂ ഞാ,നെൻനാശ-
മഖിലത്തിൻറം നാശ-
മതിമാനുഷൻ, ഹാ, ഞാൻ!!

11—3—1120.

6

സ്വാതന്ത്ര്യദേവതേ, നീയെഴുന്നള്ളുമാ-
പ്പാതയിൽപ്പട്ടു വിടുർത്തി വിരിക്കുവാൻ,
സന്നദ്ധതയോടണിഞ്ഞൊരുങ്ങി സ്വയം
മുന്നിട്ടുവന്നിതാ നിൽപൂ മജ്ജീവിതം.

12—5—1118.

ൻറു

Digitized By Kerala Sahitya Akademi

7

അന്നൊരിക്കലൊരക്ഷരമോതാ-
തെന്നെ വിട്ടു നീ പോയിട്ടും,
വന്നണഞ്ഞിതോ പുല്കുവാനെന്നെ-
പ്പിന്നെയും നീ, വിഷാദമേ?

19—3—1114.

8

ലാളിത്യം കലരും വികാരമഖിലാ
ലോകത്തിനാക്ഷേപമാ-
ണാളില്ലാതലയുന്നു പോററിടുവതി-
ന്നാദർശസംശുദ്ധികൾ!
ആളിക്കത്തി വിഷപ്പുകച്ചുരുൾവമി-
ച്ചുഗ്രസ്ഫുലിംഗോൽക്കരം
നീളെപ്പാകിയെരിഞ്ഞിടുന്നലകിലാ
വിദ്വേഷദാവാഗ്നിയും!

10—9—1119.

9

എങ്ങുനി,ന്നെങ്ങുനി,ന്നെന്നടുത്തെത്തി നീ
സംഗീതസാന്ദ്രമാം പൊൻകിനാവേ?
നീയാഗമിക്കുംവരേക്കുമെജ്ജീവിതം
നീറിനീറിക്കൊണ്ടിരുന്നിതന്നു.
എന്നെച്ചുഴന്നെഴുമന്തരിക്ഷംപോലും
കണ്ണീർ പുരണ്ടുള്ളതായിരുന്നു.
അത്യത്ഭുതമാമൊരു പരിവത്തന-
മപ്പിച്ചു നീയെന്നടുത്തു വന്നു.
ഉത്സവദായിനി, ദർശിപ്പൂ നിന്നെയെ-
ന്നുദ്ധാരണത്തിൻ കിരണമായ് ഞാൻ.



Digitized By Kerala Sahitya Akademi

നിന്മുജ്ജപ്രലോദയം മാമകസൗഭാഗ്യ-
ചന്ദ്രോദയംതന്നെയായിരുന്നു.
ആ നീലക്കൺമുന പുല്കുന്നതാരെയാ-
ണാനീതമാകുമവനു ഭാഗ്യം
ദൈവം വിധിച്ചതെനിക്കാണതുഴിയിൽ
കൈവരിച്ചീടുവൻ—ഭാഗ്യവാൻ ഞാൻ!

16—7—1119.

10

കരിമുകിൽനിര ചേരും വാനിങ്കൻ വീണ്ടുമെൻ-
കനകനക്ഷത്രമുദിക്കുകില്ല.
അനുരാഗവിവശ ഞാനീ മലർവാടിയിൽ-
ത്തനിയേയിരുന്നു കരഞ്ഞുകൊള്ളാം.
അതിനാലിങ്ങിനിയുമെൻചാരത്തിരുന്നിടേ-
ണ്ടയി സഖി, നീ പോയ്ക്കിടന്നുകൊള്ളൂ!!

20—1—1109.

## ഹൃദയമുള്ള സ്വപ്നം

തെററിദ്ധരിച്ചിതന്നെന്നെ നീഃപാല്യ,മെൻ-
കഷ്ടകാലത്തിൻെറ ശക്തിമൂലം.
ആരെന്തു ചൊല്കിലും ചഞ്ചലമാവുകി-
ല്ലാ മനസ്സെന്നു ഞാൻ വിശ്വസിച്ചു.
അല്ലലാണെല്ലാമെനിക്കു, നിൻകൺമുന-
ത്തെല്ലൊന്നിലേ ചെററു ശാന്തിയുള്ളൂ.
ദുസ്സഹമാണെനി,ക്കേവ,മത്തും, വെറും
ദുശ്ശങ്കമൂലം ജലാർദ്രമായാൽ!

ൻവ്വ

Digitized By Kerala Sahitya Akademi

ശത്രുക്കളാണെനിക്കൊക്കെ, നീ മാത്രമേ
മിത്രമായിന്നെനിക്കുള്ളു മന്നിൽ.
ലോകമെമ്മട്ടെല്ലാമെന്നെപ്പഴിക്കിലും
ശോകാർത്തനല്ലതിലൊന്നിലും ഞാൻ.
നീമാത്രമൊന്നെന്നെ വിശ്വസിച്ചാൽ മതി
നീറുമല്ലെങ്കിലെന്നന്തരംഗം!
വഞ്ചിക്കയില്ലയേ, നിന്നെമാത്രം പ്രിയേ,
നെഞ്ചിടിപ്പററു ഞാൻ വീഴുവോളം!
ചെഞ്ചോര വാർത്തു പിടയ്ക്കുകിൽക്കൂടിയും
ചഞ്ചലമാവുകില്ലെൻഹൃദയം.
എന്നെ നീ വിസ്മരിച്ചാലും, മറക്കില്ല
നിന്നെ ഞാനെൻകണ്ണടയുവോളം!

സർപ്പമാകാം ഞാൻ, വിഷം വമിക്കാം, മുഗ്ര-
ദർപ്പവുമുണ്ടാമെനിക്കു, പക്ഷേ—
അത്രയ്ക്കുമാത്രം മനസ്വിനിയാണു നീ—
കൊത്തുകയില്ല ഞാൻ നിന്നെമാത്രം!
ഓടക്കുഴൽവിളിയായ നിൻമുന്നിൽനി-
ന്നാടും ഫണം വിരിച്ചോമനേ, ഞാൻ!
കാണിക്കപോലുമില്ലെൻവിഷപ്പല്ലുകൾ
പ്രാണനും പ്രാണനായുള്ള നിന്നെ!

സർപ്പത്തിനുമുണ്ടാമുജ്ജ്വലസൗന്ദര്യം
സത്തമേ, നീയതു കണ്ടറിഞ്ഞു.
എന്നല്ല, നീയതിൽക്കൺകുളുർത്തങ്ങനെ
നിന്നതിൻ വിസ്തൃതമാം ഫണത്തിൽ,
പൂവിതൾക്കൂടിയും തൊട്ടാൽ, മുറിപ്പെട്ടു
നോവു,മിളംകൈവിരലുകളാൽ,



Digitized By Kerala Sahitya Akademi

ദേഹം പുളകത്തിൽ മൂടി മൂടി സ്വയം
സ്നേഹപുരസ്സരമോമനിച്ചു!
ഓരോ വിരലും മുറിഞ്ഞു മുറിഞ്ഞതി-ലൂറ്റോ
ചോരയൊലിച്ചിട്ടുമോമനിച്ചു!
ലോകംമുഴുവൻ വെറുക്കുമതിനു, നീ-
യേകി, നിന്നാർദ്രമാമന്തരംഗം!—
മന്ദഹസിക്കുമാക്കുന്ദപുഷ്പത്തിലും
സുന്ദരമായുള്ളൊരന്തരംഗം!—
അംഗുലീസ്പർശത്തിലാ വീണക്കമ്പിപോൽ-
സ്സംഗീതം സ്പന്ദിക്കുമന്തരംഗം!—

സന്ദേഹമില്ലുഗ്രസർപ്പത്തിനുംകൂടി
നന്ദികേടില്ലാ മനുഷ്യനോളം!
നന്നായ് നിനക്കതറിയാം—കൃതജ്ഞനാ-
ണെന്നുമിസ്സർപ്പം, നീ വിശ്വസിക്കൂ!
സന്നദ്ധനാണതിൻ പ്രാണനുംകൂടി, നിൻ
മന്ദസ്മിതത്തിനായ് സന്ത്യജിക്കാൻ!

മേദുരസ്നേഹാർദ്രമായൊരാക്കണ്ണുക-
ളാദർശമൂർത്തിയായ്ക്കാൺമിതെന്നെ—
നിന്ദ്യസർപ്പത്തിനെ—ത്തീവ്രമാമീമന-
സ്പന്ദമെങ്ങൊന്നടക്കിടും ഞാൻ?
ദേവി, നീ കാണുമീമട്ടിൽ, നിന്മുന്നിൽ ഞാൻ
ദേവനായ് നില്ക്കും മരിക്കുവോളം!
തെററിദ്ധരിക്കരുതെന്നെ നീ മേലിൽ!—ഞാൻ
തെററു ചെയ്യില്ല നിന്നോടു ചെററും!!........

2—3—1120



Digitized By Kerala Sahitya Akademi

## 11

അന്തഃചരിത്രമെഴാതനന്തതയിൽനി-
ന്നുൽഭൂതമായ്ജ്ജീവിത-
സ്പന്ദങ്ങൾക്കു വിരാമദാത്ഭുതസുധാ-
സിക്തപ്രഭാകേന്ദ്രമായ്,
അന്തസ്സ്പർശമെഴാത്ത ദീർഘസുഖസു-
പ്തിക്കേകസങ്കേതമായ്-
ജ്ജന്തുക്കൾക്കുഭയാങ്കമായ്, മരണമേ,
രാജിപ്പൂ നിൻ മന്ദിരം!

19—9—1119.

## 12

ഏതോ മഹത്താമദൃശ്യകരങ്ങൾത-
ന്നേകാന്തലീലയ്ക്കധീനമായങ്ങനെ,
മുന്നോട്ടൊഴുക്കിലൊലിച്ചുപോയല്പനാ-
ളൊന്നിച്ചു നമ്മുടെ ജീവിതത്തോണികൾ.
കണ്ടുനാമത്തെല്ലുനേര,മൊരായിരം
ചെണ്ടിട്ടു നില്ക്കുന്ന പൊന്നിൻകിനാവുകൾ.
ഇണ്ടലാർന്നന്യോന്യമീവിധമിന്നു നാം
രണ്ടുവഴിയായ്പ്പിരിഞ്ഞു പോയെങ്കിലും,
വിസ്മയംചേരുമാ സ്വപ്നത്തിലൊന്നിനി
വിസ്മരിക്കാൻ നമുക്കൊക്കുമോ, മോഹിനി?

21—4—1120.

## 13

A Poem written in the Autograph Book of
SREE RAVI VARMA APPAN THAMPURAN

കമ്പിതമെൻകൈത്തൂവലൻപിലെൻഹൃദയത്തെ-
ത്തമ്പുരാനടിയറവെയ്ക്കുവാൻ വെമ്പുന്നല്ലോ!



Digitized By Kerala Sahitya Akademi

ചമയാൻ ഭാവിക്കേണ്ട ഭാഷേ, നീ, സൗഹാർദ്ദത്തിൻ
സമയം സമാഗതം—നീയിദം സംസാരിക്കൂ!

"ആദരാലിന്നെന്നെയീ ലിഖിതാരാമത്തിലേ-
ക്കാനയിച്ചിട്ടും കൈകൾ മരവിച്ചേക്കാം, നാളെ!
എന്നാലും, സ്നേഹത്തിൻെറ വൈജയന്തിയുമേന്തി
നിന്ന നാളവക്കെന്തൊരഴകായിരുന്നെന്നോ!
അവതന്നുടമസ്ഥൻ നിസ്വനായിരുന്നിട്ടു-
മവനെത്തട്ടിത്താഴ്ത്താനെല്ലാരും യത്നിച്ചിട്ടും,
ഈശ്വരൻ പിണങ്ങിയില്ലവനോട,തുമൂല-
മാശ്വസിച്ചവൻ ഗാനലോലനായ് കാലംപോക്കി!!...."

10—3—1110.

## ഒരു കഥ

കരുണരസം കരകവിയും
കഥ പറയാം—പക്ഷേ
കരളുരുകിക്കരളുരുകി-
ക്കരയരുതിന്നാരും.

ശാന്തിവാഴ്കും പൂവനത്തിലൊന്നിൽവന്നൊരാരാമൽ-
ക്കാന്തിയേന്തും ചെമ്പനിനീർച്ചെമ്പകം കിളുന്നു.
ചില്ലകളിൽപ്പല്ലവങ്ങളുല്ലസിച്ചന്നാക്കും
തെല്ലുനാളിനുള്ളിലതു ചെല്ലമായിത്തീർന്നു.
സന്തതം പരിസരത്തിൽപ്പൂന്തണൽ വിരിച്ചു-
ന്നന്തികത്തൊരാർദ്രമാകം പാരിജാതം നിന്നു.



Digitized By Kerala Sahitya Akademi

ഒരു ശിശിരനിശയിലേതോ
പവനഗതിമൂലം
പരിചിയലും ലതിക ചാഞ്ഞാ-
ത്തരുവരനിൽച്ചേൎന്നു.

പാവനമാം വിൺവെളിച്ചം നിത്യവും നുകൎന്നു
പാരിജാതച്ഛായയിലാച്ചെമ്പകം വളൎന്നു.
കാററടിയും, പേമഴയും, തീവെയിലും മെയ്യി-
ലേററിടാതാദ്ദിവ്യവൃക്ഷം വല്ലരിയെക്കാത്തു.
നമ്മലോലമാമതിനെ പ്രാണനാണെന്നോൎത്തു
നിൎമ്മലപ്രണയസൂക്തം മൎമ്മരമായ് വാൎത്തു;
തളിരലഞ്ഞും, മലരണിഞ്ഞും,
മധു ചൊരിഞ്ഞും, മെയ്യിൽ-
ക്കുളിരണിഞ്ഞും, കരൾകവൎന്നാ-
ക്കനകവല്ലി മിന്നി!

II

കഴിഞ്ഞു കാലം—കരിങ്കുയിലിൻ
കപടവേഷം ചാൎത്തി-
ക്കഴുകനൊന്നാക്കളിവനിയിൽ-
ച്ചിറകടിച്ചാൎത്തെത്തി.

കോമളമദാകലിതകാകളികളാലേ
കോൾമയിർക്കൊള്ളിച്ചിതതു കോകിലത്തെപ്പോലെ!
നിഷ്കളങ്കഭാവദീപ്തസപ്നസാന്ദ്രവക്ത്രം
നിസ്തുലപ്രേമാൎദ്രഗീതം നിൎഗ്ഗളിക്കും ചിത്രം.
വിശ്വമതിൻ ശ്രോത്രത്തിൽ വിസ്മയിച്ചുപോകും
വിശ്വസിക്കില്ലുഗ്രമാകും ഗൃദ്ധ്രമാണെന്നാരും.



Digitized By Kerala Sahitya Akademi

പരിമൃദുലഹൃദയമെഴും
പരഭൃതികയൊന്നാ-
പ്പടപതഗഘാതകനോമൽ-
പ്രണയിനിയായ്ത്തീൎന്നു.

കതപാനസക്തവു,മയുക്തവുമാണയ്യോ,
മുഗ്ദ്ധഗാനസ്നിഗ്ദ്ധമാമച്ചിത്തമെന്നാരോൎക്കും!
പാട്ടുപാടിപ്പൂവനത്തിൽപ്പാൎത്തിടും പതത്രം
വേട്ടയാടിക്കാട്ടിൽ നീളെപ്പോകുമെന്നാരോൎക്കും!
വഞ്ചനയറിഞ്ഞിടാത്തപ്പിഞ്ചുപെൺകുയിലിൻ
കൊഞ്ചലിലും നെഞ്ചിടിപ്പു തഞ്ചിനിന്നു, കഷ്ടം!

വരനഖരഖരശിഖര-
വിദലിതമാം ഹൃത്തിൽ
വരമധുരപ്രണയവുമായ്-
പ്പികസുദതി കേണു!!........

## III

മദതരളകളകളമ-
തലയിളക്കിച്ചെന്നാ
മലരണിയും ലതികകളെ-
പ്പുളകിതകളാക്കി.

എങ്ങുനിന്നാ മഞ്ജുഗാനം വന്നിടുന്നതെന്നാ-
യങ്ങുമിങ്ങും കണ്ണയച്ചു നിന്നിതാ ലതകൾ.
കണ്ടനേരം കാൎക്കുയിലാണെന്തു സൗമ്യഭാവം!
തണ്ടുലഞ്ഞാ വല്ലികളിൽത്തഞ്ചിയനുഭാവം.



Digitized By Kerala Sahitya Akademi

മല്ലി, മുല്ല മാലതിതൊ,ട്ടങ്ങതിൻ നേക്കോരോ
വല്ലികൾ കുണുങ്ങിനോക്കിപ്പുഞ്ചിരി ചൊരിഞ്ഞു.

മതികവരും മധുരിമ വാർ-
ന്നൊഴുകിടുമാപ്പാട്ടിൽ
മതിമറന്നാത്തരുനിരയും
തല കുലുക്കീ കാട്ടിൽ.

പാരിജാതപ്പൂന്തണലിൽച്ചെമ്പകം സുഖിക്കും
പാവനമാം പൂവനത്തിലപ്പതംഗമെത്തി.
പേടയോടുകൂടിയോരോ ചാടുഗാനം പാടി-
ക്കോടരകടീരമൊന്നിലാടലററു കൂടി.
അങ്കുരിതസ്മേരയായിത്തൻമുഖത്തു നോക്കി-
പ്പൊൻകിനാക്കൾ കണ്ടുനില്ക്കും ചെമ്പകത്തെക്കാണെ.-

അനുചിതമെന്നറിയുകില്ല-
മലിയുകയായ്,ക്കഷ്ട-
മരുതരുതെന്നൊഴിയുകില്ല-
മതിനു നിജചിത്തം!

## IV

കഴിയുവതോ വിധിവിഹിതം?—
വികസദ്ദശനാമ-
ക്കഴകനിലാസ്സുകൃതലത-
സ്ഥലിയലുകയായ് പ്രേമം!

"ഹ്രസ്വമീ ഞാൻ, ചെമ്പകമേ, വിസ്മരിയ്ക്കുകെന്നെ
ബുദ്ധിശൂന്യയല്ല നീ, കെടുത്തരുതു നിന്നെ!"—



Digitized By Kerala Sahitya Akademi

'പാട്ടുപാടും പൂങ്കുയിലായ് നീയണഞ്ഞു മന്നിൽ
പാട്ടുപാടും പൂങ്കുയിലായ് നീയടിയും മണ്ണിൽ.
കഷ്ടകാലമാകുമയിലിൻ രണ്ടുനാലു തൂവൽ
കെട്ടിവെച്ചുകാണും, പക്ഷേ, നിൻ ചിറകിനുള്ളിൽ.

ഉദയരവിസ്സ്വാഭിമുഖമായ്-
കളകളവും പെയ്തു-
ണരുക നീ ചിറകടിയോ-
ടവ കൊഴിയും താനേ!........'

ഏവമോതി,ജ്ജീവനാമക്കോകിലത്തിനായി-
പ്പൂവണിപ്പൊൻചെമ്പകം തൻമുഗ്ദ്ധചിത്തമേകി.
ശുദ്ധിവായ്ക്കുമാ ലതയ്ക്കായ്ജ്ജീവിതമപ്പിച്ചാ-
ഗ്ഗൃദ്ധ്രവും നൽപ്പൂങ്കുയിലായ്ത്തീരുവാൻ ശ്രമിച്ചു.
കാലദോഷം തീർന്നശേഷമാക്കുഴുകൻ വീണ്ടും
കാർകുയിലായ്ത്തീർന്നു, മേന്മേൽക്കാകളി പകർന്നു.

അനുചിതമാണനുചിതമാ-
ണവരിയലും രാഗം
കനിവിയലാതിനിയവരെ-
പ്പഴിപറയും ലോകം!........

V

മഴമുകിലിൻ കരിനിഴലാ
മലർവനിക മൂടി
മനമുരുകിപ്പരവശയാ-
സ്സുമലതിക വാടി.



Digitized By Kerala Sahitya Akademi

ആർദ്രമാമപ്പാരിജാതമാത്തമായിത്തീൎന്നു
പേർത്തുമന്നാപ്പെൺകുയിലിൻ മാനസം തകൎന്നു.
ചിത്തനാഥൻ ക്രുദ്ധനാകം ഗൃദ്ധ്രമാണെന്നാലും
ചിത്തനാഥനാ,ണതിൽത്താൻ തൃപ്തയായിരുന്നു.
മററൊരാളിനുള്ളതാണിപ്പൂങ്കുയിലെന്നാകിൽ
മത്സരിയ്ക്കാനില്ലിനി,ത്താൻ മാറിയേയ്ക്കാം—പോരേ?

പരവശയാപ്പരഭൃതിക
പറന്നുപോയി ദൂരെ—
പ്പരവശനാപ്പരഭൃതവും
പറന്നുപോയി ദൂരേ!—

മാറി ദൂരെപ്പോകിലെന്താ മാനസാന്തരിക്കും
മാറുവാനിടവരുമോ ദേശഭേദംമൂലം!
നീരസം പരസ്പരമില്ലാക്കമുക്കും—പക്ഷേ
നീറി നീറി മാനസം ദ്രവിയ്ക്കയാണെല്ലാക്കും.
തെററുകാരാക്കോകിലവും ചെമ്പകവുമാണെ—
ന്നാററകററമെന്തിനിപ്പുലമ്പിയിട്ടു കാര്യം?

ചിറകുകളുണ്ടകലെയെത്താൻ
കുയിലി,നെന്നാ,ലയ്യോ,
ചിരസ്ഥൈരിയും കരളെഴുമാ
പാതികയെന്തു ചെയ്യും?....

VI

അകലെയെഴുമടവികളിൽ
വിലവിളിയോടങ്ങി—
ങ്ങലയുകയായ്പ്പകലിരവാ—
ക്കുയിലൊരുപോൽ, പാവം!



Digitized By Kerala Sahitya Akademi

ആ വിജനകാനനങ്ങളുന്നതു ചൊരിഞ്ഞോരാ-
റീ വിലാപഗാനലേശം മൂളിടാറുണ്ടിന്നും.
" 'കൈവരിസ്സുകീയമൃതം!'—ദൈവം, നമ്മോടോതീ
കൈവരിച്ചു;—കൈവിലങ്ങുവെച്ചു ലോകനീതി!
എന്തി,നേവം നൊന്തു നൊന്തു കേഴുവാനായ്ത്തമ്മി-
ലെന്തിനയ്യോ, ചെമ്പകമേ, കണ്ടുമുട്ടി നമ്മൾ?...."

* * *

ഇനിയധികം പറയണമോ?—
പിരിയരുതേ നമ്മൾ-
ക്കിതിലധികം കരുണമെഴും
കഥയെവിടെക്കാണും?....

ക്രൂരമാം നിഷാദബാണം മാറിലേറ്റു, കഷ്ടം,
ദൂരെയേതോ കാട്ടിൽവീണാക്കോകിലം മരിച്ചു!
പെൺകുയിലാ വാർത്ത കേട്ടുടൻ നിലംപതിച്ചു!
സങ്കടത്താൽ പാരിജാതം കണ്ണുനീർ പൊഴിച്ചു!
ചെമ്പകമോ?—പൂ കൊഴിഞ്ഞില പൊഴിഞ്ഞുനില്ക്കും
ചെമ്പകമോ?—നാവിനില്ല കെല്പെനിസ്സുതോതാൻ!!

* * *

കരയരുതെന്നരുളിയിട്ടും
കഥയിതു കേട്ടയ്യോ,
കരതലത്താൽ മുഖം മറച്ചു
കരകയാണോ, നിങ്ങൾ?....

12—3—1120

—



Digitized By Kerala Sahitya Akademi

14

മായുകില്ലെന്നു മയൂരം മദിച്ചൊരാ
മാരിവില്ലേ, നീ മറഞ്ഞുകഴിഞ്ഞുവോ?

15

അത്യന്തദീനമായേറെ ദൂരത്തുനി-
ന്നെത്തുന്നു വീപ്പ്പിട്ടു വിപ്പ്പിട്ടു നിൻമനം.
കൺമണി, പെട്ടെ,ന്നടക്കവാനാകാതെ
കണ്ണുകൾ രണ്ടും നിറഞ്ഞുപോകുന്നു മേ!
ഹന്ത, നിൻ കർമ്മഫലമാണി,തല്ലെങ്കി-
ലെന്തിനായ് സ്നേഹിച്ചതെന്നെ നീ, ശാലിനി?
ദുർവ്വിധിയാണിതെൻേറയു,മല്ലെങ്കിലെൻ -
സർവ്വസ്വമായി നീ തീരുമോ, മോഹിനി?

—എന്തി,നഥവാ, വിധിയാണിതൊക്കെ നാ-
മെന്തിനേന്തുന്നതീ നൈരാശ്യചിന്തകൾ?
ഒന്നോർത്തുനോക്ക നീ,യീ നൊമ്പരത്തിലു-
മിന്നൊരു മാധുര്യമില്ലേ മനോഹരി?
അത്രയ്ക്കു രൂക്ഷമീയാത്മക്ഷതത്തിലു-
മത്യന്തഭ്രതിയൊന്നില്ലേ, വിലാസിനി?
ലോകോത്തരപ്രേമദീപ്തമാം കണ്ണിനാ
ലോകസിംഹാസനംപോലും വെറും തൃണം.
ഉത്തമേ, നിൻപ്രണയാമൃതസിദ്ധിയാൽ
മൃത്യുവെപ്പോലും തൃണവൽഗ്ഗണിപ്പു ഞാൻ
കത്തിപ്പിളക്കപ്പെടട്ടെൻമനസ്സി,തിൻ
രക്തമേ നേട്ടു ജഗത്ത,തിനപ്പുറം,
ഒന്നു,ണ്ടതമ്മട്ടു ചോർത്തുവാനൊക്കുകി-
ല്ലിന്നെത്രമേൽ മൂർച്ചയാന്ന പരുഷത്തിനും!
തേടിയതിനെത്തുളതന്നു ഗർജ്ജനം
ചൂടിപ്പുളകിതമാകുന്നു മൗനവും!!....

21—3—1120.

ഫാൻ

Digitized By Kerala Sahitya Akademi

# ആനന്ദലഹരി

അരികിൽ നിന്നെഃപ്പുത്തണച്ചയേ, നി-
ന്നളകങ്ങൾ മാടിയൊതുക്കിടുമ്പോൾ,
കുളിർവെണ്ണിലാവിതിൽ ഞാനൊരോമൽ-
പ്പുളകത്തളച്ചയെപ്പുല്കി നില്പൂ!

അഭിമുഖദർശനംപോലുമീമ-
ട്ടതിരററ ലജ്ജയ്ക്കിടകൊടുത്താൽ,
ഇനിയുള്ള രംഗത്തിലാകമാന-
മനുപമേ, പിന്നെ നീയെന്തുചെയ്യും?
പുളകപ്പുലരൊളി മാറി മാറി-
പ്പുണരുമപ്പൊൻകവിൾപ്പൂവിണയിൽ,
നിഴലിടുകയാണപ്പഴപ്പൊഴോരോ
മഴവില്ലിൻ കൊച്ചുകൊച്ചങ്കുരങ്ങൾ!
അവയൊപ്പിയൊപ്പിയെടുക്കുവാനെ-
ന്നധരങ്ങൾ സന്നദ്ധമായിരിക്കെ;
അനുരാഗലോലുപേ, നീയവയ്ക്കി-
ന്നനുമതിയേകാതിരിപ്പതെന്തേ?

അഴകിന്റെയേതോ കിനാവുപോലു-
ന്നൊഴുകുമീ നീരാളസാരിയിങ്കൽ,
അലസനിശ്വാസത്താൽ, മാറിലങ്ങി-
ങ്ങലകളിളകിക്കളിച്ചുപോകെ,
അവയിലെങ്ങാനൊന്നു തൊട്ടിടുംമുൻ-
പമലാനനം നീ കുനിപ്പതെന്തേ?



Digitized By Kerala Sahitya Akademi

മധുചന്ദ്രികയിൽക്കളിച്ചുനില്ക്കും
മദകരമാമീ മണിയറയിൽ,
മധുരശൃംഗാരം നമുക്കൊരോമ-
ന്മലരണിരംഗമൊരുക്കി നില്ക്കേ;
പുണരുകല്ലല്ലി നാമിന്നതിലെ-
പ്പുളകംപുരണ്ട കിനാവുകളെ?

ഒരു നിമേഷം നാം മടിച്ചിരുന്നാ-
ലൊരു സുഖസ്വപ്നം കുറഞ്ഞുപോകും.
കളയായ്ക കോമളേ, നാമതിനാൽ
കവനാർദ്രമാകുമിസ്സന്മുഹൂർത്തം.
നിരഘമിജ്ജീവിതംപോലു,മയ്യോ,
വെറുമൊരു പൊള്ളയാം സ്വപ്നമെങ്കിൽ,
സ്വയമതുംകൂടി നാം കണ്ണുനീരിൽ,-
ക്കഴുകിക്കളവതു മൗഢ്യമല്ലേ?
അറുതിവരേയ്ക്കും തുളുമ്പിടേണ-
മതിൽ, നവോല്ലാസത്തിൻ ഭേണഗാനം!

മരണപ്പുഴയിലെ വേലിയേററ-
മൊരുദിനം നമ്മെയും കൊണ്ടുപോകാം;
പ്രിയദമാം സർവ്വവും വേർപിരിഞ്ഞി-
ട്ടൊരു വെറും ശൂന്യത ബാക്കിയാവാം;
നിയതിയും നമ്മളും തമ്മിലുള്ള
നിഖിലബന്ധങ്ങളുമററുപോകാം;—
ഫഫഫ

Digitized By Kerala Sahitya Akademi

അതിനെന്തു?—പോവുകിൽപ്പോയിടട്ടേ
മതി, നമുക്കത്രയേ വേണ്ടതുള്ളു.
അതുവരെയ്ക്കെങ്കിലും കാമ്യമാമീ-
യതുലാമൃതം നാം നുകർന്നുകൂടേ?

പരിചിലാപ്പാതിരാപ്പൂക്കളിലെ-
പ്പരിമളവീചികൾ വീശി വീശി,
അണയുന്നിതാ പൂവനികയിൽനി-
ന്നനുപമശീതളമന്ദവാതം.
ഭരിതകൗതൂഹലം രാക്കിളികൾ
ചൊരിയുന്നു ചുററിലും കാകളികൾ
നിഴലും വെളിച്ചവും നാലുപാടും
നിറയുന്നു, പാലൊളിപ്പൂനിലാവിൽ.
നിരുപമം, നിർവ്വാണദായകം, ഹാ,
നിരഘ,മീ രമ്യനിശീഥരംഗം!
ഉലകല്ല, നാകമാ,ണോമലാളേ,
വിലസുന്നിതിപ്പോൾ നമുക്കു മുൻപിൽ!
മരണമല്ലുജ്ജ്വലജീവിതമാ-
ണെതിരേ പരന്നു കിടപ്പതിപ്പോൾ!
മിഴിനീര,ല്ലാനന്ദസുസ്മിതമാ-
ണൊഴുകുന്നതിപ്പോൾ നമുക്കു ചുററും!
കളവല്ല, മായയ,ല്ലൊന്നുമല്ല,
കമനീയസത്യ,മിക്കാണ്മതെന്തും!
കളയായ്ക്ക കോമളേ, നാമതിനാൽ
കവനാർദ്രമാമീ നിമേഷമൊന്നും!!

10—9—1111



Digitized By Kerala Sahitya Akademi

16

മനുഷ്യവിജ്ഞാനസമുദ്രമേ, നിൻ
നിരർഘരത്നങ്ങൾ നിറഞ്ഞ ഹൃത്തിൽ,
മദിച്ചു വാഴുന്നു നിഗൂഢമോരോ
വിനാശഹേതുക്കൾ, തിമിംഗലങ്ങൾ!

4—12—1109.

17

ഒരു ദിവസം പുലരൊളിയിൽ
കുരുവികൾ നിൻ ജനലരികിൽ
ചിറകടിച്ചു കരഞ്ഞുഴന്നു
പറന്നണഞ്ഞു പറയുമേവം:—

മതിയുറക്കം വെളുത്തു നേരം
മറയുമിപ്പോൾ മധുരസ്വപ്നം.
മിഴി തുറക്കൂ, കരയുവാനാ
മിഴി തുറക്കൂ, തുറക്കു ദേവി!
ഇനിയകലത്തുതിരുകില്ലാ
പ്രണയമയഹൃദയസ്പന്ദം
അവ നിലച്ചു, മരിച്ചു, ഹാ, നി-
ന്നവശനാകം ഹൃദയനാഥൻ.
വരളുവോരാ രസനയില-
ണ്ണൊരു സലിലകണികപോലും
അവനൊരാളും പകന്നു നല്കാ-
നരികിലില്ലാതവൻ മരിച്ചു.
അമൃതഗാനം ചൊരിഞ്ഞൊരാ നാ-
വവസാനത്തിൽ വരണ്ടുഴന്നു.
അമലരാഗം വഴിഞ്ഞൊരാ ഹൃ-
ത്തവസാനത്തിൽത്തകർന്നുടഞ്ഞു.



Digitized By Kerala Sahitya Akademi

: സ്പന്ദിക്കുന്ന അസ്ഥിമാടം

1

അക്കലെയൊരു മരച്ചുവട്ടി-
ലവനണഞ്ഞു മണലടിഞ്ഞു.
ഉടൽ വെടിയാനവൻെറ ജീവൻ
പിടയുമന്ത്യനിമിഷത്തിലും,
പരവശനാമവനിതുപോൽ
പറയുവതായ് ശ്രവിച്ചു ഞങ്ങൾ:—

"സുമലളിതേ, ഗുണമിളിതേ, മമ ദയിതേ, കരയരുതേ,
തവ മധുരപ്രണയസുധാതരളിതമെൻഹൃദയമിതാ
അടിയറവെച്ചവനിവെടി,ഞ്ഞനുപമേ, ഞാനകന്നിടുന്നേൻ!"

18—3—1120.

## ഭാവത്രയം

### 1. അന്ന്—സുഭിക്ഷതയുടെ സുസ്മിതം

ഉണ്ടു സമ്പത്തു ലോകത്തി,നെന്നാ-
ലെൻെറ നാടിനു പട്ടിണിമാത്രം!!

ഉണ്ടുറങ്ങിയേറെറാന്നു മുറുക്കി-
ക്കണ്ടിരുന്നിതെൻനാട്ടു മാമാങ്കം.

സദ്യമേളിച്ച നാളി,ലെൻനാട്ടിൽ-
ത്തത്തക്കുടിയും പാടി വേദാന്തം.

പള്ളവീക്കെ,ദ്ദഹനത്തിനായി-
ത്തുള്ളി പണ്ടെൻെറ നാട്ടിലെക്കാവ്യം.

കോലഭൂപാലകാജ്ഞതൻ നൂലിൽ
മാല കോർത്തതാണെൻമലയാളം.

ഫഥർ

Digitized By Kerala Sahitya Akademi

൭

ഭാവത്രയം

വേദവേദാന്തകാന്താരകാന്തം
പാദപാതാട്ടഹാസാദിയാലേ,
ആത്തഗർവ്വം കലുക്കി വിറപ്പി-
ച്ചാർത്തണഞ്ഞൊ'രുദ്രണ്ഡ'സിംഹത്തെ,
ഒററവാക്കൊന്നു മർമ്മത്തൊരേറാൽ
മുട്ടുകുത്തിച്ചിതെൻമലയാളം!
കഷ്ട,മെന്നൊരു വാക്കിനുപോലും
പട്ടടത്തതാണെൻമലയാളം!
പാണികളിൽപ്പരിമളം താവും
ചേണണിമലർച്ചെണ്ടുകളേന്തി,
മോടിയോടോരോ കൂത്തമ്പലത്തിൽ
'കൂടിയാടി' പണ്ടെൻമലയാളം!
'തോല'നൊത്തു രസിച്ചു ചിരിച്ചു
തോളുരുമ്മിനിന്നെൻമലയാളം!
തുഷ്ടിപൂർവ്വകം ഭാവാത്മകമാ-
മഷ്ടപദീഗ്ഗാനസമേതം,
മഞ്ജുവൃന്ദാവനപ്രേമരംഗം
സഞ്ജനിപ്പിച്ചിതെൻമലയാളം!
മദ്ദളം, ചെണ്ട, ചേങ്കില, താളം,
മത്സരിച്ചു മതിവരുവോളം,
നീളെനീളെക്കലോത്സവമേളം
കേളി കേൾപ്പിച്ചിതെൻമലയാളം!
വഷലക്ഷ്മിസ്ഥൂദാരതയാലേ
ഹർഷബാഷ്പമുതിരുമക്കാലേ,
മാറുലഞ്ഞു ചെറുമിയാൾ ചാലേ
ഞാറു പാകുമപ്പാടത്തു നീളേ,



Digitized By Kerala Sahitya Akademi

ഉൾപ്പുളകദഗാനങ്ങൾമൂലം
പച്ച ചാർത്തിച്ചിതെൻമലയാളം!
സസ്യസങ്കുലശ്യാമളശ്രീയെ-
സ്സൽക്കരിച്ചിതന്നെൻമലയാളം!
കത്തിക്കാളുന്നൊരാപ്പൗരുഷത്തിൻ
കച്ചകെട്ടിമുറുക്കിയൊരുക്കി,
ചെന്നു, തൻകുലദൈവത്തെ വാഴ്ത്തി-
നിന്നു, പൂവും പ്രസാദവും ചാർത്തി,
വീരയോധർതൻ വാൾത്തുമ്പിലൂടെ-
ച്ചോര ചീററിയന്നെൻമലയാളം!
ഫുല്ലഹാസമെൻനാടന്നു തൂകി-
സ്സല്ലപിച്ചു സമൃദ്ധിയെപ്പുല്കി!!!........

## 2. ഇന്ന് —വിശപ്പിൻെറ വിലാപം

തെല്ലുമോർത്തിടാ,തിത്ര പെട്ടെന്നാ
നല്ലകാലമതിന്നെങ്ങു പോയി?
എൻെറ നാട,ല്ലതിൻ പ്രേതമാണീ-
ക്കണ്ടിടുന്നതിന്നെൻെറ കൺമുൻപിൽ!
ചെള്ള ചുക്കിച്ചുളുങ്ങിയെല്ലുന്തി-
പ്പള്ളയൊട്ടിയതല്ലെൻെറ രാജ്യം!
ഞെട്ടുവാതവിറയലിൽ, ശ്വാസം
മുട്ടിയേങ്ങിവലിച്ചും, ചുമച്ചും,
വെൺനുരകൾ വമിച്ചു,മാക്കൈകാൽ
മണ്ണിലാഞ്ഞാഞ്ഞടിച്ചും, പിടച്ചും,



Digitized By Kerala Sahitya Akademi

കട്ടപസ്മാരഗോഷ്ഠികൾ കാട്ടു-
മസ്ഥിപഞ്ജരമല്ലെന്റെ രാജ്യം!

കഷ്ടം,മെന്റെ നാടെമ്മട്ടിലേവം
പട്ടിണിക്കോലമായിച്ചമഞ്ഞൂ!
കെട്ടുതാലിയൊഴിച്ചവർക്കയ്യോ,
വിററുതിന്നുവാൻ ബാക്കിയില്ലൊന്നും!
രത്നഗർഭയാണിപ്പൊഴും ലോകം
ഭഗ്നഭാഗ്യയാ,ണെൻനാടുമാത്രം!

മാനുഷരെന്നുമോണമായ് വാണ
മാബലിയുടെ നാട്ടിലാണോർക്കു,
ഇന്നിതാ ചിലർ നായ്ക്കളെപ്പോലെ-
ച്ചെന്നു നക്കുന്നതെച്ചിലിലകൾ!

ഭാവശുദ്ധകൾ, മുഗ്ദ്ധകൾ, കാന്ത-
ദേവതകൾതൻ പാവനഭൂവിൽ—
ശ്രീമയനെടുമംഗല്യമേകും
സോമവാരവ്രതാഢ്യമാം നാട്ടിൽ—
ഭദ്രകല്യാണദായകമാകു-
മദ്രിജാരാധനോത്സവനാളിൽ,
പാടിയാടിസ്സുദതികൾ കൂടും
പാതിരാപ്പൂക്കൾതൻ ജന്മഭൂവിൽ—
ജീവനും ജീവനായെനിക്കുള്ളെൻ-
ദേവിപോലും പിറന്നൊരു നാട്ടിൽ—
കെട്ടഴിവു ചാരിത്രത്തി,നയ്യോ,
കൊററിനാഴക്കരിക്കിന്നു, കഷ്ടം!



Digitized By Kerala Sahitya Akademi

മർത്ത്യപരിഷ്കാരസമ്പൽപ്രതാപ-
മക്കടത്തിൻ നഖക്ഷതം തട്ടി,
ഘോരദാരിദ്ര്യസൂര്യാതപത്തിൽ-
ച്ചോരവററി, ച്ചുളുക്കേററു വാടി,
നെഞ്ചിടിപ്പോടടർന്നാപതിപ്പൂ
പിഞ്ചനാഘ്രാതപുഷ്പങ്ങൾ മണ്ണിൽ!
മംഗലാദ്വൈതമൂർത്തിയാം, സാക്ഷാൽ
ശങ്കരനെ പ്രസവിച്ച മണ്ണിൽ!
വീരപത്നികൾ നൂറുനൂറിന്നും
ചാരമായിക്കിടക്കുന്ന മണ്ണിൽ! —
അത്ര സമ്പൂതമായൊരീ മണ്ണി-
ന്നിത്രമാത്രം വിലയിടിഞ്ഞല്ലോ!
അബ്ധിയോടിതു വാങ്ങിയ കാല-
ത്തല്പമിസ്ഥിതി ശങ്കിച്ചിരിക്കിൽ,
ആഞ്ഞെറിയാതിരുന്നേനെ, നൂനം,
ആ മഴുവന്നു ഭാർഗ്ഗവരാമൻ!!........

## 3. ഇന്നു—അഗ്നിയുടെ അട്ടഹാസം

ഉണ്ടു നെല്ലും പണവു,മെന്നിട്ടും
തെണ്ടിടുന്നോ സഖാക്കളേ, നിങ്ങൾ?
'ഇല്ല'യെന്നു പറയുവാനായി-
ട്ടില്ലണഞ്ഞതീ ലോകത്തു നമ്മൾ.
'ഇല്ല'യെന്നുള്ള ദീനവിലാപം
വല്ലടിക്കിലും കേൾക്കുന്നാപക്ഷം,



Digitized By Kerala Sahitya Akademi

'ഉണ്ടധികമി',ങ്ങെന്നടിച്ചാക്കും
ചെണ്ടമേളമൊന്നന്യത്ര കേൾക്കാം.
അങ്ങു ചെല്ലുവിൻ, നിങ്ങൾക്കു വേണ്ട-
തങ്ങഖിലം സമൃദ്ധിയായ്ക്കാണും.
വാതിൽ കൊട്ടിയടച്ചുകിൽ, നിങ്ങൾ
വാളെടുത്തതു വെട്ടിപ്പൊളിയ്ക്കിൻ!
കുന്നുകൂടിക്കിടക്കുമാ വിത്ത-
മൊന്നുപോൽ നിങ്ങൾ വീതിച്ചെടുക്കിൻ!
മത്സരം മതി!—തുല്യാവകാശം
മർത്ത്യരെല്ലാക്കുമുണ്ടിജ്ജഗത്തിൽ!

വിത്തനാഥൻെറ 'ബേബി'ക്കു പാലും,
നിർദ്ധന'ച്ചെറുക്ക'ന്നുമിനീരും,
ഈശ്വരേച്ഛയല്ലോകി,ലിമ്മട്ടു-
ള്ളീശ്വരനെച്ചവിട്ടുക നമ്മൾ!

ദൈവനീതിതൻ പേരി,ലിന്നോളം
കൈതവംതന്നെ ചെയ്തതു ലോകം.
ലോകമെന്നാൽ, ധനത്തിൻെറ ലോകം!
ലോകസേവനം, ഹാ, രക്തപാനം!
മർത്ത്യ കണ്ണിലിരുട്ടടിച്ചാക്കും
മർദ്ദനത്തിന്നു സമ്മാനമാനം!
നിർത്തുകിത്തരം നീതി നാം!—നമ്മൾ-
ക്കൊത്തൊരുമിച്ചുനിന്നു പോരാടാം!

വിപ്ലവത്തിൻെറ വെണ്മഴവാ,ളാ
വിത്തഗർവ്വവിഷദ്രുമം വെട്ടി,

ഫൺ

Digitized By Kerala Sahitya Akademi

സൽസമത്വസനാതനോദ്യാനം
സജ്ജമാക്കാൻ നമുക്കുദ്യമിയ്ക്കാം!
ഒക്കുകില്ലിനിയലസത മേലിൽ
ഒത്തുചേരൂ സഖാക്കളേ, ചേലിൽ!!........

28—2—1120

18

ശാലീനതേ, നിൻ ശിശിരസ്മിതങ്ങളാൽ
മാല കൊരുക്കുന്നിതെൻമുഗ്ദ്ധകൗതുകം!

16—2—1108.

19

രക്തലിപ്തമീ രക്തസിംഹാസനം
ശക്തിയെൻമുന്നിലർപ്പിച്ചുകാരണം,
മൽക്കഴൽപ്പൊടി ചൂടുന്നു ചഞ്ചലൽ-
പ്പൊൽക്കിരീടാഗ്രമുക്തകശ്രേണികൾ!
ഞെട്ടിടുന്നു മൽപ്രാഭവസിംഹിത-
ന്നട്ടഹാസോത്ഭവത്തിലപ്ഷ്ടാശകൾ!
ആതപത്രത്തണലിലെന്നുഗ്രമാ-
മാധിപത്യം ഫണം വിരിച്ചാടവേ,
ക്ഷേമശാന്തികൾ കാന്തിടും വിപ്ലവ-
സ്തോമമോടിയൊളിയ്ക്കുന്ന ഭീതിയാൽ!
ഇല്ലൊരു ശിരസ്സാനതമായിടാ-
തില്ല, വിശ്രുതവിശ്വവിജയി ഞാൻ!!....

6—6—1118.

20

സപ്തസ്വർഗ്ഗീയരാഗം ചിരിച്ചു രത്നോജ്ജ്വല-
സ്വപ്നരൂപത്തിൽ മിന്നുന്ന കൈയിൽ,



Digitized By Kerala Sahitya Akademi

കോവിലി,ലന്തിയി,ലിന്നൊരു ചെമ്പനീർ-
പ്പൂവുമായ്, നിന്നെ ഞാൻ കാത്തുനിന്നു.
ഏകാകിനിയായിരുന്നില്ല നീ,യെനി-
ക്കേകാന,താകയാ,ലൊത്തതില്ല.
വാടിക്കിടപ്പൂ, ഹാ, മേശപ്പുറത്തതെ-
ന്നാടലിയന്ന മനസ്സുപോലെ!
ആരുണ്ടു കേൾക്കാനതിൻ മൃദുസ്പന്ദങ്ങ-
ളാരോമലേ, നീയകലെയല്ലേ?

11—10—1119.

## ജീവിതം

ജീവിതം മന്ത്രിക്കുന്നു:—
"നിങ്ങളിൽച്ചിലരെൻെറ
പൂവനത്തണൽതോറും
സ്വപ്നംകണ്ടിരിക്കുമ്പോൾ;

ചിലരെൻമണൽക്കാട്ടിൻ-
മദ്ധ്യത്തി,ലൊരു തുള്ളി
ജലമെങ്കിലും കിട്ടാ-
താർത്തരായ്പ്പൊരിയുന്നു.

പൂന്തോപ്പിലിരിക്കുന്നോ-
രെൻനാമം പുകഴ്ത്തുമ്പോൾ
താന്തരായ് മരുഭൂവിൽ
നില്ക്കുവോർ ശപിക്കുന്നു.



Digitized By Kerala Sahitya Akademi

ഒരു ഭാഗത്തെൻറൂപം
സുന്ദരമായിക്കാൺമൂ
മറുഭാഗത്തോ, വെറും
വൈരൂപ്യം ദർശിക്കുന്നു.

എന്നാൽ, ഞാനിതു രണ്ടു-
മല്ലെ,ന്നാലിതു രണ്ടു
മെന്നില്ല,യെന്നാലൊന്നു-
മില്ലതാനുമിന്നെന്നിൽ!

തോന്നലാ,ണെല്ലാം വെറും
തോന്നൽമാത്രമാ,ണെന്നിൽ-
ച്ചേർന്നുനില്ക്കുന്നില്ലൊന്നും
ശാശ്വതമായെന്നെന്നും!

ചിരിപ്പിക്കും ഞാൻ ഉത്തരി-
കരയിക്കയും ചെയ്യും,
മരിപ്പിക്കും ഞാൻ, വീണ്ടും
ജനിപ്പിക്കയും ചെയ്യും.

കാല,മിപ്പൊഴു,മെന്നെ
രാപ്പകലാകും കൊച്ചു-
കാലടികളാലള-
ന്നളന്നുനോക്കീടുന്നു.

യുഗസഞ്ചയമെത്ര-
കഴിഞ്ഞൂ!—കാൽത്തുമ്പത്തെ
നഖവിസ്തൃതിപോലും
തിട്ടമായില്ലെന്നിട്ടും!



Digitized By Kerala Sahitya Akademi

ഭ്രമണംചെയ്യു തേജോ–
    ഗോളങ്ങൾ മത്സ്വപ്ന–
ക്രമമൊപ്പിച്ചങ്ങിങ്ങ്;
    മാറിക്കൊണ്ടിരിക്കുന്നു.

മരണം!—പേടിക്കേണ്ടെൻ–
    കണ്ണുചിമ്മലാ,ണൊന്നെൻറ
മരുഭൂമിയും മലർ–
    വാടിയും, രണ്ടും, സ്വപ്നം!

ജ്ഞാനനശ്വരം, സൃഷ്ടി–
    സ്ഥിതിസംഹാരങ്ങളെൻ–
ഗാനത്തിൻ ക്രമീകൃത–
    ഗതിഭേദങ്ങൾമാത്രം!

വ്യാമോഹംമൂലമെന്നോ–
    യളക്കാൻ തുനിയായ്കിൻ
സീമയില്ലെനി,ക്കപ്ര–
    മേയമാണെന്നാകാരം.

സസ്പൃഹം മമ ഗാന–
    മാസ്വദിച്ചെന്നാൽ പോരും!
നിഷ്ഫലം, വ്യാഖ്യാനിക്കാ–
    നുദ്യമിക്കായ്കിൻ നിങ്ങൾ!!........

18—8—1117.

21

എത്തി ദൂരത്തുനി,ന്നെൻമുന്നിൽ നിന്നിതാ
നൃത്തമാടുന്നു നിൻപുഞ്ചിരികൾ!

ഫവമ

Digitized By Kerala Sahitya Akademi

നിത്യകല്യാണദോത്തേജകസപ്നങ്ങൾ
നിർഗ്ഗളിയ്ക്കും മഞ്ജുമഞ്ജരികൾ!
മാമകചിത്തത്തിൽ മങ്ങാത്ത മംഗള-
പ്രേമം കൊളുത്തിയ പൊൻതിരികൾ!
നിന്നാത്മസന്ദേശമോരോന്നും ഗൂഢമാ-
യെന്നടുത്തെത്തിച്ച കിങ്കരികൾ!
സങ്കല്പവേദിയിൽ സാരസുസാന്ദ്രമാം
സംഗീതംപെയ്യുന്ന കിന്നരികൾ!—

ആകമ്രമായൊരാ ദർശനത്താ,ലെനി-
ക്ലോകാന്തതയൊരു വീണയായി
മന്ദമെൻ ചിന്തകൾ മീട്ടുകയാണതിൻ
സ്പന്ദനരഞ്ജിതതന്ത്രികകൾ!!

24—3—1120.

22

അനുഭവങ്ങളേ, നിങ്ങളിനിമേ-
ലനുവദിക്കില്ലാ സപ്നം രചിയ്ക്കാൻ.
മധുരചിന്തകൾ ചാലിച്ച ചായം
വിധി മുഴുവനും തട്ടിക്കളഞ്ഞു.
സതതമെന്മനം നോവിച്ചുമാത്രം
സഹകരിപ്പതുണ്ടിപ്പൊഴും കാലം.

വെറുതെയാണിപ്പരിഭവം—മേലിൽ
ശരി,യൊരിക്കലും ദുഃഖിച്ചിടാ ഞാൻ!
ഹതനെനിക്കതു സാദ്ധ്യമോ?—വീണ്ടു-
മിതളുതിർന്നതാ വീഴുന്നു പൂക്കൾ!
ഇവിടെയെല്ലാമിരുട്ടാണു, കഷ്ട-
മെവിടെ നിത്യതേ, നിൻരത്നദീപം?

ഫലർ

Digitized By Kerala Sahitya Akademi

—നിയതിയെൻകാതിൽ മന്ത്രിപ്പൂ നിത്യം:—
"നിഖില,മയ്യോ, നിഴലുകൾമാത്രം!!......"
17—3—1115.

23

പോക, പോക, സഹോദരി, ജീവിത-
ഭാഗധേയത്തിൻ പൂങ്കാവിലേയ്ക്കു നീ!
നേന്നിടുന്നു നിനക്കു ഞാൻ സൗഹൃദ-
മാന്നൊരായിരം മംഗളാശംസകൾ!
എന്നുമെന്നും താവോൽക്കഷ ചിന്തയിൽ-
ത്തന്നെയീവിധം സ്പന്ദിക്കുമെന്മനം!
നിന്നനുപമശുദ്ധിതൻ നേരിയ
വെണ്ണിലാവിൻെറ പീയൂഷധാരയിൽ,
പാവനോന്മദപൂത്തി പൂശട്ടെ, നിൻ-
ജീവിതേശൻെറ രാഗാർദ്രമാനസം!!
22—4—1120.

## പച്ച

സപ്തവർണ്ണങ്ങളേ, നിങ്ങളിൽ പച്ചയെ-
സ്സല്ക്കരിക്കുന്നതാണെൻെറ ചിത്തം.
സുന്ദരസ്വപ്നങ്ങളപ്പിക്കയാ,ണതിൻ
മന്ദഹാസങ്ങളെനിക്കു നിത്യം:
ഈ മഹാവിശ്വപ്രകൃതിക്കുള്ളൊരു-
മാ മഞ്ജുവർണ്ണമാണേററമിഷ്ടം.
മിന്നിച്ചിരിക്കുമതിനുന്നിലെത്തിയാൽ
കണ്ണും കരളും കുളുക്കുമൊപ്പം.
അത്ഭുതമാന്ത്രികശക്തിയൊന്നുണ്ടതി-
നൊപ്പിയെടുക്കുവാൻ വേദനകൾ!



Digitized By Kerala Sahitya Akademi

അത്യുച്ചഴകാറ മാരിവില്ലിൽക്കൂടി
മദ്ധ്യത്തിലാണതിൻ ദേവനൃത്തം.
മററാറു വർണ്ണങ്ങൾ മുമ്മൂന്നിരുവശം
പററി നി,ന്നാട്ടമതിനോടൊപ്പം!

ആ നീലലോഹിതം, മഞ്ഞ പിടിപ്പിക്ക-
മാകർഷണത്തിൻ സർവ്വചിഹ്നം.
ഉത്തേജനത്തിൻ സ്ഫുലിംഗം കൊളുത്തുവാൻ
ശക്തിയില്ലാത്തതാ,ണിന്ദ്രനീലം.
സുന്ദരമാണെന്നിരിക്കിലും, ലേശവും
സ്പന്ദനമില്ലാത്തതാണു്, നീലം.
ഭാവശാന്തസ്മേരസാന്ദ്രമാണെങ്കിലും
കേവലം നിർജ്ജീവമാണു്, പീതം.
ആപാതരമ്യമാ,മപ്പീതലോഹിതം
സന്താപാത്മകം, സദാ ശോകമൂകം.
ആപത്തിൻ മുദ്രയാം തീർന്നിടട്ടെന്നൊരു
ശാപം വഹിക്കുന്നതാണു്, ശോണം.
മങ്കമാർതൻ തളിർച്ചുണ്ടിലും, നെററിയിൽ-
ക്കുങ്കുമപ്പൊട്ടിലും, ചെന്നണഞ്ഞാൽ,
മംഗളസൂചകമാകുമെന്നു്, കിട്ടിപോൽ
പിന്നീടതിനൊരു ശാപമോക്ഷം!

ദിവ്യഹരിതശുഭമയവർണ്ണമേ,
ഭവ്യദമാണു നിന്മന്ദഹാസം.
നീ മാത്രം, നീ മാത്രം, നിർമ്മലം, നിസ്തുലം,
നീ മാത്രം, നീ മാത്രം, നിത്യദീപ്തം!

ഫമന്ന

Digitized By Kerala Sahitya Akademi

ഉൾപ്പുക്കിരിപ്പീല നിന്നിലൊരിക്കലു-
മപ്രിയദൎശനരേഖപോലും.
ഈ വിശ്വകൎത്താവിൻ സാങ്കല്പികാജ്ജ്വല-
ഭാവാത്മകസ്വപ്നമാണയേ നീ!

നീയെൻെറ ജീവനും ജീവനാം ദേവിതൻ
നീരാളസാരിയിൽച്ചേൎന്നശേഷം,
ആകൎഷകവൎണ്ണമേ, ഹാ, നിനക്കുള്ള നി-
ന്നാകൎഷകത്വമിരട്ടിയായി!
അത്തങ്കമേനിയണിയിച്ചണിയിച്ചോ-
രപ്സരസ്സാക്കി നീയെൻെറ മുൻപിൽ!
മററൊന്നിനുമില്ലതിനുള്ള വൈഭവം
മത്സരിക്കാനില്ല നിന്നൊടൊന്നും—
സപ്തവൎണ്ണങ്ങളിൽ നിന്നെയാ,ണാകയാൽ
സല്ക്കരിക്കുന്നതെൻ ചിത്തമേററം!

മംഗളവൎണ്ണമേ, വിട്ടുമാറീടാതെ-
യെങ്ങു ഞാൻ പോകിലു,മെത്തിടും നീ.
തപ്ത'സഹാറ'യിൽക്കൂടിയും, ശാദ്വല-
സ്വപ്നമായ് നില്പതാണാൎദ്രമേ, നീ!
താവകദൎശനമാത്രയിലെത്തു,മെൻ-
ദേവി,യെൻമുന്നി,ലെങ്ങാകിലും ഞാൻ!
ഉത്തേജനാസ്പദമാ,യെൻമിഴികൾക്കൊ-
രുത്സവമായ്, നീ ലസിക്ക മേന്മേൽ!!

15—3—1120.

ഫല൭

Digitized By Kerala Sahitya Akademi

24

മൂത്തകുന്നം (പറവൂർ) S. N. M. ഇംഗ്ലീഷ് ഹൈസ്കൂൾ
വിദ്യാർത്ഥികളുടെ കൈയെഴുത്തു മാസികയ്ക്കു
നല്കിയ ആശംസ.

വിദ്യാർത്ഥികൾക്കമിതകൗതുകമേകിയേകി
വിശ്വാഭിനന്ദനവിമോഹനകേന്ദ്രമായി,
വിജ്ഞാനരശ്മികൾ ചൊരിഞ്ഞു ചൊരിഞ്ഞു, മേന്മേൽ
വിഖ്യാതി ചേർന്നു വിജയിക്കുക, മാസികേ, നീ!

3—4—1117

25

I

"—കാടിനും പാടത്തിനും മദ്ധ്യേകൂടി ഒരു ചെറിയ നീർച്ചാല് കളകളാരവത്തോടെ പുളഞ്ഞൊഴുകുന്നുണ്ട്. അതിന്റെ വക്കിൽ, ചാഞ്ഞു നിലംപററിക്കിടന്ന ഒരു മാങ്കൊമ്പിലിരുന്നു, ഒരു കിളി മതിമറന്നു പാടുകയാണു്"—

ഓണപ്പൂക്കൾ പറിച്ചില്ലേ നീ-
യോണക്കോടിയുടുത്തില്ലേ?
പൊന്നുഞ്ചീങ്ങും വന്നിട്ടും, നീ
മിന്നും മാലേം കെട്ടീല്ലേ?
മണിമിററത്താ മാവേലിക്കോരു
മരതകപീഠം വെച്ചില്ലേ?
കാലം മുഴുവൻ പോയല്ലാ!
കാണാങ്കിട്ടാതായല്ലാ!
നാമല്ലാതിവിടില്ലല്ലാ!
നാണിച്ചിങ്ങനെ നിന്നാലാ....!

ഫലപ്പ

Digitized By Kerala Sahitya Akademi

26

II

"—പെട്ടെന്നു് ആ വനപ്പടപ്പിന്റെ ഹൃദയത്തിൽനിന്നു് അവ്യക്തമായ ഒരു ഗാനശകലം അവളുടെ സമീപത്തേയ്ക്കു് ഒഴുകിച്ചെന്നുതുടങ്ങി:"—

നീലക്കുയിലേ, നീലക്കുയിലേ,
നീയെന്തെന്നോടു മുണ്ടാത്തേ?
തേമാവൊക്കെപ്പൂത്തട്ടെന്തേ
തേന്തളിർ തിന്നു മദിയ്ക്കാത്തേ?
കാറും മഴയും പോയല്ലാ!
കാടുകളൊക്കെപ്പൂത്തല്ലാ!
മാടത്തക്കിളി പാടിനടക്കും
മാനം മിന്നി വെളുത്തല്ലാ!
—എന്നിട്ടും, നീയെന്താണിങ്ങനെ-
യെന്നോടൊന്നും മുണ്ടാത്തേ?

20—8—1116.

## ആ കുഗ്രാമത്തിൽ

വിലസി വിഗതാലസം
മൂന്നു സംവത്സരം
വിജയനൊടുകൂടിയാ
നാട്ടിൻപുറത്തു ഞാൻ.

ഒരു ചെറിയ കുഗ്രാമ-
മാണെങ്കിലെന്തെനി-
ക്കരുതിനി മറക്കാ-
നവിടെയെൻജീവിതം.



Digitized By Kerala Sahitya Akademi

നഗരസുഖമേ, നീ
നമസ്കരിച്ചീടുക
നഗവനതലങ്ങൾതൻ
നഗ്നപാദങ്ങളിൽ.

അവനതശിരസ്കയായ്
നില്ക്കേണ്ടതാണു നീ-
യവിടെയെഴുമോരോ
സമൃദ്ധിതൻ മുന്നിലും!

പല പല ജനങ്ങൾതൻ
കോലാഹലങ്ങളാ-
ലലകളിളകീടാത്ത
ശാന്താന്തരിക്ഷവും;

അവികലസമാധാന-
സങ്കേതകങ്ങൾപോ-
ലവിടവിടെയായ്ക്കാണു-
മോലപ്പുരകളും;

ഒരു പരിധിയില്ലാത്ത
പച്ചവിരിപ്പിനാൽ
കരൾ കവരുമോരോ
പരന്ന പാടങ്ങളും;

അകലെയൊരു ചിത്രം
വരച്ചപോലന്തിയിൽ
ചൊകചൊകമിന്നുന്ന
കുന്നിൻമുടികളും;



Digitized By Kerala Sahitya Akademi

വഴിയി,ലരയാലിൻ
ചുവട്ടിലത്താണിത-
ന്നരികിലൊരു തണ്ണീർ
കൊടുക്കുന്ന പന്തലും;
എതിരെയൊരു പൊട്ട-
ക്കിണറും, കളിത്തട്ട-
മൊരു ചെറിയ കാടും;
ഭഗവതീക്ഷേത്രവും;
സ്മരണയുടെ സമ്മതം
ചോദിപ്പു സന്തതം
ഹൃദയമിത വീണ്ടുമാ-
ച്ചിത്രം വരയ്ക്കുവാൻ!
മമ ചപലചിന്തക-
ളിന്നും കിടപ്പതു-
ണ്ടവിടെയൊരു വീടിൻെറ
മങ്ങിയ മൂലയിൽ.
പരിചിലുയരുന്നുണ്ട-
തോർക്കുമ്പൊഴേഴ്ക്കു,മി-
ന്നൊരു മധുരഗാന,മെ-
ന്നാത്മതന്തുക്കളിൽ!
വിജയനൊടുക്കൂടിയെൻ-
വിദ്യാലയോത്സവം
വിജയമയമായിതെൻ-
വിദ്യാർത്ഥിജീവിതം.

൧൯൧൧

Digitized By Kerala Sahitya Akademi

അവനൊടൊരുമിച്ചൊ-
ക്കൃഷ്ണകാലയാന്തത്തി-
ലൊരു നിരഘനാകം
നിരന്തരം കണ്ടു ഞാൻ.

പകുതി പുറവാതിൽ
മറഞ്ഞു മന്ദസ്മിതം
പകരുമൊരു ലജ്ജാ-
മധുരമാമാനനം;

ഉടൽ മുഴുവനൊന്നോടെ
കോരിത്തരിക്കുമാ-
റുയരുമൊരു നേരിയ
മഞ്ജീരശിഞ്ജിതം;

അയൽമുറിയിൽനിന്നും
കിളിവാതിലൂടെ,യെ-
ന്നരികിലണയുന്നൊരാ
മല്ലികാസൗരഭം—

മതി,യിനിയുമെന്തിനാ
മംഗളസ്വപ്നമോ-
ർത്തതിവിവശചിത്തനായ്
വീർപ്പിട്ടിടുന്നു ഞാൻ?

അതിചപലസങ്കല്പ-
ശൃംഗാരലീലത-
ന്നലകളിലനാകുല-
മാറാടിയങ്ങനെ;



Digitized By Kerala Sahitya Akademi

മധുരതരഭാവിദയാ-
 ടത്ഥിച്ച മന്മനം
മമ സഖിയൊടൊത്തുള്ള
 ദാമ്പത്യജീവിതം!!........

*    *    *

മനുജനവകാശിയാ-
 ണാശസ്സു, ഞാനതിൻ-
മലർനിരകൾ കാക്കുന്നൊ-
 രുദ്യാനപാലകൻ!
അനുഭവമെനിക്കനു-
 കൂലമാകാഞ്ഞതി-
ലണുവുമസുഖം ഹൃത്തി-
 ലങ്കുരിപ്പീല മേ!
മഹിയിലിനി മററൊന്നു-
 മില്ലെനിക്കെങ്കിലും
മതി, മധുരമാമാ
 സ്മൃതികൾ മാത്രം മതി!!........

5—9—1118.



ചിന്ത:—

ഞാനൊരു കൊച്ചുകവിയുടെ രാഗാർദ്ര-
മാനസവീണയിൽപ്പാട്ടുപാടി
ഓരോ നിമേഷവുമെന്നെയെടുത്തവ-
നോമനിച്ചോമനിച്ചുമ്മവെച്ചു;
മന്മഥ

Digitized By Kerala Sahitya Akademi

പുഞ്ചിരികൊണ്ടു പൂതപ്പിട്ട രണ്ടിളം
പൊൻചിറകെന്നിൽപ്പൊടിച്ചുവന്നു.
മാമകപാർശ്വത്തിൽ മിന്നിയതൊക്കെയും
മാദകസ്വപ്നങ്ങളായിരുന്നു.

മന്ദ,മൊരേകാന്തഹേമന്തരാത്രിയി-
ലന്നവൻ വന്നെന്നെത്തൊട്ടുണർത്തി.
നേരിയ സംഗീതപ്പട്ടുടുപ്പൊന്നെടു-
ത്താ രാവിലന്നവൻ ചാർത്തിയെന്നെ.
ഓതിനാൻ പിന്നവൻ:—"പോരുകോർക്ക ഭാവനാ-
വേദികയിങ്കലേ,ക്കോമനേ, നീ!!"

തൽക്ഷണമെന്റെ ചിറകു വിടുർത്തിയാ-
ച്ചക്രവാളം നോക്കി ഞാൻ പറന്നു.
ഇന്നെന്നെക്കണ്ടിതാ ലോകം പറയുന്നു:
"മന്നിലനശ്വരമാണയേ, നീ!
നിൻകവി മണ്ണായ്ത്തീർന്നാലു,മിങ്ങൊരു
തങ്കക്കിനാവായ് നീ തങ്ങിനില്ക്കും!!...."

6—8—1112.

28

ആ നല്ല കാലം കഴിഞ്ഞു;—മനോഹര-
ഗാനം നിലച്ചു;—പതിച്ചു യവനിക.
വേദനിപ്പിയ്ക്കും വിവിധസ്മൃതികളിൽ
വേദാന്തചിന്തയ്ക്കൊരുങ്ങട്ടെ മേലിൽ, ഞാൻ
അത്രമേൽപ്പൂർണ്ണമെന്തോ ത്തതിൽപ്പോലു,മൊ-
രല്പ,മപൂർണ്ണതേ, കാണ്മു നിൻ രേഖകൾ!

24—4—1120.



Digitized By Kerala Sahitya Akademi

29

തണലിട്ടതന്നനീ, ഞാൻ വന്ന വേളയിൽ
പ്രണയമേ, നിൻകളിത്തോപ്പിൽ.
അതിലാത്തമോദം മുരളിയൂതി ഞാ-
നജപാലബാലനിരുന്നു.
പരിചിലെൻചുററുമായ് സ്വപ്നങ്ങൾ കൈകോർത്തു
പരിവേഷമിട്ടിട്ടു നിന്നു.
എരിപൊരിക്കൊള്ളിപ്പതെന്തിനാണെന്നെ നീ-
യെരിവെയിലിങ്കലിന്നേവം?....

25—4—1120.

30

ആനന്ദാസ്പദമായ, നിന്നനുപമാ-
രാമത്തിലേ,യ്ക്കാർത്തനാം
ഞാനുംകൂടി വരട്ടെയോ, മരണമേ?—
നീറുന്നു, ഹാ, മന്മനം!
ഗാനം വേണ്ട ജഗത്തി,നാത്മസുഖസം-
പ്രാപ്തിയ്ക്കു, പൊൻനാണയ-
സ്ഥാനം പോരു,മെനിയ്ക്കതിന്നു കഴിവി-
ല്ലാവശ്യമില്ലിങ്ങു ഞാൻ!!........

19—9—1119.

## നക്ഷത്രം

വരുവതഖിലവും ശുഭത്തിനാണെ-
ന്നരുളി, മനോഹരസാന്ത്വനാമൃതത്താൽ,
ഉരുകദനമകററിടുന്നി,തെന്നിൽ-
ക്കരുണകല,ന്നയി ഭാഗ്യദേവതേ, നീ!

൧൩൩

Digitized By Kerala Sahitya Akademi

പകലിരവൊരുപോൽ വിരാമമില്ലാ-
തകമെരിതീയിലെരിഞ്ഞെരിഞ്ഞു നീറി,
അകലെയെഴുമെനിയ്ക്കൊ,രുത്സവം നിൻ
പ്രകടിതനിർമ്മലരാഗദീപ്തി മാത്രം!

വിധിയൊടു പൊരുതിപ്പരാജയത്താ-
ലധികരുജയ്ക്കടിപെട്ടു മാഴ്കുമെന്നെ,
അധികൃതവചനങ്ങളാൽ, സ്വയം നീ-
യധിപതിയാക്കുകയാണു നിൻമനസ്സിൽ!

അയി സുദതി, കഠോരജീവിതത്തിൻ
വെയിലി,ലലഞ്ഞു കുഴഞ്ഞണഞ്ഞവൻ ഞാൻ;
പ്രിയകരസുഖവിശ്രമം യഥേഷ്ടം
നിയതമെനിയ്ക്കു തരുന്നു നീ, മനോജ്ഞേ!

അവനിയിലതുലാനുഭോഗമോരോ-
ന്നവധിയെഴാതെ ലഭിച്ചുകൊണ്ടിരിയ്ക്കിൽ,
അവശതയകതാരിനേശുവാനി-
ല്ലവസരമെന്നു നിനപ്പതാണു മൗഢ്യം!

പണമൊരുവനു ഭൗതികപ്രതാപ-
ത്തണലിലിരുന്നു രമിപ്പതിന്നു കൊള്ളാം;
ഗുണമതിനൊരുനാളുമില്ല—ജീവ-
വ്രണമതുണക്കുകയില്ല തെല്ലുപോലും!

Digitized By Kerala Sahitya Akademi

നവനവമൃദുചുംബനങ്ങളേകി-
ക്കവനവിലാസിനി, നീയടുത്തു നില്ലേ;
ഇവനെഴമനവദ്യനിർവൃതിക്കി-
ല്ലവധി,യതാണിവനേകഭാഗ്യ,മാസ്തേ!

സകലരുമകലട്ടെ, നീരസത്താ-
ലകരുണമെന്നെ വെടിഞ്ഞിടട്ടെ മന്നിൽ;
പകയതിലിവനില്ല, വാട്ടകില്ലേ-
തകതളിർ നിൻ പ്രണയാമൃതം ലഭിക്കിൽ!

ജീവപ്രേയസി, ജീവിതാശകൾ നശി-
ച്ചത്യുഗ്രനൈരാശ്യമാ-
മാ വൻകാട്ടി,ലിരുട്ടിൽ, ഞാനവശനായ്-
ത്തപ്പിത്തടഞ്ഞങ്ങനെ,
ഭീ വർദ്ധിച്ചലയുമ്പൊഴെൻവഴി തെളി-
ച്ചാശ്വാസമേകീടുവാൻ
പൂവൽപ്പൊൻകതിർ ചെയ്തുതിച്ച, കനിവിൻ
നക്ഷത്രമാ,ണാദ്യ നീ!!........

9—3—1120

31

അടിമുടി മട്ടമലർ തട-
വീട്ടുമുടൽപോലു-
മടിയുന്നിതൊട്ടവിലാ-
പ്പൊടിമണലിൽ:



Digitized By Kerala Sahitya Akademi

മനമെനിസ്സുഖകരം—മറ-
ന്നീടട്ടഖിലം ഞാൻ—
മദിരേ, നീ കനിഞ്ഞൊന്നു
പുണരുകെന്നെ!!........
24—10—1119.

# എന്റെ കവിത

കുറിപ്പ്:—

[എന്റെ സാഹിത്യസേവനം സമുദായോന്നമനത്തിനു സഹായമായിത്തീരുന്നില്ല. മനുഷ്യനെ അധഃപതിപ്പിക്കുന്നതാണ് എന്റെ കവിത. അതിനാൽ ഞാൻ കവിതയെഴുത്തിൽനിന്നു വിരമിക്കണം—ഏതാണ്ട് ഈ ആശയത്തെ ഉൾക്കൊള്ളുന്ന ഒരു പ്രമേയം രണ്ടു മൂന്നു വർഷങ്ങൾക്കു മുൻപ്, തൃപ്പൂണിത്തുറയിൽ 'മഹാത്മാ'വായനശാലാംഗങ്ങളുടെ ഒരു സമ്മേളനത്തിൽ, സർവ്വസമ്മതമായി പാസ്സാക്കപ്പെട്ടുകയുണ്ടായി. കേരളത്തിലെ പ്രസിദ്ധപത്രങ്ങളെല്ലാം അന്ന് ആ വാർത്ത പരസ്യംചെയ്തിരുന്നു.]

ഇന്നോളം കാൽച്ചോടൊന്നു
പിഴയ്ക്കാതാടിപ്പോന്നൊ-
രെന്നോമൽക്കവിതേ, നിൻ
കാൽകളിന്നിടറുന്നോ?
എന്തിനു്?—കലാബോധം
തീണ്ടാത്ത കാലിപ്രായർ
നിൻതാണ്ഡവത്തിൻ നേർക്കു
നീരസം ഭാവിച്ചിട്ടോ?



Digitized By Kerala Sahitya Akademi

# എന്റെ കവിത

അതിലത്ഭുതമില്ല,
രാജഹംസത്തിൻ ലീലാ-
സദനത്തിലെ,സ്സുധാ-
സാന്ദ്രമാനസത്തിലെ,

ഹേമപങ്കജമാധ്വീ-
മാധുരി മാനിക്കുമോ
ചേർമണ്ണിൽജ്ജളൂകങ്ങൾ
ചികയും പാഴ്ക്കൊററികൾ?

പാടുവാനവർക്കില്ല
പാടവം, മതിമറ-
ന്നാടുവാ,നാകാശത്തിൽ
സ്വച്ഛന്ദം വിഹരിക്കാൻ;

വെള്ളിമേഘങ്ങൾക്കിട-
ക്കുദയപ്രകാശത്തി-
ലുള്ളുണർന്നോമൽച്ചിറ-
കടിച്ചു കൂകിപ്പൊങ്ങാൻ;—

ആയത്തമാക്കാനഭി-
നന്ദനാർദ്രാശംസക-
ളായവർക്കഖിലേശ-
നേകിയില്ലനുഗ്രഹം!

അതിനാലസൂയത-
ന്നത്യഗാധതയിൽനി-
ന്നുയരാം സ്വയം, വ്യക്തി-
വിദ്വേഷധൂമാംശങ്ങൾ.

ഹന്മൻ

Digitized By Kerala Sahitya Akademi

കപടസ്സന്ന്യാസത്തിൻ
വെള്ളയാടയും ചുററി—
കരളിൽക്കറയേന്തി
മൗഢ്യമൂർത്തികളായി
മനസ്സാൽ, വാക്കാൽ, കർമ്മ—
ശതത്താൽ നഗ്നജ്ജമീ
മഹിയിൽ 'മഹാത്മാ'ഖ്യ—
യെബ്ബലാൽ സംഗം ചെയ്യാൻ,
ഉണ്ടാകാം ചിലരെല്ലാം
ഗാന്ധിസൂക്തികൾ തങ്ക—
ച്ചെണ്ടിട്ടോരിക്കാലത്തും—
കവിതേ, ക്ഷമിയ്ക്കൂ നീ!
ഇടയൻ പുല്ലാംകുഴൽ
വിളിയ്ക്കെ, ക്കത്തിക്കാളും
ചുടുവെയ്‌ലതേററാറു
പൂനിലാവായിപ്പോകെ;
ആയതിൻ തരംഗങ്ങ—
ളുമ്മവെച്ചാനന്ദത്താ—
ലാലോലലതാളികൾ
മൊട്ടിട്ടു ചിരിയ്ക്കവേ;
മയിലാടവേ, ദ്രുമർ
കൊമ്പുകൾതോറും നിന്നു
മലയാനിലൻ മർമ്മ—
രാശംസ വർഷിയ്ക്കവേ;



Digitized By Kerala Sahitya Akademi

## എന്റെ കവിത

കററിക്കാടുകൾക്കുള്ളിൽ_
        കശ്മലസൃഗാലന്മാർ
പററിച്ചേർന്നോ,രിയിട്ടു
        പുച്ഛിച്ചാൽ ഫലമെന്തേ?
ഇരുളിലുലൂകങ്ങൾ
        മുഷിഞ്ഞു മൂളീടിലും
സരസം വിണ്ണിൽപ്പൊങ്ങി
        രാപ്പാടിയെത്തിപ്പാടും.
എന്നോമൽക്കവിതേ, നീ_
        യിടറാതുണരപോലും:
നിന്നെയോമനിക്കുവാൻ
        കാത്തുനില്ക്കുന്നു കാലം.
ഇന്നു നിൻചുററുമപ_
        സ്മാരത്തിൻ ഞെരക്കങ്ങൾ
റിന്നിടാം തത്തിത്തത്തി,
        നാളത്തെ പ്രഭാതത്തിൽ,

അവതൻ നേത്തു നേത്ത
        മാറെറാലിപോലും മായും;_
മവമാനിതയായ് നീ
        മാറുകില്ലൊരിക്കലും.

എത്രനാൾ നിഗൂഢമാ
        നില്ലജ്ജപ്രചരണ_
ബുദ്ബുദവ്രാതം നില്ക്കും
        'പുഴ'തന്നൊഴുക്കത്തിൽ?

ഫർഫ

Digitized By Kerala Sahitya Akademi

വിണ്ണിൽവെച്ചീശൻ നിന്നെ-
യഭ്യസിപ്പിച്ചു, നീയീ
മന്നിൽ വന്നേവം വീണ-
വായിക്കാൻ, നൃത്തംചെയ്യാൻ.
ആരോടുമനുവാദം
ചോദിച്ചല്ലതിനു നീ-
യാരംഭിച്ചിതു,മിത്ര-
നാളതു തുടർന്നതും.

അതിനാ,ലേതോ ചില
കോമാളിവേഷക്കാർ വ-
ന്നരുതെന്നാജ്ഞാപിച്ചാൽ-
ക്കൂസുകില്ലെള്ളോളം നീ.

നീയറിഞ്ഞിട്ടില്ലൊട്ടു-
മിന്നോളം പരാജയം;
നീയവഗണിക്കുയേ
ചെയ്തിട്ടു പരിഹാസം.

ഏതെല്ലാം നെററിത്തടം
ചുളുങ്ങിക്കോട്ടേ, നീ നിൻ
സ്വാതന്ത്ര്യപ്രകാശത്തിൽ
സ്വച്ഛന്ദം നൃത്തംചെയ്യൂ!
അലിവുള്ളവർ നിന്നെ-
യഭിനന്ദിക്കും, കാലം
വിലവെച്ചിടും നിന്റെ
വിശ്വമോഹനനൃത്തം.



Digitized By Kerala Sahitya Akademi

നീയൊട്ടുമിടറാതെൻ-
        കവിതേ—പറക്കുന്നു
നീളെ നിൻ ജയക്കൊടി—
        തുടരൂ നിൻനൃത്തം നീ!

ഹസ്തതാഡനഘോഷ-
        മദ്ധ്യത്തിൽ പതിവാണൊ-
രിത്തിരി കൂക്കംവിളി,-
        യെങ്കിലേ രസമുള്ളൂ.

ഗുരുത്വം കെടുത്തുകി-
        ല്ലുൽകൃഷ്ടർ: മഹാത്മാക്കൾ
ധരിപ്പൂ പിതാമഹ-
        ന്മാരുടെ പാരമ്പര്യം.

മർത്ത്യരാണിന്നൊന്നാലു-
        മുത്ഭവമോർമ്മിപ്പൂണ്ടേ?—
മർക്കടങ്ങളെ,യത്ര-
        പെട്ടെന്നു മറക്കാമോ?........

*        *        *

മറ്റുള്ളോർ ചവച്ചിട്ടോ-
        രെല്ലുകൾ തക്കം നോക്കി-
ക്കട്ടെടു,ത്തവ കാണു
        ശൗര്യത്തിൻ ഭാവം കാട്ടി,
ഫർമ്പ

Digitized By Kerala Sahitya Akademi

ഉല്ലസൽസുധാകര-
നയനും നേരം, കഷ്ട-
മല്ലിലാ ശദ്ധാനം പാർത്തു
നിന്നെത്ര കരശ്ശൂട്ടേ,

ഫലമെന്തതുകൊണ്ടു?—
മേല്ക്കുമേൽപ്പൊങ്ങിപ്പര-
ന്നലതല്ലിടും നിൻ്-
കീർത്തികൗമുദിയെങ്ങും!

ഇടറാ,സ്സിടറാതെൻ-
കവിതേ, സവിലാസ-
നടനം തുടരൂ നീ,
വിശ്വമോഹിനിയായി!

1—1—1117

32

പൊട്ടിത്തെറിയ്ക്കുന്നൊരാഗ്നേയപിണ്ഡങ്ങ-
ളിട്ടിട്ടു പായും വിമാനങ്ങൾമാതിരി,
പാറിപ്പറന്നോടി സംഭവസഞ്ചയം
നീറിദ്ദഹിപ്പിതെൻനിശ്ശൂന്യജീവിതം!

23—4—1120.

33

മുദുലതന്ത്രികൾ മുറുകെ മീട്ടി,യെൻ-
ഹൃദയവല്ലകി ശിഥിലമായ്!

16—2—1108.



Digitized By Kerala Sahitya Akademi

34

മാമകമാനസവേദിയിലുണ്ടൊരു
കാമദകല്യാണകല്പവല്ലി.
സുന്ദരിയാണു സുശീലയുമാണവൾ
മന്ദിരശ്രീയാണാ മംഗളാംഗി.
നിർമ്മലത്വത്തിൻ നിദർശനംതന്നെയാ-
ണമ്മുഗ്ദ്ധസ്മേരോല്ലസാനനാബ്ജം.
ഓമൽക്കവിതയാണാത്തങ്കരശ്മിത-
ന്നോരോ ചലനവുമോർത്തുനോക്കിൽ.
പാരിജാതത്തിൻ നവമലർപോലവൾ
പാവനശ്രീ പൊഴിച്ചുല്ലസിപ്പൂ;
അസ്സുഷമോത്സവാസ്വാദനാസക്തമെ-
ന്നക്ഷികൾ ചെന്നതിൽ വിശ്രമിപ്പൂ.
കൺമുനത്തെല്ലിനാൽ സല്ലപിച്ചങ്ങനെ
ഞങ്ങളെ ഞങ്ങൾ മറന്നുപോകും.

ഉൾഭീതിയുണ്ടെനി,ക്കെത്ര നാളീവിധ-
മിപ്പൊൻകിനാക്കൾ തളിർത്തുനില്ക്കും?
സൃഷ്ടിച്ചിട്ടുണ്ടല്ലോ, മന്നിൽ,പ്പനീർപ്പൂക്കൾ
സൃഷ്ടിച്ച കൈതാൻ പുഴുക്കളേയും.
ചിത്രശലഭത്തിനുള്ള പൂങ്കാവില്ല-
മെത്തും കടന്നാക്കടന്നലുകൾ,
ഒത്തൊരുമിച്ചു പറന്നു കളിക്കിലും
കൊത്താൻ തരംനോക്കിക്കൊണ്ടിരിക്കും!

സാരമി,ല്ലെന്നു വരാനതി,ലൊന്നിച്ചു
ചേരുന്ന ചിത്തങ്ങൾ വേർപെടുത്താൻ,
എത്രയ്ക്കു മൂർച്ചയുള്ളേതു ദൗഷ്ട്യത്തിന്റെ
ഖഡ്ഗത്തിനൊക്കും?—കൃതാർത്ഥനീ ഞാൻ!!

8—6—1119.



Digitized By Kerala Sahitya Akademi

## വൈരുദ്ധ്യം

കൊതിപ്പതൊക്കെയും ലഭിക്കയില്ലല്ലോ
കൊതിപ്പതല്ലല്ലോ ലഭിപ്പതൊക്കെയും!
ലഭിക്കയുമില്ല കൊതിപ്പതെപ്പൊഴും
ലഭിപ്പതെപ്പൊഴും കൊതിപ്പതുമല്ല!
വിരുദ്ധതയുടെ നറുത്തെഴും നാരിൽ-
ക്കൊരുത്തെടുത്തൊരീ പ്രപഞ്ചമാലയിൽ,
പല തരത്തിലും, പല നിറത്തിലും
പല പല പൂക്കളിണങ്ങിനില്പൂവേ,
സമുജ്ജ്വലമതിൻ പ്രകൃതി!—സർവ്വവും!
സമാനമെങ്കിലോ, വെറും വിരൂപവും!
—വിവിധതപോലും വിരസമാണോർത്താൽ-
വിരുദ്ധതയുടെ ചരടു പൊട്ടിയാൽ!!....

## 11

നമുക്കു നന്മകൾ നയിച്ച നാളുകൾ
നശിച്ചതോർത്തു നാം വമിപ്പു വീർപ്പുകൾ.
അരികിൽ നിന്നവ പുണന്ന വേളയി-
ലറിഞ്ഞതില്ല നാമവതൻ മേന്മകൾ.
പിരിഞ്ഞകന്നവാറുയന്ന സങ്കടം
പിളർത്തിടുന്നു, ഹാ, നമുക്കു ഹൃത്തടം.
ഇരുട്ടു നല്കിടുമറിവുകാരണം
ശരിക്കറിവു നാം വെളിച്ചത്തിൻ ഗുണം!
പിടയ്ക്കുമാത്മാവിൽ പുളകങ്ങൾ പാകി-
ത്തുടിപ്പിതിന്നുമാ പ്രണയവല്ലകി!

ഫർന്ന

Digitized By Kerala Sahitya Akademi

പൊഴിപ്പിതിപ്പൊഴും കളത്ത പുഞ്ചിരി
കൊഴിഞ്ഞുവീഴാതാ പ്രണയമഞ്ജരി!
സ്മൃതികളിൽ, സുധാകണങ്ങൾമാതിരി!
പതിക്കയാണിന്നാ പ്രണയമാധുരി!
—പരിതപിക്കാതാ സ്മൃതികളിലിനി-
പ്പതിയിരിക്ക നാം, ഹൃദയമോഹിനി!!........

III

സമത്ഥനെന്നോറം മദിക്കും മാനവൻ,
സമസ്തസിദ്ധിയും കരസ്ഥമായവൻ,
നടുങ്ങുമാറട്ടഹസിക്കിലും വമ്പിൽ
നമിച്ചിടേണ്ടയോ വിധിയുടെ മുമ്പിൽ?
വിടന്നകണ്ണുകളുടഞ്ഞുപോ,മതൊ-
ന്നടയാതാക്ഷേപാനശക്തനാണവൻ.
മനുഷ്യബുദ്ധിയെ,സ്സഗർവ്വ,മെത്രനാൾ
മഥിച്ച ശാസ്ത്ര,മാസ്സുധാജ്ജനത്തിനായ്!
മട്ട,ത്തവസാനം, മനുഷ്യഹിംസയ്ക്കായ്
മടങ്ങിപ്പോന്നിതാക്കൊടുംവിഷവുമായ്!
വിധിതൻതൃക്കളിൽ വിലാസഹാസങ്ങൾ
വിധിതൻമുള്ളിലോ, വിലാപശാപങ്ങൾ!
വിരുദ്ധതയുടെ ചരടിലീവിധം
കൊരുത്തുവെച്ചൊരീ പ്രപഞ്ചമാലയിൽ,
ചിറകടിച്ചു നീ കരഞ്ഞും, പാടിയും,
പറന്നുപോറുകെൻഹൃദയഭൃംഗമേ!!

8—3—1120.



Digitized By Kerala Sahitya Akademi

35

ആദർശസൗഭഗമാകാരമാർന്നപോ-
ലാരു നീ,യാരു നീ,യപ്സരസ്സേ?

10—6—1119.

36

എന്നും മറക്കുന്ന,തെന്നും പൊറുക്കുന്ന-
തെന്നുത്തമാരാദ്ധ്യഭാഗധേയം!
എന്നാലതിനെത്തഴുകാൻ തുനിയുമ്പോ-
ളെന്നെ വന്നാരോ വിലങ്ങുവെയ്പൂ.
ഭീമപ്രചണ്ഡപ്രതീകാരമേ, നിന്റെ
ഹോമകുണ്ഡത്തിൽദ്ദഹിക്കണം ഞാൻ.
എന്നസ്ഥിയോരോന്നൊടിച്ചെട്ടത്തിട്ടു നിൻ-
വെന്നിക്കൊടികൾ പറത്തണം ഞാൻ.
മജ്ജീവരക്തം തളിച്ചു തളിച്ചു നി-
ന്നുജ്ജ്വലദാഹം കെടുത്തണം ഞാൻ.
ആകട്ടെ, ഞാനിന്നതിനുമൊരുക്കമാ-
ണേകാന്തതേ, നീ സമാശ്വസിക്കൂ!

*　　　*　　　*

രക്താം പുരളും പ്രതീകാരമോഹമേ,
കത്തിക്കു നിന്റെ കതിനയെല്ലാം.
പൊട്ടിത്തെറിക്കണം സർവ്വമതോടൊപ്പ-
മൊററഞൊടിയിൽത്തരിതരിയായ്.
താരങ്ങൾപോലും കൊഴിഞ്ഞു ചീഞ്ഞീടണ-
മാറാത്ത നിൻകൊടുംതീക്കനലിൽ.
എല്ലാ വെളിച്ചവും കരിപിടിച്ചീടണം
തള്ളിവരും നിൻപുകച്ചുരുളിൽ.

ഹർഷം

Digitized By Kerala Sahitya Akademi

ഞാനു,മെൻസർവ്വവുമൊന്നിച്ചുടിയണം
ഹാ, നിൻെറ വക്ത്രകുഹരകത്തിൽ!
രക്താ പൂരളും പ്രതീകാരമോഹമേ,
കത്തിക്ക നിൻെറ കതിനയെല്ലാം!........

22—3—1120.

# എന്നിട്ടും വന്നില്ല

—എന്നിട്ടും, വന്നീലെൻകണ്ണീർ തുടയ്ക്കുവാ-
നെന്നാത്മനായകൻ, തോഴി!

എന്മലർക്കാവിൽനിന്നൊന്നും പറയാതെ
പിന്നെയും പൂങ്കുയിൽ പോയി.
ഉന്നിദ്രഹർഷം ലസിച്ച ലതകളിൽ-
പ്പിന്നെയും പൂങ്കുല വാടി.
ഭീമാതപം ചൊരിഞ്ഞെത്തിയ വേനലിൽ-
ത്താമരപ്പൊയ്കകൾ വററി
ചേതോഹരങ്ങളാം പച്ചിലക്കാടുകൾ
പ്രേതോപമങ്ങളായ് മാറി.
ശപ്തമെൻജീവിത,മൂഴിയി,ലീവിധം
തപ്തബാഷ്പാകുലമായി!

—എന്നിട്ടും, വന്നീലെൻകണ്ണീർ തുടയ്ക്കുവാ-
നെന്നാത്മനായകൻ, തോഴി!

വാർമണിമേഘങ്ങൾ മേളിച്ച വാനിനെ-
ക്കാർമുകിൽമാലകൾ മൂടി.

ഹർൻ

Digitized By Kerala Sahitya Akademi

രാവും പകലും തിരിച്ചറിഞ്ഞിടുവാ-
നാവാതെ വർഷവുമെത്തി.
കത്തിയെരിഞ്ഞ ജഗത്ത്, പേമാരിയിൽ-
ത്തത്തിക്കുളിത്തു നീരാടി.
ചന്തത്തിൽപ്പിന്നെയും മാമരക്കൊമ്പുകൾ
ചെന്തളിർച്ചുമ്പുകൾ ചൂടി.
അപ്പൊഴും, വർഷത്തിനൊപ്പ,മെന്നക്ഷിക-
ളശ്രുക്കൾ ധാരയായ്ത്തൂകി!

—എന്നിട്ടും, വന്നീലെൻകണ്ണീർ തുടയ്ക്കുവാ-
നെന്നാത്മനായകൻ, തോഴി!

പ്രാണോത്സവപ്രദമാസ്മരനൃത്തങ്ങ-
ളോണനിലാവു നിന്നാടി.
പൂക്കളെപ്പൊട്ടുതൊട്ടങ്കണലക്ഷ്മികൾ
മേല്ക്കുമേൽപ്പുഞ്ചിരി തൂകി.
അഷ്ടാശകളുമൊത്താർപ്പുവിളികളാൽ-
ത്തുഷ്ടിപൂണ്ടോണത്തെ വാഴ്ത്തി.
എങ്ങും സമൃദ്ധിയും സന്തോഷവും നിന്നു
മംഗളസുസ്മിതം വീശി.
എന്മനം നൊന്തുനൊന്തപ്പൊഴുമങ്ങനെ
കണ്ണീരിൽ മുങ്ങി ഞാൻ മേവി!

—എന്നിട്ടും, വന്നീലെൻകണ്ണീർ തുടയ്ക്കുവാ-
നെന്നാത്മനായകൻ, തോഴി!

നർത്തനലോലയായ്പ്പൂനിലാവൊന്നിച്ചു
നൽത്തിരുവാതിരയെത്തി.



Digitized By Kerala Sahitya Akademi

എന്നെപ്പോൽസൗഭാഗ്യമില്ലാത്തോരല്ലാത്ത
തന്വികളൊന്നിച്ചു കൂടി.
നീരാടി, നീന്തിത്തുടി,ച്ചുഷസ്സിൽ,ത്തെളി-
ഞ്ഞോരോരോ ഗാനങ്ങൾ പാടി.
ഉജ്ജ്വലശുഭ്രാംശുകാലംകൃതാംഗരാ-
യുദ്രസമൂഞ്ഞാലിലാടി.
വട്ടമി,ട്ടുല്ലല,റ്റല്ലി,ലൊന്നിച്ചു കൈ-
കൊട്ടിക്കളിച്ചവർ കൂടി.
പാവനമംഗല്യദായകമാകുമ-
പ്പാതിരാപ്പൂവവർ ചൂടി.
അപ്പൊഴു,മശ്രുഗംഗയ്ക്കകത്താഞ്ഞാടി-
ഞ്ഞത്തലെൻമാനസം തേടി!

—എന്നിട്ടും, വന്നീലെൻകണ്ണീർ തുടയ്ക്കുവാ-
നൊന്നാത്മനായകൻ, തോഴി!

* * *

എത്രനാ,ളെത്രനാ,ളീവിധം, കണ്ണുനീ-
രച്ചിക്കണമെനി,ക്കാവോ!
എപ്പൊഴും കാണ്മതുണ്ടെൻമനോനേത്ര,മാ-
സ്യപ്രസന്നോജ്ജ്വലരൂപം.
ഇല്ല, ചെയ്തിട്ടില്ല, നാഥനോടിന്നോളം
തെല്ലുമേ ഞാനപരാധം.
ഭക്ത്യാ കഴുകുന്നു നിത്യമെന്നശ്രുവി-
ലത്തൃപ്പദങ്ങൾ ഞാനേവം.

ശുഭം

Digitized By Kerala Sahitya Akademi

ഈ വിയോഗാഗ്നിയിൽച്ചാമ്പലാകില്ലെന്റെ
പാവനരാഗാർദ്രഭാവം!
എന്നിട്ടു,മെത്താത്തതെന്തെന്റെ നാഥ,നെൻ-
കണ്ണീർ തുടയ്ക്കുവാൻ, തോഴി?........

12—11—1119.

37

ദുഃഖപ്രണയമേ, കണ്ണീരിലെന്നെ നീ
മുക്കി,ച്ചിരിക്കുവാനോതിടുന്നോ?

23—3—1120.

38

പോരാ, കാലമേ, തീരാവേദന
പോരാ, നീയെനിക്കേകിയതൊട്ടും
പോരാടുന്നതു തീരാതെങ്ങനെ
പോരാ ഞാനിനി നീ വിളിച്ചാലും!

26—4—1120.

39

പേരും പെരുമയും വിത്തസംപ്രാപ്തിയും
ചേരുമെന്നോർത്തല്ല പാടാൻതുടങ്ങി ഞാൻ.
പാടി ഞാൻ—ഞാൻതന്നെ വിസ്മയിക്കുംവിധം
തേടിയിങ്ങോട്ടു വരികയാണിന്നവ.
എന്തി,നിമ്മട്ടിലധഃപതിപ്പിക്കുവാൻ
നൊന്തുനൊന്തിങ്ങനെ വീർപ്പുമുട്ടിക്കുവാൻ!
പേപിടിപ്പിക്കാതടങ്ങില്ല നിങ്ങൾ, ഞാൻ
പേടിച്ചു പേടിച്ചൊഴിയുന്നു നിങ്ങളെ!



Digitized By Kerala Sahitya Akademi

പാരിജാതങ്ങളെന്നോർത്തുപോയ്, ഹാ, വെറും
പാഷാണവൃക്ഷങ്ങൾ നിങ്ങൾ—നശിച്ച ഞാൻ!!

27—4—1120.

40

വീതാശങ്കം,മഹോ, വിനാശകരമാ-
സ്സാമ്രാജ്യദുർമ്മോഹമാം
വേതാളത്തിനു രക്തതർപ്പണമനു-
ഷ്ഠിക്കുന്ന രാഷ്ട്രങ്ങളേ,
സ്വാതന്ത്ര്യം ജലരേഖ—മർത്ത്യരെ വെറും
ചെന്നായ്ക്കളാക്കാം, കരെ
പ്രേതങ്ങൾക്കഴറാം ജഗത്തി,—ലിതിനോ
നിങ്ങൾക്കു യുദ്ധഭ്രമം!!....

19—9—1119.

## മരിച്ച സ്വപ്നങ്ങൾ

വിസ്തൃതം വിശ്വ,മെനിക്കൊരു കോണിലും
വിശ്രമം കിട്ടാത്തതാണു കഷ്ടം!
മായാമരീചിയിൽ മാൻകിടാവെന്നപോൽ-
പ്പായുകയാണു ഞാ,നങ്ങുമിങ്ങും.
ആനന്ദം വേ,ണ്ടല്പമാശ്വാസമെങ്കിലും
നൂനം, നീ നല്കുമെന്നാശയാലേ,
കഷ്ടം, വിദൂരനഗരമേ, നിൻമടി-
ത്തട്ടിൽ ഞാനീവിധം വന്നുചേർന്നു.
നീയെന്റെ ജന്മഭൂവല്ലല്ലോ, മന്നനം
നീറുന്ന കണ്ടു രസിച്ചു നില്ക്കാൻ:

പാടില്ല

Digitized By Kerala Sahitya Akademi

എന്നിട്ടു,മെന്തേ നീ നുള്ളുന്നതെന്നെ?—യെൻ.
കണ്ണീർ നിനക്കും മധുരമാണോ?

വേണ്ടുപകാര,മുപദ്രവമെങ്കിലും
തീണ്ടാതിരിയ്ക്കുമെന്നാശയാലേ,
തമ്മിൽപ്പരിചയമില്ലാത്ത മർത്ത്യരേ,
നിങ്ങൾക്കിടയിൽ ഞാൻ വന്നുചേർന്നു.
എന്നുററമിത്രങ്ങളല്ലല്ലോ, മൽപ്രാണ-
ബന്ധത്തിൽക്കോൾമയിർക്കൊള്ളാൻ നിങ്ങൾ:
വൈരികളെപ്പോലെന്തെന്നിട്ടും?—നിങ്ങൾക്കും
സ്വൈരംകെടുത്തുന്നതിഷ്ടമാണോ?
എൻതോഴരല്ലല്ലോ,നിങ്ങ,ളെന്നൽക്കഷ്ട-
ചിന്തയാലസ്വസ്ഥചിത്തരാകാൻ:
എന്നിട്ടു,മെന്തേ തിരസ്കൃതൻ പിന്നിൽ
നിന്നെയ്വതസ്ത്രങ്ങളെന്മനസ്സിൽ?—

നിങ്ങളാ,ണെങ്കിലും, ഭേദം!—കടിയ്ക്കിലും
നിങ്ങൾതൻ പല്ലത്ര കൂർത്തതല്ല.
അല്പമെങ്ങാൻ തൊലി പോറുമെന്നല്ലാത-
തപ്രാണനിൽ ചരുക്കേറുകില്ല!

* * *

നിത്യവും പണ്ടെൻെറ മുന്നി,ലണഞ്ഞെത്ര
നിസ്തുലസ്വപ്നങ്ങൾ നൃത്തമാടി!
കാലത്തിരിച്ചിലിൽ, സംഭവസഞ്ചയ-
ജ്ജ്വാലയിലെല്ലാം ദഹിച്ചുപോയി.
ഞെട്ടുന്നു ഞാനിതാ,നിഷ്ഠുരയാഥാർത്ഥ്യ-
മട്ടഹസിയ്ക്കുമിച്ചുളരികളിൽ!

ഫെബ്ര

Digitized By Kerala Sahitya Akademi

## എന്റെ കവിത

മായികനൃതനായൗവനമോരോരോ
ചായപ്പണികളൊരുക്കിനില്ക്കേ;
ചിന്തകൾ പൂത്തും തളിർത്തുമനൊന്മനം
വൃന്ദാവനമായ്ക്കുളിർത്തു നിന്നു.
കാമന്മുരളീരവമൊന്നതിങ്ക,ല–
ന്നോളം തുളുമ്പിത്തുളുമ്പിനില്ക്കേ,
ആഗമിച്ചാരതിലാടിക്കുഴഞ്ഞുകൊ–
ണ്ടായിരം സങ്കല്പഗോപികകൾ!
ആദർശരശ്മിക്കു ചുററുമായന്നവ–
രാനന്ദനൃത്തങ്ങളാടിനില്ക്കേ;
ശ്യാമളവ്യോമവും, വെള്ളിമേഘങ്ങളും,
ഹേമന്തരാത്രിയും, പൂനിലാവും,
സുന്ദരസ്വപ്നങ്ങളെന്നപോ,ലങ്ങനെ
മന്ദഹസിക്കുന്ന താരകളും,
മന്നിലെനിക്കൊരാൾക്കായ്മാത്രമുള്ളതാ–
ണെന്നപോൽ, ഞാനന്നഹങ്കരിച്ചു.

ഇന്നോ?—ജഗത്തേ, നമസ്കരിക്കുന്നു ഞാ–
നെന്നെ നീ വീണ്ടും ചവിട്ടരുതേ!
സ്വപ്നശതങ്ങൾതന്നസ്ഥികൾ ചിന്നിയ
തപ്തശ്മശാനമിന്നെൻഹൃദന്തം!
ഞാനിരുന്നല്പം കരയട്ടെ!—നീ നിന്റെ
വീണ വായിച്ചു രസിച്ചുകൊള്ളൂ!!........

19—1—1120



Digitized By Kerala Sahitya Akademi

41

തമ്മിൽത്തമ്മിലസൂയമൂല,മളവി-
ല്ലാതുള്ള നത്ഥങ്ങളാ-
ലിമ്മന്നിൽ, സുഖജീവിതം, ശിഥിലമാ-
ക്കിത്തീത്തു കഷ്ടം, നരൻ!
കമ്രശ്രീമയവിശ്വഗേഹ,മവനാ-
വാസത്തിനാ,യീശ്വരൻ
നിർമ്മിച്ചേകി,യതും, കൃതഘ്നനവനോ
വെട്ടിപ്പകുത്തു ശഠൻ!!....

19—9—1119.

42

മാല കൊരുത്തുകൊണ്ടൊരാറവും നിത്യമാ
മാലിനിതീരത്തിരിക്കമാറുണ്ടവൾ.
വിണ്ണിങ്കലന്തിയിൽക്കിന്നരകന്യകൾ
പൊന്നശോകപ്പൂ വിതറുന്ന വേളയിൽ
ഓളങ്ങളോടിവന്നാലിംഗനം ചെയ്യു-
മോമലിരിക്കും ശിലാതളിമത്തിനെ!
പച്ചിലച്ചാർത്തിൻ പഴുതിലൂടപ്പപ്പൊ-
ളെത്തിനോക്കും ലസൽസായാഹ്നദീപ്തികൾ!

7—11—1113.

43

അരുതിനിപ്പാടുവാൻ—പാടിയിട്ടെ-
ന്തൊരുമില്ലാരുമില്ലേറ്റുപാടാൻ!
കനകദീപങ്ങൾ പൊലിഞ്ഞുപോയീ
കാണികളൊക്കെപ്പിരിഞ്ഞുപോയി.

മങ്ങിന്ന

Digitized By Kerala Sahitya Akademi

നവനവോത്തേജനം നല്കിയോരാ
നായികാസ്മേരവും മാഞ്ഞുപോയി.
നിഴലും, നിരാശയും, നീരസവും
നീറും ഹൃദയവും ബാക്കിയായി.
അതതിനിപ്പാടുവാൻ—പാട്ടുമുല-
മഖിലക്ഷം ഞാൻ വൃഥാ ശത്രുവായി.
അത്തെക്കുനിന്നൊരു കാററു വീശി-
യിദ്ദീപനാളവും കെട്ടിതെങ്കിൽ!!

29—4—1120.

44

മരവിക്കുവാൻവേണ്ടി
ഞാനേവം ചിരിക്കുന്നു
മരണത്തിനുവേണ്ടി
ഞാനേവം ജീവിക്കുന്നു!

22—1—1109.

## തെങ്ങുകളുടെ വിഡ്ഢിത്തം

"എന്തു വേണ,മെന്തുവേണ,മിതു പോരു നിങ്ങൾ
എന്തുവേണമെങ്കിലു,മതേകാമല്ലോ ഞങ്ങൾ!
നോക്കു, നോക്കു, ഞങ്ങളേന്തും കാഞ്ചനക്കുടങ്ങൾ
കേൾക്കു, കേൾക്കു, ഞങ്ങളാണാകല്പകദ്രുമങ്ങൾ!
ഭംഗിയില്ലേ കാണുവാ,നണിയണിയായ് ഞങ്ങൾ
തിങ്ങിവിങ്ങി നിന്നിടുമീ വെൺമണൽത്തടങ്ങൾ?
ദൂരയാത്രകാരണം തളർന്നുപോയീ നിങ്ങൾ
സാരമില്ലിപ്പന്തങ്ങളിൽ വിശ്രമിയ്ക്കൂ നിങ്ങൾ.
മെല്ലെ മെല്ലെ വീശി വീശി,സ്സൗഖ്യമേകാം ഞങ്ങൾ!!
നല്ല പൊൻകിനാക്കൾ പൂക്കും നിദ്രപാകാം ഞങ്ങൾ!!"



Digitized By Kerala Sahitya Akademi

മാടിവിളിച്ചീവിധം
മധുരമായ് ക്ഷണിച്ചാൽ
മാറിയൊഴിഞ്ഞൊരു ലോകം
മററു ദിക്കിൽപ്പിന്നെ?

ആഴിയലമാലകളിൽ-
തത്തിയുലഞ്ഞാടി-
ക്കോഴിക്കോട്ടു വന്നടുത്തി-
തന്നൊരു പായ്ക്കപ്പൽ.

ഗാമയുമനുചരരും
കാലുകുത്തീ മണ്ണിൽ;
ക്ഷേമലക്ഷ്മിസ്സുലക്ഷണം
കരടുപോയീ കണ്ണിൽ!

കേരകല്പച്ഛായകളിൽ
ചെന്നവരിരുന്നു;
ദൂരയാത്രാക്ലേശമവർ
സർവ്വവും മറന്നു.

പ്രീതിയുൾച്ചേർന്നാത്തുകയായ്-
പ്പിന്നെയുമാകല്പ-
പാദപങ്ങൾ, ശോഭിതാഭി-
മാനവേപിതങ്ങൾ:—

“അപ്പുറത്തു കാണ്മതെന്താ,ണങ്ങു നോക്കു നിങ്ങൾ:
കൊച്ചലകൾ പിച്ചവെയ്ക്കും പച്ചനെൽപ്പാടങ്ങൾ!



Digitized By Kerala Sahitya Akademi

നിന്നിടാമോ നാലു മാസംകൂടി നിങ്ങൾക്കെ,നാ-
ലന്നു, നെൽച്ചെടികളെപ്പൊൻതാലികെട്ടിക്കാണാം!
താമരക,ളാമ്പലുകൾ, തണ്ടുലഞ്ഞു, തങ്ക-
ത്താരണിത്താലങ്ങളേന്തി നില്പതു കണ്ടില്ലേ?
തത്തകൾ, മാടത്തകൾ, കരിയിലക്കിളികൾ
തത്തിടുമാപ്പച്ചിലപ്പടപ്പുകൾക്കിടയിൽ,
വാലുയർത്തി, മെയ്കുനിച്ചിരു,ന്നൊരണ്ണാ,നെന്തോ
വായിലാക്കി,ച്ചാടിയോടിപ്പോയിടുന്നു കണ്ടോ?
കുന്നിമാല മിന്നി മിന്നിയുമ്മവെയ്ക്കും മാറിൽ-
ക്കുനുലഞ്ഞണഞ്ഞീടുമാക്കറുകകളെക്കണ്ടോ?...."

ഗാമയൊന്നു നീന്നിരുന്നു,—
ക്ഷീണമൊക്കെത്തീന്നു
കോമളസ്വപ്നങ്ങൾ പൂക്കാൻ
കണ്ണുകൾ വിടന്നു.
തമ്മിലൊന്നു തോളുരുമ്മി-
ക്കണ്ണു ചിമ്മിക്കാണി-
ച്ചുമ്മഘാരസജ്ജർ വീണ്ടും
സസ്മിതം തുടന്നു:—

"പോരു,മിനിയപ്പുറത്തേയ്ക്കൊത്തിനോക്കൂ, ദൂരെ-
ച്ചാരുതയിൽ മുങ്ങിനില്ക്കും കാഴ്ചനികൾ കണ്ടോ?
രണ്ടുഭാഗത്തൊന്നുപോലണിയണിയായ്,ക്കാററിൽ-
ച്ചെണ്ടുലഞ്ഞു പൂവുതിരും തൈമരങ്ങളാലേ,
നിഘ്നതോജ്ജ്വലാംഗികളായ്പ്പാടിയാടിപ്പോകും
നിമ്മലസലിലകളാ നിമ്നഗകൾ കണ്ടോ?
ഫ്ളെൻ

Digitized By Kerala Sahitya Akademi

കാട്ടുപുൽത്തണ്ടൂതിയൂതിപ്പുഷ്പവൃഷ്ടി പെയ്തി–
ച്ചാട്ടിടയരാടുമേയ്ക്കും പുൽത്തടങ്ങൾ കണ്ടോ?
മഞ്ജരിതമഞ്ജുലതാകുഞ്ജകകദംബ–
മണ്ഡിതരസാലസാലമണ്ഡലശതങ്ങൾ;
തുംഗനാദസ്പന്ദിതവിശാലനീലരംഭാ–
രംഗസഞ്ചയങ്ങൾ മനോരഞ്ജകങ്ങൾ കണ്ടോ?
ചന്ദനാലവംഗകേലാമല്ലികാമരിച–
കുന്ദകർണ്ണികാരജാതിഗന്ധബന്ധുരങ്ങൾ;
കോകില, ശുക, മയൂര, കുക്കുട, കപോത–
കോമളഗളഗളൽകളകളാഞ്ചിതങ്ങൾ;
വാരണ, ശാർദ്ദൂല, ഭല്ലൂകോ, ഗ്രസൂകരാദി
ഘോരസതതഗർജ്ജനമുഖരഭീകരങ്ങൾ;
സംഗതനിർഝരധാരാസങ്കലിതശൈല–
തുംഗശൃംഗമണ്ഡലസ്ഥമേഘമേചകങ്ങൾ;
സുന്ദരസുരഭിലസുശീതളസമീര–
സ്പന്ദനതരംഗിതഹരിതകാനനങ്ങൾ!
എന്തു നിങ്ങൾ കാണുമേവം മന്നിലൊരു രാജ്യം
ഞങ്ങളുടെ രാജ്യമെന്തു ഭംഗിയുള്ള രാജ്യം?
ഭൂപാവതാരാണിങ്ങണഞ്ഞാൽ, ശ്രീമയമാം സാക്ഷാൽ
ദേവലോകംതന്നെയാണീ ഞങ്ങളുടെ രാജ്യം!
ഇഷ്ടമുണ്ടിങ്ങാവസിയ്ക്കാനെങ്കി, ലേററം ഞങ്ങൾ–
ക്കിഷ്ടമാണതെന്തു വേണം, നല്കാമല്ലോ ഞങ്ങൾ!!....”

* * *

മൂന്നു

Digitized By Kerala Sahitya Akademi

പിച്ചവാങ്ങാനമ്മരത്ത-
ന്നൊത്തിനിന്നോരാപ്പൂ-
മച്ചി,ലിന്നു, മെത്തമേലി-
രുന്നു മത്തടിപ്പൂ!

വീട്ടുകാർ, നിലവറയിൽ-
ക്കൈവിലങ്ങും ചാർത്തി
വീപ്പുമുട്ടി,പ്പട്ടിണിയ്ക്കു
ചീട്ടുമായിരിപ്പൂ!

"പററി!—തെല്ലുമോർത്തതില്ല-
ന്നീയബദ്ധം ഞങ്ങൾ!!...."
പട്ടുകളുലച്ചുരയ്ക്കു
കേരകല്പകങ്ങൾ!!

13—3—1120

45

ആരു നീ ശങ്കരി, സങ്കല്പസായൂജ്യ-
സാരസചേതനസംശുദ്ധിമാതിരി?

3—5—1109.

46

അനുരാഗലോലനാ,യന്തിയിലന്നു നി-
ന്നനുപമാരാമത്തിൽ വന്നു ഞാ,നോമലേ!
പരിചിതനല്ലാത്ത ഞാനടുത്തെത്തവേ
ചിരിവന്നുപോയിതാ മല്ലികൾക്കൊക്കെയും!

12—5—1119.



Digitized By Kerala Sahitya Akademi

47

ജീവിതയാത്രയി,ലിത്ര നാൾ, നീയൊരു
ഭാവനമാത്രമായ് നിന്നിരുന്നു.
എങ്കിലു,മപ്പൊഴും നിൻചുററും ഞാനൊരു
തങ്കക്കിനാവായ് പറന്നിരുന്നു!

24—5—1119.

48

അനുരാഗലോലസ്മിതാർദ്രമായി-
ട്ടനുപമേ, നിൻമൃദുമുഗ്ദ്ധചിത്തം
വിമലാനുഭൂതികളേകിയേകി
വികസിച്ചു നില്പിതെൻമുന്നിലേവം.
സുരഭിലമാക്കുകയാണിതിന്നെൻ-
സുലളിതസങ്കല്പമേഖലകൾ!

31—12—1119.

49

പ്രണയഭാരംകൊണ്ടിനിയൊരക്ഷര-
മരുളുവാൻപോലുമരുതാതെ,
മരുവുന്നു നിൻെറ വരവും കാത്തു, ഞാൻ
മഹിതചൈതന്യസ്ഫുരണമേ!
അകലത്താകാശം തലകുനിച്ചു നി-
ന്നലകടലുടൽ പുണരവേ,
പിടയുകയാണെൻഹൃദയവു,മേതോ
തടവലിൽപ്പെട്ടു തളരുവാൻ!
നിമിഷമോരോന്നും തവ സമാഗമ-
നിരഘസന്ദേശമറിയിക്കെ,
ഭരിതജിജ്ഞാസം, വിഫലമായ്, നിന്നെ-
ത്തിരയുന്നു, കഷ്ട,മിരുളിൽ ഞാൻ!!....

5—2—1120.

ഫന്നവ

Digitized By Kerala Sahitya Akademi

# ഒരു പുലപ്പെണ്ണിന്റെ പാട്ട്

ചിങ്ങം പിറന്നു!—പറന്നു പച്ച-
ച്ചങ്ങാലി പാടത്തു വന്നു.
ചെമ്പാവെൻതമ്പ്രാക്കൾക്കുണ്ണാൻവേണ്ടി
ചെമ്പഴംകൊണ്ടു കഴിഞ്ഞു.
മിന്നിക്കൊച്ചോളങ്ങൾ ചിന്നിച്ചിന്നി-
പ്പൊന്നിളവെയ്ലു പരന്നു.
തുമ്പക്കുടങ്ങളിൽത്തൂങ്ങിത്തത്തി-
ത്തുമ്പികൾ തുള്ളിക്കളിപ്പൂ.
ഉണ്ടയിട്ടോടിപ്പിടിച്ചും, വീണ്ടും
മണ്ടിയും തത്തിപ്പിടച്ചും,
അപ്പപ്പൊഴങ്ങിങ്ങിലത്തുമ്പത്തൊ-
ട്ടല്പനേരം വിശ്രമിച്ചും,
ചിത്രശലഭങ്ങൾ പാറിപ്പാറി-
ച്ചുറ്റിപ്പറന്നു കളിപ്പൂ.
പാടുന്നു തൈവള്ളിത്തുഞ്ചത്തിരു-
ന്നാടിക്കൊണ്ടാറ്റക്കിളികൾ.
നാണംകുണുങ്ങുന്നൊരോണപ്പൂക്കൾ
നാലുപാടും തിങ്ങിനില്പൂ.
കാണുന്നിതെങ്ങും തെളിച്ചം—ഹാ, പൊ-
ന്നോണം വരുന്ന വെളിച്ചം!
കാറൊഴിഞ്ഞീടാത്തതിന്നും, കഷ്ടം,
നീറുമീയെന്മനം മാത്രം!

ഫന്നമ്മ

Digitized By Kerala Sahitya Akademi

അത്തിമരത്തളിക്കൊമ്പത്തെത്തി-
ത്തത്തിക്കളിക്കുന്ന തത്തേ!
ഓരോരോ നാട്ടിൽ നീ പോയിട്ടിങ്ങു
ദ്ദൂരേന്നൊത്തിയതല്ലേ?
കാടും കടലും കടന്നു ചെന്നു
നാടുതോറും നീ പറന്നു,
കണ്ടതാണല്ലോ പലതും, നിന-
ക്കുണ്ടാകും കാര്യവിവരം.
ഇന്നതുകാരണം, തത്തേ, നിന്നോ-
ടൊന്നു ഞാൻ ചോദിച്ചിടട്ടേ:
സത്യമോ കേൾപ്പൂ,തടുത്തെങ്ങാനും
യുദ്ധം കഴിയുമോ, തത്തേ?
ഇററലിയെന്നൊരു നാട്ടിൽപ്പുറ-
ന്നെത്തിയിട്ടുണ്ടോ നീ, തത്തേ?
കത്തും പണവും വരുന്നു,ണ്ടെന്നാ-
ലെത്തുന്നതില്ലാളുമാത്രം!
നാടുവിട്ടിട്ടിതിനുള്ളി,ലയ്യോ,
നാലോണക്കാലം കഴിഞ്ഞു.
നെഞ്ചിടിക്കുന്നിതെനിക്കി,ന്നിപ്പോ-
ളഞ്ചാമത്തോണവും വന്നു.
പട്ടാളം!—ശമ്പളം കിട്ടും, പക്ഷേ,
പട്ടിണിയാണതിൽ ഭേദം!
എന്നിനിയെത്തുമെൻനാഥൻ?—കനി-
ഞ്ഞെന്നൊടൊന്നോതുകെൻതത്തേ!

ഫന്നര്

Digitized By Kerala Sahitya Akademi

കണ്ടോ നീയെഞ്ഞാനു,മെഞ്ഞാനും നീ
കണ്ടാലുമെമ്മട്ടറിയാൻ?
ഞാനടയാളം പറയാം, കേൾക്കു!—
നീ നല്ലപോലൊത്തുനോക്കു!—

പൊക്കമൊത്തുള്ളൊരു മെയ്യും, മാംസം
തിക്കുന്ന കാൽകളും, കയ്യും;
കണ്ണിനു കൗതുകം തോന്നും നല്ലൊ-
രെണ്ണക്കറുപ്പുനിറവും;
വക്കത്തെഴുന്ന മുഖവും, തെല്ലു
വിക്കു തോന്നിക്കും സ്വരവും;
മിന്നിത്തിളങ്ങുന്ന കണ്ണും, നല്ല
ചിന്നിച്ചുരുണ്ട മുടിയും;
അല്പം വളഞ്ഞു, നിന്നോമൽക്കൊക്കി-
നൊപ്പമഴകുള്ള മൂക്കും;
ഒത്തിരുപത്തഞ്ചുപോലും വയ-
സ്സെത്താത്തതാണെൻെറ നാഥൻ!—

ഇമ്മട്ടിരിക്കുമൊരാളെ,ച്ചൊല്ല-
കെഞ്ഞാനും കണ്ടോ നീ, തത്തേ?........

10—3—1120

---

50

നിശ്ചയം, നിന്നെ മറക്കാൻ കഴിഞ്ഞെങ്കിൽ
നിത്യശാന്തിയ്ക്കൊരതിഥിയായേനെ ഞാൻ
ആവതും നോക്കി മറക്കുവാൻ നിന്നെ ഞാ-
നാവാതവശനായ് നിൽപു ഞാ,നോമലേ!!............

27—4—1120.

ഫന്നങ്ങ

Digitized By Kerala Sahitya Akademi

# പട്ടിണിക്കാർ

പട്ടിണിക്കോലങ്ങൾ ചത്തൊടുങ്ങി-
പ്പട്ടടക്കാട്ടിലിടം ചുരുങ്ങി.
ജീവിച്ചിരിക്കുമ്പോൾ വിശ്രമിക്കാൻ
പാവങ്ങൾക്കില്ലാ പഴുതുലകിൽ.
ചത്തെങ്കിലുമതൊന്നാസ്വദിക്കാ-
നൊത്തിരുന്നെങ്കിലവർക്കൊരല്പം!
ഒക്കുകി,ല്ലയ്യോ, ചുടുകാട്ടിലും
തിക്കും തിരക്കുമാ,ണെന്തു ചെയ്യും?

"ഞങ്ങൾക്കു കാണ്മാൻ വിഷമ,"മെന്നാ-
ത്തെങ്ങൊന്നുമോതുന്നതില്ലയിന്നും.
"പാടില്ല ഞങ്ങൾക്കു നെല്ലു നല്കാൻ"
പാടങ്ങളൊന്നും പറവതില്ല.
"വയ്യ ഞങ്ങൾക്കെ,"ന്നു നീരസത്താൽ
കൈയൊഴിയുന്നില്ല കാഞ്ചനികൾ.
ഉററബന്ധുക്കളാക്കാലികൾക്കു
വററിയിട്ടില്ലകിടൊട്ടുമിന്നും.
ഒന്നിനും ലോപമി,ല്ലൊക്കയുമു-
ണ്ടെന്നിട്ടും, ക്ഷാമമിക്കേരളത്തിൽ!
പുഷ്ടിക്കിളവില്ല; പിന്നെ,യിന്നി-
പ്പട്ടിണിയെങ്ങനെ വന്നുകൂടി?

വിത്താധിനാഥരേ, നിങ്ങൾ വന്നാ-
പ്പത്തായമൊന്നു തുറന്നു കാട്ടൂ!

[illegible]

Digitized By Kerala Sahitya Akademi

കുത്തു വീ,ണോവൊടി,ഞ്ഞാവി പൊങ്ങി-
യെത്ര നെല്ലുണ്ടതിൽപ്പൂപ്പൽ തിങ്ങി?
ചീയുന്നു ധാന്യങ്ങൾ!—മണ്ണടിഞ്ഞു
ചീയുന്നിതി,ന്നവ കൊയ്ത കൈകൾ!
വിത്താശയാ'ലസിതാപണ'ത്തിൽ
വില്ക്കപ്പെടുന്നു, ഹാ, ധാന്യലക്ഷ്മി!
എല്ലാർക്കുമൊന്നുപോൽ വേണ്ടതാമാ
നെല്ലും പണവും കവർന്നുവാരി,
കഷ്ടം,മേതാനും പേരൊത്തുകൂടി-
ക്കെട്ടിയൊളിച്ചുവെച്ചാസ്വദിക്കെ;
മറ്റുള്ളവരെച്ചതച്ചു തുപ്പി
മത്തടിച്ചാർപ്പി,താ ക്ഷാമയക്ഷി!
കർഷകജീവരക്തം കുടിച്ചാ
ഹർഷപ്രമത്തരാം ജന്മിവർഗ്ഗം,
വർത്തകന്മാരുമായൊത്തുകൂടി-
ക്കുത്തിക്കവർച്ചയ്ക്കരങ്ങൊരുക്കി!
പൊട്ടിക്കുകാ ബന്ധമാദ്യമായി-
ട്ടൊട്ടൊരാശ്വാസം ലഭിക്കു,മെങ്കിൽ!
പൊട്ടേണ്ട തോട്ടകൾ—കല്ലു പോരും
പട്ടിണിക്കാർക്ക ചറചറക്കാൻ!!.......

8—3—1120

51

അക്കളിത്തോഴനകന്നുപോയെങ്കിലു-
മൊക്കുന്നതില്ല മേ വിസ്മരിച്ചീടുവാൻ.
മൽസ്വപ്നരംഗം മുകന്നിടാറുണ്ടിന്നു-
മസ്സുഹൃത്തിൻ സുഖസാഹചര്യോത്സവം!

27—4—1120.

52

വാനിൻവിമലവിശാലനഗരിയിൽ
വാണരുളീടും ജഗൽപിതാവേ!
കത്താത്തതെന്താണാ നക്ഷത്രദീപങ്ങൾ
കഷ്ട,മവിടെയും യുദ്ധമുണ്ടോ?
അല്ലെങ്കി,ലെന്തിനാണാ നല്ല നാട്ടിലു-
മല്ലിതി,ലേവം, തമസ്കരണം?
അംഗീകൃതകാധിനായകനായിട്ട-
മങ്ങേയ്ക്കുമങ്ങു ശത്രുക്കളുണ്ടോ?
ആനിലയ്ക്കുത്തുതമെന്തു,ണ്ടിക്കീടത്തി-
നായിരം വൈരികളുത്ഭവിക്കാൻ?......

14—3—1120.

53

ഹേ മലജലപൂരിതേ,
നന്മദേ, ശര്‍മ്മദേ,
മമ ജഡമിതൊന്നു നീ
കൊണ്ടുപോകേണമേ!

അവ തടശിലാതലം
സാക്ഷിയാണെന്മന-
സ്സിവിടെ ബലിയപ്പിച്ചു-
രോരോ തുടിപ്പിനും!

ഫന്യാച്ച

Digitized By Kerala Sahitya Akademi

പ്രണയമയചിന്തയാ-
ലോളമിളകുമെൻ-
പ്രണിതഹൃദയത്തിന്റെ
ശോകാത്മകസ്വരം,

സ്ഫടികസലിലാകുലേ,
വീഴ്പ്പിടും മേലിൽ, നിൻ-
തടവിടപസഞ്ചയ-
ച്ഛായാതലങ്ങളിൽ!!

12—2—1108.

# സൗഹൃദമുദ്ര

[Portions Selected from a letter to Mr- NALLAMUTTOM, G. PADMANABHAPILLY. Inspector of Police, Travancore State, in reply to his, a beautiful poem.]

പ്രിയസഹജ, ഭവാനയച്ച മാധ്വീ-
മയകവനാത്മകലേഖനപ്രസൂനം,
നിയതമഴലിൽ നീറുമെന്മനസ്സിൽ
സ്വയമമൃതം പകരുന്നിതിന്നു നൂനം.

തവ മൃദുഹൃദയത്തിലെന്നൊടുള്ളോ-
രവധിയെഴാത്തൊരു സൗഹൃദം സ്മരിക്കെ,
നവപുളകമണിഞ്ഞണിഞ്ഞു, ഹർഷോ-
ത്സവജയഭേരിയടിപ്പിതെൻഹൃദന്തം.

ഫന്നൻ

Digitized By Kerala Sahitya Akademi

അനുപമഗുണവാരിധേ, ഭവാനെ-
ന്നനുചിതജീവിതരീതിയാധി ചേർപ്പൂ;
മനുജനു വിധി നീക്കിടാവതല്ലീ-
യനുജനൊടങ്ങതിൽ നീരസപ്പെടൊല്ലേ!

* * *

മതി മമ തകരുന്നു, ദൈവകോപം
പതിയു,മെനിക്കു ലഭിക്കുമുഗ്രശാപം;
ഗതിയിവനിനിയില്ല — നിത്യതപ്ത-
സ്മൃതികളിലിങ്ങനെ നീറി ഞാൻ മരിക്കും!

* * *

ഇതുവരെയുലകിങ്കലന്യരെപ്പോ-
ലതുലപരാക്രമ, വാണിരുന്ന നമ്മൾ,
ഇതുവിധമൊരുപോലെ ജീവനായ്ത്തീ-
ർന്നു, കരുതീടുകി,ലാത്മബന്ധമല്ലേ?

നിയതിഗതിയി,ലായതിൻ വിലാസോ-
ദയമനിവാര്യ,മശേഷവിശ്വവശ്യം;
നിയതമതിനു നാം വിധേയരായ്, നി-
ർഭയമതിനെപ്പുണരുന്നതല്ലി കാമ്യം?

* * *

ഒരു പിടി മണലിന്നു മേന്മയെന്തു,-
ണ്ടൊരു ദിനമാ മണൽ മണ്ണടിഞ്ഞിടില്ലേ?
വരുവതു വരു,മാക്രമിക്കു,മയ്യോ,
പൊരുതുകിലും ഫലമില്ല, കാലു തെററും!



Digitized By Kerala Sahitya Akademi

തടയുവതിലൊരർത്ഥമി,ല്ലൊഴുക്കാ-
ക്കടയൊടെടുത്തു മറിച്ചുകൊണ്ടുപോകും;
വിടപികഥയിതാണു, പിന്നെ വാഴ-
ത്തടയുടെയോ?—വിജയിപ്പു, ഹാ, വിധേ, നീ!

അലറിയലറിയെത്തുമിക്കൊടുങ്കാ-
റ്റലകൾ മുറിച്ചു മുറിച്ചു നീന്തി നീന്തി,
ഉലവൊരു ചിറകിന്നു തെല്ലുപോലും
ബലമിനിയില്ല—തകർന്നു വീണുപോം ഞാൻ!

*       *       *

അലംഘ്യതരസുദീപ്തപൗരുഷോഗ്രാ-
നല, തവ രാജസദാഘകാഭ കാൺകേ,
ചില രിപുശലഭങ്ങളാത്തഗർവ്വം
നിലയറിയാതെതിരിട്ടിടാനണഞ്ഞു.

ചിലരതിലുടൽ വെന്തു വീണൊടുങ്ങീ;
ചിലർ ചിറകററു പിടഞ്ഞു പിന്മടങ്ങീ;
പലരുമുടലു ചൂടുതട്ടി ഞെട്ടി-
പ്പലവഴി പാഞ്ഞു പലായനം തുടങ്ങീ.

ഫലരഹിതമിതെന്നു കണ്ടറിഞ്ഞോർ
ചില നയശാലികൾ, പിന്നിലായി നിന്നോർ,
ററലമൊടതിൻ ചുററുമായി, മിത്ര-
ച്ഛലകുതുകോത്സവനർത്തനം തുടങ്ങീ.

ഫൈ

Digitized By Kerala Sahitya Akademi

## സ്പന്ദിക്കുന്ന അസ്ഥിമാടം

പ്രിയതമമധുരസൗഹൃദാത്മനാത്മാ-
ശയ, തവ സാത്വികസാന്ത്വനാദ്ര കാൺകെ
നിയതമരികിലങ്ങയോടു ചേർന്നാ-
മയമണയാതെ സഖാക്കളുല്ലസിപ്പൂ.

കനിവു ഹിമകണങ്ങൾപോലെ ചിന്നി-
ജ്ജനിതവിനോദസുഗന്ധസാന്ദ്രമായി,
അനിശമഴകിൽ മുങ്ങിനില്പൊരോമൽ-
പ്പനിമലരാണു തവാമലാന്തചിത്തം!

കവിപദചപലാഭിലാഷമാണോ-
ക്കവിതയുമായി രമിപ്പവർക്കു ലക്ഷ്യം:
കവിതിലക, ഭവാനതല്ല; ഹൃത്തിൽ-
ക്കവിയുവതുണ്ടതുകൊണ്ടു ചാരിതാർത്ഥ്യം.

അവികലവിമലാനുഭൂതിയിൽക്കൊ-
ണ്ടവിരളകോമളഗാനധാര തൂകി,
ഛവിയിയലുമസീമകാവ്യപുഷ്പാ-
ടവിയിലൂടെയേ, കളകണ്ഠ, നീ ലസിപ്പൂ!

ഇവനൊരു കവിപോലും!—ആയിരിക്കാം,
ശിവ, ശിവ, ഞാനതുകൊണ്ടു വീർപ്പുമുട്ടി
അവസരമിവനില്ല വിശ്രമത്തി-
ന്നവനിയിൽ നിസ്തുലതാരകണ്ഠമായി!

കവി, കവി, സുകൃതസമൃദ്ധി,യോർക്കിൽ
ഭുവിയങ്ങയെപ്പോലൊരു ഭാഗ്യശാലിയുണ്ടോ?
എവിടെ വിജയപദം, പവിത്ര,മെങ്ങീ-
യവിഹിതമോഹിതശപ്തപാപകീടം?

ലള

Digitized By Kerala Sahitya Akademi

ചരിതമറിവതാരെനിക്കു മേന്മേ -
ലെരിയുകയാണു യശസ്സിനുള്ള ദാഹം;
പരിധൃതവിഷവിത്തപാദപത്തിൽ
പരിധിപെടാതെ പടർന്നിടുന്നു മോഹം!

എവിടെവിടെ വിലക്കിടുന്നു ഞാൻ, ഞാ -
നവിടവിടാർത്തു മദിച്ചു മത്തടിപ്പൂ;
കവി, കവി, കവിയാണുപോലുമയ്യോ,
കവിണി ചുഴററിയെറിഞ്ഞിടേണ്ടൊരീ ഞാൻ!

മമ സഹജ കഥിക്കുകിത്ര കാലം
മമതയൊടെങ്ങനെ പോററിയെന്നെ ലോകം?
ശമഗുണനില നോക്കു,കത്ഥവത്തീ
ക്ഷമയിതിലിപ്പൊഴുമുല്ലസിപ്പു ഹാ ഞാൻ!

നരനിലനഘദൈവികാംശമേറെ -
ത്തിരളുവതാണു കവിത്വമെന്നിരിക്കിൽ,
ഹര, ഹര, കവിമാനിയാവ,തയ്യോ,
ഗരളസമഗ്രതമോഗ്രനിപ്പിശാചാ?

ക്ഷിതി നരകസമാനമായി, ധർമ്മ -
ച്യുതിയുടെ ചൂടിലെനിക്കു വീർപ്പുമുട്ടി;
മൃതിയണവതിനാശയായി — പക്ഷ
മതിനുകയില്ലിവനാത്മഹത്യ ചെയ്യാൻ!

അതിനു,മൊരുവ,നല്പമൊക്കെ വേണം
മതിഘടനയ്ക്കൊരു മാർദ്ദവം, മഹത്ത്വം;
ചതിയൊടഖിലദൌഷ്ട്യമൊത്തെഴുന്നോൻ -
മതിയിതിനില്ലതിനുള്ള മേന്മപോലും!

ഫബെ

Digitized By Kerala Sahitya Akademi

നിയമവിരുദ്ധസിദ്ധിയിങ്കലൊട്ടും
പ്രിയമിവനി,ല്ലറികാത്മമിത്രമേ, നീ!
ഭയരഹിതരഥസ്ഥസാരഥിത്വ-
ന്തയനനിയന്ത്രണ,മെന്തിനശ്വബന്ധം?

* * *

മതി മതി, ലവമിന്നു നന്മയിങ്കൽ-
ക്കൊതിയിവനില്ല, നശിച്ചിടട്ടെ, ഹാ, ഞാൻ;
പതിയുമുയരുകിൽ പ്പറന്നു മേഘ-
ദ്യുതിയി,ലിതാ ചിറകറ്റു ഞാൻ പതിപ്പൂ!

സുലഭവിഭവ, ഭാഗ്യസിന്ധുവിൻ പൊ-
ന്നലകളിൽ വാണിടുമാർദ്രരാജഹംസ,
സുലളിതസുഖസുപ്രഭാത,മങ്ങ-
ക്കലംഘ്യനവോന്നതി നിത്യവും തരട്ടേ!

ഗുണമിളിത,മനഘധർമ്മദാര-
പ്രണയമയോജ്ജ്വല,മങ്ങുതൻ കുടുംബം,
പ്രണമിതജനസേവനാങ്കിതാന്തം
പ്രണവസമാനസനാതനപ്രശാന്തം;

സുതവദനനവാരവിന്ദമന്ദ-
സ്മിതമകരന്ദമനോജ്ഞധർമ്മസാന്ദ്രം!—
ഹതനിവനതു വിസ്മരിക്കുകില്ലാ
ക്ഷതമിയലാത്ത കുടുംബഭാഗധേയം!

* * *

ഫരർ

Digitized By Kerala Sahitya Akademi

ഉടലിനു സുഖമില്ല, നീരിറങ്ങി-
ത്തുടയിലണഞ്ഞതിഹ താവളം പിടിച്ചു;
ഇടയിടെ ജലദോഷമുണ്ടു, തുമ്മി-
പ്പിടയുവതേററമസഹ്യമെൻസുഹൃത്തേ!

പനി മമ പതിവാണു, വന്നു ശോകം,
തുനിയുകയില്ലതൊരാക്രമം നടത്താൻ;
ഇനിയധികവിശേഷമില്ല ചൊല്ലാ-
നനിയനു, കത്തിനിയൊന്നടുത്തയയ്ക്കാം!

നവസമ തഴകുന്ന 'ക്രിസ്തുമസ്സി'-
ൻറവധിയിൽ ഞാൻ വരു,മന്നു കണ്ടുമുട്ടാം;
ഭവഭയഹരനായ പത്മനാഭൻ
ശിവമവിടേയ്ക്കുളവാററു നല്കിടട്ടേ!!........

20—3—1120

54

ഇനിയും രാധതൻ മിഴിനീരി വൃന്ദാ-
വനികയിലെത്ര പൊഴിയണം?
കരിമുകിൽവർണ്ണനിനിയുമെന്നോടു
കഴിയാറായില്ലേ പരിഭവം?

18—10—1107

55

ഞാനെന്തു ചെയ്യട്ടേ തമ്പുരാനേ?
വേനലിൽ ഞാറു കരിഞ്ഞുപോയി.
ആവതിലേറെയായ് ഞങ്ങൾ നിത്യം
തൂവിട്ടു തേവി നനച്ചുനോക്കി.



Digitized By Kerala Sahitya Akademi

പച്ചക്കുമ്പാദ്യം പൊടിച്ചതെല്ലാ-
മുച്ചക്കൊട്ടംവെയിലേററു വാടി.
വേലചെയ്യാതില്ല വേണ്ടുവോളം
കാലം പിഴച്ചാൽ പിന്നെന്തു ചെയ്യും?
നാലഞ്ചിടമഴ പെയ്തുവെങ്കിൽ
നാശമൊന്നും വരില്ലായിരുന്നു.

8—5—1113.

56

അഗതികൾ ഞങ്ങൾതൻ ശോകഭാര-
മലിവററ ലോകത്തിലാരറിയും?
പുലർവെട്ടം വീണുതുടങ്ങിടുമ്പോൾ
പുലമാടം കൈവിട്ട ഞങ്ങളെല്ലാം,
നുകവും കരിക്കോലും തോളിലേന്തി-
പ്പകലത്തെ വേലയ്ക്കു യാത്രയാകും.
വെയിലില്ല, ചൂടില്ല, വേനലില്ല,
മഴയില്ല, മഞ്ഞില്ല, വർഷമില്ല,
പകലെന്നും രാവെന്നും ഭേദമില്ല,
പണിതന്നെ—തീരാത്ത ജോലിതന്നെ!
പ്രതിദിനയത്നമിതിനു കിട്ടും
പ്രതിഫലമോ, വെറും പട്ടിണിയും!

ആരുമൊരവലംബ-
മില്ലാത്തോരാണു ഞങ്ങ-
ളാരാരു ഞങ്ങളെ-
ക്കുറിച്ചു പാടും?

6—4—1113

ഫന്നെ

Digitized By Kerala Sahitya Akademi

# ശാലിനി

ഒന്നുമെനിക്കുവേ,ണ്ടാ മുഗ്ദ്ധചിത്തത്തി-
ലെന്നെക്കുറിച്ചുള്ളൊരോർമ്മമാത്രം മതി.
മായരുതാത്തളിർച്ചുണ്ടിലൊരിക്കലും
മാമകചിത്തം കവന്നൊരാസ്സുസ്മിതം.
താവകോൽക്കർഷത്തിനെൻജീവരക്തമാ-
ണാവശ്യമെങ്കി,ലെടുത്തുകൊള്ളു, ഭവാൻ.
എങ്കിലു,മങ്ങതൻ പ്രേമസംശുദ്ധിയിൽ
ശങ്കയുണ്ടാകില്ലെനിക്കല്പമെങ്കിലും.
ആയിരമംഗനമാരൊത്തുചേന്നേഴ-
മാലവാലത്തിൻ നടുക്കങ്ങു നില്ക്കിലും,
ഞാനസൂയപ്പെടി,ല്ലെൻറയാണാ മുഗ്ദ്ധ-
ഗാനാർദ്രചിത്ത,മെനിക്കറിയാം, വിഭോ!

അന്യ,രസൂയയാ,ലേററം വികൃതമാ-
യങ്ങതൻ ചിത്രം വരച്ചുകാണിക്കിലും,
കാണുമെന്നല്ലാ,തതിൻ പങ്കമല്പമെൻ-
പ്രാണനിലൊട്ടിപ്പിടിക്കില്ലൊരിക്കലും!
കാണും പലതും പറയുവാനാളുകൾ
ഞാനൊരാളല്ലാതറിവതില്ലങ്ങയെ;
അന്ധോക്തികളെ പ്രമാണമാക്കിക്കൊണ്ടു
സിന്ധുരബോധം പുലത്തുഃവാളല്ല ഞാൻ.

ഫൈ 12 *

Digitized By Kerala Sahitya Akademi

ദുഃഖത്തിനല്ല ഞാനപ്പിച്ചതങ്ങേയ്ക്കു
നിഷ്കളങ്കപ്രേമസാന്ദ്രമാമെന്മനം.
താവകോല്ക്കൃഷ്ടത്തിനാലംബമാവണം
പാവനപ്രേമാർദ്രമെൻഹൃദയാപ്പണം.
ഒന്നും പ്രതിഫലം വേണ്ടെനി,യ്ക്കാ മഞ്ജു-
മന്ദസ്മിതം കണ്ടു കൺകുളിത്താൽ മതി!!........

5—4—1120

—ooXoo—

57

നേരം വെളുത്തു—വെളിച്ചമായി.
ക്കൂരിരുളെല്ലാമകലെയായി.
സൂരനുദിച്ചു, ജഗത്തിലെല്ലാം
ചാരുപ്രകാശം തിരയടിച്ചു.
ആലസ്യനിദ്രയിൽനിന്നിനിയും
ലോകമുണന്നിട്ടില്ലെന്തു ചെയ്യും?
ജോലിത്തിരക്കുകൾ വാരിയേകും
കാലത്തിൻ യാനത്തിനില്ലമാന്ദ്യം.
ഇന്നലെക്കണ്ടതല്ലിന്നു ലോകം;
ഇന്നത്തെ ലോകമിതല്ല നാളെ.
നിത്യം ചലനം പുരോഗമന-
മെത്തിപ്പിടിയ്ക്കുവാനുദ്യമിപ്പൂ.
അന്തര,മന്തരം!—നമ്മൾ കാണു-
മെന്തിലും കണ്ടിടാമീ വിശേഷം!!

8—6—1110.



Digitized By Kerala Sahitya Akademi

58

പഞ്ചഭൂതാഭിയുക്തമെൻഗാത്രം
നെഞ്ചിടിപ്പററടിയുമക്കാലം,
ആദിമൂലത്തിൽ വീണ്ടും തിരിച്ചെൻ-
ഭൂതപഞ്ചകം ചേരുന്ന നേരം,
ഉജ്ജ്വലാംഗി, നിൻ ക്രീഡാസരസ്സിൽ
മജ്ജലാംശം ലയിച്ചിരുന്നെങ്കിൽ!
അത്തളിരെതിർപ്പൊൻകുളിർക്കൈയിൽ-
ത്തത്തിടും മണിത്താലവൃന്തത്തിൽ,
മത്തടിച്ചാത്തു മന്ദവാതഭൂത-
മെത്തിനിന്നു ലസിച്ചിരുന്നെങ്കിൽ!
ഉദ്രസസ്വപ്നസുസ്മേരയായ്, നീ
നിദ്രചെയ്യുമപ്പൂമച്ചിനുള്ളിൽ
പ്രേമസാന്ദ്രത നിത്യം വഴിഞ്ഞെൻ-
വ്യോമഭൂതം ത്രസിച്ചിരുന്നെങ്കിൽ!
നിന്മണിമച്ചിൽ നിത്യം നിശയിൽ
നിന്നിടും സ്വർണ്ണദീപനാളത്തിൽ,
ചെന്നണഞ്ഞു ചേർന്നെന്നനലാംശം
മിന്നി മിന്നിജ്ജ്വലിച്ചിരുന്നെങ്കിൽ!
ദേവി, നിൻപദസ്പർശനഭാഗ്യം
താവി നില്ക്കുമാപ്പൂങ്കാവനത്തിൽ,
വിദ്രുമദ്രുമച്ഛായയിൽ വീണെൻ-
മൃൽഭാഗം ശയിച്ചിരുന്നെങ്കിൽ!

24—4—1120.

ഫ്രൻ

C. 11/N15 36
176
1/21

Digitized By Kerala Sahitya Akademi

Her memory will not depart
Though grief my years should shade,
Still blooms her roses in my heart!
And they shall never fade!

—*Toru Butt.*

Digitized By Kerala Sahitya Akademi